UNIVERSITY LIBRARY
29 JAN 1928
MADRAS



മലയാളത്തിലെ അദ്വിതീയനായ ആഖ്യായികാകാരനായിരുന്ന

സി. വി. രാമൻപിള്ള ബി. എ.

# വിഷയവിവരം


1. സ്വന്തം പ്രസ്താവന ... ... ... 1
2. ഒരാശംസയും ഉപദേശവും ... ... ... 3
3. മനോരാജ്യസ്മരണകൾ ... ... ... 5
4. ക്ഷേമേന്ദ്രൻ ... ... ... ... 8
5. വെള്ളോട്ട മൂസ്സ് ... ... ... ... 21
6. ഒരു കുട്ടിയുടെ ഒന്നാം വയസ്സ് ... ... 31
7. ശ്രീബുദ്ധൻ ... ... ... ... 39
8. ജീവജാലം ... ... ... ... 40
9. ടാഗോർ സാഹിത്യം ... ... ... 44
10. വിദ്യാഭ്യാസത്തിൽ നാടകത്തിനുള്ള സ്ഥാനം ... 55
11. പുരാണരത്നങ്ങൾ ... ... ... 58
12. അനുകരണീയങ്ങളായ ആദർശങ്ങൾ ... ... 63
14. വടക്കുനോക്കി ... ... ... 72
15. ഊരുഭംഗം ... ... ... ... 77
16. അദ്ധ്യാപനപദ്ധതി ... ... ... 84
17. പുസ്തകാഭിപ്രായം ... ... ... 86
18. ഗുരുനാഥനെ തൊഴാം ... ... 91
19. കുറിപ്പുകൾ ... ... ... ... 92

# മണ്ഡനമഞ്ജരി

(നിരൂപണങ്ങൾ.)

മലയാളത്തിലെ ഒരു ഒന്നാംതരം നിരൂപകനായ ഡി. പത്മനാഭനുണ്ണി അവർകൾ (ബി. എ) പല സാഹിത്യമർമ്മങ്ങളേയും പ്രത്യേകം എടുത്തുകാണിച്ച്, ഉള്ളൂർ, അപ്പൻതമ്പുരാൻ, കുമാരനാശാൻ, ഏ. ആർ. രാജരാജവർമ്മതമ്പുരാൻ, കുഞ്ചൻനമ്പ്യാർ, കെ. നാരായണക്കുരുക്കൾ മുതലായ സാഹിത്യകാരന്മാരുടെ കൃതികളെ ആധുനികവിമർശനരീത്യാ നിരൂപിച്ചിട്ടുള്ള ഒരൊന്നാന്തരം നിരൂപണഗ്രന്ഥം. മർമ്മസ്പൃക്കും, ചിലപ്പോൾ മർമ്മഭേദകവും ആയ ഇദ്ദേഹത്തിന്റെ നിരൂപണങ്ങളുടെ ശക്തിയും, ഭാഷയുടെ ജീവനും, ആശയങ്ങളുടെ രസികത്വവും വായിച്ചറിയേണ്ടവതന്നെയാണ്. ബി. എ., ഇൻറർമീഡിയേററ്, സ്കൂൾഫൈനൽ, വണ്ണാക്കുലർഹയർ മുതലായ പരീക്ഷകൾക്കു പഠിക്കുന്നവർക്കും—വിശേഷിച്ച് സാഹിത്യരസികന്മാർക്കും—വളരെ ഉപകാരപ്രദം. നല്ല കടലാസിൽ അച്ചടിച്ച് 150 പുറങ്ങളോളം വരുന്ന ഈ പുസ്തകത്തിന് വില 10-ണ മാത്രം.

സി. ജി. ബ്രദേഴ്സ്,

വടക്കേക്കര,

(വ.) പറവൂർ.

UNIVERSITY LIBRARY
9 JAN 1928
MADRAS

# ഗുരുനാഥൻ

പുസ്തകം 7. | 1103 ചിങ്ങം, കന്നി | ലക്കം 1-2.

## സ്വന്തം പ്രസ്താവന.

"ഗുരുനാഥൻ" ഇതാ അതിൻെറ ഏഴാംവയസ്സിലേയ്ക്കു് പ്രവേശിച്ചിരിക്കുന്നു. ഈ ശുഭാവസരത്തിൽ വായനക്കാരായ അധ്യാപകന്മാരാദിയായവക്കു് ഞങ്ങൾ ഹാർദ്ദമായ സ്വാഗതം നൽകുന്നു. കേവലം നാട്ടുഭാഷാവിദ്യാലയങ്ങളിലെ അധ്യാപകന്മാരെ മാത്രം ഉദ്ദേശിച്ചും അവരെത്തന്നെ അവലംബിച്ചും നടത്തപ്പെടുന്ന ഒരു മാസിക ആറു കൊല്ലം നിലനിന്നു എന്നുള്ളതുതന്നെ ഞങ്ങൾക്കേററവും ചാരിതാർത്ഥ്യജനകമായ ഒരു കാര്യമാണു്. നിത്യവൃത്തിക്കുപോലും മതിയാവാത്ത അല്പവേതനം മാത്രം ലഭിക്കുന്ന ഈ മാന്യന്മാർ ത്യാഗബുദ്ധ്യാ ഞങ്ങളെ സഹായിക്കാൻ സന്നദ്ധരായതിൽ ഞങ്ങൾക്കനല്പമായ സന്തോഷവും അകൈതവമായ കൃതജ്ഞതയുമുണ്ടു്. ഞങ്ങളും യഥാശക്തി അവരെ സഹായിക്കാൻ ശ്രമിക്കാതിരുന്നിട്ടില്ലെന്നുള്ള വിചാരം ഞങ്ങൾക്കല്പമായ അഭിമാനവും ആശ്വാസവും നൽകുന്നുണ്ടു്. കഴിഞ്ഞ കൊല്ലങ്ങളിലെപ്പോലെതന്നെ ഈവിധസഹായസഹകരണങ്ങൾ ഇനിയും ലഭിക്കുമെന്നാണു ഞങ്ങളുടെ ഇപ്പോഴത്തെ ആശയും വിശ്വാസവും. ഈ കഴിഞ്ഞ കൊല്ലത്തിൽ നമ്മുടെ വിദ്യാഭ്യാസഡിപ്പാർട്ടുമെൻറിൽനിന്നും ഗുരുനാഥൻെറ ഏതാനും പ്രതികൾ വാങ്ങി ഞങ്ങളെ പ്രോത്സാഹിപ്പിച്ചതുനോക്കുമ്പോൾ അധികൃതദൃഷ്ടിയിൽ ഗുരുനാഥന് അല്പമെങ്കിലും വിലയുണ്ടെന്നു് ഊഹിക്കുന്നതിൽ തെററുണ്ടെന്നു തോന്നുന്നില്ല. ഇത്രയും സാധിക്കാനിടയായതിൽ ഗുരുനാഥനു് അസാമാന്യമായ കൃതാർത്ഥതയുണ്ടു്. എന്നാൽ ഇത്രയുംതന്നെ സാധിച്ചതു് ഗുരുനാഥൻെറ സുസ്ഥിരമായ നിലയും നയവും കൊണ്ടുതന്നെയാണു്. ഈ കൊല്ലവും ഇത്തരമോ ഇതിലധികമോ സഹായം ഡിപ്പാർട്ടുമെൻറിൽനിന്നും ഞങ്ങൾക്കുണ്ടാകുമെന്നാണു ഞങ്ങളുടെ പൂർണ്ണമായ വിശ്വാസം. ഈ വിഷയത്തിൽ ഇൻസ്പെക്ററവർകളെ കൂടാതെ ഞങ്ങളെ ഉദാരബുദ്ധ്യാ പ്രോത്സാഹിപ്പിച്ചുവരുന്ന എല്ലാ അസി: ഇൻസ്പെക്ട്രസ്സുകളോടും വിശേഷിച്ചു് പ്രൈമറി വിദ്യാലയങ്ങളിൽകൂടിയും മാസിക വാങ്ങി സഹായിക്കുന്ന ശ്രീമതി ഭാഗീരഥിഅമ്മയോടും ഞങ്ങളുടെ കൃതജ്ഞതയെ പ്രദർശി

63092.

ഷ്പിച്ചുകൊള്ളുന്നു. ഞങ്ങളുടെ വായനക്കാരുടെയും മററും വിലയേറിയ സഹായം ലഭിക്കുന്നതായാൽ മാസിക വലിപ്പം കൂട്ടിയും മററുവിധം പരിഷ്കരിച്ചും നടത്തുവാൻ ഞങ്ങൾ സന്നദ്ധരാണ്. ഇക്കൊല്ലം ഞങ്ങളുടെ ആശക്കൊത്തവണ്ണമായിട്ടില്ലെങ്കിലും വായനക്കാരുടെ സഹായത്തെ പ്രതീക്ഷിച്ച് എട്ടുപേജ് എല്ലാ ലക്കങ്ങളിലും കൂടുതലായി ചേക്കാമെന്നുതന്നെ ഞങ്ങൾ ഉദ്ദേശിക്കുന്നു. മാസികയെപ്പററി വായനക്കാരിൽ പലക്കും പല അഭിപ്രായങ്ങളും ഉള്ളതായി ഞങ്ങൾക്കറിയാം. ഗുരുനാഥനിൽ ഇതരമാസികകളിൽ കാണാറുള്ളതുപോലെ പദ്യങ്ങളും കഥകളും മററും ചേത്തു കാണുവാൻ പലരും ആഗ്രഹിക്കുന്നുണ്ട്. ഇതിൽ ഞങ്ങൾക്കു വലിയ വിരോധം ഒന്നുമില്ല. പക്ഷേ, ഗുരുനാഥൻ ഇതരമാസികകളെപ്പോലെയല്ലല്ലോ. ഇതു കേവലം സാമാന്യജനങ്ങളെ രസിപ്പിക്കുന്നതിനുദ്ദേശിക്കപ്പെട്ടിട്ടുള്ള ഒരു മാസികയല്ലെന്നുള്ളതു് ഓൎമ്മിക്കേണ്ടതാണ്. ഇതു് ഒരു പ്രത്യേകവൃത്തി സ്വീകരിച്ചിരിക്കുന്നവരെ അവരുടെ കൃത്യനിർവ്വഹണത്തിനു സമൎത്ഥന്മാരാക്കുന്നതിനും അവരുടെ നാനാമുഖമായ ജ്ഞാനം വൎദ്ധിപ്പിക്കുന്നതിനും മററും ഉപയുക്തങ്ങളായ വിഷയങ്ങളെ പ്രതിപാദിക്കുന്നതായ ഒരു പത്രഗ്രന്ഥമാണ്. ഇതിൽ പദ്യങ്ങൾക്കും മററും കൂടുതൽ സ്ഥാനം നൽകുന്നതായാൽ ഗൌരവതരങ്ങളായ ഇതരവിഷയങ്ങൾക്കു സ്ഥലം ലഭിക്കാതെ വരുന്നതാണ്. മററു മാസികകളിൽ പദ്യങ്ങൾ ധാരാളം കാണുന്നതു ഗദ്യലേഖനങ്ങളുടെ ദൌർല്ലഭ്യംകൊണ്ടോ മറേറാ ആയിരിക്കാം. അദ്ധ്യാപകന്മാൎക്ക് ഇന്നു് അപക്വങ്ങളായ പദ്യങ്ങളല്ല ആവശ്യമായിട്ടുള്ളതു്. സാരകാൎയ്യങ്ങൾ അടങ്ങിയിട്ടുള്ളതും വക്രതയും മററും ഇല്ലാത്തതുമായ ഗദ്യമാണു വേണ്ടതു്. ഇപ്പോൾതന്നെ അല്പം കുഴങ്ങിക്കിടക്കുന്ന അദ്ധ്യാപകന്മാർ ഇനി വൃത്തത്തിൽ കിടന്നു കുഴങ്ങാതെയിരിക്കയാണ് ഉത്തമം. കഥകൾ ചേക്കുന്നതിനു ഞങ്ങൾക്കു വിരോധമില്ല. എന്നാൽ കേവലം ശിശുക്കളെ രസിപ്പിക്കുന്ന കഥകൾ ഞങ്ങൾ ഗുരുനാഥനിൽ ചേക്കുവാൻ തയ്യാറില്ല. വല്ലതും സാരം ഗ്രഹിക്കാനുള്ളതും, സാന്മാൎഗ്ഗികവ്യതിചലനം ലേശംപോലും ഇല്ലാത്തതുമായ കഥകൾ കിട്ടിയാൽ സ്വീകാൎയ്യമാണ്. വായനക്കാരുടെ അഭീഷ്ടം സാധിക്കുന്നതിൽ ഞങ്ങൾ ബദ്ധശ്രദ്ധന്മാരാണെങ്കിലും മാസികയുടെ സ്ഥിതിയെത്തന്നെ മാററുന്നതിൽ ഞങ്ങൾക്ക് അല്പം വൈമനസ്യം ഉണ്ടെന്നു പറയേണ്ടിയിരിക്കുന്നു. അദ്ധ്യാപകന്മാൎക്കു ശമ്പളക്കൂടുതൽ നൽകുന്നതിനുള്ള ആലോചന കഴിഞ്ഞകൊല്ലം അല്പം ആശാജനകമായിരുന്നുവെങ്കിലും ഇക്കൊല്ലം സാദ്ധ്യലക്ഷണങ്ങൾ ഒന്നും കാണാഞ്ഞതിൽ ഞങ്ങൾ അത്യന്തം വ്യസനിക്കുന്നു. എന്നാൽ സൽപ്രയത്നങ്ങൾ ഒരിക്കലും വിഫലങ്ങളായി ഭവിക്കയില്ലെന്നു നമുക്കു സമാധാനപ്പെടാം. കാലതാമസം വന്നേക്കാമെന്നേയുള്ളു. ഈ വിഷയത്തിൽ ഗുരു

നാഥൻ അതിൻെറ ശക്തിക്കും നയത്തിനും അനുരൂപമായ വിധത്തിൽ ഇനിയും പ്രയത്നം ചെയ്യുന്നതാണെന്നും ഈ അവസരത്തിൽ പ്രസ്താവിച്ചുകൊള്ളുന്നു. ഞങ്ങളെ—വരിക്കാർ—ഉപദേഷ്ടാക്കൾ—ലേഖകന്മാർ എന്നീ നിലയിലും മററും സഹായിച്ച എല്ലാ മാന്യന്മാരോടും ഞങ്ങളെ സദയം പ്രോത്സാഹിപ്പിച്ചുവരുന്ന വിദ്യാഭ്യാസാധികൃതന്മാരോടും ഞങ്ങൾ ഞങ്ങളുടെ അനല്പമായ കൃതജ്ഞതയെ ഇവിടെ പ്രകാശിപ്പിച്ചുകൊള്ളുന്നു. അദ്ധ്യാപകന്മാരെസംബന്ധിച്ച സദാ ഞങ്ങളുടെ പ്രാർത്ഥന ഇങ്ങിനെയാകുന്നു.

"സർവ്വസ്തരതുദുർഗ്ഗാണി, സർവ്വോഭദ്രാണിപശ്യതു;
സർവ്വഃ കാമാനവാപ്നോതു, സർവ്വഃ സർവ്വത്രനന്ദതു".

## ഒരാശംസയും ഉപദേശവും.

(ആർ. ഈശ്വരപിള്ള ബി. എ.)

അദ്ധ്യാപകന്മാരുടെ നന്മയെ പുരസ്കരിച്ച കുറച്ചുകാലം മുമ്പു് അവരുടെ താല്പര്യപ്രകാരവും ഒത്താശയോടുകൂടിയും ആരംഭിച്ച് പറവൂരിൽനിന്നും പ്രസിദ്ധീകരിച്ചുവരുന്ന "ഗുരുനാഥൻ" മാസിക ഇന്നു് അതിൻെറ ഏഴാംവയസ്സിലേയ്ക്കു കാൽ വച്ചിരിക്കുന്ന ഈ അവസരത്തിൽ അതിൻെറയും അദ്ധ്യാപകന്മാരുടേയും ഒരു അഭ്യുദയകാംക്ഷിയെന്ന നിലയിൽ അതിനു ഞാൻ പ്രശസ്തവിജയവും സുവിസ്തൃതമായ പ്രചാരവും സുദീർഘജീവിതവും ആശംസിച്ചുകൊള്ളുന്നു. തിരുവിതാംകൂറിൽ ഇക്കാലത്തു് ഓരോ ഉദ്ദേശത്തോടുകൂടിയും ചിലപ്പോൾ ഒരുദ്ദേശവും കൂടാതെയും മാസികകൾ പുറപ്പെടുവിച്ചു വരുന്നുണ്ടു്. എന്നാൽ അവയിൽ പലതും ആരംഭിച്ച് അധികകാലം കഴിയുന്നതിനു മുമ്പുതന്നെ അവസാനിച്ചു കാണുന്നതു ശോചനീയംതന്നെ. ഇതിനുള്ള പ്രധാനകാരണം, ഉദ്ദേശമൊന്നുമില്ലാതെയും, അതിനുവേണ്ട സ്വല്പധനം കരുതാതെയും, വായനക്കാരുടെ മനഃസ്ഥിതിയും ധനസ്ഥിതിയും ചിന്തിക്കാതെയും ലേഖനങ്ങളുടെ സുലഭതയെ പ്രതീക്ഷിച്ചും തങ്ങളുടെ പ്രാപ്തിയുടെ തോതെടുക്കാതെയും മാസിക ആരംഭിക്കുന്നതാണെന്നുവേണം വിചാരിപ്പാൻ. നമ്മുടെ ഇടയിൽ ഗ്രന്ഥപാരായണം ഒരവശ്യകൃത്യമായി വിചാരിച്ചുവരുന്നവർ വളരെ ചുരുക്കമാണു്. മററു ജോലികളുടെ ഇടയിൽ ഇതും ചിലപ്പോൾ ചെയ്തു എന്നുവരാം. അതിനു പണവുംകൂടി കൊടുക്കേണമെന്നു വരുമ്പോൾ അതും വേണ്ടെന്നു വയ്ക്കാനാണു് എളുപ്പം. ഈവിധ മനഃസ്ഥിതിയോടുകൂടിയിരിക്കുന്ന ജനങ്ങളുടെ മുമ്പിലേക്കാണു മാസികയെ തള്ളിവിടുന്നതു്. ഇങ്ങനെ ചെല്ലുന്ന മാസി

കയ്യും ലഭിക്കുന്ന സ്വാഗതം എന്താണെന്ന് നമുക്ക് ഏറെക്കുറെ ഊഹിക്കാൻ സാധിക്കുമല്ലോ. ലേഖനങ്ങളുടെ കാര്യം പറയുകയാണെങ്കിൽ അതും ഈ വിധംതന്നെ. മാസിക ഒരു മാസക്കാലം വായിക്കേണ്ടതായിരിക്കുന്നതിനാൽ അതിലുള്ള ലേഖനങ്ങൾ ചിന്താഗർഭങ്ങളും ചിന്താജനകങ്ങളും ആയിരിക്കേണ്ടതാണ്. ഈ വിധമുള്ള ലേഖനങ്ങൾ എഴുതുന്നവർ ഒട്ടുവളരെയുണ്ടെന്ന് പറവാൻ നിവൃത്തിയില്ല. കാമ്പുള്ളവരിൽനിന്നും ലേഖനം എഴുതി വാങ്ങിക്കുന്നകാര്യം അസാദ്ധ്യമല്ലെങ്കിലും ദുസ്സാദ്ധ്യം തന്നെയാണ്. പ്രതിഫലം കൊടുപ്പാൻ കഴിവുമില്ല. പിന്നെ കിട്ടുന്നതെല്ലാം ചേർക്കുകയെന്നേയുള്ളു. യുവകവികളും പദ്യങ്ങളും വർദ്ധിച്ചുവരുന്ന ഇക്കാലത്ത് ലേഖനങ്ങൾക്ക് അവരെത്തന്നെ ആശ്രയിക്കാനെ തരമുള്ളു. ഇങ്ങനെ ഒന്നുരണ്ടു ലക്കങ്ങൾ കഴിയുമ്പോൾ അതും ഇല്ലെന്നാവും. മാസികയും അതോടുകൂടി നിൽക്കുന്നു. ഇതാണ് സാധാരണ മാസികകൾക്കു കണ്ടുവരുന്ന അനുഭവം. എന്നാൽ ഗുരുനാഥന് ഇപ്രകാരമുള്ള വിഷമതകൾ അല്പല്പം ഉണ്ടായിരുന്നുവെങ്കിലും അവയെയൊക്കെ തരണം ചെയ്യാൻ ദൈവാധീനംകൊണ്ടു* സാധിച്ചു. ആറുകൊല്ലം അതിന്റെ നിർദ്ദിഷ്ടകൃത്യം ഒരുവിധം തൃപ്തികരമാകുംവണ്ണം നിർവ്വഹിച്ച് സാമാന്യജനങ്ങളുടെ ഗണനയിൽ ഒരു സ്ഥാനം സമ്പാദിച്ചു എന്നുള്ളതുതന്നെ പ്രശംസാർഹമായ കാര്യമാണ്. ഇതിൽ കാണുന്ന ലേഖനങ്ങൾ പ്രായേണ ഉദ്ദേശസിദ്ധിക്കനുരൂപങ്ങളും പക്വചിന്തകളുടെ ഫലങ്ങളും ആയിട്ടുള്ളവയാണെന്നുതന്നെ പറയാം. ഏറെക്കുറെ യോഗ്യന്മാരായ ലേഖകന്മാരേയും മാസികാപ്രവൎത്തകന്മാർ നിരന്തരയത്നംകൊണ്ടു സമ്പാദിച്ചിട്ടുണ്ട്. വലിയ മൂലധനത്തോടുകൂടിയല്ല ആരംഭിച്ചതെങ്കിലും ആ മഹത്തായ ന്യൂനതയെ തൽപ്രവൎത്തകന്മാർ തങ്ങളുടെ സ്ഥിരപരിശ്രമം ഒന്നുകൊണ്ടു പരിഹരിക്കയാണു ചെയ്തത്. ഉപദേശങ്ങൾ ചോദിക്കുന്നതിലും സ്വീകരിക്കുന്നതിലും അവർ ബദ്ധശ്രദ്ധന്മാരുമാണ്. ആവശ്യംപോലെ ലേഖകന്മാൎക്കു പാരിതോഷികം നൽകുന്നുണ്ടെന്നുമാണ് അറിയുന്നത്. മാസികയുടെ നയത്തിനും തോതിനും പറ്റാത്ത ലേഖനങ്ങൾ അധികമായി ഇതിൽ സ്ഥാനംപിടിച്ചുകാണുന്നില്ല. ഈ നിലയിൽ എത്തിയിട്ടുള്ള "ഗുരുനാഥൻ" മാസിക, അതിന്റെ നയവും നിലയും വിടാതെ തുടരുന്നതായാൽ അചിരേണ അതിനു മാസികകളുടെ മദ്ധ്യേ ഒരു മാന്യസ്ഥാനം ലഭിക്കുമെന്നുള്ളതിനു സംശയമില്ല. മാസികാപ്രവൎത്തകന്മാരോട് ഒരു വാക്കുകൂടി പറവാനുണ്ട്. മാസിക ഒരു നിലയിലായി എന്നു വിചാരിച്ച് ഇനി അലസതയെ അവലംബിച്ച് പരിശ്രമത്തിൽനിന്നും വിരമിക്കുവാൻ കാലമായിട്ടില്ല. മാസികയ്ക്കിനിയും പരിഷ്കാരങ്ങൾ

* "ഈശ്വരാധീനംകൊണ്ട്". (ഗുരുനാഥൻ പ്രവൎത്തകന്മാർ)

ചെയ്യാനുണ്ടു്. അതിനു വലിപ്പം കൂട്ടേണ്ടതത്യാവശ്യമാണു്. വിദ്യാഭ്യാസസംബന്ധമായ വിവിധവിഷയങ്ങൾ അതിൽ പ്രതിപാദിക്കപ്പെടുകയും, ഇതരരാജ്യങ്ങളിലെ വിദ്യാഭ്യാസപ്രസ്ഥാനങ്ങളെ ക്രോഡീകരിച്ചു ചേർക്കയും, പാഠ്യപുസ്തകങ്ങളെ സംബന്ധിച്ചും മററും നിർദ്ദാക്ഷിണ്യമായി നിരൂപണം ചെയ്കയും അദ്ധ്യാപകന്മാരുടെ സങ്കടനിവാരണത്തിനു വേണ്ടി മാർഗ്ഗങ്ങൾ നിർദ്ദേശിക്കുകയും പ്രസിദ്ധന്മാരായ വിദ്യാഭ്യാസപ്രവർത്തകന്മാരുടെ ഛായകളും ജീവചരിത്രങ്ങളും ചേർക്കുകയും അദ്ധ്യാപകന്മാർ നോക്കേണ്ടതായ പുസ്തകങ്ങളെ നിർദ്ദേശിക്കയും മററും ചെയ്യേണ്ടതായിട്ടുണ്ടു്. കഴിയുമെങ്കിൽ അധികതാമസം കൂടാതെ ഒരു സ്വന്തമുദ്രാലയം സ്ഥാപിക്കുന്നതിന്നു് ഉത്സാഹിക്കേണ്ടതാവശ്യമാണു്. മാസികയ്ക്കു് ഒരു ക്ലിപ്തമായ പരിധിയുണ്ടെന്നും അതിനെ ലംഘിച്ചു കേവലം വർത്തമാനപ്പത്രത്തിന്റെ നിലയെ അവലംബിച്ചു് വ്യക്തിപരമായ ആക്ഷേപങ്ങളോ പ്രശംസകളോ ചെയ്യുന്നതു് അവിഹിതമാണെന്നും പ്രത്യേകം ഓർമ്മിക്കേണ്ടതാണു്. മാസികകൾക്കും പത്രങ്ങൾക്കും ഭിന്നങ്ങളായ ഉദ്ദേശങ്ങളും ആദർശങ്ങളുമാണുള്ളതു്. അവയെ അതാതിന്റെ അതിർത്തികളിൽതന്നെ വച്ചു പാലിക്കയാണു വേണ്ടതു്. മാസികകൾക്കു ഘനവും പത്രങ്ങൾക്കു വിസ്താരവുമാണു കൂടിയിരിക്കേണ്ടതെന്നു പറയുന്നതായാൽ അവയുടെ യഥാർത്ഥസ്വഭാവത്തെ ഏറെക്കുറെ മനസ്സിലാക്കാവുന്നതാണു്. മാസികാപ്രവർത്തകന്മാർക്കു് ഇവയെല്ലാം ഏറെക്കുറെ അറിയാവുന്നതുകൊണ്ടു് ഇതിലധികമൊന്നും ഇപ്പോൾ പറയേണ്ട ആവശ്യമുണ്ടെന്നു വിചാരിക്കുന്നില്ല. അവർ മാസികയെ ഇത്രത്തോളം ഭംഗിയായി നടത്തിവന്നതിന്നു് അവരെ പ്രത്യേകം അഭിനന്ദിക്കുന്നു. ഇതിന്റെ ഭാവിയെ ഭാസുരമാക്കുന്നതിനു പ്രവർത്തകന്മാർ സർവ്വഥാ യത്നിക്കുമെന്നു വിശ്വസിക്കുന്നു.

ശുഭം

---

# മനോരാജ്യസ്മരണകൾ

---

(രാമവർമ്മ അപ്പൻതമ്പുരാൻ)

മനോരാജ്യസാമ്രാജ്യത്തിൽ മനോഭൃംഗം സ്വച്ഛന്ദമായി സഞ്ചരിച്ചുകൊണ്ടിരിക്കുന്ന അവസരങ്ങളിൽ അവിടെയുള്ള ഗന്ധർവ്വനഗരങ്ങളിലെ അഭിസാരികകൾ സ്വൈരസല്ലാപം ചെയ്തുകൊണ്ടു പൂങ്കാവനങ്ങളിൽ പൂവറുക്കുന്ന സമയം ചിറകുവിടർത്തി പറക്കുവാൻ ഒരുങ്ങുന്ന കിളികളുടെ കളനിനദത്തിൽ ഭൂലോകവാസികൾക്കു കുറിച്ചുതരുന്ന ചില സന്ദേശങ്ങളെ അനുസ്മരിക്കുന്ന തത്വചിന്തകളാണു് ഈ മനോരാജ്യസ്മരണകൾ. അല്ലാതെ മനോരാജ്യത്തിന്റെ സ്വരൂപത്തെയോ സ്വഭാവത്തെയോ കുറിച്ചു പ്ര

രാമർശിച്ചുകൊണ്ടു പൂർവ്വാപരബന്ധത്തോടുകൂടി വിരചിതമായ ഒരു ഉപന്യാസമല്ല. എന്നുവച്ചാൽ മനോരാജ്യത്തെക്കുറിച്ചുള്ള സ്മരണകളല്ല; ആ രാജ്യത്തു നിർബ്ബാധമായി സഞ്ചരിക്കുമ്പോൾ സ്വയാധികാരത്തോടുകൂടി വർത്തിക്കുന്ന മനസ്സിൽ കുറിക്കൊള്ളുന്ന ചില സാത്വിക ചിന്താശകലങ്ങൾ എന്നു സാരം.

സ്വാദുള്ള ഫലങ്ങളെ ആസ്വദിപ്പാൻ അഭിരുചിയില്ലാത്തവർ ലോകത്തിൽ ഇല്ലെന്നുതന്നെ പറയാം. എന്നാൽ അപ്രകാരമുള്ള ഫലങ്ങളെ സ്വപ്രയത്നംകൊണ്ടു സമ്പാദിക്കുവാൻ അത്രത്തോളംതന്നെ ആളുകൾ ഉണ്ടാകയില്ല. പ്രയത്നശാലികളിൽതന്നെ ഉദ്ദിഷ്ടഫലത്തെ നേടുവാനുള്ള ഉത്തമമാർഗ്ഗം അറിയുന്നവർ എത്രയോ ദുർല്ലഭം. അറിഞ്ഞാൽതന്നെ ഫലത്തിങ്കലുള്ള അത്യാസക്തികൊണ്ടു വഴിതെററാതെ ഉദ്ദിഷ്ടദിക്കിൽ എത്തുന്നവർ അതിലും അപൂർവ്വം. അത്യാസക്തികൊണ്ടു നേരിടുന്ന ദോഷത്തെ തടുക്കുവാനല്ലേ ലോകം വിശ്വാസത്തിൽ പ്രതിഷ്ഠിതമായിരിക്കുന്നതെന്നു ഞാൻ സംശയിക്കുന്നു. സൂക്ഷ്മങ്ങളായ കാരണങ്ങളെ പ്രത്യക്ഷങ്ങളാക്കിയാൽ കാര്യത്തിങ്കലുള്ള ത്വരകൊണ്ടു കാരണത്തെ ദുഷിപ്പിച്ചു കാര്യത്തെ നശിപ്പിക്കുന്നതു ലോകസ്വഭാവമാണെന്ന് അറിഞ്ഞിട്ടായിരിക്കണം മൂലം മണ്ണിലും ശാഖകൾ ആകാശത്തും ആയി വൃക്ഷങ്ങളെ ഈശ്വരൻ സൃഷ്ടിച്ചിട്ടുള്ളതെന്നു വിചാരിക്കേണ്ടിയിരിക്കുന്നു. വൃക്ഷത്തിന്റെ വളർച്ചക്കു വേണ്ടുന്ന വെള്ളവും വളവും വലിച്ചെടുക്കുന്ന വേരുകളുടെ അതിസൂക്ഷ്മങ്ങളായ പ്രവൃത്തിവിശേഷങ്ങൾ കണ്ണിനു നേരെ കാണുമാറായാൽ വേരു കൂടാതെ വൃക്ഷമുണ്ടാക്കുവാൻ മനുഷ്യർ ശ്രമിക്കുവാനാണു എളുപ്പം. ചെയ്യുന്നവനും ചെയ്യുന്നതും വെളിപ്പെടാതെ ക്രിയാഫലത്തെ അനുഭവപ്പെടുത്തുകയാകുന്നു ഉത്തമമായ ആദർശം. ലോകത്തിന്റെ ശ്രേയസ്സിനുള്ള നിദാനവും അതുതന്നെ. അറിവാനുള്ള ആഗ്രഹവും, അനുകരണത്തിനുള്ള അവസരവും അറിയുന്നതുവരെയുള്ളു. അറിവിന്റെ കുറവ് അവിശ്വാസത്തെയും, തികവു താദാത്മ്യത്തെയും ആണ് ഉളവാക്കുന്നതു്. കുററമാണോ സർവ്വജ്ഞനായ ഈശ്വരൻ മറവിലിരുന്ന് മായകൊണ്ടു ലോകം നടത്തുന്നതു്!

വിദ്യക്കു ചില വിദ്യകളുണ്ടു്. ഭയപ്പാടോടുകൂടിയാണ് ആരെങ്കിലും അടുക്കുന്നതെങ്കിൽ അപ്പോൾ അവൾ മഹാവിരൂപയായും, ഭയാനകയായും തോന്നിത്തുടങ്ങും. സ്നേഹിച്ചുകൊണ്ടു പെരുമാറുന്നുവെങ്കിൽ അവൾ അനുരൂപയും, അനുകൂലയും ആകുന്നു. ദ്വേഷിച്ചുകൊണ്ടാണു ചെയ്യുന്നതെങ്കിൽ അകന്നുപൊയ്ക്കൊള്ളും. യാതൊരു ശല്യത്തിനും വരുന്നതല്ല. ലാളനപോഷണപ്രീണനാദികളെക്കൊണ്ടു സന്തുഷ്ടയായും, പ്രസാദസുമുഖിയായും തീന്റ വരണത്തിനുപോലും സന്നദ്ധയാവും. പക്ഷേ ദീപശിഖാ

നിരീക്ഷണമെന്നപോലെ വിദ്യയുടെ രൂപലാവണ്യത്തിൽതന്നെ നോക്കിയിരുന്നു ഭ്രമിച്ചുപോയാൽ കണ്ണുമഞ്ഞളിക്കുകയേ ഫലമുള്ളു. വിദ്യകൊണ്ടു നിവൎത്തിക്കേണ്ടുന്ന കാൎയ്യങ്ങളൊന്നും നടക്കുന്നതല്ല. അസ്വാധീനയും പ്രഗത്ഭയും ആയ പ്രിയയെപ്പോലെ ആത്മനാശത്തിനും, പരോപദ്രവത്തിനും മാത്രമായി കലാശിച്ചേക്കാം. വിദ്യയുടെ പ്രയോജനം വിദ്യയെ കാണുകയല്ല; അതുകൊണ്ടു ലോകത്തെ കാണുകയാണ്. സൂക്ഷ്മങ്ങളായ വസ്തുക്കൾ നോക്കികാണ്മാൻ വെളിച്ചം പോരാതെ വരുന്നുവെങ്കിൽ ദീപത്തിന്റെ പ്രകാശം വൎദ്ധിപ്പിക്കുവാൻവേണ്ടു വൎത്തിയും സ്നേഹവും സ്വാധീനപ്പെടുത്തിയാൽ മതി. സൂൎയ്യകിരണങ്ങൾ പ്രകാശത്തെ തരുന്നുണ്ടെന്നുവച്ച് സൂൎയ്യൻ 'കണ്ണിൽ കുത്തുന്നതു' സുഖകരമാകയില്ല. വിദ്യയെ കാണുവാൻ വിദ്വാന്മാരുടെ സമീപത്തിൽ ചെന്നാൽ മതി. വിദ്യകൊണ്ടു കാണുവാൻ അവളെ വരിക്കുകതന്നെ വേണം. വികൃതവിദ്യയുടെ വിടന്മാരാണു വിദ്യകൊണ്ടു ജാലവിദ്യ കാട്ടുന്നവർ.

സമയത്തിനു വിലയിരുത്തിത്തുടങ്ങിയാൽ വിദ്യക്ക് ആഴം കുറയും; പരപ്പുകൂടും. ഉദരപൂരണത്തിനുള്ള വഴിമുട്ടുമ്പോൾ കണ്ടവിഷയങ്ങളുടെ പടിക്കലൊക്കെ ചെന്നുമുട്ടിത്തുടങ്ങും. ആശാവേശത്താൽ ക്ഷമവിട്ടു തിക്കിത്തിരക്കി മുമ്പു പിടിക്കുവാനുള്ള തിടുക്കത്തിൽ മേലും കീഴും കാണുകയില്ല. തിരക്കിന്റെ നടുക്കപ്പെട്ടാൽ നില്ക്കുവാൻ സാധിക്കുകയുമില്ല. ലോകയാത്രയാകുന്ന ഒഴുക്കത്തിൽ ഒലിച്ചുപോകുമ്പോൾ തന്മിടുക്കുകൊണ്ടു തള്ളിക്കയറുകയാണെന്നുള്ള വിചാരം ഭ്രമമാണെന്ന്, കൈകാൽ കുഴഞ്ഞു നിലയുറപ്പിക്കുവാൻ നോക്കുമ്പോഴേ അറിയുകയുള്ളു. വീണാൽ വീണയിടംതന്നെ ശരണം. ഭൂരിദക്ഷിണക്കു തുല്യമായ ഈ വിദ്യാവിതരണത്തിരക്കിൽ ബുദ്ധിയും, മനസ്സും കിടന്നു കുഴങ്ങി അവരുടെ സ്ഥാനങ്ങൾ രാജിവച്ചൊഴിയുകയായി. ഐകാഗ്ര്യം കുഗ്രാമങ്ങളിൽ പാർപ്പുറപ്പിച്ചു തുടങ്ങും. സംസ്കാരം ശ്മശാനങ്ങളിൽതന്നെ ഒതുങ്ങിക്കൂടും. കഴിക്കുന്നതൊക്കെ ദഹിക്കുന്നതാണോ എന്നും, ചെല്ലുന്നതൊക്കെ ദഹിക്കുന്നുണ്ടോ എന്നും അറിവാനുള്ള തന്റേടവും, ക്ഷമയും ദുരാശാമദിരയിൽ പാടേ അലിഞ്ഞുപോകും. അനുകരണമെന്ന പാരതന്ത്ര്യം തന്നെത്താനറിയാതെ സ്വാതന്ത്ര്യത്തിന്റെ സ്ഥാനത്തു പ്രതിഷ്ഠിതമാവും. അന്നാണു വാളെടുത്തവരൊക്കെ വെളിച്ചപ്പാടന്മാരാവുന്ന കാലം. ലോകം ഈ നിലയിൽ എത്തിയാൽ അല്ലു മൂത്ത്, പഴുത്തു ചീഞ്ഞു വിത്തുമുളച്ചല്ലാതെ ഫലാനുഭവത്തിനു മോഹിക്കേണ്ട. ചീയുന്നതിനു മുമ്പ് 'ഉപ്പിലിട്ടാൽ' കുറച്ചു കാലംകൂടി അനുഭവയോഗ്യമായിത്തീൎന്നേക്കാം.

രക്തബീജങ്ങളുണ്ടോ സിരകളുടെ പുറമേ നടക്കുന്ന കാൎയ്യങ്ങളറിയുന്നു! ശരീരത്തിന്റെ ഉള്ളിൽ എത്രയോ പരിമിതമായ പരിധിയിൽ സഞ്ച

രിക്കുന്നവയാണു തങ്ങളെന്നു് ഈ ക്ഷുദ്രജന്തുക്കൾ അറിയുന്നില്ല. അവ ശരീരപുഷ്ടിക്കു സഹായിക്കുന്നവയാണെങ്കിലും സർവ്വജ്ഞതക്കു് അവകാശം അവയ്ക്കു് ആർ കൊടുത്തു? പ്രപഞ്ചത്തിൽ മനുഷ്യരും, സിരകളിൽ രക്തബീജങ്ങളും തമ്മിൽ യാതൊരു വ്യത്യാസവുമില്ല. രക്തത്തിന്റെ വർദ്ധനക്കോ ക്ഷയത്തിനോ കഴിക്കുന്ന ഭക്ഷണങ്ങളുടെ വീര്യവും, ശക്തിയും ക്രമപ്പെടുത്തുവാൻ വൈദ്യനോ രക്തത്തിനോ സാധിക്കുക? കൊട്ടുന്ന താളത്തിനു തുള്ളുന്ന ലോകത്തിന്റെ യോഗക്ഷേമം ചിന്തിക്കുന്നതിൽ ഈശ്വരനെ വിട്ടുകളയുന്നതു് എന്തുകൊണ്ടാകുന്നു? അഹംഭാവംകൊണ്ടു്.

# ക്ഷേമേന്ദ്രൻ.

(പി. കെ. നാരായണപിള്ള ബി എ, ബി എൽ; എം. എൽ. സി.)

സംസ്കൃതസാഹിത്യത്തിൽ സ്ഥിരപ്രതിഷ്ഠയും അലഘുവായ യശസ്സും സമ്പാദിച്ചിട്ടുള്ള ഒരു മഹാനാകുന്നു ക്ഷേമേന്ദ്രൻ. "മഹിളാ" മാസികയിൽ കേരളികളെ അധികരിച്ചെഴുതിയിരുന്ന പ്രബന്ധത്തിൽ

"മാർഗ്ഗേകേതകസൂചിഭിന്നചരണാസീത്കാരിണീ കേരളീ"

ഇത്യാദി ക്ഷേമേന്ദ്രശ്ലോകം ഞാനുദ്ധരിച്ചിരുന്നതായി ഓർക്കുന്നു. ഈ കവിയെപ്പററി സംസ്കൃതാനഭിജ്ഞന്മാരായ കേരളീയർക്കു സാമാന്യജ്ഞാനമുണ്ടാകുവാനൊരുപന്യാസമെഴുതണമെന്നു് അന്നുതന്നേ തോന്നിയ കൌതുകം ഇതേവരെ വിഘ്നിതമായിക്കിടന്നുപോയി. ഈയിടെ കാശ്മീരസംസ്കൃതഗ്രന്ഥാവലിയിൽ നാല്പതാംനമ്പരായി "ദേശോപദേശം", "നർമ്മമാലാ" എന്നു ക്ഷേമേന്ദ്രന്റെ രണ്ടു കൃതികൾ പ്രസിദ്ധീകരിച്ചിട്ടുള്ളതു വായിക്കുവാൻ സൌകര്യം സിദ്ധിച്ചതോടുകൂടി പൂർവ്വകൌതുകം ഉജ്ജീവിതമായി ഈ പ്രസംഗത്തിനു സംഗതിയാക്കിയിരിക്കുന്നു.

ക്ഷേമേന്ദ്രൻ കാശ്മീരദേശീയനായിരുന്നു.

"അസ്തിസ്വസ്തിമതാമഗ്ര്യം-മണ്ഡിതംബുധമണ്ഡലൈഃ
ഖണ്ഡിതാഖണ്ഡലാവാസ-ദർപ്പംകശ്മീരമണ്ഡലം
യസ്മിൻപ്രാജ്യഭുജസ്തംഭ-സ്തംഭിതാഹിതവിക്രമഃ
ത്രിവിക്രമഇവശ്രീമാൻ-അനന്തോബലിജിന്നൃപഃ"

എന്നു നർമ്മമാലയിലും

കാശ്മീരേഷുപൃഥുപ്രതാപസവിതുഃകീർത്ത്യംശുതാരാപതേഃ
പ്രൌഢാരാതിവനാനലസ്യധനദസ്യേന്ദ്രസ്യഭൂമണ്ഡലേ

UNIVERSITY LIBRARY
29 JAN 1928
MADRAS



നിരുപണകേസരിയും,

സാഹിത്യരസികനും, ഒരു അഭിഭാഷകപ്രമാണിയും ആയ

പി. കെ. നാരായണപിള്ള ബി. എ., ബി. എൽ., എം. എൽ. സി.

വിശപാകാരവതഃപുനഃകലിയുഗേവിഷ്ണോരിവോത്സാഹിനോ
രാജ്യേശ്രീമദനന്തരാജനൃപതേഃകാവ്യോദയോയംനകൃതഃ

എന്നു് കവികണ്ഠാഭരണാവസാനത്തിലും

കാണുന്നതിൽനിന്നു കാശ്മീരത്തു അനന്തരാജൻ വാണിരുന്ന കാലത്തു പ്രസ്തുതകവി ജീവിച്ചിരുന്നു എന്നു സ്പഷ്ടമാകുന്നു. അനന്തരാജന്റെ കാലം ക്രിസ്ത്വബ്ദം 1028 മുതൽ 1080 വരെയായിരുന്നു എന്നു് വിദ്വജ്ജനങ്ങൾ പറയുന്നു. മാളവാധിപതിയായിരുന്ന ഭോജരാജാവിന്റെ ജീവകാലവും ഏകദേശമിതുതന്നെയായിരുന്നു.

"സ ച ഭോജനരേന്ദ്രശ്ച ദാനോൽകർഷേണവിശ്രുതൌ
സൂരീതസ്മിൻക്ഷണേതുല്യം ദ്വാവാസ്താംകവിബാന്ധവൌ"

എന്നു് രാജതരംഗിണിയിൽ അനന്തരാജനെപ്പററിയുള്ള പരാമർശം ഈ ഘട്ടത്തിൽ പ്രസ്താവയോഗ്യമാകുന്നു. ഇങ്ങനെ സംസ്കൃതസാഹിത്യത്തിനു പരമാവധി പ്രോത്സാഹനം ലഭിച്ചിരുന്ന കാലത്തു ജീവിച്ചിരുന്ന ക്ഷേമേന്ദ്രൻ അനൎത്ഥനാമധേയൻതന്നെ. ഔചിത്യവിചാരചച്ച് എന്ന കൃതിയുടെ അവസാനഭാഗത്തു ക്ഷേമേന്ദ്രൻതന്നെ പറയുന്നു: —

ആസീൽപ്രകാശേന്ദ്ര ഇതിപ്രകാശഃ
കാശ്മീരദേശേ ത്രിദശേശ്വരശ്രീഃ
അഭ്രൽഗൃഹേയസ്യ പവിത്രസത്രം
അഛിന്നമഗ്രാസനമഗ്രജാനാം

സഃ ശ്രീസ്വയംഭൂഭവനേ വിചിത്രേ
ലേഖ്യപ്രതിഷ്ഠാപിതമാതൃചക്രഃ
ഗോഭൂമികൃഷ്ണാജിനവേശ്മദാതാ
തത്രൈവകാലേ തനുമുൽസസഞ്ജ

തസ്യാത്മജഃ സൎവ്വമനീഷിശിഷ്യഃ
ശ്രീവ്യാസദാസാപരപുണ്യനാമാ
ക്ഷേമേന്ദ്രഇത്യക്ഷയകാവ്യകീൎത്തിഃ
ചക്രേനവൌചിത്യവിചാരചൎച്ചാം"

ഇതിൽനിന്നു ക്ഷേമേന്ദ്രൻ വളരെ സമ്പന്നമായ ഒരു കുടുംബത്തിലാണു ജനിച്ചതെന്നും അദ്ദേഹത്തിന്റെ പിതാവായ പ്രകാശേന്ദ്രൻ അസാമാന്യനായ ഒരു വദാന്യനായിരുന്നു എന്നും വിശദമാകുന്നു. അക്ഷരലക്ഷസമ്മാനപാത്രമായിരുന്നു എന്നു ഭോജചരിത്രത്തിൽ വൎണ്ണിതനാണെങ്കിലും ലക്ഷ്മീസരസ്വതികളുടെ സാഹചൎയ്യത്തിൽ ലോലുപനായി കാണുന്ന കാളിദാസൻ പോലും ഒരുപക്ഷേ സമ്പൽവിഷയത്തിൽ സങ്കടക്കാരനായിരുന്നെന്നു തോന്നുന്നു. "മതിമതാം ച നിരീക്ഷ്യ ദരിദ്രതാം വിധിരഹോബലവാ

നിതിമേമതിഃ" എന്നു പറയുന്ന ഭർത്തൃഹരിപ്രഭൃതികളുടെ കഥ പറയേണ്ടതില്ല. ഇങ്ങനെ അന്യകവികളിൽനിന്നു ധനവിഷയകമായ ധന്യതയിൽ ക്ഷേമേന്ദ്രനുണ്ടായിരുന്ന അസാമാന്യത അദ്ദേഹത്തിന്റെ ലോകാവലോകത്തെയും കാര്യകലയേയും വ്യാപിച്ചതെങ്ങനെ എന്നു പരിസ്ഫുടീകരിക്കാവുന്നതാണ്.

ക്ഷേമേന്ദ്രൻ സാഹിത്യവിദ്യ അഭ്യസിച്ചതു് അഭിനവഗുപ്തന്റെ അടുക്കലായിരുന്നു എന്നു *ഭാരതമഞ്ജരിയിൽ പറഞ്ഞു കാണുന്നു. പ്രത്യഭിജ്ഞാദർശനവ്യാഖ്യാനമായ വിദ്യാവിവൃതി അഭിനവഗുപ്തൻ ഉണ്ടാക്കിയതു ക്രിസ്ത്വബ്ദം 1014-ൽ ആണെന്നു കാണുന്ന സ്ഥിതിക്ക് അപ്പോഴേയ്ക്കും ക്ഷേമേന്ദ്രനു് ഏകദേശം 25 വയസ്സു പ്രായമുണ്ടായിരുന്നിരിക്കണമെന്നും അങ്ങനെയാണെങ്കിൽ ഏകദേശം ക്രിസ്ത്വബ്ദം 990 ഇടയ്ക്കു ക്ഷേമേന്ദ്രൻ ജനിച്ചിരിക്കണമെന്നും കാശ്മീരഗ്രന്ഥാവലിയുടെ പ്രസാധകൻ അനുമാനിക്കുന്നു. ചരമദശയിൽ ലൌകികവ്യാപാരങ്ങൾ വെടിഞ്ഞു മിക്കവാറും സന്ന്യാസവൃത്തിയായി കഴിഞ്ഞുവന്ന കവി, ത്രിപുരേശഗിരിയിൽവച്ചു ദശാവതാരചരിതം ക്രിസ്ത്വബ്ദം 1065-ൽ രചിച്ചതായി കാണുന്നതുകൊണ്ടു് അദ്ദേഹം അതുവരെയെങ്കിലും ജീവിച്ചിരുന്നു എന്നു് വ്യക്തംതന്നെ. അഭിനവഗുപ്തനെ കൂടാതെ ക്ഷേമേന്ദ്രനു സോമനെന്നും ഗംഗകനെന്നും മററും വേറെയും ഗുരുനാഥന്മാരുണ്ടായിരുന്നു. ഔചിത്യവിചാരചർച്ചയിൽ "യഥാസ്മദുപാധ്യായ ഗംഗകസ്യ" എന്നു പറഞ്ഞു് ക്ഷേമേന്ദ്രൻ ഗംഗകന്റെ ശ്ലോകമുദ്ധരിച്ചിരിക്കുന്നു. കവിത്വത്തിന്റെ അധിഷ്ഠാനം ദിവ്യപ്രസാദവും പുരുഷപ്രയത്നവുമാണെന്നത്രേ ക്ഷേമേന്ദ്രന്റെ അഭിപ്രായം. (കവികണ്ഠാഭരണം നോക്കുക) ആ കവിയ്ക്കു കവിത്വവും കവിത്വം പ്രാപിച്ചവൎക്ക് അഭ്യാസവും കവിതാഭ്യാസമുള്ളവൎക്കു ചമൽക്കാരസിദ്ധിയും മേൽപ്രകാരമുണ്ടാകുമെന്നു് അദ്ദേഹം പറയുന്നു. പുരുഷപ്രയത്നകോടിയിൽ ഗീതഗാഥാദിശ്രവണം, നാടകാദിദർശനം, വിവിധകലാശാസ്ത്രപരിചയം, ദേശാടനം ഇത്യാദികൾ ഉൾപ്പെടുന്നു. തന്നിമിത്തം സംഗീതം, നാടകം മുതലായവയിൽ പ്രസക്തിയും വിവിധവിജ്ഞാനമാൎഗ്ഗപരിചയവും നാനാദേശപരിജ്ഞാനവും ക്ഷേമേന്ദ്രൻ സമ്പാദിച്ചിരുന്നു എന്നു് അനുമാനിക്കാവുന്നതാണ്. ഈ അനുമാനത്തെ അദ്ദേഹത്തിന്റെ പ്രബന്ധങ്ങൾ പ്രബലീകരിക്കുന്നു.

ഇങ്ങനെ ധനത്തിലും ജ്ഞാനത്തിലും സമ്പന്നനായിരുന്ന ഈ കവിയുടെ കൃതികൾ എന്തെല്ലാമാണെന്നു നോക്കേണ്ടിയിരിക്കുന്നു. (1) ബൃഹൽകഥാമഞ്ജരി (2) ഭാരതമഞ്ജരി (3) രാമായണമഞ്ജരി (4) പവനപഞ്ചാശികാ (5) സുവൃത്തതിലകം (6) വിനയവല്ലീ (7) ലാവണ്യവതീ (8) മുനിമതമീമാംസാ (9) നീതിലതാ (10) അവദാനകല്പലതാ (11) അവസരസാരം (12) ലളിതരത്നമാലാ (13) മുക്താവലീകാവ്യം (14) വാത്സ്യായനസൂത്ര

സാരം (15) ഔചിത്യവിചാരചർച്ച (16) പദ്യകാദംബരീ (17) ശശിവംശകാവ്യം (18) ദേശോപദേശം (19) നർമ്മമാലാ (20) ചിത്രഭാരതം (21) കനകജാനകീ (22) അമൃതതരംഗം (23) ചതുർവ്വർഗ്ഗസംഗ്രഹം (24) കവികണ്ഠാഭരണം (25) ദർപ്പദലനം (26) കലാവിലാസം (27) സമയമാതൃകാ (28) സേവ്യസേവകോപദേശം (29) ദശാവതാരചരിതം (30) ചാരുചർയ്യാ. ഇങ്ങനെ മുപ്പതു കൃതികൾ ക്ഷേമേന്ദ്രന്റേതാണെന്നുള്ളതിനു തർക്കമില്ല. ലോകപ്രകാശമെന്നൊരു കൃതികൂടി അദ്ദേഹത്തിന്റേതാണെന്നു പറയുന്നവരുണ്ടെങ്കിലും അതിനാസ്പദമില്ലെന്നു മധുസൂദനകൌലൻ അഭിപ്രായപ്പെടുന്നു. ഇവയിൽ പലതും കാവ്യമാലയിൽ പ്രസിദ്ധീകരിച്ചിട്ടുള്ളതാണു്. നർമ്മമാലയും ദേശോപദേശവും കാശ്മീരസംസ്കൃതഗ്രന്ഥാവലിയിൽ പ്രസാധിതങ്ങളാകുന്നു. മററു ചില കൃതികളെപ്പററിയറിയുന്നതു സ്വപ്രബന്ധങ്ങളിൽ ഉദാഹരണത്തിനു ക്ഷേമേന്ദ്രൻതന്നെ "ദേശപരിചയേ യഥാമമശശിവംശേ വൃക്ഷപരിചയേ യഥാമമകനകജാനക്യാം" ഇങ്ങനെ പറഞ്ഞു് ഉദ്ധരിച്ചിട്ടുള്ള പദ്യങ്ങൾ മൂലമാകുന്നു. പവനപഞ്ചാശികയിൽനിന്നു ശ്ലോകം സുവൃത്തതിലകത്തിൽ ഉദാഹരിച്ചിട്ടുള്ളതുകൊണ്ടു് ഒന്നു മറേറതിനേക്കാൾ മുമ്പെ രചിച്ചിട്ടുള്ളതാണെന്നു സുഗമമാണു്. ഇതുപോലെ മററു പല പ്രബന്ധങ്ങളുടേയും കാലികമായ പൌർവ്വാപര്യം ആന്തരപരാമർശങ്ങളെ അടിസ്ഥാനമാക്കി സ്ഥാപിക്കാവുന്നതാണു്. ഇതിനും പുറമേ ഇപ്പോൾ അപ്രസിദ്ധന്മാരായിത്തീർന്നിരിക്കുന്ന പല കവികളുടെ പ്രബന്ധങ്ങളിൽനിന്നുകൂടിയും പേർ പറഞ്ഞു് ഉദാഹരണങ്ങൾ ക്ഷേമേന്ദ്രൻ അംഗീകരിച്ചിട്ടുള്ളതിൽനിന്നു് അദ്ദേഹത്തിന്റെ വിശാലമായ ഗ്രന്ഥപരിചയവും വിശദമാകുന്നു. ആ കൂട്ടത്തിൽ ഉദയസിംഹൻ എന്നും രാജപുത്രലക്ഷ്മണാദിത്യൻ എന്നും രണ്ടു കവികൾ ക്ഷേമേന്ദ്രശിഷ്യന്മാരായിരുന്നെന്നു കാണുന്നു.

ഈ കൃതികളെപ്പററി ഗുണദോഷവിചാരം ചെയ്യുന്നതിനു് അവയിൽ ചിലതിന്റെ എങ്കിലും വിഷയം അവശ്യം ഗ്രഹിച്ചിരിക്കേണ്ടതാണല്ലോ. സുവൃത്തതിലകത്തിൽ പ്രസിദ്ധങ്ങളായ വൃത്തങ്ങളുടെ ലക്ഷ്യലക്ഷണങ്ങളും സ്വരവിസർഗ്ഗ സമാസാദിപ്രവേശം നിമിത്തം വൃത്തങ്ങൾക്കുണ്ടാകുന്ന ശോഭാശോഭകളും വിഷയസ്വഭാവമനുസരിച്ചു് സ്വീകരണീയമായ വൃത്തക്രമങ്ങളും മററും പ്രതിപാദിച്ചിരിക്കുന്നു. വീരരൌദ്രരസസങ്കരത്തിൽ വസന്തതിലകംവളരെ ശോഭിക്കുമെന്നും സർഗ്ഗാവസാനത്തിൽ മാലിനീവൃത്തം യുക്തമാണെന്നുംമററുമുള്ള ക്ഷേമേന്ദ്രമതം ഇവിടെ പ്രപഞ്ചനം ചെയ്യുന്നില്ല. കവികണ്ഠാഭരണത്തിന്റെ കാര്യം മുമ്പുതന്നെ പറഞ്ഞുവല്ലോ. ഔചിത്യവിചാരചർച്ചയിലെ വിഷയം കാവ്യത്തിന്റെ ജീവൻ ഔചിത്യമാണെന്നും ഓജഃപ്രസാദമാധുര്യാദിഗുണങ്ങളോ ഉപമാരൂപകാദ്യലങ്കാരങ്ങളോ ഔചിത്യഭ്രഷ്ടമായിരുന്നാൽ കാവ്യത്തിനു പ്രയോജനകരങ്ങളല്ലെന്നുമാകുന്നു.

പദം, വാക്യം, പ്രബന്ധാൎത്ഥം, ഗുണം, അലങ്കാരം, രസം, ക്രിയാ, കാരകം, ലിംഗം, വചനം, വിശേഷണം, ഉപസൎഗ്ഗം, നിപാതം, കാലം, ദേശം, കുലം, വ്രതം, തത്വം, സത്വം, അഭിപ്രായം, സ്വഭാവം, സാരസംഗ്രഹം, പ്രതിഭാ, അവസ്ഥാ, വിചാരം, നാമം, ആശീസ്സ്, ഇത്യാദി കാവ്യാംഗങ്ങളിലെല്ലാം ഔചിത്യം, ജീവനെപ്പോലെ വ്യാപിയാണെന്നു പറഞ്ഞു് ഇവയിലൊരോന്നിലും ഔചിത്യത്തിന്റെ സ്ഫുരണവും ഭ്രംശവുംകൊണ്ടുണ്ടാകുന്ന ഗുണദോഷങ്ങൾ ക്ഷേമേന്ദ്രൻ വിവരണം ചെയ്തിരിക്കുന്നു. മുൻപറഞ്ഞ പ്രബന്ധങ്ങൾ മൂന്നും കാവ്യമെന്ന പേരിന്നേക്കാൾ കാവ്യാനുശാസനമെന്നോ കാവ്യവിമൎശനമെന്നോ ഉള്ള നാമധേയത്തെ അൎഹിക്കുന്നു. പ്രാകൃതഭാഷയിൽ ഗുണാഢ്യൻ രചിച്ച ബൃഹൽകഥയെ ഇദംപ്രഥമമായി സംസ്കൃതത്തിലാക്കിയതു ക്ഷേമേന്ദ്രനാണ്. അതുതന്നെ ബൃഹൽകഥാമഞ്ജരി. ഭട്ടസോമദേവന്റെ കഥാസരിൽസാഗരം ബൃഹൽകഥാമഞ്ജരിക്ക് അൎവ്വാചീനമാകുന്നു. മഹാഭാരതത്തെ സംക്ഷേപിച്ചു നിൎമ്മിച്ചിട്ടുള്ള ഒരു ഗ്രന്ഥമാണു ഭാരതമഞ്ജരി. ഈ പ്രബന്ധം ഹേതുവായി "വ്യാസദാസൻ" എന്ന പേരുംകൂടി ക്ഷേമേന്ദ്രൻ പാത്രമായിത്തീൎന്നു. രാമായണമഞ്ജരിയും ഭാരതമഞ്ജരിയെപ്പോലെ ഒരു സംഗ്രഹഗ്രന്ഥമാകുന്നു. വാത്സ്യായനസൂത്രസാരം വാത്സ്യായനമെന്ന പ്രസിദ്ധകാമശാസ്ത്രഗ്രന്ഥത്തിന്റെ സാരസംക്ഷേപമായിരിക്കുമെന്നു വിശ്വസിക്കുന്നു. പദ്യകാദംബരി, ഭട്ടബാണന്റെ ഗദ്യപ്രബന്ധത്തിനു പദ്യരൂപത്തിൽ ചെയ്തിട്ടുള്ള വിവൎത്തമാകുന്നു. ബൃഹൽകഥാമഞ്ജരീപ്രഭൃതികൃതികൾ മൂലഗ്രന്ഥങ്ങളുടെ വിസ്തരമോ വിഷമതയോ കൊണ്ടുവിഷീദത്തുകളായ വിവിദിഷുക്കളുടെ ഉപയോഗത്തിനു നിൎമ്മിച്ചിട്ടുള്ളവയും പൊതുവിൽ വളരെ പ്രയോജനകരങ്ങളുമാണെങ്കിലും വിഷയബന്ധപരതന്ത്രനായ ക്ഷേമേന്ദ്രന്റെ സ്വാതന്ത്ര്യത്തിന് അങ്ങിനെയുള്ള പ്രബന്ധങ്ങളിൽ പ്രകാശം സുലഭമായിരുന്നിരിക്കയില്ല. പവനപഞ്ചാശിക, ലാവണ്യവതി, മുനിമതമീമാംസ, മുക്താവലി, ശശിവംശം, കനകജാനകി, മുതലായ കൃതികൾ എല്ലാം അച്ചടിച്ചിട്ടുണ്ടെങ്കിൽ, വായിക്കുവാൻ സംഗതിയായിട്ടില്ല. അവയിൽനിന്നു ക്ഷേമേന്ദ്രൻതന്നെ ഉദാഹരണത്തിനുദ്ധരിച്ചിട്ടുള്ള ഒററശ്ലോകങ്ങൾ മാത്രമേ കണ്ടിട്ടുള്ളൂ. അങ്ങിനെയുള്ള ഒററശ്ലോകങ്ങളെ ആധാരമാക്കി സ്ഥാലീപുലാകന്യായേന അഭിപ്രായം പറയുന്നതിൽ അപാകമില്ലെങ്കിൽ, കവി ഗംഭീരനാണെന്നു നിശ്ശങ്കം പറയാവുന്നതാണ്. ഒന്നുരണ്ടുദാഹരണങ്ങൾ അസംഗതമാകയില്ലെന്നു വിശ്വസിക്കുന്നു. ലാവണ്യവതിയിൽ ബാല്യത്തിൽനിന്നു യൌവ്വനത്തിലേക്കു സ്ത്രീജനപ്രവേശം വൎണ്ണിച്ചിരിക്കുന്നതു നോക്കുക.

മുക്തഃകന്ദുകവിഭ്രമസ്തരളതാത്യക്തൈകതവബാല്യോചിതാ
മൌഗ്ദ്ധ്യംനിഹ്നുതമാശ്രിതാഗജഗതിർഭ്രൂലാസ്യമഭ്യസ്യതേ

യന്നർമ്മോർമ്മിഷുനിർമ്മിതം മൃഗദൃശാം വൈദഗ്ദ്ധ്യദിവ്യം വച
സ്തദ്ബാലിദ് മഃ സുഭഗാഭിമാനലടഭാ ഭാവേ നിബദ്ധോ ഭരഃ

(പന്തുകളിയിലുള്ള ഭ്രമം മുക്തമായി; ബാല്യോചിതമായ ചാപല്യം ഉപേക്ഷിതമായി; കൌശലഹീനത നിരസിക്കപ്പെട്ടു; ഗജരാജഗതി അവലംബിതമായി; പുരികക്കൊടി ഇളക്കുവാൻ അഭ്യസിച്ചു തുടങ്ങി; നർമ്മവാക്കുകൾ ഇടവിടാതെ പ്രയോഗിക്കുവാൻ തക്ക പാടവം സമ്പ്രാപ്തമായി; അതുകൊണ്ടു സുഭഗാഭിമാനമായ ലടഭാഭാവത്തിൽ ഭരം (ഫലനം) നിബന്ധിക്കപ്പെട്ടു എന്നു നാം വിചാരിക്കുന്നു എന്നു താല്പര്യം.) ലടഭാ എന്നാൽ ബാല്യകാലം വിട്ടു യൌവനത്തിൽ പ്രവേശിക്കുന്ന സുന്ദരിയായ യുവതി എന്നു താല്പര്യം. ഈ ശ്ലോകത്തിൽ വയസ്സുസന്ധിവർണ്ണന സൂക്ഷ്മമായ നിരീക്ഷണശക്തിയെ കാണിക്കുന്നു.

കർണ്ണാന്താലിത കുന്തളാന്തനിപതത്തോയക്ഷണാ സംഗിനാ
ഹാരേണേവവൃതസ്തനീ പുളകിതാ ശീതേന സീൽകാരിണീ
നിർദ്ധൌതാഞ്ജനശോണകോണനയനാ സ്നാനാവസാനേംഗനാ
പ്രസ്യന്ദൽകബരീഭരാ നകുരുതേ കസ്യസ്പൃഹാർദ്രംമനഃ

ഇതു മുനിമതമീമാംസയിലുള്ള ശ്ലോകമാണ്. വ്യാസപുത്രനായ ശുകൻ ആകാശഗംഗാതടത്തിൽ കുളിച്ചുകൊണ്ടിരുന്ന സ്വർഗ്ഗസ്ത്രീകളുടെ ദർശനംകൊണ്ടു നിർവ്വികാരനായിരുന്ന സംഗതിയാണു വർണ്ണ്യം. സ്നാനാനന്തരം കബരീഭരം വിരിച്ചിട്ടും മഷിമാഞ്ഞുപോയിട്ടു അപാംഗഭാഗം രക്തവർണ്ണമായും കർണ്ണപ്രദേശത്തു നിബിഡമായ അളകാഗ്രങ്ങളിൽനിന്നിററിററു വീഴുന്ന ജലബിന്ദുക്കൾകൊണ്ടു വക്ഷഃസ്ഥലത്തു താൽക്കാലികഹാരമലങ്കരിച്ചും പുളകിതയായും തണുപ്പുകൊണ്ടു സീൽകാരിണിയായും ഉള്ള അംഗനാ ആരുടെ ഹൃദയത്തെയാണു സ്പൃഹാർദ്രമാക്കാത്തതു്?. സ്നാതയായ അംഗനയുടെ നിസർഗ്ഗപ്രബലമായ രൂപശോഭയും വശീകരണശക്തിയും എത്ര ഭംഗിയായി വർണ്ണിതമായിരിക്കുന്നു! എന്നാൽ അതുകൊണ്ടു ചാഞ്ചല്യമുണ്ടാകാതിരുന്ന ശുകബ്രഹ്മർഷിയുടെ മനഃസ്ഥിതിയുടെ ദാർഢ്യമെത്രമാത്രമെന്നും നമുക്കു ബോധപ്പെടുന്നു.

ശൂരാഃ സന്തി സഹസ്രശഃ സുചരിതൈഃ പൂർണ്ണംജഗൽ പണ്ഡിതൈഃ
സംഖ്യാന്നാസ്തികലാവതാം ബഹുതരൈഃ ശാന്തൈർവ്വനാന്താശ്രിതാഃ
ത്യക്തും യഃ കില വിത്തമുത്തമമതിഃ ശക്നോതി ജീവാധികം
സോസ്മിൻ ഭൂമിവിഭൂഷണം ശുഭനിധിർവ്യാഭവേദുർല്ലഭഃ

ഇതു ശശിവംശകാവ്യത്തിലുള്ളതാകുന്നു. ലോകത്തു ശൂരന്മാർ വളരെയുണ്ടു്; സുചരിതന്മാരായ പണ്ഡിതന്മാരെക്കൊണ്ടു ലോകം പൂർണ്ണമായിരിക്കുന്നു; കലാവിദ്യകൾ അറിയുന്നവർ അസംഖ്യം; ശാന്തന്മാരായി വനാ

ങ്ങളിൽ വസിക്കുന്നവർ അനേകം; ഇങ്ങനെ ഒക്കെയാണെങ്കിലും ജീവാധികമായ വിത്തത്തെ ത്യജിക്കുവാൻ കഴിവുള്ളവനും ശുഭനിധിയും ഭൂവിഭൂഷണവും ഭവ്യനുമായ ജനം സംസാരമണ്ഡലത്തിൽ വളരെ ദുല്ലഭമാകുന്നു. ജീവനെ ഉപേക്ഷിക്കാൻപോലും ജനങ്ങൾക്കു മടിയില്ലെങ്കിലും ധനത്തെ ഉപേക്ഷിക്കുവാൻ അവക്കു മടിതന്നെ എന്ന തത്വം ചമൽക്കാരമയമായി ഇതിൽ പ്രതിപാദിച്ചിരിക്കുന്നു.

ഇങ്ങനെ സരസങ്ങളായ പല പദ്യങ്ങളുമുദ്ധരിക്കാവുന്നതാണു്. ഇതുപോലെ ശ്ലോകങ്ങൾ ഉണ്ടാക്കിയിട്ടുള്ള കവികൾ സംസ്കൃതസാഹിത്യത്തിൽ പലരുമുണ്ടെന്നുള്ള സ്ഥിതിക്കു, കവിസാമാന്യത്തിൽനിന്നോ അഥവാ മഹാകവിസാമാന്യത്തിൽനിന്നോ ക്ഷേമേന്ദ്രനുള്ള വിശേഷമെന്താണെന്നു നോക്കുവാനുള്ളതു്. ക്ഷേമേന്ദ്രന്റെ വിശേഷം ഉപലഭ്യമാകുന്നതു് അദ്ദേഹം സ്വതന്ത്രമായി നിമ്മിച്ചിട്ടുള്ള പ്രബന്ധങ്ങളിൽനിന്നാകുന്നു. കുഞ്ചൻനമ്പിയാരുടെ മനോഗതി സുഗമമാകുന്നതു ശ്രീകൃഷ്ണചരിതം മണിപ്രവാളത്തിലോ പഞ്ചതന്ത്രത്തിലോ ചാണക്യസൂത്രത്തിലോ നിന്നല്ല. അതിന്റെ പ്രകാശം തുള്ളൽക്കഥകളിൽ കഥാബന്ധത്തോടു കലൎത്തിയും വ്യതിയാനരൂപേണയും പ്രയോഗിച്ചിട്ടുള്ള മനോധമ്മത്തിൽനിന്നാണു നമുക്കു ലഭിക്കുന്നതു്. അതുപോലെ ക്ഷേമേന്ദ്രന്റെ സാക്ഷാൽസ്വരൂപവും ലോകഭാവനയും ആലോകപദ്ധതിയും മററും വിശദീഭവിക്കുന്നതു പരതന്ത്രബന്ധമില്ലാതെ അദ്ദേഹം രചിച്ചിട്ടുള്ള ഗ്രന്ഥങ്ങളിൽ ആകുന്നു. കലാവിലാസം, സേവ്യസേവകോപദേശം, ദേശോപദേശം, നമ്മമാല, ചതുവ്വൎഗ്ഗസംഗ്രഹം, ചാരുചൎയ്യ മുതലായ കൃതികൾ ആ കൂട്ടത്തിൽ ഉൾപ്പെടുന്നവയാകുന്നു. ഉദ്ദേശം ഒമ്പതു ശതാബ്ദങ്ങൾക്കു മുമ്പുള്ളതും അന്യഥാ അന്ധകാരാവൃതമായിരിക്കുമായിരുന്നതുമായ പൂവ്വകാലസ്ഥിതികളിൽ പ്രസ്തുതകൃതികൾ നിമിത്തം തട്ടുന്ന പ്രകാശം നിർഭരമാകുന്നു. കലാവിലാസം പത്തു സൎഗ്ഗങ്ങളായി വിഭജിക്കപ്പെട്ടിരിക്കുന്നു. ഹിരണ്യഗുപ്തൻ എന്ന ധനികനായ സാൎത്ഥവാഹനു ചന്ദ്രഗുപ്തനെന്നു് ഒരു പുത്രനുണ്ടായി. ധനിക്കു് ഗൃഹങ്ങളിൽ ജനിക്കുന്ന യുവാക്കന്മാർ വിശേഷിച്ചു മടയന്മാരാണെങ്കിൽ വഞ്ചകന്മാരുടെ കയ്യിൽ പന്തുകളായും വേശ്യകളുടെ പാദസരങ്ങളിൽ മണികളായും പരിണമിക്കുമെന്നു് പരിഭ്രമം തോന്നി പിതാവു പുത്രനെ മൂലദേവനെന്ന കലാചാൎയ്യന്റെ അടുക്കൽ കൊണ്ടുചെന്നു പുത്രനു ബുദ്ധി ഉണ്ടാകത്തക്കവണ്ണം ഉപദേശങ്ങൾ ചെയ്തു് വിനാശം വരാതെ രക്ഷിക്കേണമെന്നപേക്ഷിച്ചു. അതനുസരിച്ചു മൂലദേവൻ ചന്ദ്രഗുപ്തനോടുപദേശിക്കുന്നതായിട്ടാണു കലാവിലാസം രചിച്ചിരിക്കുന്നതു്. പ്രഥമസൎഗ്ഗത്തിൽ ദംഭത്തേയും അതായതു വ്യാജത്തേയും ദാംഭികന്മാരേയുംപററി പറയുന്നു.

"മത്സ്യസ്യേവാപ്സു സദാ ദംഭസ്യ ജ്ഞായതേ ഗതിഃ കേന
നാസ്യകരൈൎന ച പാദൈൎന ശിരോ ദുർല്ലക്ഷ്യ ഏവാസ്യ."

വെള്ളത്തിൽ മത്സ്യത്തിന്റെ പോക്കറിവാൻ പാടില്ലാത്തതുപോലെയാണു വ്യാജത്തിന്റേയും ഗതി. അതിനു കയ്യും കാലും തലയുമൊന്നുമില്ലാത്തതുകൊണ്ടു കണ്ടു മനസ്സിലാക്കുവാൻ മാർഗ്ഗവുമില്ല.

"കാര്യ്യോപായോഗകാലേ പ്രണതശിരാശ്ചാടുശതകാരി
സത്രൃഭംഗോമൌനീകൃതകാര്യ്യോദാംഭികഃക്രൂരഃ.

കാര്യ്യം വല്ലതുമുണ്ടെങ്കിൽ ദാംഭികൻ തലയും കുമ്പിട്ടു പല നല്ല വാക്കുകളും പറയും; കാര്യ്യം കഴിഞ്ഞാൽ പുരികം ചുളിക്കയും മൌനമായിരിക്കയും ക്രൂരമായി പ്രവർത്തിക്കയും ചെയ്യും.

"വചനേബാല്‌ഹീകാനാംവ്രതനിയമേപ്രാച്യദാക്ഷിണാത്യാനാം
അധികാരേ കീരാണാം ദംഭഃ സർവ്വത്ര ഗൌഡാനാം."

ഇങ്ങനെയാണു ദേശക്രമമനുസരിച്ച് ദംഭത്തിന്റെ വ്യാപ്തി എന്നു ക്ഷേമേന്ദ്രൻ പറയുന്നു. ആദ്യം ഗുരുഹൃദയത്തിലും അവിടുന്നു ബാലഹൃദയത്തിലും തപസ്വിഹൃദയത്തിലും ഉദ്യോഗസ്ഥന്മാരുടെ ഹൃദയത്തിലും ദീക്ഷിതന്മാരുടെ ഹൃദയത്തിലും വ്യാജം കടന്നുകൂടി.

"തദനുവഗണകചികിത്സകസേവകവണിജാംസഹേമകാരാണാം
നടഭടഗായനവാചകചക്രചരാണാംചഹൃദയാനി."

എന്നിങ്ങനെ വ്യാജം വ്യാപിച്ചു. വ്യാജം ഗ്രഹിക്കുവാൻ ശക്തിയുണ്ടെങ്കിൽ മായാപ്രയോഗങ്ങൾ വിഫലങ്ങളാണ്; എന്നിങ്ങനെ പറഞ്ഞു് അടുത്ത സർഗ്ഗത്തിൽ ലോഭത്തെ വിവരിക്കുന്നു. വീട്ടിലിരുന്നാൽ ചെലവു ചെയ്യേണ്ടിവരുമെന്നു വിചാരിച്ചു ഗ്രന്ഥപാരായണം കേൾക്കാനും തീർത്ഥാടനത്തിനും ലുബ്ധന്മാർ അങ്ങുമിങ്ങും പോകുന്നു; കുളി ദീർഘിപ്പിച്ചു കഴിയുന്നതും മറ്റുള്ളവരെ കാണാതെ കഴിയ്ക്കുന്നു. യാചകന്മാരെ ഭയന്നു വികടവഴികളിൽക്കൂടി സഞ്ചരിക്കുന്നു. എന്തു കഷ്ടപ്പാടുകൾ അനുഭവിച്ചാലും ലുബ്ധൻ ധനം വിട്ടുകൊടുക്കയില്ലെന്നു കാണിപ്പാൻ കവി ഒരു കഥകൂടി പറയുന്നു; ബാലമിത്രമായിരുന്ന കുബേരനോട് അസുരാചാര്യനായ ശുക്രൻ ധനമപേക്ഷിച്ചു. കുബേരൻ ശുക്രനു യാതൊന്നും കൊടുത്തില്ല. അതുകൊണ്ടു മായ പ്രയോഗിച്ചു ശുക്രൻ കുബേരന്റെ ധനമെല്ലാമപഹരിച്ചു. കുബേരൻ ശിവനോടു സങ്കടമറിയിച്ചു. പരമശിവൻ ശുക്രനെ വരുത്തി കുബേരന്റെ ദ്രവ്യം തിരികെ കൊടുക്കുവാൻ ആജ്ഞാപിച്ചതിനെ ശുക്രൻ ആദരിച്ചില്ല. അതുകൊണ്ടു കോപിച്ച് ശിവൻ ശുക്രനെ കബളമാക്കി വിഴുങ്ങി. ശിവന്റെ ജഠരത്തിൽ കിടന്നു് എരിപൊരിയെടുത്ത ശുക്രൻ മോചനത്തിനു പ്രാർത്ഥിച്ചപ്പോൾ ദ്രവ്യം തിരിച്ചു കൊടുത്താൽ വിടാമെന്നു ശിവൻ പല കുറി പറഞ്ഞിട്ടും അനുസരിക്കാതെ ശുക്രൻ അവിടെത്തന്നെ ക്വഥിതനായിക്കിടന്നു പാർവ്വതിയെ സേവിച്ച് ഒടുവിൽ ശിവന്റെ മൂത്ര

ദ്വാരത്തിൽക്കൂടി പുറത്തു ചാടി. ഇത്രയൊക്കെ കഷ്ടപ്പാടുകൾ സഹിച്ചിട്ടും ദ്രവ്യമുഷ്ടി ദൃഢമായിത്തന്നെയിരുന്നു. ഇങ്ങനെ ലുബ്ധോപഹാസം. ദ്വിതീയ സർഗ്ഗത്തിലെ വിഷയം കാമമാകുന്നു. കാമബാധിതന്മാരായി മനുഷ്യർ സ്ത്രീകൾക്കു കിങ്കരീഭവിച്ചു കാണിക്കുന്ന ചാപല്യങ്ങളെ കവി കഠിനമായിട്ടാക്ഷേപിക്കുന്നു.

"ജാതഃ സ ഏവ ലോകേ ബഹുജനദ്രഷ്ടാ വിലാസകുടിലാംഗീ
ധൈര്യധ്വംസപതാകാ യസ്യ ന പത്നീ പ്രഭുഗ്ഗേഹേ". എന്നാണു

ക്ഷേമേന്ദ്രന്റെ മതം. ചാരിത്രഭ്രഷ്ടമാരായ സ്ത്രീകളുടെ സ്വഭാവം വർണ്ണിച്ചു ശേഷം കാമചാപല്യത്തെ വിശദീകരിക്കുവാൻ കഥാസരിൽസാഗരത്തിൽ പറയുന്ന ഒരു കഥകൂടി ക്ഷേമേന്ദ്രൻ പ്രതിപാദിച്ചിരിക്കുന്നു. നാലാംസർഗ്ഗത്തിൽ വേശ്യകളെ അപഹസിക്കുന്നു. അതിലേയ്ക്കു വിക്രമസിംഹൻ എന്ന രാജാവിന്റെ കഥകൂടി സംഘടിപ്പിച്ചിരിക്കുന്നു. അഞ്ചാംസർഗ്ഗത്തിൽ മോഹത്തെ ആക്ഷേപിക്കുന്നു. "ഗണനാ ഗണനപിശാചന്മാ"രെന്നു വർണ്ണിക്കപ്പെട്ടിരിക്കുന്ന കണക്കെഴുത്തുകാരെയാണു ഈ സർഗ്ഗത്തിൽ മർദ്ദിച്ചു കാണുന്നതു്. കണക്കെഴുത്തുകാർക്കു സംസ്കൃതത്തിൽ കായസ്ഥന്മാരെന്നാണു പേർ. നർമ്മമാല എന്ന കൃതിയിൽ സകുടുംബം കായസ്ഥന്മാർ ആക്ഷിപ്തന്മാരായിരിക്കകൊണ്ടു ഈ ഘട്ടത്തിൽ ഇതിൽ കൂടുതലൊന്നും പറയേണ്ടതില്ല. ആറാം സർഗ്ഗത്തിലെ നിരൂപണം മദത്തെപ്പറ്റിയാകുന്നു; കുലമദം, ധനമദം, ശാസ്ത്രമദം, അധികാരമദം, പാനമദം ഇങ്ങനെ മദം വിവിധരൂപമാകുന്നു.

"ആകോപരക്തനയനഃ പരവാങ്മാത്രാസഹഃ പ്രലാപീ ച
വിഷമഃ ശ്രുതമദനാമാ ധാതുക്ഷോഭോ നൃണാം മൂർത്തഃ"

എന്നു പറയുന്നതുകൊണ്ടു ശാസ്ത്രമദത്തെ മൂർത്തമായ ധാതുക്ഷോഭമായി ക്ഷേമേന്ദ്രൻ ആക്ഷേപിക്കുന്നു.

"സതതഭ്രുകുടികരാളഃ പരുഷാക്രോശീ ഹഠാഭിഘാതപരഃ
അധികാരമദഃ പുംസാം സർവ്വാശീ രാക്ഷസഃ ക്രൂരഃ"

എന്നാണു അധികാരമദത്തിന്റെ സ്വരൂപം. അതായതു് എല്ലായ്പോഴും പുരികം ചുളിക്കുക, പരുഷമായിട്ടും ഉച്ചമായും ആക്ഷേപിക്കുക, ബലാൽകാരമായി പ്രഹരിക്ക, കയ്യിൽ കിട്ടുന്നതെല്ലാം ഹരിക്കുക ഇത്യാദി ലക്ഷണങ്ങളോടുകൂടിയ അധികാരമദം ക്രൂരനായ രാക്ഷസൻതന്നെ എന്നു താല്പര്യം. ഏഴാം സർഗ്ഗത്തിൽ വഴക്കു പാട്ടുകാരോടാണു്.

"പാപാധധനിനിഗമസാ ധധാമാമാ സമാസഗാധാമാ
കൃത്വാ സ്വരപദപാളീം ഗായനധൂർത്താശ്ചരന്ത്യേതേ."

ഇങ്ങനെ സ്വരം പാടിക്കൊണ്ടു പാട്ടുകാർ നടക്കുന്നു. പാടുന്ന സമയത്തുള്ള ഗോഷ്ഠികളെപ്പറ്റി,

"കുടിലാവർത്തഭ്രാന്തൈർഭ്രൂക്ഷേപവികാരൈശ്ച മുഖവികാരൈശ്ച
ഗായതി ഗായനസംഘോ മദ്ദളഹസ്തശ്ചിരം മൌനീ."

എന്നും കവി പറയുന്നു. പാട്ടുകേട്ടു സന്തോഷിച്ച് എന്തുതന്നെ കൊടുത്താലും "ദാസ്യാഃ സുതേന ദത്തം, കിമിതി, വദൻ ദുഃഖിതോയാതി" എന്നു പറയുന്ന പാട്ടുകാരുടെ സഹജമായ അതൃപ്തിയും ക്ഷേമേന്ദ്രൻ വിസ്മരിച്ചിട്ടില്ല. എട്ടാം സർഗ്ഗത്തിൽ പിടികൂടിയിരിക്കുന്നതു തട്ടാന്മാരെയാണ്. വ്യാജവർണ്ണനയിൽ മകുടസ്ഥാനം സുവർണ്ണകാരന്മാർക്കാണെന്നു മററു കവികളും പറഞ്ഞിട്ടുള്ളതാണല്ലോ. മനുഷ്യഭൂമിയെ വെടിഞ്ഞു മഹാമേരു വളരെ ദൂരദേശത്തെ ആശ്രയിച്ചിരിക്കുന്നതു ചോരന്മാരായ സുവർണ്ണകാരന്മാരെ ഭയപ്പെട്ടാണെന്നാണു ക്ഷേമേന്ദ്രൻ പറയുന്നതു്. കനകപർവ്വതമായ മേരുവിനെ എലികൾ കൂട്ടംകൂടി തുരക്കുവാൻ തുടങ്ങി. മൂഷികസേനയുടെ പരാക്രമംകൊണ്ടു സുവർണ്ണധൂളി ദിക്കിലൊക്കെ വ്യാപിക്കയും മേരുശിഖരം ഇടിഞ്ഞു വീഴുമെന്നു ഭയം ജനിക്കയും ചെയ്തു. അപ്പോൾ ഈ മൂഷികന്മാർ ദേവാസുരയുദ്ധത്തിൽ മരിച്ച അസുരന്മാരാണെന്നും, ദേവന്മാരുടെ നിവാസസ്ഥാനം അവർ അടിയെ തുരക്കുവാൻ തുടങ്ങുകയാണെന്നും അഗസ്ത്യൻ പറഞ്ഞതു കേട്ടു ദേവന്മാർ പൊത്തുകളിൽ പുകകേററി എലികളെ എല്ലാം ഹനിച്ചു. അങ്ങനെ മരിച്ച മൂഷികന്മാർ ഇജ്ജന്മത്തിൽ തട്ടാന്മാരായി ജനിച്ചു എന്നും കവി പറയുന്നു.

പ്രസ്ഥഃ കഥാ വിചിത്രാ കണ്ഡൂയനമംശുകാന്തരാകൃഷ്ടിഃ
ദിനവേലാക്ഷ്ണിനിരീക്ഷണമതിഹാസോ മക്ഷികാക്ഷേപഃ.
കൌതുകദർശനമസകൃത്സ്വജനകലിഃ സലിലപാത്രഭംഗശ്ച
ബഹിരപി ഗമനം ബഹുശോ ദ്വാദശ ചേഷ്ടാകലാസ്തേഷാം

എന്നു പന്ത്രണ്ടു വിദ്യകൾ സുവർണ്ണകാരന്മാർ പ്രയോഗിക്കാറുണ്ടെങ്കിലും അവരുടെ ഗൂഢവിദ്യകൾ സഹസ്രനേത്രനായ ദേവേന്ദ്രനുകൂടി കണ്ടുപിടിക്കുവാൻ സാധിക്കയില്ലതന്നെ. പ്രകീർണ്ണകമായ നവമസർഗ്ഗത്തിൽ വൈദ്യന്മാർ, ജ്യോത്സ്യന്മാർ, ധാതുവാദികൾ, പാണിരേഖാപരീക്ഷകന്മാർ, മന്ത്രവാദികൾ മുതലായവരുടെ ധൂർത്തുകളെ വിസ്തരിക്കുന്നു. അവസാനസർഗ്ഗത്തിൽ ധർമ്മ്യവും സന്മാർഗ്ഗസുന്ദരവുമായ പന്ഥാവിനെ ആശ്രയിക്കേണ്ട ആവശ്യകതയും കലാകലാപകുശലതയുടെ മാഹാത്മ്യവും ഉപദേശിച്ചു വിരമിക്കുന്നു. ഇങ്ങനെ കലാവിലാസം.

സേവ്യസേവകോപദേശത്തിൽ സേവാവൃത്തിയുടെ കഷ്ടതയെ ക്ഷേമേന്ദ്രൻ നിരൂപണം ചെയ്യുന്നു.

"ദർപ്പാദേകഃ പരോ ലോഭാൽ ദ്വാവപ്യന്ധൌ സേവ്യസേവകൌ"

സേവ്യനായ യജമാനൻ അഹങ്കാരംകൊണ്ടും സേവകനായ ഭൃത്യൻ ലോ

ഭംകൊണ്ടും ഇങ്ങനെ രണ്ടു കൂട്ടരും അന്ധന്മാരാകുന്നു. ദർപ്പംകൊണ്ടു മുമ്പിലുള്ള ഭൂമിപോലും നോക്കാത്ത ധനികന്റെ ക്രൂരക്രോധവിധുരമായ മുഖത്തു് ആരു നോക്കും? അങ്ങനെയുള്ള ധനികനെ സേവിക്കുവാൻ പുറപ്പെടുന്നവന്റെ നികൃഷ്ടത വിശേഷിച്ചു വർണ്ണിക്കേണ്ടതില്ലല്ലോ. സേവകന്റെ ചക്ഷുസ്സു വാതിൽക്കൽ, പാണികൾ അഞ്ജലിബന്ധത്തിൽ, ജിഹ്വ സ്തുതിയിൽ, ശിരസ്സു നമസ്കാരത്തിൽ ഇങ്ങനെ സദാ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതാലോചിക്കുമ്പോൾ, അവന്റെ ശരീരം ആകപ്പാടെ പരോപകരണമായി പരിണമിക്കുന്നു. സുഖഭ്രമംകൊണ്ടു് എന്തെല്ലാമസുഖങ്ങൾ സേവകൻ സഹിക്കുന്നു. യജമാനന്റെ പുറകെ മൂർത്തിമാനായ ഛായാഗ്രഹം(ശനി)പോലെ സഞ്ചരിക്കണം; യജമാനൻ നിന്നാൽ തൂണുപോലെ നിശ്ചലാംഗനായി നിൽക്കണം; യജമാനന്റെ സുഖകേളിലീലകളിൽ യന്ത്രോപലം അതായതു മിൽചക്കുപോലെ കറങ്ങണം; അഹോ സേവകന്റെ സ്ഥിതി എത്ര ദയനീയമാകുന്നു. യജമാനന്റെ കഥയോ;

ദ്വാരേ ദർശമുപേക്ഷതേ കഥമപി പ്രാപ്തം പുരോ നേക്ഷതേ
വിജ്ഞപ്തൗ ഗജമീലനാനി കുരുതേ ഗൃഹ്ണാതി വാക്യാർദ്ധകം
നിർവ്യാജസ്യ കരോതി ദോഷഗണനാം സ്വല്പാപരാധേ യതഃ
സ സ്വാമീ യദി സേവ്യതേ മരുതഃ കിം നഃ പിശാചൈഃ കൃതം.

എന്ന സ്ഥിതിയിലാകുന്നു. അതുകൊണ്ടു ധനലവലോഭപ്രേരണകൊണ്ടുള്ള സേവകൾ ഉപേക്ഷിച്ചു സേവിക്കുവാൻ ഒരുക്കമുണ്ടെങ്കിൽ ജഗദീശ്വരസേവ സ്വീകരിക്കുവാൻ ക്ഷേമേന്ദ്രൻ ഉപദേശിക്കുന്നു.

ദേശോപദേശം എട്ടുപദേശങ്ങളായി വിഭജിച്ചിരിക്കുന്നു. ഒന്നാമത്തതിൽ ഖലന്മാരെ ആക്ഷേപിക്കുന്നു. രണ്ടാമത്തതിൽ കദര്യന്മാരോടു (പിശുക്കന്മാരോടു) കവി കയർക്കുന്നു. യദൃച്ഛയാ സ്വജനങ്ങൾ വീട്ടിൽ വന്നാൽ ഭക്ഷണം കൊടുക്കാതിരിക്കാൻ ലുബ്ധൻ ഭാര്യയുമായി കലഹിച്ചു ഉപവാസം അനുഷ്ഠിക്കുന്നു. അന്നദാനഭീരുവായ കദര്യൻ അതിഥികളുമായി കുശലപ്രശ്നാദികൾപോലും ചെയ്യുന്നില്ല.

സഹസ്രാക്ഷസ്തുന്നത്യേഷ വജ്രഹസ്തോ ഗൃഹവ്യയേ
അശനാച്ഛാദനച്ഛേദാൽ കദര്യഃ പാകശാസനഃ — എന്നു കവി ഉപഹസിക്കുന്നു. അറുപതു വർഷം പഴക്കംചെന്ന ധാന്യാദിപോലും ആർക്കും കൊടുക്കാതെ കദര്യൻ ശേഖരിച്ചുവെച്ചിരിക്കും. നാടൊട്ടുക്കു ക്ഷാമപീഡയുണ്ടാകുമ്പോഴല്ലാതെ അവനു സന്തോഷമില്ല. മൂന്നാമുപദേശം വേശ്യാജനനിന്ദയും നാലാമുപദേശം കുട്ടനീനിന്ദയും ആകുന്നു. അഞ്ചാമുപദേശത്തിൽ വിടന്മാരുടെ കപടമോടികൾ വർണ്ണിക്കുന്നു. ആറാമത്തതിൽ കാശ്മീരത്തു പഠിക്കുവാൻ വന്നുകൂടുന്ന ഗൗഡവിദ്യാർത്ഥികളുടെ ദുരാചാര

ങ്ങൾ ആക്ഷേപിക്കപ്പെട്ടിരിക്കുന്നു. സപ്തമോപദേശത്തിലെ വിഷയം വൃദ്ധനും കുമാരിയും തമ്മിലുള്ള വിവാഹമാകുന്നു.

"വിവാഹം പരലോകാർത്ഥം കുർവന്ത്യേഷ വിചക്ഷണാഃ
ഇതി വൃദ്ധസ്യ വരണേ വക്തി സ്മിതമുഖോ ജനഃ" എന്ന ശ്ലോകത്തിലെ ശ്ലേഷഭാഗമായ ആക്ഷേപം നോക്കുക. അസമീചീനങ്ങളായ ഈദൃശവിവാഹങ്ങൾകൊണ്ടുള്ള അപായങ്ങൾ അധികമുണ്ട്. തരുണീവൃദ്ധവിവാഹവും നിർദ്ധനവേശ്യാഭ്രമവുംപോലെ നിന്ദ്യവും സർവ്വാപൽക്കരവുമായി മറ്റൊന്നും ഒരിടത്തും കാണുകയും കേൾക്കുകയും ചെയ്തിട്ടില്ലെന്നു കവി പറയുന്നു. അന്തിമമായ ഉപദേശത്തിൽ വൈദ്യാദിപരിഷകളെ കവി ഉപഹസിക്കുന്നു. അനന്തരം നർമ്മമാലാ. ഇതുമുഴുവൻ കായസ്ഥകഥയാകുന്നു. പണ്ടു മഹാവിഷ്ണുവിനാൽ അസുരന്മാർ ഹനിക്കപ്പെട്ട കൂട്ടത്തിൽ അവരുടെ കണക്കപ്പിള്ള അകപ്പെടാതെ രക്ഷപ്പെട്ടു. അയാൾ വൈതരണീതീരത്തുചെന്നു ഘോരമായ തപസ്സുചെയ്തു. അതുകണ്ടു കലി സന്തോഷിച്ചു വേണ്ടവരം കൊടുത്തു. അസുരകായസ്ഥൻ ഭൂലോകത്തു ജനിച്ചു ദേവബ്രാഹ്മണാദി ജനപീഡനം ചെയ്തുകൊണ്ടിരുന്നാൽ യാഗങ്ങൾ മുടങ്ങി ദേവന്മാർ വിഷമിക്കുമെന്നു കലി ഉപദേശിച്ചു. അസുരന്മാരുടെ കണക്കപ്പിള്ളയുടെ വംശ്യന്മാരാണു കായസ്ഥന്മാർ. കാശ്മീരരാജ്യത്തു അവർക്കു പലവിധമായ ഉദ്യോഗങ്ങൾ ലഭിച്ചു. ഗൃഹകൃത്യാധിപതി, പരിപാലകൻ, ഗഞ്ജദിവിരൻ, ഗ്രാമദിവിരൻ, നിയോഗി മുതലായ പ്രധാനഉദ്യോഗസ്ഥന്മാരായ ഇക്കൂട്ടർ, അപവാദത്തിൽ അഭീരുക്കളും പാതകങ്ങളിൽ അശങ്കന്മാരുമായിരുന്നു. സാധുക്കളുടെ സർവ്വസ്വാപഹരണവും ലോകോന്മൂലനവും അവരുടെ വ്രതമായിരുന്നു. ഈ ഉദ്യോഗസ്ഥന്മാർ ഗ്രാമത്തിൽ സക്കീട്ടുചെയ്യുമ്പോൾ,

"ക്ഷയായ ഗ്രാമമത്സ്യാനാം വൃദ്ധാ ബക ഇവാഗതഃ" എന്നു ജനങ്ങൾക്കു തോന്നിയിരുന്നു. ജരന്മാരായ മൂഷികന്മാർ അക്ഷോടഫലം കരളുന്നതുപോലെ അവർ ദേവാലയങ്ങളെ ശൂന്യമാക്കി. കായസ്ഥകുടുംബിനികളുടെ മദം രാജസ്ത്രീമദത്തെ അതിശയിച്ചിരുന്നു. അവരുടെ ദുരാചാരങ്ങൾ അസഹ്യങ്ങൾ. ഇങ്ങനെ കായസ്ഥന്മാരെ അധിക്ഷേപിച്ച് അവർക്ക് അനന്തദേവന്റെ കാലത്തുണ്ടായ അധഃപതനം വർണ്ണിച്ച് ഈ കൃതി സമാപ്തമാക്കിയിരിക്കുന്നു. കലാവിലാസപ്രഭൃതികളായ കൃതികൾ നാലും ഉല്ലുണ്ഠനവും ഉപഹാസവുംകൊണ്ടു ഉഗ്രമായിരിക്കുന്നു. "സററയർ" എന്നിംഗ്ലീഷിൽ പറയുന്ന ഉപഹാസകവിതയിൽ ക്ഷേമേന്ദ്രനുണ്ടായിരുന്ന പാടവം ഇവയിൽ പ്രകടമായി കാണുന്നു. ഇതുകൊണ്ടു ക്ഷേമേന്ദ്രൻ കേവലം ദോഷൈകദൃഷ്ടിയായിരുന്നു എന്നു വിചാരിക്കരുത്.

"ഹാസേന ലജ്ജിതോത്യന്തം ന ദോഷേഷു പ്രവർത്തതേ
ജനസ്തദുപകാരായ മമായം സ്വയമുദ്യമഃ" എന്നു ദേശോപദേ

ശാരംഭത്തിൽ കവി പറയുന്നതിൽനിന്ന് അദ്ദേഹത്തിന്റെ ഉദ്ദേശം വ്യക്തമാകുന്നു. ദുർമ്മാർഗ്ഗഗമനം തടയുന്നതിനുള്ള ഉപായങ്ങളിൽ ഒന്ന് ഉപഹാസവും മറേറതു് ഉപദേശവും ആണ്. ഉപഹാസകവിത എല്ലാക്കവികൾക്കും സ്വാധീനമല്ല. അഥവാ സ്വാധീനമായിരുന്നാൽതന്നെയും അതിന്റെ പ്രയോഗത്തിന് അങ്കുശങ്ങളായി പല പ്രതിബന്ധങ്ങളും നേരിട്ടു എന്നും വരും. ഒരു ദുഷ്പ്രഭുവിനെ ആശ്രയിച്ചുപജീവിക്കുന്ന കവിയ്ക്കു ദുഷ്പ്രാഭവത്തെ ഉപഹസിക്കുവാൻ ശങ്ക തോന്നാതിരിക്കയില്ല. സമ്പന്നനും പ്രഭുവുമായിരുന്ന ക്ഷേമേന്ദ്രന് അങ്ങനെയുള്ള ക്രസലിന് അവകാശമുണ്ടായിരുന്നില്ല. അതുകൊണ്ടു പൊതുവിലുള്ള ദുരാചാരങ്ങൾക്കു പുറമേ ഉദ്യോഗസ്ഥന്മാരുടെ വ്യാജധിക്കാരാദി വിക്രിയകളേപ്പോലും ആക്ഷേപിക്കുവാൻ അദ്ദേഹം മുതിർന്നുകാണുന്നു. രാജ്യതന്ത്രദോഷനിരൂപണത്തിനു ക്ഷേമേന്ദ്രനെപ്പോലെ മററു സംസ്കൃതകവികൾ തുനിഞ്ഞിട്ടുണ്ടോ എന്നു സംശയമാണു്. കേവലം ഉപഹാസപ്രയോഗംകൊണ്ടു മാത്രമല്ല സന്മാർഗ്ഗപ്രതിഷ്ഠയ്ക്കു ക്ഷേമേന്ദ്രൻ പ്രയത്നിച്ചിട്ടുള്ളതെന്നും പറയേണ്ടിയിരിക്കുന്നു. ചതുർവ്വർഗ്ഗസംഗ്രഹം-ചാരുചര്യ എന്ന കൃതികൾ ഉപദേശകവിതകളാണ്. ധർമ്മാർത്ഥകാമമോക്ഷസിദ്ധിക്കുവേണ്ട അനുഷ്ഠാനങ്ങളും അവയുടെ പ്രാധാന്യവും വശ്യവാക്കായ കവി ഭംഗിയായി ചതുർവ്വർഗ്ഗസംഗ്രഹത്തിൽ ഉപന്യസിക്കുന്നു. അതുപോലെ മര്യാദയായും സാധുവായും ധർമ്മ്യമായും ജനങ്ങൾ വ്യാപരിക്കേണ്ട രീതികൾ ചാരുചര്യയിൽ പ്രതിപാദിച്ചിരിക്കുന്നു.

പരദ്രവിണനിസ്പൃഹഃ പരകളത്രനിഷ്കൗതുകഃ
പരപ്രണയവത്സലഃ പരനികാരബദ്ധാക്ഷമഃ
പരസ്തുതിവിശാരദഃ പരഗുണാപവാദോജ്ഝിതഃ
പരാർത്തിഹരണോദ്യതോ ഭവതി ഭൂരിപുണ്യൈർന്നരഃ.

എന്നു പറയുന്ന കവിയ്ക്കു ലോകോപകാരതൽപരതപോലെ ഒരു മഹോത്സവമോ സന്മാർഗ്ഗനിഷ്ഠപോലെ ഒരു രസമോ ഉണ്ടായിരുന്നിരിക്കയില്ല. അങ്ങനെയുള്ള ഒരു കവിയുടെ കൃതികൾ ഏതു സാഹിത്യത്തിനും അഭിമാനകരമാകുന്നു. മഹാശയനും സന്മാർഗ്ഗനിഷ്ഠനും സാഹിത്യകലാചാര്യനും തിഗ്മവാഗ്മിതാസമ്പന്നനും ലോകക്ഷേമകരനുമായ ക്ഷേമേന്ദ്രന്റെ യശസ്സു ശാശ്വതമായി പരിലസിക്കട്ടെ. നമഃ ക്ഷേമേന്ദ്രായ.

ക്ഷേമേന്ദ്രാഖ്യകവീന്ദ്രചാരുകവിതാ ചൂതോല്ലസൽപല്ലവ-
ഗ്രാസോന്മേഷികഷായസാരലഹരീം നീത്വാ മുദാ മാധുരീം
താമേവം "മലയാളി" ലോകസുഹൃദാം മാസ്വാദനാർത്ഥം ശ്രമാൽ
പി. കെ. നാമപികോ വിപാകമൂദ്ഗനാ ഗദ്യാധ്വനാഞ്ജൂഘുഷൽ.

# വെള്ളോട്ട മൂസ്സ്

(കവിതിലകൻ കൊട്ടാരത്തിൽ ശങ്കുണ്ണി.)

---

അഷ്ടവൈദ്യന്മാരിലൊരാളായ വെള്ളോട്ട മൂസ്സിന്റെ ഇല്ലം ഇപ്പോൾ തിരുവിതാംകൂർ സംസ്ഥാനത്തു ചേർത്തല താലൂക്കിൽ മരുത്തോർവട്ടം എന്ന ദേശത്താണ്. ഇവരെ വെള്ളോട്ടനമ്പൂതിരി എന്നും പറയാറുണ്ട്. ഈ ഇല്ലത്തു പണ്ടൊരു കാലത്തു ജ്യേഷ്ഠന്റെയും അനുജന്റെയും മക്കളായി രണ്ടു ശാഖക്കാരുണ്ടായിത്തീർന്നു. അവർ തമ്മിൽപ്പിരിഞ്ഞ് ഒരു ശാഖക്കാർ കൊച്ചിസംസ്ഥാനത്തു ചാലക്കുടിയിലും മറ്റേശ്ശാഖക്കാർ എളങ്കുന്നപ്പുഴയും താമസിച്ചിരുന്നു. ചാലക്കുടിയിൽത്താമസിച്ചിരുന്നവരെ "ഉഭയർ മൂസ്സ്" എന്നും എളങ്കുന്നപ്പുഴത്താമസിച്ചിരുന്നവരെ "അടിയാക്കൽമൂസ്സ്" എന്നും പറഞ്ഞുവന്നിരുന്നു.

ഈ രണ്ടു ശാഖക്കാരും ഏതോ കാരണവശാൽ ആ രണ്ടു സ്ഥലങ്ങളുമുപേക്ഷിച്ചു കൊല്ലം തൊള്ളായിരാമാണ്ടിടയ്ക്കു് തിരുവിതാംകൂറിലേയ്ക്കു പോന്ന് ഒരു ശാഖക്കാർ വൈയ്ക്കത്തും മറ്റേശ്ശാഖക്കാർ മരുത്തോർവട്ടത്തും താമസമുറപ്പിച്ചു. അക്കാലം മുതൽക്കാണ് ഇവരുടെ ഇല്ലപ്പേര് "വെള്ളോട്ട്" എന്നായിത്തീർന്നതു്.

വൈയ്ക്കത്തു പെരുംതൃക്കോവിൽ ക്ഷേത്രത്തിൽ ഉത്സവത്തിനു പതിമ്മൂന്നഹസ്സും വൃശ്ചികമാസത്തിൽ കറുത്ത അഷ്ടമിയുടെ പിറേറദ്ദിവസം ആറാട്ടുമാണല്ലോ പതിവ്. ഒരു കൊല്ലം ആറാട്ടുനാൾ വൈകുന്നേരം ഒരു വൃദ്ധബ്രാഹ്മണൻ വൈക്കത്തു താമസിച്ചിരുന്ന വെള്ളോട്ട മൂസ്സിന്റെ അടുക്കൽച്ചെന്ന്, "ഇവിടെ അമ്പലത്തിലെ ഉത്സവസ്സദ്യ പന്ത്രണ്ടു ദിവസം പതിവായിട്ടുണ്ടിട്ട് എനിക്കു വയററിൽ നല്ല സുഖമില്ലാതെയായിരിക്കുന്നു, അതിനെന്താണു ചെയ്യേണ്ടതു്?" എന്നു ചോദിച്ചു. അപ്പോൾ മൂസ്സ് "ഞാനൊരു മുക്കുടി ഉണ്ടാക്കിത്തരാം. അതു സേവിച്ചാൽ മതി. സുഖമാവും" എന്നു പറഞ്ഞു. ഉടനെ ബ്രാഹ്മണൻ "എന്നാൽ മുക്കുടി ഉണ്ടാക്കിത്തരണമെന്നില്ല. മുക്കുടിക്കുള്ള മരുന്നുകൾ അമ്പലത്തിൽക്കൊണ്ടുവന്നു ശ്രീകോവിലിന്റെ പടിയിന്മേൽ വെച്ചേച്ചാൽ മതി. മുക്കുടി ഞാൻ ശാന്തിക്കാരെക്കൊണ്ടുണ്ടാക്കിച്ചു സേവിച്ചുകൊള്ളാം. ശാന്തിക്കാരൊക്കെ എനിക്കു പരിചിതന്മാരും എന്റെ താമസം മിക്കവാറും അമ്പലത്തിലുമാണ്" എന്നു പറഞ്ഞു. അതു കേട്ട് മൂസ്സ് "എന്നാൽ അതു മതി. നാളെക്കാലത്തു ഞാൻ മരുന്നുകൾ അരച്ചുരുട്ടി ശ്രീകോവിലിന്റെ പടിയിന്മേൽ കൊണ്ടുചെന്നു വെച്ചേക്കാം" എന്നു പറഞ്ഞു. ഉടനെ ആ ബ്രാഹ്മണൻ അദൃശ്യനായിത്തീരുകയും ചെയ്തു. ബ്രാഹ്മണൻ മറഞ്ഞുകഴിഞ്ഞപ്പോൾ "ഇതു കേവലം ബ്രാഹ്മണനല്ല" എന്നു മൂസ്സിന്റെ മനസ്സിൽ

തോന്നി. എങ്കിലും പറഞ്ഞതുപോലെതന്നെ ചെയ്യുന്നമെന്നു് അദ്ദേഹം നിശ്ചയിക്കുകയും ചെയ്തു.

അന്നു രാത്രിയിൽ ക്ഷേത്രത്തിലെ തന്ത്രി, ഊരാളന്മാർ മുതലായവൎക്കും അക്കാലത്തു നാട്ടുവാണിരുന്ന വടക്കുംകൂർ രാജാവിനും ഒരു സ്വപ്നമുണ്ടായി. "നാളെക്കാലത്തു വെള്ളോട്ടു മൂസ്സ് അരച്ചുരുട്ടി ശ്രീകോവിലിന്റെ പടിയിന്മേൽ വെയ്ക്കുന്ന മരുന്നെടുത്തു് കലക്കി ശാന്തിക്കാരെക്കൊണ്ടു മുക്കുടിയുണ്ടാക്കിച്ചു പെരുംതൃക്കോവിലപ്പന് നിവേദിപ്പിക്കണം" എന്നൊരു ബ്രാഹ്മണൻ അടുക്കൽവന്നു പറഞ്ഞു എന്നായിരുന്നു സ്വപ്നം. അതു് എല്ലാവൎക്കും ഒരുപോലെതന്നെയായിരുന്നു. നേരം വെളുത്തപ്പോൾ ഈ സ്വപ്നവൎത്തമാനം തന്ത്രിയും ഊരാളന്മാരും രാജാവിനെ അറിയിച്ചു. രാജാവും ഇപ്രകാരം സ്വപ്നം കണ്ടിരുന്നതിനാൽ ഇതിന്റെ കാരണമറിയുന്നതിനായി ഒരു പ്രശ്നക്കാരനെ രാജസന്നിധിയിൽ വരുത്തി, ഊരാളന്മാരുംകൂടിയിരുന്നു പ്രശ്നം വെയ്പിച്ചു നോക്കിച്ചു. അപ്പോൾ ഇതു പെരുംതൃക്കോവിലപ്പന്റെ കല്പനതന്നെയാണെന്നും ഇപ്രകാരം ചെയ്തില്ലെങ്കിൽ ദേവകോപം ഉണ്ടാകുമെന്നും പ്രശ്നക്കാരൻ വിധിച്ചു. അപ്പോഴേയ്ക്കും വെള്ളോട്ടു മൂസ്സു മരുന്നുകളരച്ചുരുട്ടി ശ്രീകോവിലിന്റെ പടിയിന്മേൽ കൊണ്ടുചെന്നു വെയ്ക്കുകയും തലേദ്ദിവസം വൃദ്ധബ്രാഹ്മണൻ ചെന്നു പറഞ്ഞ വിവരവും മറ്റും തന്ത്രി മുതലായവരോടു പറയുകയും രാജാവു മുതലായവരുടെ ആജ്ഞാപ്രകാരം ശാന്തിക്കാർ മരുന്നെടുത്തു കലക്കി മുക്കുടിയുണ്ടാക്കി പന്തീരടിപ്പൂജയ്ക്കു ദേവനു നിവേദിക്കുകയും ചെയ്തു. ഇതു് ആറാട്ടിന്റെ പിറ്റേദ്ദിവസമായിരുന്നുവല്ലൊ. അന്നു രാത്രിയിലും, ഇങ്ങിനെ ആണ്ടുതോറും നടത്തിക്കൊള്ളണമെന്നും മരുന്നുകൊണ്ടുചെന്നു വെയ്ക്കുന്നതിനു വെള്ളോട്ടു മൂസ്സിനു തക്കതായ പ്രതിഫലം ദേവസ്വത്തിൽനിന്നു കൊടുത്തുകൊള്ളണമെന്നും ഒരാൾ ചെന്നു പറഞ്ഞതായി രാജാവു മുതലായി എല്ലാവൎക്കും സ്വപ്നമുണ്ടായി. അതിനാൽ ഈ മുക്കുടി നിവേദ്യം അവിടെ ദേവസ്വംവക പതിവു കണക്കിൽച്ചേൎത്തു് ആണ്ടുതോറും ആറാട്ടിന്റെ പിറ്റേദ്ദിവസം പന്തീരടിപ്പൂജയ്ക്കു പതിവായി നടത്തിത്തുടങ്ങി. ഇതു് ഇപ്പോഴും അവിടെ പതിവായി നടന്നുവരുന്നുമുണ്ടു്. മരുന്നുകൊണ്ടുചെന്നു വെയ്ക്കുന്നവകയ്ക്കു വെള്ളോട്ടു മൂസ്സിനു ദേവസ്വത്തിൽനിന്നു ചില അനുഭവങ്ങൾ കൊടുക്കുന്നതിനു പതിവുവെച്ചതു കൂടാതെ ഏതാനും ഭൂസ്വത്തുകൾ കരമൊഴിവായി അദ്ദേഹത്തിന്റെ തറവാട്ടേയ്ക്കു പതിച്ചു കൊടുക്കുകയും ചെയ്തു.

വൈക്കത്തുണ്ടായിരുന്ന വെള്ളോട്ടുവില്ലത്തു കാലക്രമേണ ആളുകളെല്ലാം ക്ഷയിച്ചു് ഒടുക്കം വിധവയായ ഒരന്തൎജ്ജനം മാത്രം ശേഷിച്ചു. അപ്പോൾ ആ അന്തൎജ്ജനവും മരുത്തോർവട്ടത്തുള്ള ഇല്ലത്തു പോയി താമസമായി. ഇടക്കാലത്തു രണ്ടായിപ്പിരിഞ്ഞ ആ ഇല്ലം ഇങ്ങിനെ പിന്നെയും യഥാപൂൎവ്വം ഒന്നായിത്തീൎന്നു. അപ്പോൾ വൈക്കത്തു മുക്കുടിക്കുള്ള മ

രുന്നു് അരച്ചുരുട്ടിക്കൊണ്ടു ചെന്നു കൊടുക്കുകയും അതിനുള്ള അനുഭവം വാങ്ങുകയും മരുത്തോർവട്ടത്തുള്ളവർ ചെയ്തു തുടങ്ങി. അതിപ്പോഴും അങ്ങിനെതന്നെ നടന്നുവരുന്നു. എന്നാൽ ഇതിലേക്കു കരമൊഴിവായി പതിച്ചു കൊടുത്തിരുന്ന വസ്തുക്കളെല്ലാം ഓരോ കാലത്തു് ഓരോരുത്തർ കുറേശ്ശക്കുറേശ്ശയായി എഴുതിവിററിട്ടും മററും അന്യാധീനപ്പെട്ടു പോയി. ഇപ്പോൾ അവയിലൊന്നും ആ ഇല്ലത്തേയ്ക്കു കൈവശവും അനുഭവവുമില്ല. ദേവസ്വത്തിൽനിന്നു കൊടുത്തുവന്നിരുന്ന അനുഭവങ്ങൾ പരിഷ്കാരത്തോടുകൂടി വളരെക്കുറഞ്ഞു പോവുകയും ചെയ്തു. ഇപ്പോൾ ഇതിലേയ്ക്കു വെള്ളോട്ടു മൂസ്സിനു കിട്ടിവരുന്ന അനുഭവം കൊല്ലത്തിൽ നാലു പണം മാത്രമാണു്. എങ്കിലും മുമ്പിനാലെ ഉള്ള ഏർപ്പാടാണല്ലോ എന്നു വിചാരിച്ചിട്ടും വൈക്കത്തപ്പനെക്കുറിച്ചുള്ള ഭക്തികൊണ്ടും അവരിതു വേണ്ടെന്നുവെയ്ക്കുന്നില്ല.

വെള്ളോട്ടു മൂസ്സിൻെറ കുടുംബപരദേവതകളിൽ ഇപ്പോൾ പ്രാധാന്യം ധന്വന്തരിക്കാണു്. മററുള്ള പരദേവതകളെയെല്ലാം ഇല്ലത്തുതന്നെയാണു കുടിയിരുത്തിയിരിക്കുന്നതു്. ധന്വന്തരിയെ പ്രത്യേകം ക്ഷേത്രം പണിയിച്ചു പ്രതിഷ്ഠിച്ചിരിക്കുകയാണു്. അതിൻെറ കാരണം താഴെ പറഞ്ഞുകൊള്ളുന്നു.

പണ്ടൊരിക്കൽ ചേർത്തലത്താലൂക്കിൽ വയലാർ ദേശത്തുള്ള പുതിയയ്ക്കൽ (പുതിയ അറയ്ക്കൽ) കോവിലകത്തെ ഒരു തമ്പാനു് ഒരു വയററുവേദന ഉണ്ടായിത്തീർന്നു. അതിനു വളരെ ചികിത്സകൾ ചെയ്തു നോക്കീട്ടും ഒരു ഫലവുമുണ്ടായില്ല. ഒടുക്കം തമ്പാൻ മരുന്നുകൾ സേവിക്കുന്നതിനേക്കാൾ നല്ലതു് ഈശ്വരനെസ്സേവിക്കുകയാണെന്നു തീർച്ചപ്പെടുത്തി വൈക്കത്തു ചെന്നു സംവത്സരഭജനം തുടങ്ങി. ഭജനം ഒന്നുരണ്ടു ദിവസം കഴിഞ്ഞപ്പോഴേയ്ക്കും തമ്പാൻെറ വയററുവേദന ഭേദമായി. എങ്കിലും അദ്ദേഹം ആദ്യം നിശ്ചയിച്ചതുപോലെതന്നെ ഒരു സംവത്സരം മുഴുവനും ഭജിച്ചു. ഭജനം കാലംകൂടുന്നതിൻെറ തലേദിവസം രാത്രിയിൽ തമ്പാൻ കിടന്നുറങ്ങിയപ്പോൾ ആരോ ഒരാൾ അദ്ദേഹത്തിൻെറ അടുക്കൽ ചെന്നു്, "നിൻെറ വയററുവേദന ഭേദമായിപ്പോയിയെന്നു വിചാരിച്ചു നീ സന്തോഷിക്കേണ്ട. അതു് ഭേദമായിട്ടില്ല. ഇവിടെത്താമസിക്കുമ്പോൾ വേദന വരികയില്ലായിരിക്കാം. എങ്കിലും നീയിവിടെനിന്നു പോയാൽ അതു് ഇനിയും വരും. ഈ വേദന നിശ്ശേഷം വിട്ടുമാറണമെങ്കിൽ നീയൊരു കാര്യം ചെയ്യണം. എന്തെന്നാൽ, ചേർത്തലെ തെക്കുംമുറിയിൽ "കേളൻകുളം" എന്നു പേരായിട്ടു് ഒരു വലിയ കുളമുണ്ടല്ലോ. ആ കുളത്തിൽ മൂന്നു ശിലാവിഗ്രഹങ്ങൾ കിടക്കുന്നുണ്ടു്. നീയവിടെച്ചെന്നു കുളത്തിലിറങ്ങി മുങ്ങിത്തപ്പിയാൽ അവ നിനക്കു കിട്ടും. അവയിൽ ആദ്യം കിട്ടുന്നു

ത്തു് അവിടെത്തന്നെ ഇട്ടേയ്ക്കണം. രണ്ടാമതു കിട്ടുന്നതു് ഒരു ധന്വന്തരിയുടെ വിഗ്രഹമായിരിക്കും. അതു നീയെടുത്തു് ഒരു ബ്രാഹ്മണനു ദാനം ചെയ്യണം. മൂന്നാമതു കിട്ടുന്നതു് ഒരു വിഷ്ണുവിഗ്രഹമായിരിക്കും. അതു നീയെടുത്തുകൊണ്ടുപോയി ക്ഷേത്രം പണിയിച്ചു മുറപ്രകാരം പ്രതിഷ്ഠ കഴിപ്പിക്കണം. ഇത്രയും ചെയ്താൽ നിന്റെ രോഗം നിശ്ശേഷം വിട്ടുമാറും. ഇങ്ങിനെ ചെയ്തില്ലെങ്കിൽ ഈ ദീനം ഒരിക്കലും ഭേദമാവുകയുമില്ല". എന്നു പറഞ്ഞതായിത്തോന്നി. അദ്ദേഹം ഉടനെ ഉണൎന്നു കണ്ണു തുറന്നു നോക്കീട്ടു് ആരേയും കണ്ടതുമില്ല. "ഇതു വല്ല പേക്കിനാവോ മറ്റോ ആയിരിക്കും" എന്നു വിചാരിച്ചു തമ്പാൻ പിന്നെയും കിടന്നുറങ്ങി.

പിറ്റേദിവസം തമ്പാൻ ഭജനം കാലം കൂട്ടുകയും അതിന്റെ പിറ്റേദിവസം അദ്ദേഹം മടങ്ങിക്കോവിലകത്തെത്തുകയും ഉടനെ വയറ്റുവേദന ആരംഭിക്കുകയും ചെയ്തു. അപ്പോൾ വന്ന വേദന പൂൎവ്വാധികം കലശലായിരുന്നു. അതിനാൽ തമ്പാൻ അടുത്ത ദിവസംതന്നെ പോയി കേളൻകുളത്തിലിറങ്ങി മുങ്ങിത്തപ്പുകയും ആദ്യം കിട്ടിയ വിഗ്രഹം അവിടെത്തന്നെ ഇട്ടിട്ടു പിന്നെയും തപ്പിനോക്കുകയും ധന്വന്തരിയുടെ വിഗ്രഹം കിട്ടുകയും ചെയ്തു. അദ്ദേഹം അതെടുത്തുകൊണ്ടു കരയ്ക്കു കയറി സ്വല്പം ദൂരം ചെന്നപ്പോൾ വഴിയിൽവെച്ചു വെള്ളോട്ടുമൂസ്സിനെക്കാണുകയാൽ ആ വിഗ്രഹം അദ്ദേഹത്തിനു ദാനം ചെയ്തു. തമ്പാൻ പിന്നെയും ചെന്നു കുളത്തിലിറങ്ങി മുങ്ങിത്തപ്പിയപ്പോൾ വിഷ്ണുവിഗ്രഹവും കിട്ടി. അദ്ദേഹം അതു കൊണ്ടുപോയി സ്വദേശത്തുതന്നെ ഒരു ക്ഷേത്രം പണിയിച്ചു് ബിംബപ്രതിഷ്ഠ കഴിപ്പിക്കുകയും ആ ക്ഷേത്രത്തിനു് "കേരളാതിച്ച (കേരളാദിത്യ)പുരം" എന്നു പേരിടുകയും ചെയ്തു. ഇത്രയും കഴിഞ്ഞപ്പോൾ തമ്പാന്റെ ദീനം മാറി അദ്ദേഹം സ്വസ്ഥശരീരനായിത്തീൎന്നു.

വെള്ളോട്ടുമൂസ്സിനു കൊടുത്ത ബിംബം അദ്ദേഹം ഇല്ലത്തു കൊണ്ടുപോയി തേവാരങ്ങളുടെ കൂട്ടത്തിൽവെച്ചു പൂജിച്ചുകൊണ്ടിരുന്നു. അങ്ങിനെയിരുന്ന കാലത്തു ടിപ്പുസ്സുൽത്താൻ മലബാർ ആക്രമിക്കുക നിമിത്തം ചീരട്ടമൺമൂസ്സു് അങ്ങാടിപ്പുറത്തുനിന്നു് പോന്നു്, തിരുവിതാംകൂറിലെത്തി, മഹാരാജാവിന്റെ സഹായത്താൽ മരുത്തോർവട്ടത്തു വെള്ളോട്ടു മൂസ്സിന്റെ ഇല്ലത്തിനു സമീപംതന്നെ ഇല്ലം പണിയിച്ചു കുടുംബസഹിതം താമസമായി. അതിന്റെ ശേഷം ഒരു ദിവസം ചീരട്ടമൺമൂസ്സു വെള്ളോട്ടില്ലത്തു ചെന്ന സമയം ധന്വന്തരിയുടെ ഈ ബിംബം അവിടെ തേവാരങ്ങളുടെ കൂട്ടത്തിലിരിക്കുന്നതു കണ്ടിട്ടു് "ഈ ബിംബത്തിന്റെ ശ്രേഷ്ഠതയും യോഗ്യയും ഇവിടെ തേവാരങ്ങളുടെ കൂട്ടത്തിലിരിക്കുവാൻ തക്കതല്ല. ഇതു പ്രത്യേകമൊരമ്പലം പണിയിച്ചു പ്രതിഷ്ഠിപ്പിക്കേണ്ടതാണു്. അത്രയ്ക്കു മാത്രമുണ്ടു്. ഇതിന്റെ വിശേഷം" എന്നു പറഞ്ഞു. അപ്പോൾ വെള്ളോട്ടുമൂസ്സു "കാൎയ്യം ഇതൊക്കെ ശരിയാണു്. പക്ഷേ അതൊക്കെ

നടത്തുവാൻ തക്കവണ്ണമുള്ള സമ്പത്തു നമുക്കില്ല എന്നേ ഒരു ദോഷമുള്ളു. ഞാൻ ചീരട്ടവണ്ണിനെപ്പോലെ ധനവാനായിരുന്നുവെങ്കിൽ അമ്പലം പണിയും പ്രതിഷ്ഠയുമൊക്കെ മുമ്പേതന്നെ നടത്തുമായിരുന്നു. നമുക്ക് അതിനു തക്കവണ്ണം പണമില്ല. പിന്നെ എന്തു ചെയ്യും?" എന്നു പറഞ്ഞു. ഇതു കേട്ട് ചീരട്ടമൺമൂസ്സ്, "എന്നാൽ വെള്ളോട്ട ചെലവൊന്നും ചെയ്യുന്നമെന്നില്ല. അനുവദിക്കുക മാത്രംചെയ്താൽ മതി. ചെലവൊക്കെച്ചെയ്തു ഞാൻ കാര്യം നടത്തിക്കൊള്ളാം" എന്നു പറഞ്ഞു. ഉടനെ വെള്ളോട്ട മൂസ്സ് "ഓഹോ, ഞാൻ സസന്തോഷം പൂർണ്ണമായി അനുവദിച്ചിരിക്കുന്നു" എന്നു പറഞ്ഞു.

അനന്തരം ചീരട്ടമൺമൂസ്സ് വേണ്ടുന്ന പണം ചെലവുചെയ്ത് അമ്പലംപണി, ബിംബപ്രതിഷ്ഠ, കലശം മുതലായവയെല്ലാം യഥായോഗ്യം നടത്തിച്ചു. വെള്ളോട്ടമൂസ്സ് ഒരു കാശുപോലും ചെലവുചെയ്തുമില്ല. എങ്കിലും ബിംബം അദ്ദേഹത്തിന്റെ വകയായിരുന്നതുകൊണ്ട് ക്ഷേത്രത്തിലെ അധികാരവും അവകാശവും രണ്ടുപേർക്കും ഒരുപോലെ എന്നവർ തീർച്ചപ്പെടുത്തി.

അങ്ങിനെ ഏതാനും കൊല്ലങ്ങൾ കഴിഞ്ഞപ്പോൾ ഒരു നിസ്സാരസംഗതിനിമിത്തം അവർ തമ്മിൽ പിണങ്ങുന്നതിനിടയായി: ക്ഷേത്രത്തിൽ രാവിലെയുള്ള മലർനിവേദ്യം കഴിഞ്ഞാൽ ആ മലർ ഓരോ ദിവസം ഓരോ ഇല്ലത്തേയ്ക്കു് ഒന്നരാടൻമുറയ്ക്കു കൊണ്ടുപൊയ്ക്കൊൾക എന്നാണ് ആദ്യംതന്നെ വ്യവസ്ഥ ചെയ്തിരുന്നതു്. അതു കൊണ്ടുപോയാൽ കുട്ടികൾക്കു കൊടുക്കുകയാണു രണ്ടില്ലത്തും പതിവ്. ഒരുതവണ മുറതെറ്റായിട്ടു തലേദ്ദിവസം മേടിച്ച ഇല്ലത്തേയ്ക്കുതന്നെ പിറേറദ്ദിവസവും മലർ മേടിച്ചു കൊണ്ടുപോയി. ഇതുസംബന്ധിച്ച് ആ രണ്ടില്ലക്കാരും തമ്മിൽ വലിയ വഴക്കുണ്ടാവുകയും ആ വഴക്കു മൂത്തു ഒടുക്കം അവർ തമ്മിൽ ബദ്ധവിരോധമായിത്തീരുകയും ചെയ്തു. അതിനാൽ ചീരട്ടമൺമൂസ്സ് മഹാരാജാവിന്റെ അടുക്കൽ വെള്ളോട്ടമൂസ്സിന്റെ ഉപദ്രവം നിമിത്തം മരുത്തോർവട്ടത്തു താമസിക്കാൻ നിവൃത്തിയില്ലെന്നും അതിനാൽ വേറേ എവിടെയെങ്കിലും മാറിത്താമസിക്കുന്നതിനു കല്പനയുണ്ടാകണമെന്നും അറിയിച്ചു. കൊല്ലം ൯൨൫-ാമാണ്ടു മാർത്താണ്ഡവർമ്മ മഹാരാജാവു തിരുമനസ്സുകൊണ്ടു മുറജപം തുടങ്ങിയ കാലത്തുതന്നെ ചീരട്ടമൺമൂസ്സിനു തിരുവനന്തപുരത്തു ചില സ്ഥാനമാനങ്ങൾ കല്പിച്ചുകൊടുക്കുകയും ആ ഇല്ലക്കാരെക്കുറിച്ചു മഹാരാജാക്കന്മാർക്കു പ്രത്യേകകാരുണ്യമുണ്ടായിത്തീരുകയും ചെയ്തിരുന്നതിനാൽ മൂസ്സിന്റെ ഇഷ്ടപ്രകാരം കോട്ടയത്തുനിന്നു നാലുനാഴിക പടിഞ്ഞാറു് "ഒളശ" എന്ന ദേശത്തു കല്പനപ്രകാരം ഇല്ലം പണിയിച്ചുകൊടുക്കുകയും ചീരട്ടമൺമൂസ്സ് കുടുംബസഹിതം അങ്ങോട്ടു മാറിത്താമസിക്കുകയും ചെയ്തു. എങ്കിലും വെള്ളോട്ടമൂസ്സിനോടുള്ള വഴക്കു പിന്നെയും അവസാനിച്ചില്ല.

ധന്വന്തരിയുടെ അമ്പലം പണിയിക്കുകയും പ്രതിഷ്ഠ, കലശം മുതലായവ നടത്തിക്കുകയും ചെയ്തവകയ്ക്കു ചെലവായിട്ടുള്ള പണം കൊടുക്കേണമെന്നായിരുന്നു ചീരട്ടമൺമൂസ്സിന്റെ പിന്നത്തെ വഴക്ക്. പണം കൊടുക്കുന്നതിനു തൽകാലം നിവൃത്തിയില്ലാതിരുന്നതിനാൽ ചീരട്ടമൺമൂസ്സിന്റെ കണക്കിൻപ്രകാരമുണ്ടായിരുന്ന സംഖ്യയ്ക്കു് ഏതാനും ഭൂസ്വത്തുകൾ വെള്ളോട്ടുമൂസ്സ് ചീരട്ടമൺമൂസ്സിനു എഴുതിക്കൊടുത്തു. അതിനാൽ ധന്വന്തരിയുടെ ക്ഷേത്രം വെള്ളോട്ടുമൂസ്സിന്റെ സ്വന്തമായിത്തീർന്നു. വെള്ളോട്ടുമൂസ്സ് എഴുതിക്കൊടുത്ത വസ്തുക്കൾ ഇപ്പോഴും ചീരട്ടമൺമൂസ്സിന്റെ കൈവശാനുഭവത്തിൽത്തന്നെ ഇരിക്കുന്നുണ്ടു്.

പുരാതനകാലം മുതൽക്കുതന്നെ പരസ്പരം സ്നേഹത്തോടും ഐകമത്യത്തോടുംകൂടിയിരുന്നിരുന്ന ഈ ഇല്ലക്കാർ തമ്മിൽ ഇടയ്ക്കു് ഇങ്ങിനെയൊന്നു പിണങ്ങാനിടയായിയെങ്കിലും കാലക്രമേണ അതൊക്കെത്തീർന്നു് ഇപ്പോൾ അവർ പണ്ടത്തേപ്പോലെ യോജിച്ചു മാച്ചും വേഴ്ചയുമായിട്ടാണിരിക്കുന്നതു്.

വെള്ളോട്ടു മൂസ്സന്മാർ പണ്ടു വൈദ്യവിഷയത്തിൽ അതിസമർത്ഥന്മാരും പ്രസിദ്ധന്മാരുമായിരുന്നു. അവർ ചികിത്സാസംബന്ധമായി ചെയ്തിട്ടുള്ള അത്ഭുതകർമ്മങ്ങളെല്ലാം വിവരിക്കുന്ന കാര്യം അസാദ്ധ്യവും ഒന്നും പറയാതെ ഈ ഉപന്യാസം അവസാനിപ്പിക്കുന്നതു് അയുക്തവുമാകയാൽ ചില സംഗതികൾ താഴെ പറഞ്ഞുകൊള്ളുന്നു.

പണ്ടൊരിക്കൽ ആലത്തൂർനമ്പിയുടെ ഭാഗിനേയനായി ഒരു വെള്ളോട്ടുമൂസ്സുണ്ടായിരുന്നു. അദ്ദേഹം ശാസ്ത്രജ്ഞാനംകൊണ്ടും ചികിത്സാനൈപുണ്യംകൊണ്ടും കൈപുണ്യം കൊണ്ടും മററും ചെറുപ്പത്തിൽത്തന്നെ വിശ്വവിശ്രുതനായിത്തീർന്നു. ആ മൂസ്സ് ഒരിക്കൽ തന്റെ മാതുലന്മാരെ കാണുന്നതിനായി നമ്പിയുടെ ഇല്ലത്തു പോയിരുന്നു. അപ്പോൾ നമ്പിമാരാരും അവിടെയുണ്ടായിരുന്നില്ല. ചില രോഗികളുടെ ആവശ്യപ്രകാരം അവരെല്ലാവരും ഓരോ ദൂരസ്ഥലങ്ങളിൽപ്പോയിരിക്കുകയായിരുന്നു. അവിടെച്ചില അന്തർജ്ജനങ്ങളും കിടാങ്ങളും മാത്രമേ ഉണ്ടായിരുന്നുള്ളു. ഈ മൂസ്സിന്റെ മാതുലപത്നിയായ ഒരന്തർജ്ജനം കുഷ്ഠരോഗബാധിതയായി വലിയ കഷ്ടസ്ഥിതിയിലും അവിടെക്കിടക്കുന്നുണ്ടായിരുന്നു. മൂസ്സ് ചെന്നു് ആ അന്തർജ്ജനത്തെക്കണ്ടസമയം അന്തർജ്ജനം കരഞ്ഞുകൊണ്ടു്, "എന്റെ ഉണ്ണീ! ഞാൻ ഈ സ്ഥിതിയിലായി. ഇതു് എന്റെ പാപശക്തികൊണ്ടായിരിക്കാം. നിന്റെ അമ്മാവന്മാരെല്ലാവരും മാറിമാറി പല ചികിത്സകൾ ചെയ്തുനോക്കി. ഒരു ഫലവുമുണ്ടായില്ല. ഇനി നീയുംകൂടി വല്ലതും ചെയ്തുനോക്കിയാൽക്കൊള്ളാം. അതും ഫലിക്കുന്നില്ലെങ്കിൽപിന്നെ സം

ശയിക്കാനൊന്നുമില്ല. എന്റെ കർമ്മഫലമെന്നുതന്നെ തീർച്ചയാക്കാമല്ലോ" എന്നു പറഞ്ഞു.

മൂസ്സ്— ആകട്ടെ, അമ്മായി തേച്ചുകുളിക്കാറുണ്ടോ?

അന്തർജ്ജനം— ശിവശിവ! തേച്ചുകുളിക്കുകയോ? ഞാൻ കുളിച്ചിട്ടുതന്നെ വളരെ നാളായി. മേലെങ്ങും തൊലിയില്ല. സർവ്വത്ര വ്രണമാണ്. എനിക്ക് എണീക്കാനും വയ്യ. പിന്നെ കുളിക്കുന്നതെങ്ങിനെയാണ്?

മൂസ്സ്— അമ്മായിയെ ഇന്നു ഞാനൊന്നു തേച്ചുകുളിപ്പിക്കാം. തേച്ചുകുളിച്ചാൽതന്നെ ഈ ദീനം ഭേദമാകും.

എന്നു പറഞ്ഞ് ഒരു വലിയ ചെമ്പു പിടിച്ചടുപ്പത്തുവെച്ച് അതിൽ നിറച്ചു വെള്ളം കോരിയൊഴിച്ചു തിളപ്പിക്കാൻ അവിടെ ശേഷമുണ്ടായിരുന്ന അന്തർജ്ജനങ്ങളോടു പറഞ്ഞിട്ടു മൂസ്സ് അവിടെനിന്ന് ഇറങ്ങിപ്പോയി. കുറച്ചു കഴിഞ്ഞപ്പോൾ അദ്ദേഹം കുറെ കാട്ടിലകളും പറിച്ചുകൊണ്ടു മടങ്ങിവന്നു. ആ ഇലകളിൽ പകുതി അടുപ്പത്തു ചെമ്പിൽക്കിടന്ന വെള്ളത്തിലിട്ടു. പകുതിയില ഇടിച്ചുപിഴിഞ്ഞു നീരെടുത്ത് അതിൽ എണ്ണയും ആവണക്കെണ്ണയും നെയ്യുംചേർത്ത് ഒരു കുഴമ്പു കാച്ചിയരിച്ചുവെച്ചു. അപ്പോഴേയ്ക്കും ചെമ്പിൽക്കിടന്ന വെള്ളം തിളച്ചുമറിഞ്ഞുതുടങ്ങി. മൂസ്സ് പെട്ടെന്നു രോഗിണിയായ അന്തർജ്ജനത്തെ എടുത്തുകൊണ്ടുവന്ന് ആ തിളച്ചുമറിയുന്ന വെള്ളത്തിലേയ്ക്കിട്ടു. അതുകണ്ട് അവിടെയുണ്ടായിരുന്ന ശേഷമന്തർജ്ജനങ്ങളും മററും "അയ്യയ്യോ! ഇതെന്തൊരക്രമമാണ്? ആ പാവത്തിനെ കൊല്ലരുതേ, കൊല്ലരുതേ" എന്നും മററും പറഞ്ഞ് ഉറക്കെ നിലവിളിച്ചുതുടങ്ങി. മൂസ്സ് അതൊന്നും വകവെച്ചില്ല. കുറച്ചുസമയം കഴിഞ്ഞപ്പോൾ അദ്ദേഹം ആ അന്തർജ്ജനത്തെ വെള്ളത്തിൽനിന്നു വലിച്ചെടുത്തു നിലത്തു കിടത്തി. അപ്പോൾ രോഗിണിക്കു ബോധമില്ലായിരുന്നു. മൂന്നോനാലോ നാഴിക കഴിഞ്ഞപ്പോൾ ബോധം വീഴുകയും അന്തർജ്ജനം പരസഹായംകൂടാതെ എണീററിരിക്കുകയും ചെയ്തു. അപ്പോൾ അവിടെയെല്ലാവർക്കും സമാധാനമായിയെന്നുമാത്രമല്ല, എല്ലാവരും ഏററവും വിസ്മയിക്കുകയും സന്തോഷിക്കുകയും ചെയ്തു. ഉടനെ മൂസ്സ് മുൻപു കാച്ചിവെച്ച കുഴമ്പെടുത്തുകൊടുത്തിട്ട് അവിടെ ശേഷമുണ്ടായിരുന്ന അന്തർജ്ജനങ്ങളോട് ഈ രോഗിണിയുടെ തലയിൽ എണ്ണയും മേലൊക്കെ ഈ കുഴമ്പും തേപ്പിച്ചു ചെമ്പിൽക്കിടക്കുന്ന വെള്ളം പകർന്ന് വെച്ച് ചൂടു പാകമാക്കി കുളിപ്പിക്കാൻ പറഞ്ഞു. അവർ സന്തോഷസമേതം അങ്ങിനെ ചെയ്തു. തേച്ചുകുളി കഴിഞ്ഞപ്പോൾ ആ അന്തർജ്ജനം എണീററു നടന്നുതുടങ്ങി. ആ സാധ്വിയുടെ ദേഹത്തിലെങ്ങും വ്രണത്തിന്റെ പാടുപോലുമുണ്ടായിരുന്നില്ല. എന്നുമാത്രമല്ല, ആ അന്തർജ്ജനത്തെക്കണ്ടാൽ അവർക്കിങ്ങിനെ ഒരു രോഗമുണ്ടായിരുന്നതായി തോന്നുകപോലുമില്ലാത്ത വി

ധത്തിലായി. മൂസ്സ് അപ്പോൾത്തന്നെ സ്വദേശത്തേയ്ക്കു മടങ്ങിപ്പോരികയും ചെയ്തു.

രണ്ടുമൂന്നുദിവസം കഴിഞ്ഞപ്പോൾ നമ്പിമാരൊക്കെ മടങ്ങിവന്നു. അപ്പോൾ മുൻപു രോഗബാധിതയായിക്കിടന്നിരുന്ന അന്തർജ്ജനം സ്വസ്ഥശരീരയായി എണീററുനടക്കുന്നതുകണ്ടിട്ട് ആ അന്തർജ്ജനത്തിന്റെ ഭർത്താവായ നമ്പി അത്യാശ്ചര്യത്തോടുകൂടി "നമ്മുടെ വെള്ളോട്ടുവിലെ ഉണ്ണി ഇവിടെ വന്നിരുന്നുവോ?" എന്നു ചോദിച്ചു. അപ്പോൾ അന്തർജ്ജനം അദ്ദേഹമവിടെച്ചെന്നിരുന്നതും അദ്ദേഹം ചെയ്ത അത്ഭുതകർമ്മങ്ങളുമെല്ലാം വിസ്തരിച്ചു പറഞ്ഞുകേൾപ്പിച്ചു. ഉടനേ നമ്പി "ഇങ്ങിനെയൊക്കെച്ചെയ്യാനുള്ള ധൈര്യവും നിശ്ചയവും അവനല്ലാതെ മററാർക്കുമില്ല. അവനു സർവ്വേശ്വരൻ ദീർഘായുസ്സുകൂടി കൊടുക്കട്ടെ" എന്നു പറഞ്ഞു.

ഒരിക്കൽ ഒരു വാണിയൻ (എള്ളുംമററുമാട്ടുന്ന ജാതിക്കാരൻ) അവന്റെ കാളയ്ക്കു നാലഞ്ചുദിവസമായിട്ടു ചാണകം പോകാതെ വലിയ വിഷമത്തിലായിത്തീരുകയാൽ അവൻ കാളയേയുംകൊണ്ടു വെള്ളോട്ടുവില്ലത്തുചെന്നു വിവരം പറഞ്ഞു. അപ്പോൾ അവിടെയുണ്ടായിരുന്ന മൂസ്സ് അല്പനേരം മനസ്സുകൊണ്ടാലോചിച്ചിട്ട് ഒരുമുഴം നീളവും പെരുവിരലിന്റെ വണ്ണവുമുള്ള ഒരു മുരുക്കിൻവടി കൊണ്ടുവരുവാൻ വാണിയനോടു പറഞ്ഞു. ഉടനേ വാണിയൻ കാളയെ അവിടെക്കെട്ടീട്ട് ഓടിപ്പോയി മുരുക്കിൻവടി കൊണ്ടുവന്നു. മൂസ്സ് ആ വടിയെടുത്ത് അതിന്റെ ഒരററത്തു പിടിക്കുവാൻതക്കവണ്ണം മുള്ളുകളഞ്ഞു പിടിച്ചുകൊണ്ടു വാണിയനോടു കാളയെക്കിടത്തി നാലുകാലും കൂട്ടിക്കെട്ടിപ്പിടിച്ചുകൊള്ളുവാൻ പറഞ്ഞു. അവൻ അങ്ങിനെ ചെയ്തപ്പോൾ മൂസ്സ് കാളയുടെ അടുക്കൽച്ചെന്നിരുന്ന് മുരുക്കിൻവടി കാളയുടെ മലദ്വാരത്തിൽക്കൂടി അകത്തേയ്ക്കു കടത്തി രണ്ടുമൂന്നു തിരിച്ചിട്ടു വലിച്ചെടുത്തു. അതോടുകൂടി ഒരു വലിയ പഴന്തുണിയും അതിന്റെ പിന്നാലെ ഒട്ടുവളരെച്ചാണകവും പുറത്തേയ്ക്കുപോയി. ഉടനെ മൂസ്സ് വാണിയനോട് "ഈ തുണി നിന്റെ എണ്ണത്തുണിയായിരിക്കും. ഇതു തിന്നിട്ടാണു കാളയ്ക്കു ചാണകം പോകാതെയായത്. മേലാൽ ഇങ്ങിനെ വരാതെ സൂക്ഷിച്ചുകൊള്ളണം" എന്നു പറഞ്ഞു കാളയുടെ മലദ്വാരത്തിൽ മുള്ളുകൊണ്ടു മുറിഞ്ഞിരുന്ന സ്ഥലത്തു പുരട്ടാൻ ഒരു മരുന്നും കൊടുത്തയച്ചു. അതുകൊണ്ടു കാളയ്ക്കു സുഖമാവുകയുംചെയ്തു.

ചേർത്തലത്താലൂക്കിൽ തൈക്കാട്ടുശേരി എന്ന ദേശത്തു തൈക്കാട്ടു നമ്പൂതിരിയുടെ ഇല്ലത്ത് ഒരിക്കൽ ഒരന്തർജ്ജനത്തിന്റെ മൂക്കിൽ ഒരു ദശയുണ്ടായി. പലരും പല ചികിത്സകൾ ചെയ്തുനോക്കീട്ടും അതു ഭേദമാകായ്കയാൽ നമ്പൂതിരി വെള്ളോട്ടുവില്ലത്തുചെന്നു മൂസ്സിനെക്കണ്ടു വിവരം പറഞ്ഞു. അപ്പോൾ മൂസ്സ് "നാളെ ഞാനവിടെവന്നു കണ്ടിട്ടു ചികിത്സ

നിശ്ചയിക്കാം. ഞാൻ വരുമ്പോഴേയ്ക്കും ഇരിമ്പുകഴയോടുകൂടി കാൽത്തുലാം ഭാരമുള്ള ഒരിയ്യക്കട്ടി അവിടെ തയാറാക്കിവെച്ചേയ്ക്കണം. ശേഷമൊക്കെ ഞാൻ വന്നിട്ടു പറയാം." എന്നു പറഞ്ഞു നമ്പൂതിരിയെ അയച്ചു.

പിറ്റേദ്ദിവസം മൂസ്സ് തെക്കാട്ടില്ലത്തു ചെന്നു ദീനം കണ്ടു. അന്തർജ്ജനത്തിന്റെ മൂക്കിലേ ദശ, ശ്വാസം പുറത്തേയ്ക്കു പോകുമ്പോൾ ഒരംഗുലം നീളത്തിൽ പുറത്തേയ്ക്കിറങ്ങുകയും ശ്വാസം അകത്തേയ്ക്കു പോകുമ്പോൾ അകത്തേയ്ക്കു കയറുകയും ചെയ്യുമായിരുന്നു. അതു നോക്കി മനസ്സിലാക്കിയതിന്റെ ശേഷം മൂസ്സ് കൈയിൽ കൊണ്ടുപോയിരുന്ന ചരടിന്റെ ഒരറ്റം ഇയ്യക്കട്ടിയുടെ കുഴയിൽക്കോർത്തു കെട്ടിയുറപ്പിക്കുകയും മറ്റേ അറ്റത്ത് ഒരു കുടുക്കിടുകയും ചെയ്തിട്ടു നമ്പൂതിരിയെ വിളിച്ച്, "അന്തർജ്ജനത്തെ വിളിച്ച് അടുക്കലിരുത്തിക്കൊണ്ടു ദശ പുറത്തേയ്ക്കു വരുന്നസമയം ഈ കുടുക്കു ദശയ്ക്കിട്ടുമുറുക്കീട്ടു പതുക്കെ എണീറ്റു തല കുനിച്ചുകൊണ്ടു സ്വല്പം നടക്കാൻ പറയണം" എന്നു പറഞ്ഞ് ഏല്പിച്ചുകൊടുത്തു. നമ്പൂതിരി അങ്ങിനെ ചെയ്തു. അന്തർജ്ജനം എണീറ്റു സ്വല്പം നടന്നപ്പോൾ ദശ വേരോടുകൂടിപ്പറിഞ്ഞു നിലത്തു വീണു. പിന്നെ മൂസ്സ് ഒരെണ്ണയും ഒരു പൊടിയും കുറിച്ചുകൊടുത്തിട്ടു നമ്പൂതിരിയോട് "ഈ പൊടിയുണ്ടാക്കി തേനിൽക്കുഴച്ച് രണ്ടുമൂന്നുദിവസം മൂക്കിനകത്തു പുരട്ടിയാൽ വ്രണമുണങ്ങും. ഈ എണ്ണ കാച്ചി പതിവായി തേച്ചുകുളിച്ചാൽ ഇനിയും മൂക്കിൽ ദശ വരാതെയിരിക്കുകയും തലവേദനയും മറ്റും ഉണ്ടാകാതെയിരിക്കുകയും ചെയ്യും" എന്നു പറഞ്ഞ് അപ്പോൾത്തന്നെ മടങ്ങിപ്പോവുകയും ചെയ്തു. ആ പൊടിയും എണ്ണയുംകൊണ്ട് അന്തർജ്ജനത്തിനു സുഖമായി. പിന്നെ ദശവരികയോ തലവേദനയുണ്ടാവുകയോ ഒന്നും ചെയ്തുമില്ല.

ഒരിക്കൽ മലബാറിൽ കതിരവട്ടത്തുമൂപ്പിൽനായർക്ക് ഒരു സുഖക്കേടുണ്ടായി. സുഖക്കേടു മലം പോകാത്തതായിരുന്നു. മലം പോകാതെയായപ്പോൾ ആഹാരമില്ലാതെയായി. അപ്പോൾ ക്ഷീണം വർദ്ധിച്ചു. ആകപ്പാടെ മൂപ്പിൽനായർ ഏറ്റവും അവശനായിത്തീർന്നു. അതിനു പല വൈദ്യന്മാർ പഠിച്ച വിദ്യകളൊക്കെ പ്രയോഗിച്ചുനോക്കീട്ടും ഒരു ഫലവുമുണ്ടായില്ല. ഒടുക്കം ആളുകൾ വന്നു വെള്ളോട്ടുമൂസ്സിനെക്കൊണ്ടുപോയി. മൂസ്സ് അവിടെച്ചെന്നപ്പോഴേയ്ക്കും മൂപ്പിൽനായർ എണീക്കാൻപോലും വയ്യാതെ കേവലം കിടപ്പിലായിപ്പോയിരുന്നു. എങ്കിലും മൂസ്സ് തൽക്കാലമൊരു മുക്കുട്ടുണ്ടാക്കുന്നതിനു കുറിച്ചുകൊടുക്കുകയും മൂപ്പിൽനായരെക്കുളിപ്പിക്കുന്നതിനു വെള്ളം കാച്ചാനും ഭക്ഷണത്തിനു വേണ്ടതൊക്കെ തയാറാക്കിക്കൊള്ളുന്നതിനും പറയുകയും ചെയ്തിട്ടു കുളിക്കാൻ പോയി. മൂസ്സ് കുളിയും തേവാരവും ഊണും കഴിഞ്ഞു വന്നപ്പോഴേയ്ക്കും പറഞ്ഞിരുന്നതുപോലെയെല്ലാം

തയാറാക്കിയിരുന്നു. മൂസ്സിന്റെ പ്രയോഗമെന്താണെന്നു കാണണമെന്നു വിചാരിച്ച് അപ്പോൾ അവിടെ വൈദ്യന്മാരും മൂപ്പിൽനായരുടെ സ്നേഹിതന്മാരും ബന്ധുക്കളും ഭൃത്യന്മാരും മററുമായി അസംഖ്യമാളുകളും വന്നുകൂടിയിരുന്നു. മൂസ്സ് മൂപ്പിൽനായരുടെ അടുക്കൽച്ചെന്നിരുന്നുകൊണ്ട് അവിടെ ഉണ്ടായിരുന്ന ഭൃത്യന്മാരിൽ നല്ല ബലവാന്മാരായ നാലുപേരെ വിളിച്ച് ഒരു പായെടുത്തു വിരിച്ചു മൂപ്പിൽനായരെ എടുത്തു പായിൽക്കിടത്തിക്കൊണ്ടു മുക്കൂട്ടെടുത്തു കഴുത്തിനുതാഴെയെല്ലാം ധാരാളമായി തേയ്ക്കാൻ പറഞ്ഞു. മുക്കൂട്ടു തേച്ചുകഴിഞ്ഞപ്പോൾ നായരെ നല്ലപോലെ താങ്ങിപ്പിടിച്ചുകൊണ്ട് ആ പൂമുഖത്തു തെക്കോട്ടും വടക്കോട്ടും നടത്താൻ പറഞ്ഞു. അങ്ങിനെ നാലഞ്ചുപ്രാവശ്യം നടത്തിയപ്പോഴേയ്ക്കും മൂപ്പിൽനായർക്കു വയറിളകി, ആ പൂമുഖം മുഴുവനും അമേദ്ധ്യമയമായി. അപ്പോൾ മൂസ്സ് നായരെക്കൊണ്ടുപോയി കുളിപ്പിച്ച് ഭക്ഷണം കഴിപ്പിക്കാൻ പറഞ്ഞയച്ചു. ഭൃത്യന്മാർ നായരെ കാഞ്ഞവെള്ളമൊഴിച്ചു കുളിപ്പിച്ച് ഊണുകഴിപ്പിച്ചു. കുളിയും ഊണും കഴിഞ്ഞപ്പോഴേയ്ക്കും നായർക്കു ക്ഷീണം കലശലാവുകയാൽ ഭൃത്യന്മാർ താങ്ങിപ്പിടിച്ചു കട്ടിലിൽ കൊണ്ടുചെന്നുകിടത്തി. ഉടനേ മൂപ്പിൽനായർ ഉറങ്ങിത്തുടങ്ങുകയും ചെയ്തു. അപ്പോൾ മൂസ്സ് മൂപ്പിൽനായരുടെ കാര്യസ്ഥനോട്, "ഇനിയിപ്പോൾ നായർക്കു സുഖക്കേടൊന്നുമില്ല. ക്ഷീണം മാത്രമേ ഉള്ളു. അതു ക്രമേണ മാറിക്കൊള്ളും. ഇന്നുണ്ടാക്കിയ മുക്കൂട്ടുതന്നെ ഉണ്ടാക്കി പതിവായിട്ടു തേച്ചുകുളിച്ചാൽ മലശോധന ശരിയായിട്ടുണ്ടാകും. മലശോധനയുണ്ടായാൽ ഭക്ഷണവും കഴിക്കാറാവും. ഭക്ഷണം ചെല്ലുമ്പോൾ ക്ഷീണവും മാറും" എന്നു പറഞ്ഞിട്ട് ആരോടും യാത്രപറയാതെ ഉടനെ മടങ്ങിപ്പോന്നു.

മൂസ്സു പറഞ്ഞതുപോലെതന്നെ പതിനഞ്ചു ദിവസം കഴിഞ്ഞപ്പോഴേയ്ക്കും മൂപ്പിൽനായർക്കു ക്ഷീണമൊക്കെ മാറി നല്ല സുഖമായി. അതിനാലദ്ദേഹം തന്റെ കൃതജ്ഞതയെ അറിയിക്കുന്നതിനായി വെള്ളോട്ടുവില്ലത്തു വന്നു മൂസ്സിനെക്കണ്ടു വളരെസ്സമ്മാനങ്ങൾ കൊടുത്തു വന്ദിച്ചു മടങ്ങിപ്പോയി.

ഇങ്ങിനെ വെള്ളോട്ടു മൂസ്സന്മാരുടെ ചികിത്സാനൈപുണ്യത്തെക്കുറിച്ച് ഇനിയും വളരെപ്പറയാനുണ്ട്. എങ്കിലും ലേഖനദൈർഘ്യം അധികമായിപ്പോകുമെന്നു വിചാരിച്ച് ഇനി അധികം വിസ്തരിക്കാതെ വെള്ളോട്ടുവില്ലത്ത് പണ്ടത്തെപ്പോലെ വൈദ്യവിദ്യാവിശാരദന്മാരായ മഹാന്മാർ ഇനിയും ഉണ്ടായിത്തീരുന്നതിനു സർവ്വേശ്വരൻ സദയം കടാക്ഷിക്കുമാറാകട്ടെ എന്നു പ്രാർത്ഥിച്ചുകൊണ്ടു വിരമിക്കുന്നു.

# ഒരു കുട്ടിയുടെ ഒന്നാംവയസ്സ്.

---

(എം. രാമവൎമ്മതമ്പാൻ ബി. ഏ., എൽ., ടി.)

(പകൎപ്പവകാശം)

ആദ്യത്തെവയസ്സ് വിദ്യാഭ്യാസത്തിന്നു പററിയതല്ലെന്നാണു വയ്പ്. സംസാരിക്കാറാവുന്നതുവരേയൊ അതിൽ പിന്നീടുമൊ കുട്ടിയെ അമ്മയുടേയും ധാത്രിയുടേയും നിൎബ്ബാധമായ രക്ഷക്കു വിട്ടുകൊടുത്തിരിക്കയാണ്. കുട്ടികൾ നല്ലതെന്താണെന്നു അവൎക്കു വാസനകൊണ്ടുതന്നെ അറിയാമെന്നാണു വെച്ചിരിക്കുന്നതു്. വാസ്തവത്തിൽ അവൎക്ക് അതറിഞ്ഞുകൂട. കുട്ടികളിൽ വളരെയധികം പേരും ആദ്യത്തെ വയസ്സിൽ മരിച്ചുപോകുന്നു. ശേഷിക്കുന്നവരിൽ അധികം പേരുടേയും ആരോഗ്യം നശിക്കുന്നു. തെററായ പെരുമാററംകൊണ്ടു ദോഷകരമായ പല ശീലങ്ങളുടേയും അടിസ്ഥാനം ഉള്ളടക്കിത്തീൎക്കുന്നുമുണ്ടു്. ഇതൊക്കെ ഈയിടമാത്രമേ അറിഞ്ഞിട്ടുള്ളൂ. കുട്ടികളെ വളൎത്തുന്നതിനു ശാസ്ത്രസിദ്ധാന്തം അനുഷ്ഠിക്കണമെന്നു പറഞ്ഞാൽ അമ്മമാർ കയൎക്കുകയായി. എന്തെന്നാൽ അമ്മയും മകനുമെന്നനിലയ്ക്കു ഹാനി വരുത്തുകയാണതു് എന്നാണ് അമ്മമാർ ഭയപ്പെടുന്നതു്. എന്നാൽ ഈ വിശ്വാസവും സ്നേഹവും ഒരേസമയത്തു സാധ്യമല്ല. കുട്ടിയെ സ്നേഹിക്കുന്ന മാതാപിതാക്കന്മാർ കുട്ടി ജീവിച്ചിരിക്കണമെന്നാണല്ലൊ ആഗ്രഹിക്കുന്നതു്. ഇതിനു ബുദ്ധിയുപയോഗിക്കേണ്ടിവന്നാൽ അതു ചെയ്താലും വേണ്ടില്ല എന്നു് അവർ വിചാരിക്കയില്ലേ? അതിനാൽ അമ്മയും കുട്ടിയും എന്ന നിലയെപ്പററി ഘോഷിക്കുന്നതു അധികവും കുട്ടിയില്ലാത്തവരൊ, കുട്ടിയെ രക്ഷിക്കാൻ ശ്രമിക്കാത്തവരൊ ആയ മാതാപിതാക്കന്മാരാണ്. വിദ്യാഭ്യാസം സിദ്ധിച്ചിട്ടുള്ള മാതാപിതാക്കന്മാരിൽ അധികംപേരും ഈ വിഷയത്തിൽ ശാസ്ത്രമതം അറിയാൻ ആഗ്രഹിക്കും. വിദ്യാഭ്യാസമില്ലാത്തവരും കുട്ടിയുള്ളവരുമായ മാതാപിതാക്കന്മാരും തരം കിട്ടുന്നിടത്തുനിന്നും പഠിക്കാൻ മോഹമുള്ളവരാണ്. ഈ മോഹത്തിന്റെ ഫലം ശിശുമരണത്തിന്റെ സംഖ്യ കുറയുന്നതിൽ നിന്നു വ്യക്തമാണ്. വേണ്ടിടത്തോളം ബുദ്ധിപൂൎവ്വമായ സൂക്ഷ്മതയുണ്ടെങ്കിൽ വളരെ കുറച്ചുകുട്ടികളേ ശൈശവത്തിൽ മരിക്കു എന്നു വിശ്വസിക്കാൻ കാരണമുണ്ടു്. കുറച്ചു പേരേ മരിക്കു എന്നു മാത്രമല്ല, ശേഷിച്ചുള്ളവൎക്കു ശരീരത്തിന്നും മനസ്സിന്നും ദൃഢമായ ആരോഗ്യമുണ്ടാകുന്നതുമാകുന്നു.

ശരീരാരോഗ്യത്തെപ്പററി ശരീരശാസ്ത്രജ്ഞനാണു പ്രതിപാദിക്കേണ്ടതു്; ഉപാദ്ധ്യായനല്ല. എന്നാൽ ആദ്യവയസ്സിൽ ശാരീരവും മാനസികവുമായ അവസ്ഥകൾ അത്ര വ്യത്യസ്തങ്ങളല്ലായെന്നുതന്നെയല്ല, അധ്യാപകൻ കുട്ടിയുടെ മാനസികസംസ്കാരം തുടങ്ങുമ്പോൾ ശരീരാരോഗ്യവിഷയത്തി

ലെ ഉദാസീനത നിമിത്തം പലപ്പോഴും നിവൃത്തിയില്ലാത്ത ഘട്ടത്തിൽ ആവുകയും പതിവാണ്. അതിനാൽ ഈ കാലത്തെപ്പററി ആലോചിക്കുമ്പോൾ ശാരീരം മാനസികം എന്ന വ്യത്യാസം അത്ര പ്രത്യക്ഷമാക്കിവെച്ചുകൊണ്ടിരിക്കാൻ സാധിക്കയില്ല.

കുട്ടികൾ ജനിക്കുമ്പോൾ തന്നെ അവക്കു ശീലം എന്നൊന്നില്ല; വാസനയും പരാവർത്തനശക്തിയും (Reflex) മാത്രമേയുള്ളു. ഗർഭപാത്രത്തിൽ കിടന്നിരുന്നപ്പോൾ വല്ലശീലവും സമ്പാദിച്ചിരുന്നെങ്കിൽ അതൊന്നും അതിന്റെ പുതിയ പരിതഃസ്ഥിതിയിൽ ഉപയോഗപ്രദമല്ല. ശ്വാസോച്ഛ്വാസം ചെയ്യാൻ തന്നെ ചിലപ്പോൾ പഠിപ്പിക്കേണ്ടതായിവരും. ഇതു വേഗം പഠിക്കാൻ സാധിക്കായ്കയാൽ ചില കുട്ടികൾ മരിച്ചുപോകുന്നുണ്ടു്. പൂർണ്ണതയെ പ്രാപിച്ച ഒരു വാസനമാത്രം കുട്ടിക്കുണ്ടു്. അതു മുലകുടിക്കാനുള്ള വാസനയാണ്. മുലകുടിച്ചുകൊണ്ടിരിക്കുമ്പോൾ കുട്ടിക്കു തന്റെ പരിതഃസ്ഥിതി സുഖകരമായി തോന്നുന്നു. ശേഷമുള്ള ജാഗ്രൽകാലമെല്ലാം അത്ഭുതംതന്നെ. അതിൽനിന്നു നിവൃത്തി ഉറക്കത്തിലാണ് അധികനേരവും കുട്ടിനേടുന്നതു്. ഒരു പക്ഷക്കാലം കഴിഞ്ഞാൽ ഇതൊക്കെമാറി കുട്ടിക്കു ക്രമത്തിൽ ആവർത്തിച്ചു കാണുന്ന അനുഭവങ്ങളിൽ നിന്നും മോഹങ്ങളുണ്ടാകുന്നു. കുട്ടി ഒരു യാഥാസ്ഥിതികനാണ്. മററുള്ള കാലങ്ങളിലെക്കാൾ ഈ കാലത്തു് അതു ഒരു തികഞ്ഞ യാഥാസ്ഥിതികൻ തന്നെയാണ്. പുതുതായ ഏതിനോടും അതു കയക്കുന്നു. അതിനു സംസാരിക്കാമെങ്കിൽ അതു് ഏതാണ്ടിപ്രകാരം പറയുമായിരുന്നു. "അനുഭവംകൊണ്ടു നേടിയ എന്റെ ശീലം ഞാൻ അത്രവേഗം മാററുമെന്നു വിചാരിക്കുന്നുണ്ടോ?" കുട്ടികൾ ശീലങ്ങൾ സമ്പാദിക്കുന്ന വേഗം വിസ്മയനീയമാണ്. ആദ്യം സമ്പാദിക്കുന്ന ഓരോ ദുശ്ശീലവും പിന്നീടു സുശീലം സമ്പാദിക്കാൻ പ്രതിബന്ധമാണ്. അതുകൊണ്ടാണു ശൈശവത്തിലെ ശീലരൂപീകരണത്തിനു പ്രാധാന്യം കല്പിച്ചിരിക്കുന്നതു്. ആദ്യശീലങ്ങൾ നല്ലവയാണെങ്കിൽ മേലിൽ ബുദ്ധിമുട്ടുകൂടാതെ കഴിക്കാം. എന്നുതന്നെയല്ല, ചെറുപ്പത്തിൽ സമ്പാദിക്കുന്ന ശീലങ്ങൾ മേലാൽ വാസനപോലെ ബലവത്തുകളാകും. അവയ്ക്കു വലിയ ശക്തിയുണ്ടാകും. പിന്നീടു സമ്പാദിക്കുന്ന വിപരീതശീലങ്ങൾക്കു ആദ്യശീലങ്ങളുടെ ശക്തിയുണ്ടാകയില്ല. ഇതു കൊണ്ടും ആദ്യശീലസമ്പാദനം ഏററവും ഗൌരവമേറിയ ഒന്നാണ്.

ശൈശവത്തിലെ ശീലരൂപീകരണത്തിനു ശ്രമിക്കുമ്പോൾ രണ്ടു സംഗതികൾ ഓർക്കേണ്ടതായിരിക്കുന്നു. ആദ്യത്തേതും പ്രാധാന്യമേറിയതും ആരോഗ്യം. രണ്ടാമത്തേതു സ്വഭാവം. കുട്ടികൾ വളർന്നുവരുമ്പോൾ എല്ലാവർക്കും ഇഷ്ടമാവുകയും ജീവിതമത്സരത്തിൽ വിജയിയാവുകയും വേണമല്ലോ. ആരോഗ്യവും സ്വഭാവവും ഭാഗ്യവശാൽ ഇതിനു തന്നെയാണു

ഭ്യമിക്കുന്നതു്. ഒന്നിനു പററിയതു മറേറതിനും പററിയതാണു്. അധ്യാപകനു സ്വഭാവരൂപീകരണമാണു മുഖ്യമായ ലാക്കു്. എന്നാൽ ആരോഗ്യത്തിനും ഇതിനുവേണ്ട അനുഭവങ്ങൾതന്നെയാണു വേണ്ടതു്. അതിനാൽ അരോഗിയായ കള്ളനേയോ രോഗിയായ മുനിയേയോ പററി നാം വ്യാകുലപ്പെടേണ്ട ആവശ്യമില്ല.

വിദ്യാഭ്യാസമുള്ള ഏതമ്മയും ഇക്കാലത്തു് കുട്ടികൾക്കു ക്ലിപ്തസമയത്താണ് ആഹാരം കൊടുക്കേണ്ടതു്; അല്ലാതെ അതു കരയുമ്പോഴൊക്കെയല്ല എന്ന് അറിയാമല്ലോ. ഈ സമ്പ്രദായം വന്നതു്, ഇതു കുട്ടികളുടെ ദഹനത്തിനു നല്ലതാണെന്നറികകൊണ്ടാണു്. എന്നാൽ ഇതു കുട്ടിയുടെ സുശീലവൎദ്ധനയ്ക്കും ആശാസ്യമാണു്. പ്രായംചെന്നവർ വിചാരിക്കുന്നതിലും ഇലോം അധികം സൂത്രക്കാരാണു ശിശുക്കൾ. കരയുന്നതുകൊണ്ടു സുഖകരമായ ഫലമുണ്ടെന്നുകണ്ടാൽ അവർ ഉടനെ കരയും. പിന്നീട് അവർ ആവലാതി പറയുമ്പോൾ മാതാപിതാക്കന്മാൎക്കു രസിക്കുന്നില്ലെന്നു കാണുകയാണെങ്കിൻ അവൎക്കു് അത്ഭുതവും ദ്വേഷ്യവുമാണു് തോന്നുന്നതു്. അവർ ലോകത്തെതന്നെ വെറുക്കുന്നു. അവർ സുന്ദരികളായിത്തീരുന്നു എങ്കിൽ അവർ ശാഠ്യം പിടിക്കുമ്പോൾ, അവരെ ലോകം മാനിക്കാത്തപക്ഷം, ചെറുപ്പത്തിൽ സമ്പാദിച്ച ദുശ്ശീലം ബഹുഗുണീഭവിക്കുന്നു. ധനവാന്മാരുടെ കാൎയ്യവും ഇതുതന്നെ. ശരിയായവിധത്തിൽ ശൈശവംമുതൽ വളൎത്തിക്കൊണ്ടുവന്നില്ലെങ്കിൽ പ്രായമാകുമ്പോൾ അവർ ശക്തിക്കനുസരണം അതൃപ്തരും അത്യാഗ്രഹികളും ആയിത്തീരുന്നു. സന്മാൎഗ്ഗവിദ്യാരംഭത്തിനു ശരിയായ മുഹൂൎത്തം ജനനസമയംതന്നെ. ഭാവിയിൽ ഇച്ഛാഭംഗമുണ്ടാവാത്തവിധത്തിൽ വിദ്യാഭ്യാസം അപ്പോൾ തുടങ്ങാവുന്നതാണു്. താമസിച്ചുതുടങ്ങിയാൽ വിരുദ്ധശീലങ്ങളുമായി മല്ലിടേണ്ടിവരും. കോപത്തിന് അവർ വശംവദരാകേണ്ടിവരും.

ശിശുക്കളോട് പെരുമാറുമ്പോൾ അവരുടെ ഹിതാഹിതാനുവൎത്തനത്തിൽ ഏററവും സൂക്ഷിക്കേണ്ടതായിട്ടിരിക്കുന്നു. ആരോഗ്യത്തിനുവേണ്ടതൊക്കെ ചെയ്തു കൊടുക്കണം. കുട്ടി തനിച്ചിട്ടു കരയുമ്പോൾ അതിനെ എടുക്കണം. ചൂടുള്ള വസ്ത്രംകൊണ്ടു പുതപ്പിക്കണം. ശരീരാവശ്യങ്ങൾ ഒന്നുമില്ലാതെ കരയുകയാണെങ്കിൽ അവിടെക്കിടന്നു കരയട്ടെ എന്നു വയ്ക്കണം. ഇങ്ങിനെ ചെയ്തില്ലെങ്കിൽ കുട്ടി വേഗത്തിൽ ഒരു സിദ്ധാന്തിനായിത്തീരും. കുട്ടിയുടെ ആവശ്യങ്ങൾ നിവൎത്തിക്കുന്നതിൽ വലിയ പരിഭ്രമമൊന്നും കാണിക്കരുതു്. ആവശ്യമുള്ളതു മാത്രം ചെയ്യണം. ക്രമാതീതമായ അനുഭാവം കാണിക്കയുമരുതു്. ഒരിക്കലും അതിനെ നാം അത്യധികം വാത്സല്യിക്കുന്നു എന്നു കാണിക്കരുതു്. ആദ്യം മുതൽക്കേ അതു വളൎന്നുവരാനുള്ളതാണെന്നു കരുതി ഗൌരവമായിട്ടു തന്നെ വേണം അതി

നോടു പെരുമാറാൻ. പ്രായംചെന്ന ഒരാളിൽ ക്ഷന്തവ്യമല്ലാത്ത ശീലം കുട്ടികളിൽ കൌതുകകരമായി തോന്നിയേക്കാം. എന്നാൽ ഇവയെ പ്രോത്സാഹിപ്പിച്ചാൽ കുട്ടികൾ പ്രായമാകുമ്പോൾ അവ ക്ഷന്തവ്യമല്ലാതെ കലാശിക്കും. താൻ എല്ലാവൎക്കും വലിയ കാൎയ്യമാണെന്നുള്ള ഒരു ബോധം കുട്ടിക്ക് ഒരിക്കലും തോന്നിക്കരുത്. എന്തെന്നാൽ ആ ധാരണ പിന്നീടു കുട്ടിയെ പീഡിപ്പിക്കും.

കുട്ടികളുടെ വിദ്യാഭ്യാസത്തിന്നുള്ള മുഖ്യമായ പ്രയാസം മാതാപിതാക്കന്മാൎക്ക് ഈ വിഷയത്തിൽ ഒരു നിഷ്പക്ഷനില അവലംബിക്കാൻ കഴിയായ്കയാണ്. ശരീരാരോഗ്യത്തിനു ഹാനി തട്ടാതെ നോക്കാൻ നിരന്തരമായ സൂക്ഷ്മവും തീവ്രമായ പ്രയത്നവും ആവശ്യമാണ്. ഈ ഗുണങ്ങൾ പുത്രസ്നേഹമുള്ളിടത്തെല്ലാം മാതാപിതാക്കളിൽ ഉണ്ടായിരിക്കുന്നതാണ്. എന്നാൽ പുത്രസ്നേഹം ധാരാളമുള്ളപ്പോൾ ബുദ്ധിപൂൎവ്വം പെരുമാറിയില്ലെന്നു വരാം. അതിവാത്സല്യമുള്ള മാതാപിതാക്കൾക്കു കുട്ടി വലിയ വലിയ കാൎയ്യമായ ഒന്നാണ്. സൂക്ഷിച്ചില്ലെങ്കിൽ കുട്ടി ഇതറിയും. താൻ മാതാപിതാക്കൾക്കു വലിയ കാൎയ്യമാണെന്നു വിശ്വസിക്കയും ചെയ്യും. പ്രായമാവുമ്പോൾ സമുദായപരിതസ്ഥിതി ഈ നിനവിനെ അത്ര മാനിക്കയില്ല. തന്നെ മാതാപിതാക്കൾ മാനിച്ചതുപോലെ ലോകം മാനിക്കുന്നില്ലെന്നു കാണുമ്പോൾ വലിയ ഇച്ഛാഭംഗത്തിനിടയാകും. അതുകൊണ്ടു ആദ്യവയസ്സിൽ മാത്രമല്ല, പിന്നീടും കുട്ടിയുടെ സുഖക്കേടുകളിൽ മാതാപിതാക്കൾ സാധാരണത്വം നടിക്കയും അവരോടുള്ള പെരുമാററത്തിൽ സന്തോഷമായിരിക്കയും ചെയ്യേണ്ടതാണ്. പണ്ടുള്ള കാലങ്ങളിൽ കുട്ടികളെ പുറത്തുവിടാതെയും അത്യധികം വാത്സല്യിച്ചിരുന്നു. അവരുടെ അവയവങ്ങൾക്കു സ്വാതന്ത്ര്യമുണ്ടായിരുന്നില്ല. സ്വതവേയുള്ള വ്യായാമങ്ങളിൽ അവരെ തടഞ്ഞിരുന്നു. അവരെ വാത്സല്യിച്ച്, താലോലിച്ച്, ആട്ടി, കൊഞ്ചിച്ചിരുന്നു. ഇതു തെററാണ്. ഇവർ കേവലം പരാശ്രയികളായി തീൎന്നിരുന്നു. ശരിയായ നയം, സ്വപ്രവൃത്തിക്കുത്സാഹിപ്പിക്കുക, പരാശ്രയം കുറെക്കുറെ തിരിപ്പാൻ ശീലിപ്പിക്കുക, നാം എത്രത്തോളം കുട്ടിക്കുവേണ്ടി പ്രവൎത്തിക്കുന്നു കഷ്ടപ്പെട്ടു എന്നു കുട്ടിയെ അറിയിക്കാതിരിക്കുക, കുട്ടി തന്റെ പ്രവൃത്തികൊണ്ടുള്ള വിജയം തരമുള്ളിടത്തോക്കെ അനുഭവിക്കാൻ വിടുക, പ്രായംചെന്നവരെ ഉപദ്രവിച്ചു ജയം നേടാൻ അനുവദിക്കാതിരിക്കുക ഇതാണ്. ഇന്നത്തെ വിദ്യാഭ്യാസത്തിൽ നമ്മുടെ ഉദ്ദേശ്യം പുറമേനിന്നുമുള്ള ഭരണം കഴിയുന്നതും കുറയ്ക്കാനാണല്ലോ. ഇതിനു ഒരാത്മനിയന്ത്രണം കുട്ടിയിൽ വേണം. അത് ആദ്യത്തെ വയസ്സിലാണു പിന്നീടുള്ള കാലത്തേക്കാൾ എളുപ്പം സമ്പാദിക്കാവുന്നതു. ഉദാഹരണം, കുട്ടിയെ ഉറക്കണമെങ്കിൽ അതിനെ ആട്ടരുത്; കൈയിൽ എടുക്കരുത്, തോളിലിടരുത്, താരാട്ടു പാ

ടരുത്. ഈവക ലാളനകൾ ഒരിക്കൽ ചെയ്താൽ പിന്നേയും അതാവശ്യപ്പെടും. കുട്ടിയെ ഉറക്കുകയെന്നതു വേഗം അതിപ്രയാസമായ ഒരു കാൎയ്യമായിത്തീരും. നല്ല കിടക്കയിൽ കിടത്തി ഉറങ്ങാൻ പറഞ്ഞിട്ടു അവിടുന്നു മാറിക്കളയണം. കുറച്ചുനേരം കരയുമായിരിക്കും. അതിനു അസുഖമില്ലെങ്കിൽ അതുവേഗം ഉറങ്ങിക്കൊള്ളും. അതിന്റെ ഉറക്കം വാത്സല്ലിച്ചു കിട്ടുന്നതിലും തുലോം സുഖപ്രദമായിരിക്കുകയും ചെയ്യും.

ജനിച്ച ഉടനെ കുട്ടിക്കു ശീലമൊന്നുമില്ലെന്നും വാസനയുംപരാവൎത്തനശക്തിയും മാത്രമേ ഉള്ളു എന്നും പറഞ്ഞുവല്ലോ. ഈ ലോകത്തിൽ വസ്തുക്കൾതന്നെ കുട്ടിക്കു പൂൎണ്ണമായിട്ടില്ല. ഒന്നിനെ അറിയണമെങ്കിൽ ആവൎത്തിച്ചുകണ്ടു പരിചയം വേണം. ഈപരിചയം മൂലമുള്ള അറിവിനാലാണു ഒന്നു ഒരു വസ്തുവായിത്തീരുന്നതു്. കിടക്കയുടെ സ്പൎശം, അമ്മയുടെ മുലയുടേയോ മുലക്കുപ്പിയുടേയൊ ഗന്ധം, അമ്മയുടേയൊ ധാത്രിയുടേയൊ ശബ്ദം,ഇവ ആവൎത്തനംകൊണ്ടു പരിചയമാകുന്നു. അമ്മയുടേയൊ കിടക്കയുടേയൊ രൂപം കുറെകഴിഞ്ഞേ ഗ്രഹിക്കുന്നുള്ളു. എന്തെന്നാൽ ജനിച്ച ഉടനെ കുട്ടിക്കു ഒരു വസ്തുവിന്റെ രൂപം, നിറം, വശങ്ങൾ ഇവയൊക്കെ ഒരുമിച്ചുകാണ്മാൻ ശക്തിയില്ല. ക്രമേണ പരിചയത്താലുണ്ടാകുന്ന ഭാവബന്ധംകൊണ്ടാണു സ്പൎശവും കാഴ്ചയും ഗന്ധവും കേൾവിയും ഒന്നിച്ചുചേൎന്നു ഒരു വസ്തു എന്ന ജ്ഞാനമുണ്ടാകുന്നതു്. ഇങ്ങിനെ ഒന്നുണ്ടായാൽ വേറെ ഒന്നുകൂടിയുണ്ടാകുമെന്നു കരുതുന്നു. എന്നാലും കുറെക്കാലത്തേക്കു വസ്തുക്കളേയും ആളുകളേയും തിരിച്ചറിയാൻ കഴിയുന്നില്ല. കുറെ മുലകൊടുത്തും കുറെ കുപ്പിപ്പാലുകൊടുത്തും വളൎത്തിയ കുട്ടിക്കു കുറെക്കാലം അമ്മയേയും കുപ്പിയേയും പററി ഒരേ വികാരമാണു തോന്നുന്നതു്. ഈ കാലമൊക്കെ വിദ്യാഭ്യാസം വസ്തുക്കൾ മൂലംവേണം. കുട്ടിയുടെ സുഖവും ശാരീരമാണു. ഊണു ശീതോഷ്ണം ഇവയാണു് അതിനു് പ്രധാനം. അതിന്റെ ദുഃഖവും കേവലം ശാരീരം തന്നെ. സുഖത്തോടു് ഘടിച്ചിരിക്കുന്ന വസ്തുക്കളെ തേടിയും ദുഃഖത്തോടു ഘടിച്ചവയെ അകററിയും പലപ്രാവശ്യവും പ്രവൎത്തിച്ചാണു സ്വഭാവമുണ്ടാകുന്നതു്. കുട്ടിയുടെ കരച്ചിൽ ദുഃഖത്തോടു സംബന്ധിച്ച പരാവൎത്തനംകൊണ്ടും സുഖം തേടുന്നതിനായി പ്രവൎത്തിക്കുന്നതുകൊണ്ടും ആകാം. ആദ്യം മുൻപറഞ്ഞ കാരണംകൊണ്ടു മാത്രമാണു്; പിന്നീടു കുട്ടിയുടെ വേദന മാറുന്നതുകൊണ്ടു്; കരച്ചിൽ വേദന പോകുന്നതിനാലുണ്ടാകുന്ന സുഖത്തോടു ബന്ധിച്ചു വശമാകുന്നു. അങ്ങിനെ കുട്ടിക്കു സുഖസാധനം കിട്ടാനും കരച്ചിൽ മതിയെന്നു കുട്ടി ധരിക്കുന്നു. വേദനയുണ്ടായിട്ടു മാത്രമല്ല കരയുന്നതു്, ബുദ്ധിയുപയോഗിച്ചു സമ്പാദിക്കുന്ന ആദ്യവിജയം ഇതാണു്. എന്നാൽ എത്രതന്നെ ശ്രമിച്ചാലും, അതിനു വേദനയുള്ളപ്പോഴത്തെപ്പോലെ കരയുവാൻ സാധിക്കുന്നില്ല. ശ്ര

ളിക്കുന്ന അമ്മയുടെ ചെവിയിൽ കരച്ചിലിലുള്ള ഈ വ്യത്യാസം പ്രത്യക്ഷമാകും. അവൾക്ക് ബുദ്ധിയുണ്ടെങ്കിൽ വേദനകൊണ്ടല്ലാത്ത കരച്ചിലിനു അത്ര വില വയ്ക്കുകയില്ല. ഒരു കുട്ടിയെ താലോലിച്ചോ പാട്ടുപാടിയോ സന്തോഷിപ്പിക്കുക ആദ്യം എളുപ്പവും രസകരവുമാണ്. എന്നാൽ അത്ഭുതാവഹമായ വേഗത്തിൽ ഈ സുഖം അധികമധികം ആവശ്യപ്പെടാൻ അതു കുട്ടിയെ പഠിപ്പിക്കുന്നു. അതിന്റെ ഉറക്കം തടയുന്നു. അതിനു തിന്നാത്ത സമയമെല്ലാം ഉറങ്ങേണ്ട കാലമാണ്. ഇപ്പറഞ്ഞവയിൽ ചിലതെല്ലാം കുറെ കഠിനമാണെന്നു തോന്നിയേക്കാം. അനുഭവത്തിൽ ഇവ കുട്ടിയുടെ ആരോഗ്യത്തെയും സുഖത്തെയും വൎദ്ധിപ്പിക്കുന്നവയാണ്.

പ്രായം ചെന്നവർ കുട്ടിക്കു കൊടുക്കാവുന്ന വിനോദങ്ങൾ കുറക്കേണ്ടിയിരിക്കെ, കുട്ടിക്കു തന്നത്താനെ ഉണ്ടാക്കി വിനോദിച്ചു രസിക്കാനുള്ള അവസരങ്ങൾ ധാരാളം ഉണ്ടായിരിക്കേണ്ടതാണ്. ആദ്യംമുതൽക്കെ അതിനു ചവിട്ടിത്തൊഴിക്കാനും മററു മാംസപേശികൾ ഇളക്കി പ്രവൎത്തിക്കാനും ധാരാളം അവസരം കൊടുക്കണം. കുട്ടികളെ മൂടിക്കെട്ടി തൊട്ടിലിലിടുന്നതു കഷ്ടമാണ്. ഇതിന്റെ അൎത്ഥം പുത്രവാത്സല്യം മാതാപിതാക്കളുടെ അലസതയെ ജയിക്കാൻ ഞെരുങ്ങുന്നുണ്ട് എന്നുമാത്രം. എന്തെന്നാൽ കയ്യും കാലും കുടഞ്ഞുകളിക്കുന്ന കുട്ടിയെ സൂക്ഷിക്കാൻ പ്രയാസം കൂടും. കുട്ടിക്ക് ഒരു വസ്തുവിനെ ഒന്നിച്ചു കാണാറായാൽ ഉടനെ അതു കാററിലിളകുന്ന വസ്തുക്കളെ കാണാൻ ആഗ്രഹിക്കുന്നു. കുട്ടി വളരെ വസ്തുക്കളെ കണ്ടറിയുന്നതുവരെ ഈ വക സുഖങ്ങൾ കുറവായിരിക്കും. വസ്തുജ്ഞാനം വൎദ്ധിക്കുന്തോറും സുഖങ്ങൾ വൎദ്ധിക്കുന്നു. കുറെക്കാലത്തേക്ക് ഏതെങ്കിലും ഒന്നിനെ പിടിച്ചുകൊണ്ടിരിക്കുന്നതുതന്നെ ഏററവും രസപ്രദമാണ്. കിലുക്കത്തിലുള്ള സന്തോഷവും ഇപ്പോഴാണുണ്ടാകുന്നതു്. അതിനുമുൻപിലാണു വിരലുകൾ കടിച്ചു സുഖിക്കുന്നതു്. ഇതു കേവലം പരായത്തനം തന്നെയാണ്. പിന്നെ വിരലുകളെ ഹിതംപോലെ അനക്കാമെന്നു കുട്ടി പഠിക്കുന്നു. ഈ അറിവും ഒരു പുതിയ രാജ്യം പിടിച്ച ചക്രവൎത്തിക്കു തന്റെ വിജയത്താലുണ്ടാകുന്ന സന്തോഷം കുട്ടിക്കു നൽകുന്നു. ക്ഷണത്തിൽ വിരലുകൾ സ്വന്തം അംഗങ്ങളാണെന്നും ഇതരവസ്തുക്കളല്ലെന്നും കുട്ടി അറിയുന്നു. ഇതിൽ പിന്നെ വസ്തുക്കൾ അടുക്കലുണ്ടെങ്കിൽ കുട്ടിക്കു പല സന്തോഷങ്ങൾക്കും അവസരം കിട്ടുന്നു, ഈ വസ്തുക്കളുമായുള്ള പെരുമാററം കുട്ടിയുടെ വിദ്യാഭ്യാസം തന്നെയാണ്. വീഴാതെയും ദേഹം മുറിക്കാതെയും മററും നോക്കിയാൽ മാത്രം മതിയാകുന്നതാണ്.

ആദ്യത്തെ മൂന്നുമാസവും തിന്നുമ്പോളൊഴിച്ചു മററുസമയമെല്ലാം കുട്ടിക്കു മുഷിച്ചിലുതന്നെ. അതിനു സുഖമുള്ളപ്പോൾ അതുറങ്ങുന്നു. ഉണൎന്നിരിക്കുമ്പോൾ പല അസുഖവും അതിനുണ്ട്. മനുഷ്യനു സുഖം മനസ്സുകൊ

ക്കനുസരണമാണല്ലോ. കുട്ടിക്കു പരിചയവും തന്റെ മാംസപേശികളെ ഭരിക്കാനുള്ള ശക്തിയും ആദ്യത്തെ മൂന്നു മാസവും ഇല്ലാത്തതിനാൽ സുഖത്തിനവസരം കുറവുതന്നെ. ജനിച്ചധികമാകുംമുമ്പിൽ ജന്തുക്കൾ ജീവിതസുഖം വേഗം അനുഭവിക്കാൻ തുടങ്ങുന്നു. അവയുടെ അനുഭവത്തേക്കാൾ വാസനയാണു സുഖത്തിനു മാർഗ്ഗം. ഒരു കുട്ടിക്കു വാസനകൊണ്ടുമാത്രം കിട്ടുന്ന സുഖം വളരെ കുറച്ചേയുള്ളു. ആകപ്പാടെ ആദ്യത്തെ മൂന്നു മാസം കേവലം മുഷിപ്പൻതന്നെ. നല്ലവണ്ണം ഉറങ്ങാൻ ഈ മുഷിവും ആവശ്യമാണുതാനും. കുട്ടിയെ രസിപ്പിക്കാൻ അധികം പ്രവൎത്തിച്ചാൽ കുട്ടിക്കു വേണ്ട ഉറക്കം കിട്ടുകയില്ല.

രണ്ടോ മൂന്നോ മാസം തികയുമ്പോഴേക്കു കുട്ടി ചിരിക്കാൻ പഠിക്കും. വസ്തുക്കളേയും ആളുകളേയും തിരിച്ചറിയാനും തുടങ്ങും. ഈ കാലത്ത് അമ്മ എന്ന അറിവു കുട്ടിക്കുണ്ടാകാം. കുട്ടിക്ക് അമ്മയെ കാണുമ്പോൾ സന്തോഷമുണ്ടാകാം. ഉണ്ടാകുന്നുമുണ്ട്. അമ്മയുടെ നേരെ മൃഗാതീതമായ അനുഭാവം മുതിൎന്നുവരുന്നു. അധികം താമസിയാതെ സ്തുതിക്കും പരസമ്മതത്തിനും ഒരാഗ്രഹം കുട്ടിയിൽ വളരുന്നു. അഞ്ചാംമാസത്തിൽ ഒരു കുട്ടി ഒരു മണിയെടുത്തുപൊക്കാൻ രണ്ടുമൂന്നുതവണ ശ്രമിച്ചു സാധിച്ചപ്പോൾ സന്തോഷത്തോടുകൂടി ചിരിച്ചുകൊണ്ട് അവിടെയുണ്ടായിരുന്നവരുടെ മുഖത്തുനോക്കി. അന്നുമുതൽ അധ്യാപകനു പുതനായ ഒരായുധം കിട്ടി. സ്തുതിയും നിന്ദയും അല്ലെങ്കിൽ ശകാരവും. ഈ ആയുധം ശൈശവം മുഴുവനും പററുന്ന ഒന്നാണ്. പക്ഷെ വളരെ സൂക്ഷിച്ചുപയോഗിക്കണം. ആദ്യത്തെ വൎഷത്തിൽ നിന്ദ തീരെ ഉപയോഗിക്കരുത്. പിന്നീടും വളരെ മിതമായിട്ടേ ഉപയോഗിക്കാവൂ. സ്തുതിക്കു അത്രതന്നെ ദോഷമില്ല. എന്നാൽ അതിനു വിലയില്ലാതാകത്തക്കവണ്ണം അത്ര സുലഭമായി കൊടുക്കരുത്. അതു കുട്ടികളെ ക്രമാതീതമായി ഉത്സാഹിപ്പിക്കാനും ഉപയോഗിക്കരുത്. കുട്ടി ആദ്യമായി നടക്കുമ്പോഴും ആദ്യം തെളിച്ചു സംസാരിക്കുമ്പോഴും കുട്ടിയെ സ്തുതിക്കാതിരിക്കാൻ സാമാന്യം മാതാപിതാക്കൾക്കു സാധ്യമല്ല. സാധാരണയായി കുട്ടി പല തവണയും ശ്രമിച്ച് ഒരു പ്രയാസത്തെ കടക്കുമ്പോൾ സ്തുതിയുക്തമായ ഒരു സമ്മാനമാണ്. എന്നുതന്നെയല്ല, കുട്ടിക്കു പഠിക്കാനുള്ള മോഹത്തോടു തങ്ങൾക്കുള്ള അനുഭാവം കാണിക്കുന്നതു ഗുണപ്രദവുമാണ്.

ആകപ്പാടെ പഠിക്കാനായി കുട്ടിക്കുള്ള മോഹം ഏററവും ശക്തിയുള്ളതാണ്. അവസരം മാത്രം മാതാപിതാക്കൾ ഉണ്ടാക്കികൊടുത്താൽ മതി. മുതിൎന്നുവരാൻ ഒരു കുട്ടിക്കു തരം കൊടുത്താൽ അതുതന്നെ ശ്രമിച്ചു മുതിൎന്നുകൊള്ളും. ഇഴയാനൊ നടക്കാനൊ വേറെ ഏതെങ്കിലും അവയവങ്ങളുപയോഗിക്കാനൊ നാം പഠിപ്പിച്ചിട്ടാവശ്യമില്ല. സംസാരിക്കാൻ

നാം കുട്ടിയോടു സംസാരിച്ചു അതിനെ പഠിപ്പിക്കുന്നു. എന്നാൽ കേവലം വാക്കുകൾമാത്രം പഠിപ്പിക്കുന്നതുകൊണ്ടു യാതൊരു പ്രയോജനവുമില്ല. കുട്ടികൾ അവരുടെ പ്രാപ്തിപോലെ പഠിക്കും. ധൃതിവച്ചിട്ടാവശ്യമില്ല. ശ്രമിക്കാനുള്ള ഉത്സാഹം ആദ്യത്തെ പ്രയാസങ്ങളെ സ്വപ്രയത്നത്താലേ ജയിച്ചു എന്നുള്ളതാണ്. പ്രയാസങ്ങൾ അവക്കു ജയിക്കാൻ തീരെ സാധിക്കാത്തവയാകരുതു്. നേരെമറിച്ചു ശ്രമിക്കേണ്ട ആവശ്യമില്ലാത്തവണ്ണം ലഘുവുമാകരുതു്. ജനനംമുതൽ മരണംവരെ ഇതു് ഒരു മൂലതത്വമാകുന്നു. നാം തന്നെ പ്രവർത്തിക്കുന്നതിൽനിന്നാണ് നാം പഠിക്കുന്നതു്. പ്രായംചെന്നവർ ചെയ്യേണ്ടതു്, കുട്ടികൾക്കു ചെയ്യാവുന്ന ചില ചെറിയ പ്രവൃത്തികളെ ചെയ്തു കാണിച്ചുകൊടുക്കുകയാണ്. ഒരു കിലുക്കൻ ഒന്നു കിലുക്കി കാണിച്ചുകൊടുക്കുക; കുട്ടി തന്നെത്താനെ ശ്രമിച്ചു കിലുക്കാൻ പഠിക്കട്ടെ. അന്യന്റെ പ്രവൃത്തി തന്റെ മോഹം സാധിക്കാനുള്ള ഉത്സാഹം മാത്രമാവണം. അല്ലാതെ അതുതന്നെ ഒരു വിദ്യാഭ്യാസമല്ല.

ക്രമവും ആവർത്തനവും ശൈശവത്തിൽ, വിശേഷിച്ചു, ആദ്യവർഷത്തിൽ ഏററവും ആവശ്യമാകുന്നു. ആഹാരം, നീഹാരം, നിദ്ര ഇവയിൽ ആദ്യംമുതൽക്കേ ക്രമമായി ശീലം ഉണ്ടാക്കണം. പരിസരവസ്തുക്കളുമായുള്ള പരിചയം മാനസികവളർച്ചക്കു അത്യാവശ്യമാണ്. അതു് വസ്തുജ്ഞാനത്തിനും അത്യദ്ധ്വാനം കൂടാതിരിക്കാനും രക്ഷാബോധമുണ്ടാക്കാനും മതിയാകുന്നതാണ്. വരുമെന്നു നിശ്ചയമുള്ളതിനോടു നമുക്കു ഒരുവിധം പെരുമാറാം. പ്രകൃതിയിലെ അവസ്ഥകൾ പെട്ടെന്നു മാറുകയാണെങ്കിൽ നാം മരിച്ചുപോകയേ ഉള്ളൂ. കുട്ടിക്കു് അതിന്റെ സഹജമായ ദൗർബ്ബല്യം നിമിത്തം രക്ഷാബോധം വേണം. അതിനു ഈ ലോകത്തിലെ സംഭവങ്ങൾ മുൻപിലത്തെപ്പോലെതന്നെ സംഭവിക്കുമെന്നറിയുന്നതു് ആവശ്യമാണ്. നാളെ ഇന്നതു സംഭവിക്കുമെന്നു് അതിനു പറയാറാകണം. പ്രായം കൂടുമ്പോൾ കടന്നു പ്രവർത്തിക്കാൻ മോഹം വളരുന്നു. ആദ്യവർഷത്തിൽ പതിവില്ലാത്ത എല്ലാ വസ്തുവും അതിനു ഭയാവഹമാകുന്നു. കുട്ടിക്കു നിവൃത്തിയുണ്ടെങ്കിൽ പേടി എന്നൊന്നു തോന്നിക്കരുതു്. കുട്ടിക്കു ദീനമാണെങ്കിൽ അതു് ഊഹംകൊണ്ടുപോലും അറിയാത്തവിധത്തിൽ മറച്ചുവയ്ക്കുക. കുട്ടിക്കു പരിഭ്രമം തോന്നത്തക്ക യാതൊന്നും കുട്ടിയെ അറിയിക്കരുതു്. കുട്ടി ക്രമമായ ആഹാരനീഹാരനിദ്രകൾ ചെയ്തില്ലെങ്കിൽ തങ്ങൾക്കു സുഖമില്ലെന്നറിയിച്ചു് അവരുടെ വലിപ്പത്തെ വളർത്തരുതു്. ഇതു് ആദ്യവർഷത്തേക്കു മാത്രമല്ല, പിന്നീടുള്ള വർഷങ്ങളിലും കാക്കേണ്ട ഒന്നാണ്. സാധാരണ തനിക്കു സന്തോഷം തരുന്ന ഊണ് എന്നതു മാതാപിതാക്കൾക്കു സന്തോഷത്തിനായി ചെയ്യുകയാണെന്നും കുട്ടിക്കു് ഒരിക്കലും തോന്നിക്കരുതു്. അങ്ങിനെ തോന്നിച്ചാൽ കുട്ടിക്കു് ഒരു നൂതനശക്തി ലഭിച്ചു് തന്റെ ആവശ്യ

ത്തിനുവേണ്ടതു പ്രവൎത്തിപ്പാൻകൂടി അന്യൻതന്നെ ഉത്സാഹിപ്പിക്കണമെന്ന ബോധ്യം കുട്ടിയിൽ ജനിക്കുന്നു. കുട്ടിക്കു് ഈ പ്രവൃത്തി ചെയ്യാൻവേണ്ട ബുദ്ധിയില്ലെന്നു വിചാരിക്കരുതു്. കുട്ടിയുടെ ശക്തി സ്വല്പമാണു്. അറിവു പരിമിതമാണു്. എന്നാൽ അതിനു പ്രായംചെന്നവരോളംതന്നെ ബുദ്ധി ഈ പരിമിതാവസ്ഥകളിലില്ലാത്ത ദിക്കുകളിലുണ്ടു്. ആദ്യവൎഷത്തിൽ അതു വേറെ ഒരു വൎഷത്തിൽ പഠിക്കുന്നതിലധികം പഠിക്കുന്നു. അതിനു പ്രസരിപ്പുള്ള ബുദ്ധിയില്ലെങ്കിൽ ഇതു സാധ്യമാകുന്നതല്ലായിരുന്നു.

ചുരുക്കിപ്പറകയാണെങ്കിൽ എത്രചെറിയ കുട്ടിയോടും അതു ലോകത്തിൽ ഒരു പുരുഷനായി ജീവിക്കേണ്ടതാണെന്നുകരുതി ബഹുമാനിച്ചു പെരുമാറുക. കുട്ടിയുടെ ഭാവിയെ മാതാപിതാക്കളുടെ തൽക്കാലസൗകൎയ്യത്തിനായി ബലികഴിക്കരുതു്. കുട്ടിയെ മാതാപിതാക്കളുടെ സന്തോഷത്തിനായി അധികം പുകഴ്ത്തുകയും ചെയ്യരുതു്. ഇവയിൽ ഒന്നു മറ്റേതിനെപ്പോലെതന്നെ ദോഷകരമാണു്. ഇവിടെയും മറ്റെല്ലാത്തിലുമെന്നപോലെ ജ്ഞാനവും സ്നേഹവും യുക്തമായി സമ്മേളിച്ചു പ്രവൎത്തിക്കയത്രെ അനുകരണീയമായി ശരിയായ മാൎഗ്ഗം.

# ശ്രീബുദ്ധൻ.

(വെള്ളാങ്ങൂർ ഗോവിന്ദമേനോൻ.)

(പാന)

"എന്തിനിങ്ങിനെ മൌനിയായ് വാഴ്‌വൂ നീ
ഹന്ത! ഗൌതമ, മൽപുണ്യപുഞ്ജമേ!
ലോകസൌഖ്യങ്ങളെന്തു ലഭിക്കാഞ്ഞു
ശോകഭാവേന മേവുന്നു നീ സദാ
ഏതു തനപിതൻ പാണിഗ്രഹത്താൽ നീ
പൂതമാം ഗൃഹസ്ഥാശ്രമം കൈക്കൊണ്ടു
ധന്യധന്യയെന്നോൎത്തു മരുവുമ-
സ്സന്നതാംഗി യശോധര സൎവ്വദാ
നിഷ്കളങ്കമാം നിന്മുഖചന്ദ്ര ത്രുടം
പാൽക്കതിർമുറ്റപ്പുഞ്ചിരിജ്യോത്സ്നയിൽ-
സ്വൈരമാറാടിക്കൊള്ളുവാനായിട്ടു
പാരമാഗ്രഹിച്ചല്ലോ വസിക്കുന്നു.
ആൎക്കുതാനുമൎപ്പിച്ചുകവല്ലിമേൽ
തീക്കനൽക്കട്ട കോരിവിതറുവാൻ!"

ശുദ്ധശീലനാം ശുദ്ധോദനൻ തന്റെ
ബദ്ധസന്താപം പൂണ്ടുള്ള വാക്കുകൾ
ജീവകാരുണ്യം മൂർത്തീകരിച്ചൊര-
പ്ലാവനാംഗനിൽ നാനാവികാരങ്ങൾ
പാരമുണ്ടാക്കിയെങ്കിലു മായവ
നേരെകാണായതില്ല തെല്ലെങ്കിലും
ആഴമേറിട്ട മാഴിയിളക്കുവാ-
നാകുമോ ബാഹ്യവാതോഗണങ്ങൾക്കും.
കാരുണ്യാകാരനീശൻതന്നാജ്ഞയാ-
ച്ചാരുശീലനാ മച്ഛൻതന്നിച്ഛയെ
ആയാസം പൊറവുമെന്നിയെ വെല്ലുവാ-
ലായവൻ മൌനിയായ്ത്തന്നെ വാണുതേ,
'ആരുടെ പുണ്യതാതപദത്തിനാൽ
പാരിൽശാശ്വതകീർത്തിമാനായി നീ
അത്തനയൻ നിന്നിഷ്ടംവെടിഞ്ഞുവെ-
ന്നത്തൽ തേടായ്ക ശുദ്ധോദന, ഭവാൻ'
'നേടിനിൻപ്രിയൻ നേടേണ്ടവസ്തുതാ-
നാടൽതേടായ്ക, തെല്ലും യശോധരേ!'
കാരുണ്യക്കതിർ ചിന്നിശ്രീബുദ്ധനാം
സൂരൻ ഹിംസാന്ധകാരം കളയട്ടെ.

# ജീവജാലം

(എം. രാജരാജവർമ്മതമ്പുരാൻ എം. എ, ബി. എൽ.)

## നാലാം പടലം

എല്ലാത്തിനും അകവും പുറവുമുണ്ടല്ലോ. പുറമെയുള്ളതിനെക്കാൾ അകമേയുള്ളതിനത്രേ പ്രാധാന്യവും. വെളിവായി വരുന്ന ശത്രുവിനെക്കാൾ ഉള്ളിൽ വൈരം കരുതുന്നവനാണു ഭയങ്കരൻ. പുറമേ കാണുന്ന ആർഭാടത്തിനല്ല, ഉള്ളിലുള്ള കോപ്പിനാണു വില. കിഞ്ചിജ്ഞന്മാർ പ്രസംഗം പൊടിപൊടിക്കുന്നു; സൂക്ഷ്മജ്ഞർ മിതവാദികളാകുന്നു. പൂജ്യവും പൂജ്യതയും തമ്മിലുള്ള വ്യത്യാസമവക്കുണ്ട്. കുരയ്ക്കും പട്ടി കടിക്കയില്ലെന്നു പണ്ടേ പറയാറുള്ളതല്ലേ? പ്രാണികളും മനുഷ്യരും തമ്മിലുള്ള ബന്ധ

ത്തിൽ ഈ താരതമ്യം ഒന്നു പ്രയോഗിച്ചു നോക്കുമ്പോൾ പല വിശേഷങ്ങളും കാണാം. സിംഹം, വ്യാഘ്രം, പുലി മുതലായ ഹിംസ്രമൃഗങ്ങൾ മനുഷ്യനു ദ്രോഹം ചെയ്യുന്നതു സാരമില്ല. അവ നേരിട്ടു മാത്രമേ എതിൎക്കുന്നുള്ളു. അതുകൊണ്ടു തടുത്തു നില്ക്കാൻ വളരെ എളുപ്പമുണ്ടു്. ആരുമറിയാതെ ഉള്ളിൽ കടന്നുകൂടി മഹാരോഗങ്ങളുണ്ടാക്കി മനുഷ്യനെ കൂട്ടത്തോടെ കൊല്ലുന്ന വിഷാണുപ്രാണികളോടൊപ്പം ഭയങ്കരങ്ങളല്ല കടുവയും പുലിയും. വൻജന്തുക്കളെ കാണാം; എത്രയുണ്ടെന്നു കണക്കാക്കാം; അവയുടെ ഉപദ്രവം തട്ടാതെ സൂക്ഷിക്കാം. ഇതൊന്നും പറവുകില്ല അണുപ്രാണികളോടു്; അവയെ കണ്ണിൽ കാണാൻ പാടില്ല; കോടിക്കണക്കിനു നിമിഷംകൊണ്ടു പെരുകും; സൎവ്വവ്യാപികളാകകൊണ്ടു തടുക്കാൻ നിവൃത്തിയില്ല. എങ്കിലും മഹാന്മാരായ ശാസ്ത്രവിദഗ്ദ്ധന്മാരുടെ നിതാന്തപരിശ്രമംകൊണ്ടു ഈ ദ്രോഹികളായ പ്രാണികളിൽ ചിലതിനെ ധ്വംസിക്കാൻ മനുഷ്യൻ ശക്തനായിട്ടുണ്ടു്. ഈ മഹാന്മാരിൽ അഗ്രഗണ്യൻ പറങ്കി നാട്ടുകാരനായിരുന്ന ലൂയി പാസ്റ്ററർ (Louis Pasteur) ആകുന്നു. ഇദ്ദേഹം ചെയ്ത സാഹസത്തെപ്പററി അല്പം നമുക്കു മനസ്സിലാക്കാം.

ലൂയിപാസ്റ്ററർ (൧൮൨൨-ൽ) ഫ്രാൻസുരാജ്യത്തിൽ ഡോൾ എന്ന സ്ഥലത്തു ജനിച്ചു; രസതന്ത്രവും പ്രകൃതിശാസ്ത്രവും പഠിച്ചു പാണ്ഡിത്യം സമ്പാദിച്ചു. ൧൮൪൯-ൽ സ്റ്റ്റാഡ്ബൎഗ്ഗ് കലാശാലയിൽ പ്രൊഫസരായി. ൧൮൫൭-ൽ പാരീസ് പട്ടണത്തിൽ വന്നു് ശാസ്ത്രജ്ഞപരിഷത്തിൽ (Academy of Scientists) സിക്രട്ടറിയായി. രസതന്ത്രശാസ്ത്രസംബന്ധമായി പലപുതിയ യോഗങ്ങളും, പ്രകൃതിശാസ്ത്രത്തിൽ പല തത്വങ്ങളും അദ്ദേഹം കണ്ടുപിടിച്ചു. സാധനങ്ങൾ പുളിക്കുന്നതും പതഞ്ഞു പൊങ്ങുന്നതും ഒരുവക അല്പപ്രാണികളുടെ സാന്നിധ്യം കൊണ്ടാണെന്നു് അദ്ദേഹമാണു വെളിവാക്കിയതു്. ഈ സംഗതിയിൽനിന്നു രോഗങ്ങൾക്കു നിദാനം അണുപ്രാണികളായിരിക്കാമെന്നു് അനുമാനിച്ചു് പരീക്ഷണങ്ങൾ തുടങ്ങി. അക്കാലത്തു പട്ടുപുഴു വളൎത്തലും പട്ടുവ്യാപാരവും പറങ്കിരാജ്യത്തിൽ ഒരു പ്രധാന തൊഴിലായിരുന്നു. അതുകൊണ്ടു് അനേകം കുടുംബങ്ങൾ ഉപജീവനം നടത്തിവന്നു. ഓരോ വീട്ടുകളിലും ഏററവും നല്ലമുറി പട്ടുപുഴുക്കളെ വളൎത്താൻ ഉപയോഗപ്പെടുത്തിവന്നുവത്രെ. പൊന്നിൻപൂച്ചിയായിട്ടാണു പട്ടുപൂച്ചിയെ ഗണിച്ചുവന്നതു്. അങ്ങനെയിരിക്കുമ്പോൾ ൧൮൬൫-ൽ ഈ പൂച്ചികൾക്കു് ഒരുമാതിരി രോഗം പിടിപെട്ടു നശിച്ചുതുടങ്ങി. മുട്ടകൾ മിക്കതും വിരിയുകയില്ല; അഥവാ വിരിഞ്ഞാൽ പുഴുക്കൾ ചത്തുപോകും; ജീവിച്ചിരുന്നാലും ശരിയായി പട്ടുകൂടു ചമയ്ക്കുകയില്ല. ഇങ്ങനെ പട്ടുവ്യാപാരം ക്രമേണ നാശോന്മുഖമായി. മറുനാട്ടിൽനിന്നു പുഴുക്കളെ കൊണ്ടുവന്നു നോക്കിയതിലും ഗുണം കണ്ടില്ല. ഒരു തവണയല്ല

കൊള്ളാമായിരുന്നതല്ലാതെ അവയുടെ അടുത്ത തലമുറയിലുള്ള മുട്ടകൾ ചീഞ്ഞു പോകുമായിരുന്നു. ഇങ്ങനെ ജനങ്ങൾ വളരെ വലയുന്നതു കണ്ടു് പട്ടുപുഴുക്കളുടെ രോഗനിവാരണമാൎഗ്ഗങ്ങൾ ആരാഞ്ഞു റിപ്പോർട്ടു ചെയ്വാൻ സക്കാർ ഒരു കമീഷൻ ഏൎപ്പെടുത്തി. ആ കമീഷന്റെ പ്രമാണി കേമനായ ഒരു രസതന്ത്രപണ്ഡിതനായിരുന്നു. അദ്ദേഹത്തിന്റെ ശിഷ്യന്മാരിൽ മിടുക്കനായിരുന്ന ലൂയി പാസ്ററൂറിനെ ഈ സംഗതിയെപ്പററി പരീക്ഷണങ്ങൾ നടത്താൻ നിയോഗിച്ചു. "ഞാൻ ജന്തുശാസ്ത്രജ്ഞനല്ല, രസതന്ത്രം പഠിച്ചിട്ടേയുള്ളു" എന്നു ആദ്യം പാസ്ററൂർ കുറെ മടിച്ചുവെങ്കിലും, നാട്ടുകാർ അനേകായിരംപേർ ഉപജീവനമില്ലാതെ ദാരിദ്ര്യദുഃഖം അനുഭവിക്കുന്നതു സഹിക്കവഹിയാതെ, 'ആകട്ടെ' എന്നേററു. പട്ടുപുഴു വളൎത്തലിനു പ്രസിദ്ധികേട്ടു് ആലേ എന്ന പട്ടണത്തിൽ ചെന്നു പരീക്ഷണങ്ങൾ ആരംഭിച്ചു. വിരിയാത്ത മുട്ടകളിടുന്ന പക്കികളിൽ (insects) ഒരു വക ചുകന്ന പൊട്ടുപോലെയുള്ള പാടുകൾ കാണ്മാനുണ്ടായിരുന്നു. അവയെ ഭൂതക്കണ്ണാടിയിൽക്കൂടി സൂക്ഷ്മമായി പരിശോധിച്ചപ്പോൾ, ഈ പാടുകൾ വാസ്തവത്തിൽ ഒരുവക അണുപ്രാണികളാണെന്നും, തള്ളയിൽനിന്നു മുട്ടകളിലേക്കു് അവ പകരുന്നുണ്ടെന്നും, അപ്രകാരം പകൎച്ചപററീട്ടില്ലാത്ത മുട്ടകൾ ശരിയായി വിരിയുന്നുണ്ടെന്നും അദ്ദേഹം കണ്ടുപിടിച്ചു. ഈ പ്രാണികൾ എവിടെനിന്നു വരുന്നു എന്നായി അദ്ദേഹത്തിന്റെ അടുത്ത പരിശോധന. പട്ടുപുഴുക്കൾ തിന്നുന്ന പച്ചിലകളും, ആ പ്രാണികളെ സൂക്ഷിക്കുന്ന മുറിയിലുള്ള സാധനങ്ങളും, എന്നുവേണ്ട, ഓരോന്നും നിഷ്കൃഷിച്ചുനോക്കി. വൃത്തികേടുകൊണ്ടും, കണക്കില്ലാതെ ഒരുമിച്ചു പ്രാണികളെ ഇടുന്നതുകൊണ്ടും, അധികം ചൂടുപിടിക്കുന്നതുകൊണ്ടും മററും പുഴുക്കൾ തിന്നുന്ന ആഹാരം ശരിയായി ദഹിക്കാതെ പുളിപ്പുതട്ടി അണുപ്രാണികളുണ്ടായി ക്രമേണ മുട്ടകളിൽ സംക്രമിക്കുന്നുണ്ടെന്നു പാസ്ററൂർ അചിരേണ വെളിപ്പെടുത്തി. രോഗമേററ മുട്ടകളെ നശിപ്പിച്ചു. രോഗം ബാധിച്ച ജന്തുക്കളോടു സമ്പൎക്കമില്ലാതെ വളൎത്തുന്ന പുഴുക്കൾ ശരിയായി വളരുന്നുണ്ടെന്നു പരീക്ഷിച്ചുകാണിച്ചു. പാസ്ററൂറിന്റെ അഭിപ്രായത്തിനു വിരോധമായി ജനങ്ങൾ മാത്രമല്ല ഗവൎമ്മെന്റുപോലും ആദ്യം പ്രവൎത്തിച്ചു. കൂട്ടാക്കാതെ പാസ്ററൂർ ഒരു കെട്ടിടം വാടകയ്ക്കു വാങ്ങി സ്വന്തനോട്ടത്തിൽ പുഴുക്കളെ വളൎത്തി സ്വാഭിപ്രായത്തിന്റെ യാഥാൎത്ഥ്യം വെളിവാക്കിയതു മുതൽ എല്ലാവരും അദ്ദേഹത്തെ അനുകരിച്ചു. പാസ്ററൂർ കാണിച്ചുകൊടുത്ത പ്രതിവിധി ലഭിക്കുന്നതിനുമുമ്പിൽ പട്ടുവ്യവസായികൾക്കു ഫ്രാൻസുരാജ്യത്തുമാത്രം നാല്പതുകോടി പവൻ നഷ്ടപ്പെട്ടു എന്നു പറയുമ്പോൾ, അദ്ദേഹം ചെയ്ത ഉപകാരത്തിന്റെ വില മതിക്കാമല്ലോ.

അന്നുമുതൽ പാസ്ററൂർ കേമനായി. അദ്ദേഹത്തിന്റെ യശസ്സു്

എല്ലാനാട്ടിലും പരന്നു. അതുകൊണ്ടു തൃപ്തിപ്പെട്ടില്ല അദ്ദേഹം. കന്നുകാലികളെ ബാധിച്ചുവന്ന ആന്ത്രപ്പനി, കുളമ്പുദീനം മുതലായവയെ പരിശോധിക്കാൻ തുടങ്ങി. ഈവക രോഗങ്ങൾ ബാധിച്ച കാലികൾ കൂട്ടത്തോടെ നശിയ്ക്കു സാധാരണമായിരുന്നു. അക്കാലത്തു കാച്ച് (Koch) എന്ന ജർമ്മനിക്കാരനും, ഇംഗ്ലണ്ടിൽ ലിസ്റ്റർപ്രഭുവും (Lord Lister) അണുപ്രാണികളെപ്പററി പരീക്ഷണങ്ങൾ നടത്തിവരുന്നുണ്ടായിരുന്നു. ഈ പ്രാണികളെ വേർതിരിക്കാമെന്നും, അവയുടെ വിഷാംശം നശിപ്പിച്ചുവശപ്പെടുത്താം (Tame) മെന്നും ക്രമേണ മനസ്സിലായി. മിക്ക മഹാരോഗങ്ങളുടെയും നിദാനം വിഷാണുപ്രാണികളുടെ (Microbes) പകർച്ചയും പുലർച്ചയും കൊണ്ടാണെന്നും, അവയെ നശിപ്പിക്കുന്നതിനു വിഷമൊഴിഞ്ഞ ആ പ്രാണികളിൽനിന്നുതന്നെ ഒരുവക ചലം (Serum) ഉണ്ടാക്കി കുത്തിവയ്ക്കുന്നതു ശസ്ത്രക്രിയയെക്കാൾ എത്രയൊ ലഘുവും പ്രയോജനപ്രദവുമാണെന്നുമുള്ള നവീനചികിത്സാസമ്പ്രദായത്തിൻെറ കുലഗുരു പാസ്ററർ ആകുന്നു. കുരു കുത്തിവയ്ക്കുക, അതിസാരത്തിനു കുത്തിവയ്ക്കുക, പനിക്കു കുത്തിവയ്ക്കുക എന്നുള്ളതെല്ലാം നമുക്കു സുപരിചിതമാണല്ലോ. ഈ മാതിരി ചികിത്സ നടത്തുന്ന വൈദ്യശാലകൾക്കു "പാസ്ററർ ഇൻസ്റ്റിററ്യൂട്ട്" എന്നു നാമകരണം ചെയ്തുവരുന്നു. പേപ്പട്ടിവിഷചികിത്സക്കു കൂനൂരിൽ ഈ മാതിരി ആശുപത്രിയുണ്ടെന്നു നമുക്കു അറിയാവുന്നതല്ലേ?

പാസ്റററാശുപത്രികളിൽ ചെയ്തുവരുന്നതു വാസ്തവത്തിൽ ദീനചികിത്സയല്ല, ദീനനിവാരണചികിത്സയാണു്. ഇതിനു മരുന്നെന്താണു്? വിഷാണുപ്രാണികളാണു ദീനങ്ങൾ വരുത്തുന്നതു്; അവയുടെ വിഷം നശിപ്പിക്കാം; എന്നു വന്നപ്പോൾ അവയെക്കൊണ്ടുതന്നെ ആവക രോഗങ്ങളുടെ നിവൃത്തി വരുത്തിക്കൂടേ എന്നായി ആലോചന. പാമ്പു കടിച്ചാൽ അതിനെക്കൊണ്ടുതന്നെ വിഷഹാരികൾ വിഷമെടുപ്പിക്കാറുണ്ടല്ലോ. കള്ളന്മാർ മോഷ്ടിച്ചു മുടിക്കുമ്പോൾ അവരെതന്നെ കാവലാക്കിയാൽ മോഷണം നില്ക്കുമല്ലോ. അക്രമങ്ങൾ അധികപ്പെട്ടാൽ അക്രമികളെതന്നെ പോലീസുകാരാക്കിവരുന്നില്ലേ? എന്നതുപോലെ, അതതു ദീനത്തിൻെറ വിഷാണുപ്രാണികളെ പിടിച്ചു വിഷംകളഞ്ഞു് ഒരുമാതിരി ചലമുണ്ടാക്കി കുത്തിവച്ചുനോക്കിയപ്പോൾ, ആദ്യം ആ രോഗലക്ഷണം അല്പമായി കാണിക്കയും, പിന്നീട് ആ ദീനം വരാതാവുകയും ചെയ്യുന്നതായി കാണപ്പെട്ടു; രോഗനിവാരണത്തിനു് ഇതാണു് മരുന്നു്. മസൂരി, വിഷൂചിക, പ്ലേഗ്, മലമ്പനി, ക്ഷയം, കുഷ്ഠം, എന്നുവേണ്ട, എല്ലാവിധം രോഗങ്ങൾക്കും ഇദാനീന്തനനിവാരണസരണി കുത്തിവയ്ക്കുകയാകുന്നു. ഈ രോഗനിവാരണചലങ്ങളെ സിദ്ധൌഷധങ്ങളായി ഗണിച്ചുവരുന്നു.

പാസ്ററർ വരച്ച വരയിൽക്കൂടി അനവധി ശാസ്ത്രജ്ഞരും ഭിഷഗ്വ

ര്യന്മാരും പാടുപെട്ടു പുതുപുതുതായി രോഗനിവാരണൌഷധങ്ങൾ കണ്ടുപിടിച്ചുവരുന്ന കൂട്ടത്തിൽ പ്രധാനങ്ങൾ മലമ്പനിയേയും (Malaria), മയക്കരോഗത്തെയും (Sleeping sickness) മാററാനുള്ള ഉപായങ്ങളാകുന്നു. ഈ രോഗങ്ങൾ കൊതുകുകൾ മുഖാന്തരം മനുഷ്യരുടെ രക്തത്തിൽ പകരുന്ന വിഷാണുപ്രാണികൾ പെരുകി ഉണ്ടാകുന്നവയാണെന്നു് ഇപ്പോൾ സുസമ്മതമായിട്ടുണ്ട്. കെട്ടിനില്ക്കുന്ന ദുഷ്ടജലാശയങ്ങളിലും അനൂപപ്രദേശങ്ങളിലുമാണു രോഗനിദാനങ്ങളായ കൊതുകുകൾ ഉണ്ടാകുന്നതു്. അവയെ നികത്തിയാൽ വളരെ രക്ഷയായി. 1896-ാമാണ്ടു മുതൽ ഇൻഡ്യാസംസ്ഥാനത്തു കുടിയേറി ഇന്നും വിട്ടുമാറീട്ടില്ലാത്ത പ്ലേഗ് (മഹാമാരി) എലികളിൽനിന്നു പകരുന്നതാണെന്നു് ഇപ്പോൾ എല്ലാവക്കും അറിയാം. ആ രോഗത്തിൻെറ ബീജങ്ങളായ വിഷാണുപ്രാണികളെ കണ്ടുപിടിച്ചു നിവാരണഫലമുണ്ടാക്കി കുത്തിവയ്ക്കുന്നതു് ഈയിടെ നടപ്പായതാണ്. പകർച്ചവ്യാധികളിലെല്ലാം ഇടനിലക്കാരനായ ഒരു പ്രാണിയിൽ (അതായതു, ഒരുവക അല്പകീടങ്ങൾ) നിന്നാണു വിഷം പകരുന്നതു്. അല്ലാതെ നേരിട്ടല്ല, എന്നു വ്യക്തപ്പെട്ടിട്ടുണ്ട്. ഈ പ്രാണികളുടെ ജീവിതദശകളെയും ശീലങ്ങളെയും പരിശോധിച്ചു മനസ്സിലാക്കുന്നതിന് അണുവിജ്ഞാനീയം (Bacteriology) എന്നു ഒരു നവീനശാസ്ത്രപദ്ധതി ഏർപ്പെട്ടിട്ടുണ്ട്. ഈയിടെ വെളിപ്പെട്ടിട്ടുള്ള ജീവാണുക്കളുടെ കഥ (Vitamins) പത്രങ്ങളിൽ പലരും വായിച്ചിട്ടുണ്ടാവും. ആഹാരനിയമനം ചെയ്യുന്നതിൽ ജീവാണുക്കളുടെ ജ്ഞാനം പാശ്ചാത്യരെ ഒട്ടേറെ ഉദ്ബുദ്ധരാക്കീട്ടുണ്ട്. നമ്മുടെ സ്മൃതികാരന്മാരാകട്ടെ, പണ്ടുതന്നേ ഈ സൂക്ഷ്മം കണ്ടു നമ്മുടെ ആഹാരദിനചര്യകളെ നിയമനം ചെയ്തിട്ടുണ്ട്. അവയെ മറന്നു് അനുകരണഭ്രമത്തിൽ മയങ്ങിയ ഹിന്ദുക്കൾ പാശ്ചാത്യരിൽനിന്നു പുനശ്ച ആ തത്വങ്ങളെ മനസ്സിലാക്കി പല്ലുതേക്കയും, കുളിക്കയും, സാത്വികാഹാരം കഴിക്കയും ചെയ്തുതുടങ്ങിയിരിക്കുന്നു! പാലിലും മോരിലും ജീവാണുക്കൾ ധാരാളമുണ്ടെന്നു ഹിന്ദുക്കൾ ഇന്നും ഇന്നലെയും കണ്ടുപിടിച്ചതല്ല.

ഇതുവരെ മനുഷ്യരും ജന്തുക്കളും തമ്മിലുള്ള ചാർച്ചകളെ പററിയാണു ചിന്തിച്ചതു്. പ്രാണികൾ തമ്മിലുള്ള കൂട്ടുകെട്ടുകളെയും മത്സരങ്ങളെയും കുറിച്ചു പ്രസ്താവിക്കാനുണ്ട്. അതു് അടുത്തപടലത്തിലാവാം.

## ടാഗോർ സാഹിത്യം

(വിദ്വാൻ കുററിപ്പുഴ പി. കൃഷ്ണപിള്ള.)

(ഇടപ്പള്ളി സാഹിത്യപരിഷത്തിൽ വായിച്ചതു്)

മലയാളഭാഷാസാഹിത്യം ഇപ്പോഴത്തെ സുശോഭനമായ വികാസ

ശയിലെത്തുന്നതിനുള്ള കാരണങ്ങളിലൊന്നു വിപുലവും വിഖ്യാതവും ആയ വംഗസാഹിത്യത്തിന്റെ സമ്പർക്കമാണെന്നുള്ളതിൽ രണ്ടു പക്ഷമുണ്ടാകുമെന്നു തോന്നുന്നില്ല. ബങ്കിമചന്ദ്രനും രവീന്ദ്രനാഥനും മലയാളികളുമായി സാഹിതീസല്ലാപം നടത്തിത്തുടങ്ങിയതോടുകൂടിയാണു കൈരളീമഹിളക്കു് അദൃഷ്ടപൂർവ്വമായ ഒരു സുഷമാവിശേഷം സഞ്ജാതമായതു്. തർജ്ജമഗ്രന്ഥങ്ങളെക്കൊണ്ടു നമ്മുടെ സാഹിത്യസമ്പത്തു് ക്രമപ്രവൃദ്ധമായിവരുന്നുണ്ടെന്നു് നവീനകൃതികൾ പരിശോധിച്ചാലറിയാം. വസ്തുരീതിരസാദികളിൽ നൂതനത്വം, വൈചിത്ര്യം, ഉൽകർഷം എന്നിവകൊണ്ടു മുന്നിട്ടുനില്ക്കുന്നതു വംഗസാഹിത്യകൃതികളുടെ പരിഭാഷകളാകുന്നു. വംഗകവിപുംഗവന്മാരെപ്പററി സ്മരിക്കുമ്പോൾ, ഒന്നാമതായി സ്മൃതിപഥത്തിൽ വിളങ്ങിക്കാണുന്നതു രവീന്ദ്രനാഥടാഗോർ ആണു്. ലോകത്തിലൊട്ടാകെ കാണത്തക്കവിധം ഉത്തുംഗയശസ്തംഭം നാട്ടിയിരിക്കുന്ന ആ കവികുലചക്രവർത്തിയുടെ വിശേഷാത്മകങ്ങളായ സൽകൃതിതല്ലജങ്ങളിൽ പലതിനും മലയാളത്തിൽ പ്രചാരം സിദ്ധിച്ചു തുടങ്ങിയിരിക്കുന്നു. ടാഗോർ കൃതികൾ തർജ്ജമ ചെയ്യുന്നതിൽ പ്രത്യേകപാടവം നേടിയിട്ടുള്ള പല സാഹിത്യകുശലന്മാരും ഇന്നു കേരളത്തിലുണ്ടു്. 'മലയാളി ടാഗോർ, എന്ന മഹനീയനാമധേയത്തെ ഒരു കേരളീയ മഹാകവിക്കു സഹൃദയലോകം സമ്മാനിച്ചിരിക്കുന്നു. ആധുനികയുവകവികളിൽ പലരും ടാഗോർ കവിതയുടെ ഛായപിടിക്കുവാൻ അത്യുത്സാഹം ചെയ്തുവരുന്നുണ്ടു്. ഇന്നത്തെ നിരൂപണങ്ങളിലും പ്രസ്തുതകവിതയെപ്പററിയുള്ള പ്രസ്താവനകൾ സുലഭങ്ങളായി കാണുന്നു. ടാഗോർഭാഷ, സാഹിത്യത്തിന്റെ പുതുമോടിക്കു പററിയതാണെന്നു കരുതി ആ ഇനത്തിൽ കുറെ പദങ്ങൾ തേടിപ്പിടിച്ച് ഒരു രൂപവുമില്ലാത്ത ചില സൃഷ്ടികൾ നടത്തുന്ന കലികാലകമലാസനന്മാരും ഇപ്പോൾ ദുർല്ലഭമല്ല. ഇങ്ങിനെ സ്ഥാനത്തിലും അസ്ഥാനത്തിലും ടാഗോർ ഭ്രമം മൂത്തു തുടങ്ങിയിരിക്കുന്ന സ്ഥിതിക്കു് തത്സാഹിത്യത്തെപ്പററി പരിചിന്തനം ചെയ്യുന്നതു് അസംഗതമാകുകയില്ലെന്നു വിശ്വസിക്കുന്നു.

സാഹിത്യത്തെ വ്യാപ്യമായ അർത്ഥത്തിൽ വാക്കുകൊണ്ടു വിവരിക്കുകയെന്നതു്, തുലോം ദുഷ്കരമാണെന്നു് അതിന്റെ അനുഭവൈകവേദ്യത്വം തെളിയിക്കുന്നു. ഈ നിലക്കു കുറെക്കൂടി കേവലത്വവും ഗഹനതയും ആവഹിക്കുന്ന ടാഗോർ സാഹിത്യത്തിന്റെ വിശദീകരണം വിഷമതരം തന്നെയെന്നു പ്രത്യേകിച്ചു പറയേണ്ടതില്ല. മനുഷ്യലോകത്തെ നിർവൃതിസമുദ്രത്തിൽ മുക്കിമയക്കുന്ന ഏതോ ഒരു ദൈവികാകർഷണവിശേഷം അതിൽ ലയിച്ചിരിക്കുന്നു എന്നു മൊത്തത്തിൽ പറയാമെന്നല്ലാതെ അതു് എന്താണെന്നു വിസ്തരിക്കുവാൻ സാധ്യമല്ലതന്നെ.

സാഹിത്യത്തെ വിനോദപ്രധാനമായോ വിജ്ഞാനപ്രധാനമായോ മാ

ത്രം വ്യവഹരിച്ചുകൂടെന്നു വിമർശകന്മാർ സമ്മതിക്കുന്നുണ്ട്. രണ്ടിന്റെയും ധർമ്മം അതിൽ ഏകോപിച്ച് നിർവ്വഹിക്കപ്പെടുന്നതുകൊണ്ട് ഒന്നിനു മാത്രം പ്രാധാന്യം കൊടുക്കുന്നതു യുക്തമല്ല. പക്ഷെ, സാഹിത്യത്തിന്റെ ലൌകികനിലയിലാണ് ഈ ധർമ്മങ്ങളെപ്പററി നാം സാധാരണ ചിന്തിക്കാറുള്ളതു്. മനുഷ്യജീവിതത്തിനെന്നപോലെ സാഹിത്യത്തിനും അലൌകികമായ ഒരു നിലകൂടിയുണ്ട്. അതിൽകൂടി നോക്കുമ്പോൾ സാഹിത്യാസ്വാദനത്തിന്റെ ഫലം ഏതദ്ധർമ്മങ്ങൾക്കും ഉപരിയായി നില്ക്കുന്ന കേവലമായ ആനന്ദമാണെന്നു കാണാം. ഉപ്പുവെള്ളത്തിനും ശുദ്ധജലത്തിനും തമ്മിലുള്ള വ്യത്യാസം വിനോദത്തിനും ആനന്ദത്തിനും തമ്മിലുണ്ട്. ചിന്തകനായ അരിസ്റ്റോട്ടൽ (Aristotle) Refined pleasure എന്ന പേരിൽ വേർതിരിച്ചു കാണിക്കുവാൻ ക്ലേശിച്ചിട്ടുള്ളതും ഈയാനന്ദാവസ്ഥയെയാണ്. ഐശ്വരമായ പ്രേമവും ജ്ഞാനവും വികസ്വരമായ ജീവിതം അനശ്വരമായ ചൈതന്യത്തോടു സമീപിക്കുന്ന ഒരവസ്ഥയാണിതു്. 'ബ്രഹ്മൈവമവസഃ രസോ വൈ സഃ' എന്ന ശ്രുതിയുടെ രഹസ്യം സഹൃദയന് അനുഭവപ്പെടുന്നതും ഈ ഘട്ടത്തിലാണ്. സാഹിത്യത്തിന്റെ പരമമായ ലക്ഷ്യം ഇതാകുന്നു. ഇതരകവികൾക്കു സാധിക്കാത്തവിധം ഈ ലക്ഷ്യത്തെ മുൻനിറുത്തി സാഹിത്യവ്യാപാരം ചെയ്യുന്ന അനുഗൃഹീതകവീശ്വരനാകുന്നു രവീന്ദ്രനാഥടാഗോർ.

ആദിമകാലം മുതൽ ഭാരതീയരുടെ ജീവിതോദ്ദേശം ഈശ്വരസാക്ഷാൽകാരം അഥവാ ആത്മൈക്യം ആകുന്നു. അവരുടെ ജന്മഭൂമി മതം, ശാസ്ത്രം, കല ഇവയിൽകൂടി പ്രബോധനം ചെയ്തതും ചെയ്തുകൊണ്ടിരിക്കുന്നതും ഇതുതന്നെയാണ്. പ്രശാന്തരമണീയവും വിചാരോദ്ദീപനകവും ആയ പ്രകൃതിസൌന്ദര്യത്തിന്റെ ആവാസഭൂമിയാണു ഭാരതം. ഈ സൌന്ദര്യതേജസ്സിനെ സത്യസ്വരൂപമായ നിത്യചൈതന്യത്തിന്റെ ബഹിർസ്ഫുരണമായി ദർശിക്കുന്നതിനുള്ള ജന്മസിദ്ധമായ ഒരു വാസന ഭാരതീയർക്കുണ്ട്. ഇൻഡ്യയിലെ മഹാകവികൾ മഹർഷിതുല്യന്മാരുംകൂടി ആയിരിക്കുന്നതിനുള്ള കാരണവും ഇതാണ്. അവർ പ്രകൃതിസൌന്ദര്യത്തെ 'ഈശാവാസ്യമിദംസർവ്വം', എന്ന ഉപനിഷദ്വാക്യമനുസരിച്ച് സാക്ഷാൽ ബ്രഹ്മതേജസ്സായികണ്ട് ആരാധിച്ചിരുന്നവരാണ്. രവീന്ദ്രനാഥടാഗോറും ഈ സാമാന്യനിയമത്തിൽനിന്നു വ്യത്യസ്തനല്ല. വാത്മീകിയും വേദവ്യാസനും കൊളുത്തിക്കാണിച്ച അതേ ആദർശദീപം തന്നെയാണ് ഇന്നു ടാഗോറും കയ്യിലെടുത്തിരിക്കുന്നതു്. അദ്ദേഹത്തിന്റെ വീക്ഷണചാതുര്യം ഭാരതമാതാവിന്റെ പാദപാംസുക്കളെക്കൂടി ദിവ്യവും ദീപ്തിമത്തും ആക്കിത്തീർത്തിരിക്കുന്നു. വിരക്തതയുടെ കാഠിന്യത്തിൽ കരളുറച്ച് ഈ പ്രപഞ്ചം ശൂന്യവും തുച്ഛവും ആണെന്നു പറഞ്ഞു ടാഗോർ ലോകരംഗത്തുനിന്നും പിൻ

മാറുന്നില്ല. നേരെമറിച്ച് അവിടം പ്രേമസൌന്ദര്യങ്ങൾ നിറഞ്ഞൊഴുകുന്ന മനോഹരോദ്യാനമായിട്ടാണു അദ്ദേഹം കാണുന്നത്. ടാഗോർ ഒരിടത്ത് ഇങ്ങിനെ പറയുന്നു:— ഈ ലോകം സത്തോ അസത്തോ അഥവാ വെറും മായയോ ആണെന്ന് ആരെങ്കിലും കണ്ണടച്ചു വിചാരിച്ചുകൊണ്ടിരിക്കട്ടെ. ഞാൻ ആ സമയം അഹംഭാവമില്ലാത്ത നേത്രങ്ങളെക്കൊണ്ടു സച്ചിൽപ്രകാശത്തിൽ പ്രശോഭിക്കുന്ന സുന്ദരമായ ഈ പ്രപഞ്ചത്തെ നോക്കി ആനന്ദിക്കും. ടാഗോർസാഹിത്യം സാമാന്യമായി ഉൽബോധിപ്പിക്കുന്നതെന്താണെന്നു മേലുദ്ധരിച്ചതിൽനിന്നു തെളിയുന്നുണ്ട്. ഏതൊരു വസ്തുവും ദിവ്യമായസൌന്ദര്യം കണ്ടു നിർവൃതിയടയുന്നതിനുള്ള വാസന അദ്ദേഹത്തിൽ ബാല്യം മുതൽക്കേ പ്രബലമായിരുന്നു. ഒരു ദിവസം പ്രഭാതത്തിൽ ചുററുപാടുമുള്ള പ്രകൃതിയിൽ പ്രകാശിച്ചുകണ്ട ദിവ്യപ്രഭയുടെ ഒരു അന്തർദ്ദർശനം (Inner Vision) തനിക്കു സിദ്ധിച്ചു എന്നും അതിൽനിന്നാണു തന്റെ കവിതയുടെ ആരംഭമെന്നും അദ്ദേഹം ഒരിക്കൽ പ്രസ്താവിച്ചിട്ടുണ്ട്. ആ ദർശനരഹസ്യത്തെയാണ് അനന്തരകവിതകളിലെല്ലാം വ്യാഖ്യാനിക്കുവാൻ യത്നിച്ചിട്ടുള്ളതെന്നും അദ്ദേഹം പറയുന്നു. (I have tried to explain it in all my poems)

ഉത്തരഇൻഡ്യയിൽ പ്രചാരത്തിലിരിക്കുന്ന വൈഷ്ണവസാഹിത്യത്തിൽനിന്നാണ് ടാഗോർകവിതയുടെ അങ്കുരങ്ങൾ പുറപ്പെട്ടിട്ടുള്ളതെന്നു ചില നിരൂപകന്മാർ അഭിപ്രായപ്പെടുന്നതാണ്. 'ഭക്തിസ്' ഏറന്മാധുരി'യോടുകൂടിയ അദ്ദേഹത്തിന്റെ ഗാനപരമ്പരകൾ പരിശോധിച്ചു നോക്കിയാൽ ഇതു് ഏറെക്കുറെ ശരിയാണെന്നു കാണാം. വിദ്യാപതി, ചണ്ഡിദാസ്, ജയദേവൻ, ചൈതന്യൻ, കബീർ മുതലായ ഭക്തകവികൾ കവനസരണിയിൽ ടാഗോറിനു മാർഗ്ഗദർശികളാണ്. അവരുടെ കൃതികളിൽ അദ്ദേഹത്തിനുള്ള പ്രതിപത്തിയും അനല്പമത്രേ. കബീറിന്റെ ഭക്തിസംവർദ്ധകങ്ങളും തത്വപ്രകാശകങ്ങളുമായ 100 പദ്യങ്ങൾ ടാഗോർ തർജ്ജമചെയ്തിട്ടുണ്ട്. ഈ കവിശ്രേഷ്ഠന്മാരുടെ കൃതികളുമായുള്ള അസാമാന്യപരിചയം കവിതാനിർമ്മാണത്തിൽ അദ്ദേഹത്തിനു സഹായമായിത്തീർന്നു. ടാഗോർ കവിത സാദൃശ്യം വഹിക്കുന്ന മറെറാരു പ്രസ്ഥാനമാണു 'സൂഫിസം' (Sufism). 'സൂഫിസം' (Sufism) എന്നു പറയുന്നതു ഹൈന്ദവവേദാന്തവേഷമണിഞ്ഞിട്ടുള്ള അധ്യാത്മവിദ്യാപരമായ ഒരു മഹമ്മദീയസാഹിത്യശാഖയാകുന്നു. അഖണ്ഡവും അക്ഷയവും ആയ ഒരു ദൈവികതേജസ്സാണ് ഇക്കാണുന്ന വിശ്വമെന്നത്രെ അതിലെ സിദ്ധാന്തം. ഭൌതികമായ കാന്തി ഈശ്വരസ്മരണക്കു വേണ്ടിയുള്ളതാണെന്ന് അതു വാദിക്കുന്നു. ഈദൃശാശയങ്ങളുടെ ച്ഛായയാണു ടാഗോർ കൃതികളിലും നിഴലിക്കുന്നത്.

ഗാനങ്ങൾ, നാടികകൾ, ചെറുകഥകൾ, നോവലുകൾ, പ്രബന്ധങ്ങൾ ഇങ്ങിനെ അഞ്ചു വകുപ്പായിട്ടു ടാഗോർസാഹിത്യത്തെ വിഭജനംചെയ്യാം. ഇവയിൽ ഗാനങ്ങൾക്കും ചെറുകഥകൾക്കും ആണു മലയാളത്തിൽ അധികം പ്രചാരം സിദ്ധിച്ചിരിക്കുന്നതു്. അദ്ദേഹത്തിൻെറ കൃതികളിൽ പ്രാധാന്യം നേടിയിട്ടുള്ളതും അവയാണ്. ഗാനകൃതികളിൽ 'ഗീതാഞ്ജലി യും' 'ഗാർഡ്നറും' 'ചന്ദ്രക്കലയും' നാടികകളിൽ, 'ചിത്ര' 'പോസ്റ്റാഫീസ്' 'സന്യാസി' ഇവയും പ്രത്യേകം പ്രസ്താവയോഗ്യങ്ങളത്രെ. ചെറുകഥകളെല്ലാംതന്നെ കവിയുടെ അനിതരസാധാരണമായ ജീവിതനിരൂപണനൈപുണ്യത്തിനും മനോധർമ്മമഹിമയ്ക്കും നിദർശനമായ ഉത്തമസാഹിത്യഫലങ്ങളാകുന്നു. ഇവയോരോന്നിനേയുംപററി പ്രത്യേകം വിമർശിക്കുന്നതിനുള്ള ശക്തിയും സൌകര്യവും ഇല്ലാത്തതിനാൽ സമാന്യമായി ചിലതു ചുരുക്കത്തിൽ പ്രസ്താവിക്കുവാനേ തൽക്കാലം ഉദ്ദേശിക്കുന്നുള്ളൂ.

സുപ്രസിദ്ധമായ 'നോബൽപ്രൈസ്' നേടിയ 'ഗീതാഞ്ജലി'യുടെ പ്രചാരത്തോടുകൂടിയാണു ടാഗോറിൻെറ കവിയശസ്സ് ബങ്കാളത്തിൻെറ അതിർത്തിപ്രദേശങ്ങളെയും അതിക്രമിച്ചു ഭാരതമെങ്ങും നിറഞ്ഞുകവിഞ്ഞു് ലോകമാസകലം വ്യാപിച്ചതു്. 'പുളകോൽഗമകാരിവചഃപ്രസര'ത്തിൽ അവ്യാജരമണീയമായ ആത്മീയഗീതം പുറപ്പെടുവിക്കുന്ന ആ ഉൽകൃഷ്ടഗ്രന്ഥം ഭാരതീയസാഹിത്യത്തിൻെറ ഉജ്ജ്വലമായ നവീനതേജസ്സിനെ പാശ്ചാത്യർക്കു കാണിച്ചുകൊടുത്തു് അവരെ അത്ഭുതപരതന്ത്രരാക്കി. ഇംഗ്ലീഷിലേക്കു പകർന്നപ്പോൾ അതിൻെറ വൈശിഷ്ട്യം പകുതിയും പോയ്പോയെന്നു പരിഭാഷകനായ കവിതന്നെ പറഞ്ഞിട്ടുള്ള സ്ഥിതിയ്ക്കു് മൂലഭാഷയിൽ അതു് എത്രത്തോളം ആലോചനാമൃതവും ആപാതമധുരവും ആയിരിക്കുമെന്നു് ഊഹിക്കാം. 'The folower of English prose' എന്നത്രെ പാശ്ചാത്യപണ്ഡിതനായ ഒരു വിമർശകവീരൻ ഗീതാഞ്ജലിയുടെ ഇംഗ്ലീഷ് തർജ്ജമയെപ്പററി അഭിപ്രായപ്പെട്ടിട്ടുള്ളതു്. ഗീതാഞ്ജലി ഹൃദയത്തിന് ആനന്ദത്തെയും പരിശുദ്ധിയേയും കണ്ണുകൾക്കു സംഗീതത്തേയും നേത്രങ്ങൾക്കു സൌന്ദര്യപ്രതിമകളേയും ആത്മാവിനു് ഈശ്വരസ്മരണയേയും പ്രദാനം ചെയ്യുന്നു എന്നു് പാശ്ചാത്യസഹൃദയലോകം മഹാകവിക്കു കൊടുത്ത ഒരു മംഗളപത്രത്തിൽ രേഖപ്പെടുത്തിയിരിക്കുന്നതും അവർ ഈ വിശിഷ്ടഗാനമാലയിൽ എത്രത്തോളം ആകൃഷ്ടചിത്തരും ആസ്വാദനശക്തരും ആണെന്നു തെളിയിക്കുന്നു. ബാഹ്യപ്രകൃതിയും മനുഷ്യാത്മാവും തമ്മിൽ ഏകതാഭാവനയിൽ സന്ധിക്കുന്നിടമാണ് നമ്മുടെ ആരാധനക്ഷേത്രം. (Our temple of worship is there where outward nature and human soul meet in union) എന്നു് കവി പറയുന്നു. 'ഗീതാഞ്ജലി'യിൽ പ്രതിഫലിച്ചുകാണുന്നതു് ഏതാദൃശമായ ഒരു മാനസികാരാധനയത്രെ. ദൈവ

ദയാസ്നേഹസ്വരൂപനായ ഈശ്വരന്റെ അപൂർണ്ണമായ ഒരു അഭിവ്യക്തിയാണ് ഈ പ്രപഞ്ചമെന്നും വ്യാമോഹജനകമായ നാനാത്വം നശിച്ചെങ്കിൽ മാത്രമേ പ്രസ്തുതമനോഭാവം തെളിഞ്ഞ് നാം പരമമായ ഐക്യം പ്രാപിക്കുകയുള്ളു എന്നും ബ്രഹ്മാണ്ഡഭാണ്ഡപരിശോധകനായ കവി സ്വഗാനങ്ങളിൽക്കൂടി ഉപദേശിക്കുന്നു. ഉന്നതമായ ശാന്തിപീഠത്തിലിരുന്ന് ബ്രഹ്മപദത്തെ ശരവ്യമാക്കി ചെയ്യുന്ന ആത്മാർപ്പണത്തിൽ കവി മനസ്സുകൊണ്ടു രക്ഷിക്കുന്ന വിചാരകുസുമങ്ങളാണ് ഗീതാഞ്ജലിയിലെ ഗാനങ്ങൾ എന്നു ചുരുക്കിപ്പറയാം. ഈ മാതിരിയുള്ള ആത്മപൂജയുടെ രൂപഭേദങ്ങൾ ടാഗോറിന്റെ എല്ലാ കൃതികളിലും സാമാന്യമായി പ്രതിബിംബിക്കുന്നുണ്ട്. ഗീതാഞ്ജലി ജീവിതത്തിന്റെ സുവർണ്ണസായാഹ്നത്തെയും 'ഗാർഡനർ' സ്നേഹപ്രഭാപൂരിതമായ പ്രഭാതത്തേയും ചിത്രീകരിക്കുന്നു എന്ന് ഒരു സാഹിത്യമർമ്മജ്ഞൻ അഭിപ്രായപ്പെട്ടിരിക്കുന്നു. 'ഗാർഡനർ' കവിയുടെ യൌവ്വനകാലത്തിൽ എഴുതപ്പെട്ടിട്ടുള്ള ഒരു കൃതിയാണ്. ഇതിൽ പ്രേമസാഗരത്തിന്റെ അടിത്തട്ടിലേക്കു യുവസഹജമായ ഔത്സുക്യത്തോടെ കവിഹൃദയം ചുഴിഞ്ഞു ചെല്ലുന്നു. അതിസൂക്ഷ്മങ്ങളായ സ്നേഹപ്രവാഹങ്ങളെക്കൊണ്ടു ജീവിതാഹവത്തിലെ താപവും ഭീതിയും മാച്ചുകളഞ്ഞു അനുവാചകഹൃദയത്തെ ആശ്വസിപ്പിച്ചാനന്ദിപ്പിക്കുന്നതിനുള്ള ഒരു ശക്തിവിശേഷം കവി 'ഗാർഡനറി'ൽ അടക്കം ചെയ്തിട്ടുണ്ട്. നിസർഗ്ഗകോമളമായ ബാല്യകാലത്തിന്റെ മാധുര്യമഹിമയും സൌന്ദര്യസമുൽകൃഷ്ടതയും സംശുദ്ധിസമ്പൂർണ്ണതയും ആണ് 'ചന്ദ്രക്കല'യിൽ കളിയാടുന്നതു്. ജീവിതച്ചെടിയുടെ ഇളംതളിരുകൾ സംസാരമരുഭൂമിയിലെ ഉഷ്ണവായുവേറ്റു വാടിക്കരിയാതെ ആനന്ദമന്ദമാരുതനിൽ ആടിയിളകുന്ന ഒരു ചിത്രം ഇതിലെ ഓരോ പദ്യത്തിലും വായനക്കാർക്കു കാണാൻ കഴിയും. 'ചിത്ര' 'പോസ്റ്റാഫീസ്സ്' തുടങ്ങിയ നാടികകൾ ലോകനാടകത്തിലെ മററാരും നോക്കിയാൽ കാണാത്ത ഓരോ രഹസ്യാംഗങ്ങളാകുന്നു. അവയിലെ പാത്രങ്ങളുടെ സംഭാഷണരീതിയും വിവിധഭാവപ്രകാശനവും മററും കവിയുടെ സീമാതീതമായ മനോധർമ്മവിലാസത്തേയും നിരീക്ഷണവൈചക്ഷണ്യത്തേയും ഉച്ചത്തിൽ വിളംബരം ചെയ്യുന്നവയാണ്. സങ്കടക്കടൽ നീന്തിക്കടക്കുവാനുദ്യമിക്കുന്ന മനുഷ്യരുടെ അനുഭവങ്ങളും അവസ്ഥാഭേദങ്ങളും അവയുടെ യഥാർത്ഥരൂപങ്ങളിൽ തെളിഞ്ഞു ലോകവ്യവഹാരരഹസ്യങ്ങൾ പരസ്യമാകുന്നതു ഇത്തരം കൃതികളിലാകുന്നു. 'സന്ന്യാസി'യെന്ന നാടികയിൽ" നായകനായ സന്ന്യാസി മായയുമായി മല്ലടിച്ചു ജയിക്കുന്നവിധം സംഭാഷണരൂപത്തിൽ വർണ്ണിച്ചിരിക്കുന്നതു കേൾക്കുക!

സന്ന്യാസി പ്രകൃതിയോടായി പറയുന്നു— "ഞാൻ നിന്റെ അടിമയായിരുന്നപ്പോൾ— ആത്മനാശകമായ ക്രൂരമത്സരം നടത്തുവാൻ നീ എ

ന്റെ ഹൃദയത്തെ നിയോഗിച്ച് അതിനെ അതിന്റെ തന്നെ അടിമയാക്കിത്തീർത്തു. തങ്ങളേയും സ്വന്തം വക്രഗഹ്വരങ്ങളിൽ പതിക്കുന്ന മററുള്ള സർവ്വത്തേയും ഗ്രസിച്ചുപജീവിക്കുന്ന ആശകൾ എന്റെ നേരെ സംക്ഷോഭം പാഞ്ഞലച്ചുകയറി. ഞാൻ എന്റെ നിഴലിനെത്തന്നെ അനുധാവനം ചെയ്തുകൊണ്ടു ഭ്രാന്തചിത്തനായി പാഞ്ഞു നടന്നു. സന്തോഷത്തിന്റെ മിന്നൽപ്പിണരുകളെക്കൊണ്ടു നീ എന്നെ തൃപ്തിയുടെ ശൂന്യതയിലേക്ക് ഓടിച്ചു. നിന്റെ കവർച്ചക്കാരായ ക്ഷുദ്രാത്മികൾ ആഹാരം ധൂളിയും, പാനീയം ആവിയുമായിമാറിപ്പോകുന്ന അനന്തമായ ക്ഷാമത്തിലേക്ക് എന്നെ സദാപി നയിച്ചുകൊണ്ടിരുന്നു. ഒടുവിൽ എന്റെ കണ്ണു കണ്ണീരും ചോരവും കൊണ്ടു നിറഞ്ഞപ്പോൾ നിന്നോട് — അനവധി രൂപങ്ങളും വേഷപ്പകർച്ചകളും ഉള്ള നിന്നോടു — പ്രതികാരം ചെയ്യുമെന്നു ഞാൻ സത്യം ചെയ്തു. ഞാൻ ആ അപരിച്ഛിന്നമൂർത്തിയുടെ കൊട്ടാരമായ അന്ധകാരത്തിൽ അഭയം പ്രാപിച്ചു. ഭ്രാന്തിജനകമായ പ്രകാശം അതിന്റെ സർവ്വായുധങ്ങളും ഉപേക്ഷിച്ച് ശക്തിയററ് എന്റെ കാൽക്കൽ വീഴുന്നതുവരെ ദിനംപ്രതി ഞാൻ അതിനോടു യുദ്ധം ചെയ്തു. ഇതാ ഇപ്പോൾ ഭീത്യാശകളിൽനിന്നു ഞാൻ മുക്തനായപ്പോൾ — മാർഗ്ഗഭ്രമം വരുത്തുന്ന മൂടൽമഞ്ഞു മാഞ്ഞ് എന്റെ യുക്തി ശുദ്ധമായും ഉജ്ജ്വലമായും പ്രകാശിക്കുമ്പോൾ — മിഥ്യാസാമ്രാജ്യത്തിനുള്ളിൽ പ്രവേശിച്ച് അതിന്റെ മാറിടത്തിൽതന്നെ ഞാൻ അസ്പൃഷ്ടനായി അചഞ്ചലനായി സ്ഥിതിചെയ്യുന്നു."

കവിയുടെ പ്രസന്നമായ പ്രതിഭയിൽ നടക്കുന്ന ആഴമേറിയ ചിന്തയുടെ കാന്തിക്കൂടിയ സന്താനങ്ങളാണീദൃശഭാഗങ്ങൾ. അവയുടെ ലക്ഷ്യാർത്ഥം (Sybolic meaning) അവലംബിച്ചുള്ള പ്രതിപാദനംമൂലം ആശയഗ്രഹണം പലപ്പോഴും ദുഷ്കരമായി തോന്നിയേക്കാം.

ടാഗോറിന്റെ ചെറുകഥകൾക്കാണു മലയാളത്തിൽ കൂടുതൽ പ്രചാരമെന്നു മുൻസൂചിപ്പിച്ചിട്ടുണ്ടല്ലോ. കഥകളുടെ ഒരു കളിത്തൊട്ടിലാണു ഭാരതം. ചരിത്രദൃഷ്ടിക്കു അതീതമായ പുരാതനകാലത്തുകൂടി അസംഖ്യം കഥാസരിത്തുകൾ ഇൻഡ്യയിൽനിന്നും ലോകത്തിന്റെ നാനാഭാഗങ്ങളിലേക്കു പ്രവഹിച്ചുകൊണ്ടിരുന്നു. ഹൈന്ദവസാഹിത്യത്തിന്റെ സിംഹഭാഗവും കഥകളുടെ കൂത്തരങ്ങത്രെ. ടാഗോറിന്റെ സാഹിത്യസരസ്വതിയും ഏതൽപ്രസ്ഥാനത്തെ കൂടുതൽ വാത്സല്യത്തോടുകൂടിയാണു കടാക്ഷിച്ചിരിക്കുന്നത്. കഥ പറയുന്നതിൽ കവിക്കുള്ള വാസന ജന്മനാസിദ്ധവും അന്യാദൃശവുമാകുന്നു. പാത്രങ്ങളുടേയും സംഭവങ്ങളുടേയും വൈരള്യം അവയുടെ സ്വാഭാവികത്വം, അതിമൃദുലങ്ങളായ വികാരങ്ങളുടെ അവസരോചിതമായ ഉത്തേജനം, സാത്വികമായ പ്രേമത്തിന്റെ ഒളിഞ്ഞും തെളിഞ്ഞും ഉള്ള പ്രവർത്തനം, പരിതസ്ഥിതികളുടെ സ്തോഭജനകമായ ചിത്രീ

കരണം, മർമ്മസ്ഥാനങ്ങളിലുള്ള രസസ്ഫുരണം മുതലായവ ടാഗോർ കഥകളുടെ മാഹാത്മ്യസൂചകങ്ങളായ മഹത്തരമുദ്രകളാകുന്നു. ഒരു സാഹിത്യകാരൻ എന്ന നിലയിൽ അദ്ദേഹത്തിന്റെ വിസ്മയാവഹമായ വാസനയും വൈഭവവും അവയുടെ പരമാവധിയിലെത്തിയിരിക്കുന്നതു് ഈ ചെറുകഥകളിലാണെന്നാണു് എന്റെ എളിയ അഭിപ്രായം. ലോകത്തിലെ ഉത്തമകഥാസാഹിത്യഗ്രന്ഥങ്ങളിൽ അവയ്ക്കുള്ള സ്ഥാനം അദ്വിതീയമാണെന്നു സഹൃദയന്മാർ സമ്മതിക്കേണ്ടിവരും. കഥകൾ വായിക്കണമെങ്കിൽ ടാഗോർകഥകൾ വായിക്കുക. സ്നേഹമഹിമ അറിയണമെങ്കിൽ അവയിലെ പാത്രങ്ങളുമായി പരിചയപ്പെടുക. ആനന്ദപ്പുഴയിലാറാടണമെങ്കിൽ ആ പുസ്തകങ്ങൾതന്നെ കൈയിലെടുക്കുക എന്നാണു് എനിക്കു പറവാനുള്ളതു്. എന്തെന്നാൽ അവ ജീവിതമാകുന്ന ഗ്രന്ഥത്തിന്റെ ചെറുവ്യാഖ്യാനങ്ങളോ അഥവാ സ്നേഹസമുദ്രത്തിൽ സ്വച്ഛന്ദസഞ്ചാരം ചെയ്യുന്ന ചെറുകപ്പലുകളോ ആകുന്നു. ഒരു മഹാകവിയും തത്വജ്ഞാനിയും കഥാകൃത്തുംകൂടി ഒരുമിച്ചിരുന്നു വായനക്കാരുടെ നേരെ പുഞ്ചിരിതൂകി സരസസംഭാഷണം ചെയ്യുന്നതു് അവിടെയാണു്. സമുദായയന്ത്രത്തിന്റെ ചലനങ്ങളും മതപ്പോരുകളിന്റെ മാറൊലിയും അന്തഃകരണങ്ങളുടെ പരസ്പരസംഘട്ടനങ്ങളും അവിടെ കേൾക്കാൻ കഴിയും. ടാഗോർകഥകൾ ഭാഷാന്തരം ചെയ്യുന്നതിൽ പ്രത്യേകം പ്രശസ്തി നേടിയിരിക്കുന്ന ഒരു സഹൃദയകോവിദൻ പ്രസ്തുതകഥകളുടെ നിരൂപണത്തിൽ പറഞ്ഞിരിക്കുന്ന ചില അഭിപ്രായങ്ങൾകൂടി ചുവടെ ചേർത്തുകൊണ്ടു് ഈ ഭാഗം അവസാനിപ്പിക്കാം.

"മനോഹരങ്ങളായ ബംഗാളസമുദായചിത്രങ്ങൾ വഴിയായി അനശ്വരങ്ങളായ ഹൈന്ദവാദർശങ്ങളെ അനന്യസാധാരണമായ ചമൽക്കാരസ്ഫുരതയോടുകൂടി വർണ്ണിച്ചും ഉദാഹരിച്ചും വായനക്കാരെ എന്തെന്നില്ലാത്ത സന്തോഷാത്ഭുതങ്ങൾക്കടിപ്പെടുത്തി അവരിൽ വിജ്ഞാനത്തെ വർദ്ധിപ്പിക്കുന്നവയാകുന്നു രവീന്ദ്രനാഥടാഗോറിന്റെ പ്രശാന്തരമണീയങ്ങളായ ചെറുകഥകൾ. ആ കഥകളിൽ അതിസൂക്ഷ്മങ്ങളായ മനോവികാരങ്ങളെ കവി മനോധർമ്മമാകുന്ന ഭൂതക്കണ്ണാടിയുടെ സഹായത്താൽ വായനക്കാരുടെ മാംസചക്ഷുസ്സുകൾക്കുപോലും ഗോചരങ്ങളാക്കിത്തീർത്തു് അവരെ ആലോചനാനിമഗ്നരാക്കുന്നു. പറയത്തക്ക 'പ്ലാട്ടുകൾ' ഒന്നുംകൂടാതെ സാധാരണമായ ഒന്നോ രണ്ടോ കഥാപാത്രങ്ങളെക്കൊണ്ടു മനുഷ്യലോകം മുഴുവനും മനോമുകുരത്തിൽ പ്രതിഫലിപ്പിച്ചു കാണിക്കുന്നു. ഓരോ കഥയും ഓരോ വലിയ നോവലാകുന്നു."

ചെറുകഥകളിലെപ്പോലെ നോവൽനിർമ്മാണത്തിൽ ടാഗോറിനു വേണ്ടത്ര പ്രാവീണ്യം പ്രദർശിപ്പിക്കുവാൻ സാധിച്ചിട്ടില്ലെന്നു പറയേണ്ടി

യിരിക്കുന്നു. ഗോറാ മുതലായ നോവലുകൾ സാഹിത്യഗുണത്തിൽ കുറെ പിന്നോക്കം നിൽക്കുന്നവയാണെന്നു പലരും അഭിപ്രായപ്പെടുന്നു.

ഒരു കവിയും കാഥികനും എന്നതുപോലെതന്നെ ടാഗോർ ഒരു ഒന്നാന്തരം പ്രാസംഗികനും നിരൂപകനും കൂടിയാകുന്നു. അദ്ദേഹം അമേരിക്കയിലും ഇംഗ്ലണ്ടിലുംവച്ചു ചെയ്ത ഗംഭീരങ്ങളായ പ്രസംഗങ്ങളുടെ ഒരു സമാഹാരമാണു 'സാധന'യെന്ന സൽകൃതിരത്നം. പാശ്ചാത്യപൌരസ്ത്യാദർശങ്ങൾ, ജീവിതോദ്ദേശം, യഥാർത്ഥപരിഷ്കാരം മുതലായ വിവിധവിഷയങ്ങളെ പുരസ്കരിച്ചു വിമർശപരമായ കുശാഗ്രബുദ്ധിയോടുകൂടി അദ്ദേഹം അതിൽ പുറപ്പെടുവിച്ചിട്ടുള്ള ഗംഭീരാശയങ്ങൾ ഭാരതീയസാഹിത്യത്തിലെ ഒരു ജ്ഞാനഭണ്ഡാഗാരംതന്നെയാകുന്നു. മറെറങ്ങും കാണാത്തതായ ഒരു നവചൈതന്യവും വാഗ്വിലാസവും ആണ് അദ്ദേഹത്തിന്റെ പ്രസംഗപ്രബന്ധപരമ്പരകളെ ആമൂലാഗ്രം അത്യന്തഹൃദ്യമാക്കിത്തീർത്തിരിക്കുന്നതു്. ടാഗോർ, കവികളുടെ ഒരു കവിയും അവരുടെ ഒരു നിരൂപകനുംകൂടിയാണെന്നുള്ളതു് ഇതരകവികളെ അപേക്ഷിച്ചു് അദ്ദേഹത്തിനുള്ള ഒരു വിശേഷയോഗ്യതയാണ്. എത്രയെത്ര ആലോചിച്ചാലും അറുതിവരാത്ത ആശയങ്ങളുടെ ഒരു നിക്ഷേപമാകുന്നു ടാഗോറിന്റെ കവിതാനിരൂപണം. ഭാരതീയസാഹിത്യത്തിന്റെ വിജയപതാകകളായ ഭാരതരാമായണാദിഗ്രന്ഥങ്ങളും കാളിദാസകൃതികളും അദ്ദേഹത്തിന്റെ നിരൂപണദൃഷ്ടിക്കു വിഷയീഭവിച്ചിട്ടുണ്ട്. നിരവധിനിരൂപകന്മാർ അനേകശതാബ്ദങ്ങളായി ചികഞ്ഞുനോക്കി സത്തെടുത്തുകൊണ്ടിരിക്കുന്ന ഈ മഹാഗ്രന്ഥങ്ങൾ ടാഗോറിന്റെ ഗൃദ്ധ്രനേത്രനിരീക്ഷണത്തിൽ അതുവരെ ആരും കണ്ടുപിടിക്കാത്ത നവീനാശയങ്ങളുടെ പേടകങ്ങളായി കാണപ്പെടുന്നു. അവ ചമൽക്കാരപരിപൂർണ്ണതയോടെ കവിയുടെ മധുരമഞ്ജുളമായ സംഗീതഭാഷയിൽ പൊന്തിവരുന്നതു കാണേണ്ട ഒരു കാഴ്ചതന്നെയാണ്. ശാകുന്തളത്തെയും കുമാരസംഭവത്തെയും നിരൂപണം ചെയ്യുമ്പോൾ അദ്ദേഹം ഇപ്രകാരം പറയുന്നു. "മോഹം നാശത്തിനു കാരണമാകുമെന്നും സൌന്ദര്യം അഭംഗുരമാകണമെങ്കിൽ അതു ധർമ്മത്തെ അവലംബിക്കണമെന്നും ശ്രേഷ്ഠതമമായ പ്രേമം ശാന്തവും സംസ്കൃതവും ഉദാരവും ആയതാണെന്നും ഉച്ഛൃംഖലമായ കാമം സൌന്ദര്യത്തെ അതിവേഗത്തിൽ ഹീനമാക്കുന്നു എന്നും സൌന്ദര്യത്തിന്റെ വാസ്തവമായ അനുഭവയോഗ്യത സംയമനത്തിലാണ് അടങ്ങിയിരിക്കുന്നതെന്നും കാളിദാസൻ മേൽപറഞ്ഞ രണ്ടു കാവ്യങ്ങളിൽ പ്രത്യക്ഷമായി പ്രദർശിപ്പിക്കുന്നു. ഭാരതഖണ്ഡത്തിലെ ഈ പ്രാചീനകവി പ്രേമത്തിന്റെ മഹിമ കാമവികാരമാണെന്നു് ഒരിക്കലും സമ്മതിക്കുന്നില്ല. അതിന്റെ ഉൽകൃഷ്ടപരിണാമം നന്മയാണെന്നു് ഉൽഘോഷിക്കുകയും ചെയ്യുന്നു. കാളിദാസന്റെ സൌന്ദര്യാനുഭോഗങ്ങളുടെ സ്വച്ഛന്ദവിഹാര

ങ്ങൾക്കിടയിൽ ഭോഗങ്ങളോടുള്ള വൈരസ്യവും തെളിഞ്ഞുകിട്ടുന്നുണ്ടു്. മഹാഭാരതം ഒരേസമയത്തു കമ്മത്തേയും സവ്വസംഗപരിത്യാഗത്തേയും ഉപദേശിക്കുന്ന ഒരു ഇതിഹാസമായിരിക്കുന്നപോലെ കാളിദാസനും സൌന്ദര്യ്യവിലാസങ്ങളെപ്പോലെ വൈരാഗ്യത്തേയും കാവ്യനാടകങ്ങൾവഴിയായി ഉപദേശിക്കുന്നു. കാളിദാസന്റെ ഓരോ പദ്യവും മുത്തുമണിപോലെ ദീപ്തവും മുഴുവൻകാവ്യം മുക്താഹാരംപോലെ മനോഹരവുമാകുന്നു".

ടാഗോറിന്റെ ഈ മാതിരി നിരൂപണങ്ങൾതന്നെ ഓരോ ഉത്തമകാവ്യമാണെന്നു പറയാം. അദ്ദേഹം ഏതുവിഷയത്തെപ്പററി എന്തുപറഞ്ഞാലും അതിന് ഒരു പ്രത്യേകജീവനും വൈചിത്ര്യവും വന്നുചേരുന്നു. ഇങ്ങിനെ സാഹിത്യരംഗത്തിൽ ഏതുവേഷവും സ്വീകരിച്ചു വിജയം നേടുന്നതിനുള്ള സവ്വതോമുഖമായ സാമത്ഥ്യം സമ്പാദിച്ച മഹാകവികൾ ഇൻഡ്യയിൽ അധികം അവതരിച്ചിട്ടില്ല. എന്നുമാത്രമല്ല സാഹിത്യത്തിന്റെ നാനാശാഖകളിലായി ഇത്രയും പ്രശസ്തകൃതികളും പ്രബന്ധങ്ങളും ഒരു കവിയിൽനിന്നും ലഭിച്ചിട്ടുണ്ടോയെന്നും സംശയമാണു്.

ടാഗോറിന്റെ സാഹിത്യത്തിൽ പൊതുവെ കാണുന്ന ഗാംഭീര്യം അദ്ദേഹത്തിന്റെ അഗാധമായ തത്വചിന്തയിൽനിന്നും ആത്മബോധത്തിൽനിന്നും വന്നതാകുന്നു. ഒരു യഥാത്ഥകവി ഒരു തത്വജ്ഞാനികൂടി ആയിരിക്കുമെന്നതിനു ടാഗോർകവിത ഉദാഹരണമാണു്. വേദാന്തതത്വങ്ങളുടെ കവിതാരസം കലന്ന സമ്മേളനം പ്രസ്തുതസാഹിത്യത്തിൽ സവ്വത്ര പ്രത്യക്ഷപ്പെടുന്നുണ്ടു്. ടാഗോർകൃതികൾ ഉപനിഷത്തുകളുടെ ഒരു രമണീയവ്യാഖ്യാനമാണെന്നു പറയുന്നതും ഇതുകൊണ്ടത്രെ. ജീവിതതത്വനിരൂപണത്തിൽ സൂക്ഷ്മദശിയായ ഒരു താത്വികനാണു ടാഗോർ. ഈശ്വരൻ, പ്രപഞ്ചം, ആത്മാവു്, മരണം തുടങ്ങിയ ഗഹനവിഷയങ്ങളെക്കുറിച്ച് തികഞ്ഞ സാഹിത്യഭാഗിയോടുകൂടി അദ്ദേഹം പരിചിന്തനം ചെയ്തിട്ടുണ്ടു്. നാം ക്ഷണികമെന്നു ഭ്രമിച്ചു ഭയപ്പെടുന്ന ഈ ജീവിതം വാസ്തവത്തിൽ നിത്യതയുടേയും പൂണ്ണതയുടേയും ഒരു പ്രതിഫലനമാണെന്നു് അദ്ദേഹം സമത്ഥിക്കുന്നു. മരണമെന്നതു് മനുഷ്യജീവിതത്തെ ഗ്രസിച്ചുകളയുന്ന ശൂന്യമായ ഒരു കൊടിയ പിളപ്പല്ലെന്നും അതിന്റെ ഭയങ്കരരൂപം അന്ധമായ മനസ്സിന്റെ ഒരു കൃത്രിമസൃഷ്ടിമാത്രമാണെന്നും ആണു് കവി ഉപദേശിക്കുന്നതു്. "മൃത്യുദേവതേ! നീ ശാശ്വതമായ പൂണ്ണതയാകുന്നു. ഈ ലോകം ഒരു ശിശുവിനെപ്പോലെ നിന്റെ ഭുജങ്ങളിൽ എന്നന്നേക്കുമായി വിശ്രമിക്കുന്നു" എന്നിങ്ങനെ ഒരു ഘട്ടത്തിൽ കവി ഗാനംചെയ്യുന്നുണ്ടു്.

ഇംഗ്ലീഷിൽ 'മിസ്റ്റിസിസം' (Mysticism) എന്നു പറയുന്ന മേൽകാണിച്ച രീതിയിലുള്ള അതിസൂക്ഷ്മമായ ആത്മീയവിചാരവും അതിനെ ധ്വന്യന്തരേണ പ്രകാശനംചെയ്യുന്ന സിംബോളിസം (Symbolism) എന്നു പറ

യുന്ന ഒരുതരം അർത്ഥാലങ്കാരധ്വനിരൂപങ്ങളും ആണു ടാഗോർകവിതയുടെ ജീവനാഡിയായി നിലകൊള്ളുന്നതു്. എല്ലാ കൃതികളിലും സാർവ്വത്രികമായി കാണുന്ന ഈ സ്വഭാവവിശേഷം ടാഗോർകവിതയുടെ ആസ്വാദനത്തിനു പ്രതിബന്ധമായി ആൎക്കെങ്കിലും തോന്നുന്നുണ്ടെങ്കിൽ, അതിനു് അവരെത്തന്നെ കുററപ്പെടുത്തിയാൽമതി. കവിതാകാമിനിയുടെ ബാഹ്യാഡംബരങ്ങളിൽ മാത്രം ദത്തദൃഷ്ടികളായിട്ടുള്ളവൎക്കു് അവളുടെ അനർഘസൂക്തികൾ അർത്ഥമില്ലാത്ത ഭ്രാന്തജല്പനകളായി തോന്നിയേക്കാം. ഗീതാഞ്ജലിതുടങ്ങിയ ഗ്രന്ഥങ്ങളിൽനിന്നും വെറും പാണ്ഡിത്യബലംകൊണ്ടു കവിതാരസം പിഴിഞ്ഞെടുക്കാമെന്നു വിചാരിക്കുന്നതു മൌഢ്യമാണു്. നല്ല ഹൃദയശുദ്ധിയും ചിന്താവാസനയും ഈശ്വരഭക്തിയുംകൂടി ഉള്ള സഹൃദയന്മാൎക്കേ അതു ക്ഷിപ്രസാധ്യമാകൂ. ടാഗോർകവിതയെന്നു പറയുന്നതു വെറും വാഗർത്ഥങ്ങളുടെ ഒരു യോജനയല്ല. ചിന്താഭാസുരമായ ഭാവനാലോകത്തിലിരുന്നു് അദൃശ്യനായ ഈശ്വരന്റെ പാദപത്മങ്ങളിൽ കവി ചെയ്യുന്ന ആത്മാരാധനയുടെ ഒരു വാഗ്രൂപമാകുന്നു അതു്. മനസ്സിന്റെ രാജസതാമസവൃത്തികൾ പ്രബലപ്പെട്ടിരിക്കുമ്പോൾ ആ പരിശുദ്ധക്ഷേത്രത്തിൽ പ്രവേശിക്കുന്നതു നിരാശയോടെ പിന്തിരിയുവാൻവേണ്ടി മാത്രമായിരിക്കും. യാതൊരു അർത്ഥവിചാരവുംകൂടാതെ പ്രകൃതിദേവിയും പുഞ്ചിരിപ്പൂനിലാവും മഴക്കാറും മഴവില്ലും മിന്നലും മിന്നാമിനുങ്ങുമൊക്കെ കൂട്ടിയിണക്കിയാൽ ടാഗോർകവിതയായെന്നുകരുതി ആ മട്ടു പിടിച്ചു് സൃഷ്ടിചെയ്യുന്ന സമ്പ്രദായം മലയാളത്തിൽ അടിയുറപ്പിച്ചുവരുന്നതുകണ്ടു് പലരും നെററിചുളിക്കുന്നുണ്ടെന്ന സംഗതി ഈയവസരത്തിൽ മറച്ചുവയ്ക്കത്തക്കതല്ല. ഏതു നല്ല കാര്യത്തിനായാലും നിരങ്കുശമായ അതിരററ അനുകരണം പരിഹാസകരമായി കലാശിച്ചേക്കും.

ഇതരദേശീയർ ഇന്നു് ഇൻഡ്യയെ അതിന്റെ ശരിയായ രൂപത്തിൽ കാണുന്നതു ടാഗോർകൃതികളിൽകൂടിയിട്ടാകുന്നു. അവയിൽ സർവ്വപ്രധാനമായി പ്രതിഫലിക്കുന്ന ദേശീയത്വം മാതൃഭൂമിയോടുള്ള ടാഗോറിന്റെ നിഷ്കളങ്കമായ ഭക്തിയിൽനിന്നും ഉത്ഭവിച്ചതും അതിന്റെ നിരുപമമായ മാഹാത്മ്യത്തെ തുറന്നുകാണിക്കുന്നതും ആകുന്നു. 'ജനനീജന്മഭൂമിശ്ച സ്വർഗ്ഗാദപിഗരീയസി' എന്ന തത്വം അദ്ദേഹം അക്ഷരംപ്രതി അനുവർത്തിച്ചുകൊണ്ടാണു ജീവിച്ചുപോരുന്നതു്. മാതൃഭൂമിയുടെ സ്വാതന്ത്ര്യത്തിനായി നിമിഷംപ്രതി പ്രാർത്ഥിച്ചും ലോകത്തിനു വെളിച്ചം കൊടുത്തിരുന്ന അവിടത്തെ പ്രാചീനാദർശങ്ങളെ നിരന്തരം കീർത്തിച്ചും അങ്ങോട്ടു് അന്യദേശീയരെ ആകർഷിച്ചും അദ്ദേഹം ഉൽകണ്ഠാകുലനായി സ്ഥിതിചെയ്യുന്നു. ഇൻഡ്യയുടെ ഹൃദയം തുടിക്കുന്നതു് ഈ ഗായകകവിയുടെ കമനീയവീണയിൽനിന്നും കേൾക്കുന്ന നാദത്തിൽകൂടിയിട്ടാണു്. അദ്ദേഹത്തിന്റെ ദേശീയഗാ

നങ്ങൾ ബദരീനാഥം മുതൽ കുമാരീക്ഷേത്രംവരെ പ്രതിധ്വനിച്ച നാട്ടുകാരെ തട്ടിയുണൎത്തി മുന്നോട്ടു പായിക്കുന്നു. 'എവിടെ മനസ്സ് നിൎഭയമാകുന്നുവോ' ('Where the mind is with out fear') എന്നു തുടങ്ങുന്ന പ്രോജ്വലമായ പ്രാൎത്ഥന ഏതൊരു ഇൻഡ്യക്കാരനെയാണു രോമാഞ്ചകഞ്ചുകിതനാക്കാത്തതു്!. ഭാരതീയാദൎശങ്ങൾ മനസ്സിലാക്കുക! അവയിൽനിന്നും വ്യതിചലിക്കാതെ കാലോചിതമായ പരിഷ്കാരം സ്വീകരിച്ചു് ആത്മബോധത്തോടുകൂടി ജീവിക്കുക. പുരാതനയതീശ്വന്മാരുടെ വംശപരമ്പരയിൽപെട്ടവനാണെന്നു അനുമാനിച്ചു് മാതൃഭൂമിയുടെ മാനം പുലൎത്തുക. ഇതാണു ശാന്തിനികേതനത്തിലെ മഹൎഷിയും മഹാകവിയുമായ ആ പുണ്യപുരുഷന്റെ സന്ദേശം. ഇതിന്റെ അദ്ധ്വിചാരമാണു് അദ്ദേഹത്തിന്റെ സാഹിത്യം. ഭാരതീയരായി ജീവിക്കണമെന്നുള്ളവർ അതു വായിക്കുകയും പഠിക്കുകയും ചെയ്യണമെന്നു പ്രാൎത്ഥിച്ചുകൊണ്ടു് കേവലം ഒരു ദിങ്മാത്രപ്രദൎശനമായ ഈ സാഹിത്യവിചാരത്തിൽനിന്നും വിരമിച്ചുകൊള്ളുന്നു.

---

# വിദ്യാഭ്യാസത്തിൽ നാടകത്തിനുള്ള സ്ഥാനം

---

(സി. ജി. അനന്തൻപിള്ള. ബി. എ.)

കുട്ടികൾ ബാല്യകാലം മുതല്ക്കുതന്നെ വിനോദങ്ങളിൽ അഭിരുചിയുള്ളവരായി കാണപ്പെടുന്നു. നാടകം കാണുന്നതും മററും അവൎക്കു വളരെ പ്രിയമായിട്ടുള്ളതാണു്. എന്നാൽ അവരുടെ രക്ഷാകൎത്താക്കന്മാൎക്കു് അതു് ഇഷ്ടമല്ല. രക്ഷാകൎത്താക്കന്മാരുടെ ബാല്യകാലത്തു് അവർ ഒളിച്ചും ഒളിക്കാതെയും പല നാടകരംഗങ്ങളും സന്ദൎശിച്ചിട്ടുണ്ടെങ്കിലും പ്രായമായാൽ ആ സംഗതി വിസ്മരിച്ചുകളയുന്നു. കുട്ടികൾക്കു നാടകം കാണണമെന്നോ മറേറാ പറഞ്ഞാൽ 'കിരിയാത്തു കഷായമോ' 'തിക്തകം നെയ്യോ' കഴിക്കുന്നതുപോലെയാണു്; അവർ കണ്ണുരുട്ടിത്തുടങ്ങും. കുട്ടികൾ ഒളിച്ചു പോയാൽ, 'പ്രഹരാദികഷായ'വുമായി. നമ്മുടെ സമുദായത്തിന്റെ സ്ഥിതി ഇങ്ങനെയിരിക്കെ, കുട്ടികളുടെ വിദ്യാഭ്യാസവിഷയത്തിൽ നാടകത്തിനും അതിപ്രാധാന്യമായ ഒരു സ്ഥാനമുണ്ടെന്നു പറയുകയാണെങ്കിൽ ആക്ഷേപിക്കുവാൻ പലരുമുണ്ടായിരിക്കുമെന്നു് എനിക്കറിയാം. നമ്മുടെ രാജ്യത്തിൽ വിദ്യാവിഹീനരായി പ്രായപൂൎത്തി വന്നിട്ടുള്ളവർ വളരെ പേരുണ്ടു്. അവരുടെ വിദ്യാഭ്യാസാൎത്ഥം ഒരു നാടകസഭ ഏൎപ്പെടുത്തണമെന്നു പ്രസ്താവിക്കുകയാണെങ്കിൽ എന്റെ അഭിപ്രായത്തെ പ്രതിഷേധിക്കുവാനും പലരുമുണ്ടായേക്കാം. ഒരു വിദേശീയാധിപത്യത്തിനു കീഴ്പ്പെട്ടിട്ടുള്ള നമ്മുടെ മഹാരാജ്യത്തിന്റെ വിദ്യാഭ്യാസവിഷയത്തിൽ ആ വിദേശ

രാജ്യം അത്ര കാര്യമായി ശ്രദ്ധിച്ചിട്ടില്ല; ശ്രദ്ധിക്കുന്നുമില്ല. ഇനി ശ്രദ്ധിക്കുമോ എന്നും കണ്ടറിയേണ്ടിയിരിക്കുന്നു. നമ്മുടെ വിദ്യാഭ്യാസവിഷയത്തിൽ വിദേശീയഭരണാധികാരികൾക്കു ശ്രദ്ധിച്ചിട്ടു വലിയ കാര്യമൊന്നും ഉണ്ടെന്നും തോന്നുന്നില്ല. പ്രയോജനശൂന്യമായ ഈ വിദ്യാഭ്യാസം ഇത്ര കുറച്ചു മാത്രം നൾകിയിട്ടുപോലും 'സ്വരാജ്യം,' 'ഖിലാഫത്തു്' എന്നും മററും പറഞ്ഞു ലഹളക്കൂട്ടുന്ന സ്ഥിതിക്കു ശരിയായ വിദ്യാഭ്യാസം നൾകിയാലുണ്ടാകുന്ന ഫലമെന്താണു്? നിർബ്ബന്ധിതവിദ്യാഭ്യാസത്തേയും പ്രാഥമികവിദ്യാഭ്യാസത്തേയും പററി ഭരണാധികാരികളും നാട്ടുകാരും വളരെ പ്രസംഗിക്കുന്നുണ്ടെങ്കിലും ഒന്നും ചെയ്തുകാണുന്നില്ല. നാട്ടുകാരാകട്ടെ, വിദേശീയഭരണാധികാരികളാകട്ടെ വിദ്യാഭ്യാസവിഷയത്തിൽ ആശാസ്യമായ ശ്രദ്ധ പ്രദർശിപ്പിക്കാതിരിക്കുന്നതു നമുക്കു ഒട്ടുംതന്നെ ക്ഷേമകരമല്ല. ഇന്നു ഇൻഡ്യക്കു് അത്യാവശ്യമായിട്ടുള്ളതു ശരിയായ വിദ്യാഭ്യാസമാണു്.

നല്ല സാമർത്ഥ്യവും പ്രതിഭയും ഉള്ള ഒരു അദ്ധ്യാപകൻ ഒരു പൂർവ്വകാലസംഭവത്തെപ്പററി പറയുന്നതിനു പകരം കുട്ടികളെക്കൊണ്ടു് ആ കഥ അഭിനയിപ്പിച്ചു യഥാർത്ഥമായി തോന്നിപ്പിക്കുകയാണെങ്കിൽ നിർജ്ജീവമായ ഭൂതകാലം സജീവമായ വർത്തമാനകാലമായി പരിണമിക്കുന്നതാണു്. അതിനാൽ ചെറുപ്പകാലം മുതല്ക്കുതന്നെ കുട്ടികളെക്കൊണ്ടു നാടകം അഭിനയിപ്പിച്ചു നാടകാഭിരുചിയുണ്ടാക്കുന്നതു് എല്ലാ വിദ്യാലയങ്ങളുടേയും കാര്യപരിപാടിയുടെ ഒരു പ്രധാന വിഭാഗമാകണം. ബാല്യകാലം മുതല്ക്കുതന്നെ ആരംഭിച്ചില്ലെങ്കിൽ അവൎക്കു് അനന്തരകാലത്തിൽ അതിനോടു വെറുപ്പു തോന്നാനാണു് എളുപ്പം. ഒരു വിദ്യാലയത്തിലുള്ള എല്ലാ വിദ്യാർത്ഥികളും നടന്മാരായിരിക്കണമെന്നല്ല ഞാൻ പറയുന്നതു്. അഭിരുചിയും വാസനയുമുള്ളവരെ തദ്വിഷയത്തിൽ ഉത്സാഹിപ്പിക്കണമെന്നാണു്. വാർഷികദിനമോ അതുപോലെയുള്ള മററു വിശേഷസന്ദർഭങ്ങളോ നാടകങ്ങൾ അഭിനയിക്കാതെ വിട്ടുകളഞ്ഞുകൂടാ. എന്നാൽ നമ്മുടെ ഇടയിലുള്ള പല പ്രഥമാദ്ധ്യാപകന്മാരും പാഠശാലയിൽ ഉണ്ടാകാവുന്ന ചില ആഘോഷങ്ങളിൽ വല്ല പ്രഹസനങ്ങളോ മറേറാ അഭിനയിപ്പിക്കുന്നതിൽ വളരെ വൈമുഖ്യം ഉള്ളവരായി കാണപ്പെടുന്നു. പെൺപാഠശാലകളായാൽ പിന്നെ പറയാനുമില്ല. എങ്കിലും ചില പെൺപാഠശാലകളിൽ കുട്ടികളെ ആൺകുട്ടികളുടെ വേഷം കെട്ടിച്ചു നട്ടുച്ചക്കു കതകുമടച്ചിരുന്നു പെണ്ണുങ്ങളുടെ മുമ്പാകെ മാത്രം തുള്ളിക്കാറും ഇല്ലെന്നില്ല.

ഇനി നമുക്കു കുട്ടികളുടെ പ്രായത്തിനൊത്ത നാടകങ്ങൾ തിരഞ്ഞെടുക്കേണ്ടതിനെപ്പററിയാണു് ആലോചിക്കുവാനുള്ളതു്. ഏതു തരത്തിലുള്ള കഥകളാണു കുട്ടികൾക്കു യോജിക്കുന്നതു്? പ്രായപൂർത്തിവന്നിട്ടുള്ളവൎക്കു് ഏതുതരം കഥകളാണു യോജിക്കുന്നതു്? പ്രഹസനങ്ങളും ചെറിയ

നാടകങ്ങളും ബാലമനസ്സുകളെ സന്തോഷിപ്പിക്കുകയും, ഭാവനാശക്തിയെ ഉദ്ദീപിപ്പിക്കുകയും ചിന്തകളെ ഉളിപ്പിക്കുകയും ചെയ്യുന്നതാണ്. ചരിത്രസംഭവങ്ങൾ, വീരകഥകൾ, സാമുദായികനാടകങ്ങൾ മുതലായവ കുട്ടികൾക്കു യോജിച്ചവയാണ്. ദുഃഖപര്യവസായിയും ശുഭപര്യവസായിയും വിലയേറിയ സന്മാർഗ്ഗികതത്വങ്ങളടങ്ങിയതും സമുദായത്തിലുള്ള അന്ധവിശ്വാസങ്ങളേയും ആപൽകരങ്ങളായ ദുരാചാരങ്ങളേയും അവഹേളിക്കുന്നതും ആയ നാടകങ്ങൾ മുതലായവ പ്രായം ചെന്നവക്കും യോജിച്ചവയാണ്.

നാടകങ്ങൾ എങ്ങനെയാണു നടത്തേണ്ടത് എന്നതിനെപ്പററിയാണ് ഇനി നമുക്കു ചിന്തിക്കുവാനുള്ളത്. അതും എളുപ്പമാണ്. വിദ്യാലയഭരണകർത്താക്കൾ ശാസ്ത്രശാലകൾക്കും കായികാഭ്യാസോപകരണങ്ങൾക്കും വേണ്ടി പണം ചിലവാക്കുവാൻ സന്നദ്ധരാണെങ്കിൽ സമുദായത്തിൽ കുട്ടികളെ ഒരടികൂടി ഉയർത്തുന്നതിനുപകരിക്കുന്ന ഈ വിഷയത്തിലും ആണ്ടുതോറും അല്പം പണം ചിലവാക്കാത്തതെന്തുകൊണ്ടാണ്? സാധാരണ നാടകക്കാർ ഉപയോഗിക്കുന്ന വിലയേറിയതും മോടിയുള്ളതുമായ സാമഗ്രികൾ നമുക്കാവശ്യമില്ല. അനാഡംബരമായ വസ്ത്രധാരണം കുട്ടികൾക്കു മതിയാവുന്നതാണ്. ചന്തയിൽ കിട്ടുന്ന പൌഡറോ, മററു ചായങ്ങളോ വാങ്ങി നമ്മുടെ കുട്ടികളുടെ മുഖം വികൃതമാക്കേണ്ട ആവശ്യമില്ല. അവരുടെ യഥാർത്ഥവേഷത്തിൽ പ്രത്യക്ഷപ്പെട്ടുകൊള്ളട്ടെ. യോജിച്ച നടന്മാരെ തിരഞ്ഞെടുക്കുന്നതിൽ മാത്രം ശ്രദ്ധിച്ചാൽ മതി. പ്രായമായവക്ക് അവരുടെ സാമ്പത്തികസ്ഥിതിയനുസരിച്ചു പണം ചിലവാക്കുവാൻ അറിയാമായിരിക്കുമല്ലോ. നാടകോപകരണങ്ങൾ വാങ്ങുന്നതിനായി ഓരോ വിദ്യാലയവും ഓരോ കൊല്ലത്തിലും ഓരോ തുക നീക്കിവെയ്ക്കേണ്ടതാണ്.

നമ്മുടെ സമുദായത്തിനു നാടകത്തോടുള്ള അതൃപ്തിയുടെ കാരണങ്ങൾ മനസ്സിലാക്കുവാൻ പ്രയാസമില്ല. അതിനുള്ള പ്രധാന കാരണം നാടകത്തിലേർപ്പെട്ടിട്ടുള്ള ആളുകൾ തന്നെയാണ്. സംഗീതത്തിൽ അല്പമായ വാസനയുണ്ടെന്നു ഭാവിച്ചു മൂളിപ്പാട്ടും പാടിക്കൊണ്ടു നടക്കുന്ന ഒരു കൂട്ടം ആളുകളെയാണ് ഇന്നത്തെ നാടകരംഗങ്ങളിൽ അധികമായി കാണുന്നത്. അവക്കു സ്വഭാവനന്മയോ, മനസ്സാക്ഷിയോ, അഭിമാനമോ ഒന്നുമില്ല. വായനയോ എഴുത്തോ അറിയാൻ പാടില്ലെങ്കിലും അവിടെയും ഇവിടെയും അലഞ്ഞു നടന്ന് അനുഭവത്തിൽനിന്നും ചിലതെല്ലാം മനസ്സിലാക്കിക്കൊണ്ട് ഒരു കൂട്ടർ നാടകത്തിൽ പ്രവേശിച്ചു തുടങ്ങി. അവരുടെ ഗാനം കർണ്ണാരുന്തുദവും സംഭാഷണം ആഭാസകരവുമായിരുന്നു. സമുദായത്തെ ഉയർത്തുന്നതിനേക്കാൾ ജനങ്ങളെ പ്രീതിപ്പെടുത്തി പണം പിടുങ്ങു

നത്തിലാണു് അവർ പ്രമുഖത കാണിച്ചിരുന്നതു്. സന്മാൎഗ്ഗം അതിന്റെ അഭാവത്താൽ പ്രധാനമായിരുന്നു. പരിസരങ്ങൾ അയഥാൎത്ഥവും പ്രകൃതിവിരുദ്ധവുമായിരുന്നു.

എന്നാൽ ഇപ്പോൾ ഒരു പരിവൎത്തനം കണ്ടുതുടങ്ങിയിരിക്കുന്നു. അനവധി നാടകസംഘക്കാരുടെ പേരുകൾ നാം കേട്ടു തുടങ്ങിയിരിക്കുന്നു. മദിരാശിയിലും മററും വിദ്യാഭ്യാസം സിദ്ധിച്ചിട്ടുള്ളവരുടെ രക്ഷാധികാരത്തിലും നേതൃത്വത്തിലും ചില നാടകസംഘങ്ങൾ ആരംഭിച്ചിട്ടുണ്ടു്. അടുത്ത ഭാവിയിൽതന്നെ മററു സംഘങ്ങളും ഉണ്ടായി നിന്ദാൎഹരായ നാടകാഭിനയക്കാരെ ഓടിച്ചു് നമ്മുടെ ഭാരതഭൂമിയെ പരിശുദ്ധമാക്കുമെന്നു നമുക്കു വിശ്വസിക്കാം. അല്പജ്ഞരും ഹീനസ്വഭാവക്കാരുമായ ഒരു കൂട്ടം ആളുകൾ നാടകരംഗത്തുവരുന്നതിനു പകരം വിദ്യാഭ്യാസം സിദ്ധിച്ചിട്ടുള്ളവരും സ്ഥാനവും മാനവുമുള്ളവരും ആയ യുവജനങ്ങൾ മുന്നോട്ടു വന്നു രംഗത്തു പ്രവേശിച്ചു്, രാജ്യസേവനാൎത്ഥം സമുദായത്തെ ഉയൎത്തി ക്ഷേമത്തെ പ്രദാനം ചെയ്യട്ടെ. അപ്പോൾ നമ്മുടെ സമുദായത്തിനു നാടകത്തോടുള്ള വെറുപ്പു നീങ്ങുന്നതാണു്.

ഇതെല്ലാം വിദ്യാലയങ്ങളിലെ കുട്ടികളിൽ— ഇൻഡ്യയിലെ ഭാവിപൌരന്മാരിൽ— നാടകാഭിരുചിയുണ്ടാക്കിയാലെ സാധിക്കൂ. തൃശ്ശിനാപ്പള്ളിയിലെ സെൻറ് ജോസഫ്സ് കാളേജിലെ സുപ്രസിദ്ധമായ "ലാലിഹാളി"ൽ മനോഹരമായ ഒരു നാടകരംഗമുണ്ടു്. രണ്ടു മൂവ്വായിരം ആളുകൾക്കു് ഇരിക്കാവുന്ന ആ ക്ലാസ്സു മുറിയുടെ ഒരററത്താണു് ആ നാടകരംഗം സ്ഥിതി ചെയ്യുന്നതു്. ആ മുറിക്കകത്തു പ്രവേശിച്ചാൽ ഏവനും ഉന്മേഷവും സന്തോഷവും ഉണ്ടാകുന്നതാണു്. അങ്ങനെയുള്ള നാടകരംഗങ്ങൾ എല്ലാ വിദ്യാലയങ്ങളിലും ഉണ്ടായിരിക്കേണ്ടതാണു്. വിദ്യാഭ്യാസം സിദ്ധിച്ചിട്ടുള്ളവരുടെ ഇടയിൽ തൊഴിലില്ലായ്മ വൎദ്ധിച്ചിരിക്കുന്ന ഇക്കാലത്തു വിദ്യാലയങ്ങളിൽ നാടകാഭിനയവുംകൂടി പഠിപ്പിച്ചാൽ അതു വളരെ പ്രയോജനകരമായിത്തീരുന്നതാണു്. സംഗീതകലയ്ക്കും പ്രോത്സാഹനവും ലഭിക്കുമല്ലോ.

## പുരാണരത്നങ്ങൾ.

### സീത.

(ചേലനാട്ടു് അച്യുതമേനോൻ. ബി. എ.)

ലോകത്തിലുള്ള മഹാഗ്രന്ഥങ്ങളിൽവെച്ചു് എല്ലാംകൊണ്ടും മേലേക്കിടയായി നില്ക്കുന്ന ഒന്നാണു രാമായണം. ആദികവിയുടെ ആവേശ

ത്തിൻെറ സന്താനമായാലും ഭാരതീയരുടെ ഭാഗ്യത്തിൻെറ സൽഫലമായാലും അന്നും ഇന്നും അതിൻെറ മേന്മക്കു യാതൊരു കുറവും വന്നിട്ടില്ല. വാത്മീകിരാമായണം ലോകരംഗത്തിൽ അവതരിച്ചതിന്നു ശേഷം എന്തെല്ലാം മാററങ്ങളും വിപ്ലവങ്ങളും, പരിവർത്തനങ്ങളും ഉണ്ടായിക്കഴിഞ്ഞു. എത്ര മഹാത്മാക്കൾ തത്വോപദേശം ചെയ്തു മായായവനികക്കുള്ളിൽ മറഞ്ഞു. എത്ര ലോകാധിപന്മാർ കാലത്തിനൊത്ത കോലംകെട്ടി, ചൊല്ലിയാടി, കലാശം ചവുട്ടി. കാണാനും കേൾക്കാനും നിവൃത്തിയില്ലാതെ ഈ പ്രപഞ്ചത്തിൻെറ നാനാഭാഗങ്ങളിലും ഇഷ്ടംപോലെ കഴിഞ്ഞുകൂടിയിരുന്ന ലക്ഷോപിലക്ഷം ജനങ്ങളെ ഒന്നിച്ചു ചേർത്ത് എത്ര മഹായോഗങ്ങൾ ഭുവനസംരക്ഷണത്തിന്നായി കാഹളം മുഴക്കി. എത്ര മഹാശക്തികൾ കൂട്ടിമുട്ടി ലോകരഹസ്യം സ്വാധീനമാക്കാൻ നിരന്തരപരിശ്രമം ചെയ്തു. ഈ കലാപകോലാഹലങ്ങളെല്ലാം കഴിഞ്ഞതിന്നു ശേഷവും അന്നത്തെ കലാനാഥൻ ഇന്നും കലാധിപതിതന്നെ. അന്നത്തെ കർമ്മസാക്ഷി ഇന്നും ഉദയാസ്തമനാദികൾ നിർവ്വഹിച്ചുവരുന്നു. അന്നത്തെ രാമായണവും ഉദയത്തിലുണ്ടായ പ്രകാശത്തിന്നു കുറവോ മറവോ കൂടാതെ ഇന്നും പരിലസിക്കുന്നു. പരിഷ്കാരത്തിൻെറ പരമകാഷ്ഠയിലെത്തിയെന്ന് അഭിമാനിക്കുന്ന നമുക്കും രാമായണത്തിൽ പ്രതിഫലിച്ചു കാണുന്ന സംസ്കാരവിശേഷം ഇന്നും ഒരാദർശമായിതന്നെ ഇരിക്കുന്നു.

രാമരാവണാദികൾ നമ്മെ ആശ്ചര്യപരവശരാക്കുന്നുണ്ടെങ്കിൽ സീതാദേവി നമ്മുടെ ഭക്തിബഹുമാനാനുകമ്പയ്ക്ക് ഏകപാത്രമായി വിലസുന്നുണ്ട്. ഭൂമിയിൽ ആ സുചരിത്രയെ ഗർഭത്തിൽ വഹിക്കാനുള്ള അർഹത ആർക്കുമില്ലെന്നറിഞ്ഞോ അതോ ലോകഗുരുക്കളായിവരുന്നവർ നിസ്സംഗരായി തീരേണമെന്നുള്ള ഉദ്ദേശത്തോടുകൂടിയോ എന്തോ സാക്ഷാൽ ഭൂമീദേവിതന്നെ ആ പുണ്യവതിയെ രാജർഷിശ്രേഷ്ഠനായ ജനകന്നു ശുഭമുഹൂർത്തത്തിൽ— ഒരു മംഗളകർമ്മാചരണത്തിൻെറ ആരംഭത്തിൽ—പ്രദാനം ചെയ്യുന്നു. മഹാനായ മിഥിലാധിപൻ 'മൂഢാത്മാക്കളെ' ബോധിപ്പിപ്പാനോ എന്നു തോന്നുമാറു പുത്രിയായി ആ മംഗളസ്വരൂപിണിയെ കൈക്കൊള്ളുന്നു. 'ലൌകികം' പ്രമാണിച്ച്, വീര്യപരീക്ഷാവിജയിയായ രാമദേവന്ന് ആ വധൂരത്നത്തെ സഹധർമ്മിണിയായി നല്കുകയും ചെയ്യുന്നു.

പുരുഷനും പ്രകൃതിയും യോജിച്ചുതോടുകൂടി സൃഷ്ടിസ്ഥിതിസംഹാരാദികൾക്കുള്ള സന്നാഹങ്ങൾ പൂർത്തിയായി വിശ്വാമിത്രൻ ഈ മഹായോഗത്തിന്നു കാരണപുരുഷനായും വന്നു ചേർന്നു.

വിദേഹരാജ്യലക്ഷ്മി അയോദ്ധ്യാരാജ്യലക്ഷ്മിയായി രൂപാന്തരപ്പെട്ടുവെങ്കിലും, "സമസ്തത്രിഭുവനശുഭകർമ്മ"മൂർത്തി ഒരിടത്തുതന്നെ ഒതുങ്ങിയിരിക്കുന്നതു സ്വാഭാവികമല്ല. അയോദ്ധ്യാപുരിയെ അതുവരെ അലങ്കരിച്ചി

MUL
063092

രുന്ന പുണ്യാത്മാക്കൾ താമസിയാതെ ലോകാനുഗ്രഹത്തിന്നായി പുറപ്പെട്ടു. ചിത്രകൂടം ദണ്ഡകാരണ്യം മുതലായ പ്രദേശങ്ങളിൽ പൂൎണ്ണചൈതന്യം പ്രകാശിച്ചപ്പോൾ ദേശാന്തരത്തിൽ അതിൻെറ ജ്വാല അപ്പപ്പോഴായി മിന്നിത്തുടങ്ങി. അതുകണ്ടു് മോഹാന്ധനായ പ്രതാപലങ്കേശ്വരൻ, മംഗളദേവതയുടെ പ്രഭാലേശം അപഹരിപ്പാനായെത്തുന്നു.

"വഹ്നിമണ്ഡലത്തിങ്കൽ മറഞ്ഞുപോകനീയും
ധന്യേ! രാവണവധം കഴിഞ്ഞുകൂടവോളം!!"

എന്ന കല്പനയെ ശിരസാ വഹിച്ചുകൊണ്ടു് ആ ലോകൈകസൌന്ദൎയ്യരൂപിണി ലങ്കയെ കുറച്ചുകാലത്തേക്കു വിലാസരംഗമാക്കിത്തീൎക്കുന്നു. ഭുവനൈകലക്ഷ്മി സകലാന്തൎയ്യാമിയാണെന്നുള്ള പരമാൎത്ഥമറിയാതെ മായാപ്രപഞ്ചത്തിൻെറ പുറമേയുള്ള മോടികണ്ടു് പരിഭ്രമിക്കുന്ന ദശാനനനുണ്ടോ ആ സകലേശ്വരി സ്വായത്തമാകുന്നു? ഉപാസനക്രമം തെററിയ ഭക്തനെപ്പോലെ ഉന്മാദം പിടിപെട്ട ആ വീരശിരോമണി തൻെറ കൎമ്മദോഷത്തിൻെറ ഫലമായി കാലധൎമ്മം പ്രാപിക്കുന്നു. കാരണത്തെ സൃഷ്ടിച്ചു, കാനനത്തിൽ സ്ഥിതിചെയ്തു്, കേകസീപുത്രൻെറ കുന്മഷലേശം സംഹരിച്ചതോടുകൂടി ലോകത്തിൻെറ ഒരു ഭാഗം സമാധാനസമ്പൂൎണ്ണമായി. പുരുഷനോടുകൂടി പ്രകൃതി വീണ്ടും അന്ധകാരമയമായ അയോദ്ധ്യയിലെത്തി. ലോകമാതാവിൻെറ സാന്നിദ്ധ്യം വീണ്ടും ഉണ്ടായപ്പോൾ പ്രജാശിശുക്കൾ ആഹ്ലാദംകൊണ്ടു മതിമറന്നു. സന്തോഷലഹരികൊണ്ടു മിത്ഥ്യാപ്രലാപങ്ങൾ തുടങ്ങിയപ്പോൾ "കണ്ണു പോയാലെ കണ്ണിൻെറ കാഴ്ചയറികയുള്ളൂ." എന്ന പരമതത്വം പഠിപ്പിക്കാനെന്നപോലെ മഹേശ്വരി ആ രംഗത്തിൽനിന്നു മാറി, ഉള്ളുറച്ച ഭക്തിയോടെ ഉററുനോക്കിക്കൊണ്ടിരിക്കുന്ന മുനിപുംഗവന്മാരുടെ തൃപ്തിയ്ക്കുവേണ്ടി വീണ്ടും ആശ്രമങ്ങളിലണഞ്ഞു. പശ്ചാത്താപംകൊണ്ടു് ബോധംതെളിഞ്ഞ മററുള്ളവരെ ദേവിദൎശനമാത്രംകൊണ്ടു് ഒരിക്കൽകൂടി പരമാനന്ദഭരിതരാക്കി. ഇതോടുകൂടി ജന്മോദ്ദേശങ്ങൾ സാധിച്ച് ലോകനായിക സ്വതേജസ്സിൽതന്നെ ലയിക്കയും ചെയ്തു.

"ഹേതുക്ഷപാചരഗൃഹത്തിൽ വസിച്ചതത്രെ
ചെയ്തഗ്നിശുദ്ധിയതിലൊ ബഹുസംശയംപോൽ"

എന്നു ജനസാമാന്യബുദ്ധിയെപ്പററി കൎക്കശമായ ഒരഭിപ്രായം രേഖപ്പെടുത്തുവാൻ ഭവഭൂതിക്കു തക്കതായ കാരണമില്ലെന്നു പറഞ്ഞുകൂടാ. സീതാദേവി രാക്ഷസരാജധാനിയിൽ കുറച്ചുകാലം ഇരുന്നുവെന്നുള്ളതും, ജനവിശ്വാസത്തിന്നായി ദേവിയെക്കൊണ്ടു് അഗ്നിപ്രവേശം ചെയ്യിച്ചതും, അയോദ്ധ്യാവാസികൾക്കു കേട്ടുകേൾവിയേ ഉള്ളൂ. അതിൽ ഒന്നു് വിശ്വസിക്കാനും മറെറാന്നു സംശയിക്കുവാനും ജനങ്ങളെ പ്രേരിപ്പിച്ചതു് അവരുടെ

സ്വതസ്സിദ്ധമായ സ്വഭാവകൌടില്യമായിരിക്കണം. ലോകോപദേശാൎത്ഥം സൎവ്വസുഖങ്ങളും ത്യജിച്ച ജാനകീദേവിക്കു് ലോകവാസികൾ ഒടുവിൽകൊടുത്ത സമ്മാനം അവരുടെ ഗുണദോഷബുദ്ധിയുടെ മാഹാത്മ്യത്തെ എന്നെന്നേക്കും വിളംബരപ്പെടുത്തിയിരിക്കുന്നു!! സുഖദുഃഖങ്ങളിൽ പങ്കുകൊണ്ടു്, ഏതുകാലത്തും പരസ്പരം ആശ്വാസം ജനിപ്പിക്കുന്നതാണു ദംപതീധൎമ്മമെന്നു മനസ്സിലാക്കിയ മൈഥിലി,

“വൈദേഹി! പോരേണ്ട പോരേണ്ട ബാലേ!
പൈദാഹശാന്തിക്കുപായങ്ങളില്ലേ!
ഹേ ദേവി! കല്ലുണ്ടു മുള്ളുണ്ടു കാട്ടിൽ
പാദവ്യഥയ്ക്കുണ്ടു ......................”

എന്നു തന്റെ പ്രാണപ്രിയൻ ഉപദേശിക്കപ്പെട്ടപ്പോൾ,

“എന്നാൎയ്യപുത്രൻ വനത്തിന്നുപോയാൽ പിന്നെ പുരീവാസമെന്തിന്നുവേണ്ടി” എന്നല്ലേ സമാധാനം നൽകിയതു്? “എത്രയും കൂൎത്തുമൂൎത്തുള്ള കല്ലുംമുള്ളും” ഭൎത്താവൊന്നിച്ചുള്ളപ്പോൾ “പുഷ്പാസ്തരണതുല്യങ്ങളായി” കരുതുവാൻ ദേവിയെ പ്രേരിപ്പിച്ചതും ഭൎത്തൃശുശ്രൂഷയിലുള്ള അത്യാസക്തി തന്നെ. ലോകത്തിൽ പരാൎത്ഥമായി കാലം കഴിക്കുന്നവൎക്കു മററുള്ളവരുടെ ദുഃഖങ്ങൾ സ്വയമേവ കൈക്കൊള്ളുന്നതുകൊണ്ടായിരിക്കാം, നിത്യസങ്കടമാണു പ്രതിഫലമെന്നുള്ളതിന്നു സീതാദേവിയുടെ ജന്മം ഒരുത്തമദൃഷ്ടാന്തമായിരിക്കുന്നുണ്ടു്. നാട്ടിലായാലും കാട്ടിലായാലും പതിപരിചൎയ്യയ്ക്കു് പ്രതിബന്ധമുണ്ടാവരുതെന്നു കരുതി ഭൎത്താവൊന്നിച്ചു വനവാസത്തിന്നു പുറപ്പെട്ട രാമപത്നിക്കു് അവിടേയും അഭിലാഷപൂൎത്തിക്കു് അനൎത്ഥം നേരിട്ടു. വിധിക്കു വിപരീതം ചെയ്വാൻ ആരാലും സാദ്ധ്യമല്ലെന്ന തത്വം തെളിയിക്കാനെന്ന ഭാവത്തിൽ രാക്ഷസരിൽനിന്നുണ്ടായ പലവിധശല്യങ്ങളും അനുഭവിച്ചു് നായകനെ സ്മരിച്ചുകൊണ്ടു, ലങ്കയിലും കുറെ കാലം കഴിച്ചുകൂട്ടി. ഭൎത്താവുതന്നെ വീണ്ടെടുത്താൽ പിന്നീടു സ്വൈരമായി അദ്ദേഹത്തിന്റെ പാദശുശ്രൂഷ ചെയ്യാമെന്നു സമാധാനിച്ചിരുന്ന ആ പരമസാധ്വീമണിക്കു് ചാരിത്രശങ്കക്കു പരിഹാരവും ചെയ്യേണ്ടതായി വന്നുകൂടി. പ്രായശ്ചിത്തവും പരിഹാരവും സൎവ്വജനസമ്മതമായിത്തീരുന്നതു് അസാദ്ധ്യമാണെന്നു കാണിക്കാനായിരിക്കണം അപവാദസൎപ്പം വീണ്ടും തലപൊന്തിക്കാൻ തുടങ്ങിയതു്. ഗൎഭിണിയായ ജാനകീദേവി—പാതിവ്രത്യമെന്ന പരമധനം മാത്രം സമ്പാദിച്ചുവെച്ചുള്ള ആ പാവനാംഗി—ഏതുഘട്ടത്തിലും ഭൎത്തൃഹിതത്തിന്നു വിപരീതമായി ഒരക്ഷരംപോലും ഉരിയാടാത്ത ആ വിനയശാലിനി—അപവാദശങ്കകൊണ്ടാണു തന്നെ ശ്രീരാമദേവൻ നിരസിച്ചതെന്നു് അറിഞ്ഞതിന്നുശേഷവും അദ്ദേഹം നിൎമ്മലകീൎത്തിയോടുകൂടി രാജധൎമ്മം നിറവേററണമെന്നു പ്രാൎത്ഥിച്ച ആ മഹാമനസ്വിനി—അനന്യശ

തിയായി കൊട്ടങ്കാട്ടിലും ആയി. ഭൂമിദേവി സമ്മാനിച്ച നവരത്നം ഭൂലോകവാസികൾ വിലയറിയാതെ തള്ളിക്കളഞ്ഞു. ലോകവ്യവഹാരങ്ങളിൽനിന്നു വിമുക്തരായ മഹൎഷിപുംഗവന്മാരുടെ സാന്നിദ്ധ്യംകൊണ്ടു് സ്വൎഗ്ഗതുല്യമായിത്തീൎന്ന ആശ്രമപ്രദേശം ആ ചിന്താമണിയെ സാദരം സ്വീകരിച്ചു. പ്രപഞ്ചസംസൎഗ്ഗത്തിന്റെ അവശിഷ്ടങ്ങൾ തന്നിൽ പ്രകാരാന്തരേണ കുടികൊണ്ടിരുന്നവയെ അത്രകാലമെങ്കിലും അധിവസിക്കുവാൻ അനുവദിച്ച അചലാദേവിക്കു സമ്മാനമായി നൽകി, രംഗം മാറാനുള്ള ഒരുക്കമായി. ലോകത്തിന്റെ അസ്ഥിരമായ ബഹുമാനാതിരേകം വീണ്ടും തന്നെ ബാധിക്കാൻ തുടങ്ങിയപ്പോൾ ആയുശ്ശേഷം അമ്മയിൽതന്നെ അൎപ്പിച്ചു, പഞ്ചഭൂതാത്മകമായ ദേഹത്തെ ഉപേക്ഷിച്ചു.

"ഒന്നിച്ചും സൗഖ്യദുഃഖങ്ങളിലനുഗുണമാ-
യേതുകാലത്തുമൊപ്പ-
വിനുള്ളാശ്വാസമായും, രസമതു ജരയാൽ
ഭേദിയാതുള്ളതായും,
പിന്നെക്കാലേനതീൎന്നാ മറവുകളഖിലം
സ്നേഹസത്തായുമെന്നും
ഭിന്നിക്കാതുള്ള പതിപ്രണയമധികപു-
ണ്യത്തിനാലേ ലഭിക്കൂ"

എന്നു് ശ്രീരാമദേവന്നു പലതവണയും ബോദ്ധ്യപ്പെടുത്തിയ സീതാദേവി സൎവ്വൈശ്വൎയ്യങ്ങൾ തികഞ്ഞാലും അധികപുണ്യംകൊണ്ടല്ലാതെ നിരന്തരം സുഖം ഉണ്ടാവുന്നതല്ലെന്നു സകല ജനങ്ങളോടും തന്റെ ജീവിതമാകുന്ന ദൃഷ്ടാന്തം കാണിച്ചു് ഉപദേശിക്കുന്നുണ്ടു്. കൊടുക്കാമെന്നുപറഞ്ഞ വരങ്ങൾ ദശരഥങ്കൽനിന്നു വാങ്ങാൻ കൈകേയി ഉത്സാഹിച്ചതിനെക്കുറിച്ചു് ആക്ഷേപിക്കാൻ തരമില്ല. മകനിലുള്ള വാത്സല്യംകൊണ്ടു് അമ്മ മതിമറന്നുപോയതു് ഒരു കുററമാണെങ്കിൽ അതിന്നു് സമാധാനംപറയേണ്ടതു സ്രഷ്ടാവാണു്. അച്ഛൻ ചെയ്ത സത്യം നിറവേററാൻ,

"താതകാൎയ്യമനാജ്ഞാപ്തമെന്നാകിലും
മോദേന ചെയ്യുന്ന നന്ദനനുത്തമൻ"

എന്ന മുദ്രാവാക്യം അക്ഷരംപ്രതി അനുഷ്ഠിക്കാനുറച്ച രാമദേവനേയും സന്മാൎഗ്ഗിയല്ലെന്നു പറയുന്നതു സാഹസമായിരിക്കും. ഭൎത്താവിനെ ഏതു ഘട്ടത്തിലും അനുസരിക്കേണ്ടതു് സതീധൎമ്മമാണെന്നുറച്ചു് വനവാസത്തിന്നു പുറപ്പെട്ട ദേവിയോടു് മറുത്തൊരക്ഷരം പറയുന്നതിനുപോലും ആൎക്കും അധികാരമില്ല. സോദരിയ്ക്കു വന്ന അവമാനത്തിൽ അരിശംകൊണ്ട ആശരേശൻ സീതാപഹരണത്തിന്നായി മുതിൎന്നതിലും ആ പുരുഷകേസരിയെ നി

ഡിച്ചുകൂടാ. ജനാപവാദം ഭയന്ന് അഗ്നിസാക്ഷിയായി ചെയ്ത വാഗ്ദത്തം വിലവെക്കാതിരുന്ന രാമദേവൻ നയജ്ഞനായ രാജശ്രേഷ്ഠനായിത്തന്നെ ലോകം ബഹുമാനിച്ചുകൊള്ളട്ടെ. ഇവരെല്ലാവരും അറിഞ്ഞോ അറിയാതെയോ, ചെയ്തതിന്റെ ഫലമായി സീതാദേവി എന്നെന്നേക്കും സങ്കടമനുഭവിക്കണമെന്നു വിധിച്ചു. ആ വിധിക്ക് ഒരു ദണ്ഡനമസ്കാരം ചെയ്യു മാത്രമേ ശരണമുള്ളു.

~~~~~~~

## പ്രാചീനഭാരതീയ വിദ്യാഭ്യാസസമ്പ്രദായത്തിലുള്ള
# അനുകരണീയങ്ങളായ ആദർശങ്ങൾ

(വി. രാമകൃഷ്ണപിള്ള. എം. എ., എൽ. ടി.)

കാരണവന്മാരുടെ ദുർഭരണംകൊണ്ടോ, അനന്തിരവന്മാരുടെ പ്രക്ഷോഭണംകൊണ്ടോ ഈ രണ്ടു കൂട്ടരുടെയും കൊള്ളരുതായ്മകൊണ്ടോ, അല്ലെങ്കിൽ മറേറതെങ്കിലും കാരണവശാലോ പൂർവ്വസ്വത്തെല്ലാം നശിച്ചു ദാരിദ്ര്യമഹാഗർത്തത്തിൽ പതിച്ചു കഷ്ടപ്പെടുന്ന ചില നായർതറവാടുകളിലെ ചില മൂത്ത അമ്മമാരോടു വീട്ടുകാര്യങ്ങളെപ്പററി ചോദിച്ചാൽ പണ്ടത്തെ പ്രതാപങ്ങളെയും ചിന്താരമണീയങ്ങളായ അനുഭവങ്ങളെയുംപററി അവർ വിസ്തരിച്ചു പറയും.

കളരിയുമിലങ്കവും പരദേവതാഗൃഹവും
കളപ്പാട്ടമെരുത്തിലും കുളപ്പുരയും

“എട്ടുകെട്ടും തെക്കിനിയും പത്തായപ്പുരയും” മററും അവരുടെ പ്രസംഗത്തിൽ അന്തർഭവിക്കാതിരിക്കുകയില്ല.

“പട്ടുപരിവട്ടം, ദന്തപ്പെട്ടിവല്ലം പൊൻചങ്ങല-
വട്ട, പിടിമൊന്ത, വാളും”

എന്നു വേണ്ട

“പൊന്നുംചേന, പൊന്നിലയും, മിന്നും തങ്കത്തളികയും”

മററും അവരുടെ പ്രസംഗത്തിന് ഒരു പ്രത്യേകമനോഹരതയ്ക്കു കാരണമാകും. അതുപോലെതന്നെ നിരാധാരനായി രാജവീഥിയെ ശരണം പ്രാപിച്ചിട്ടുള്ള കേരളീയനോടു സമുദായകാര്യങ്ങളെപ്പററി സംസാരിക്കുന്ന പക്ഷം,

“പോർവെന്നതേനന്റെ വാൾവീശൽ ചീററവും
പാലാട്ടുകോമന്റെ പ്രേമവീർപ്പും
പാക്കനാർതന്നുടെ സൂക്തപ്പൊരുൾത്തേട്ടലും
~~~~~~~

ഭേകാംക്കാം. അപ്രകാരംതന്നെ പരാധീനനായിപട്ടിണി കിടന്നു നട്ടംതിരിയുന്ന ഭാരതീയൻ,

"തേനൊലിപ്പഴങ്ങളും തൂമണംതുളുമ്പുന്ന
സൂനങ്ങൾ തോറും തത്തിക്കളിക്കും കുളുർകാററും
മാനസം തെളിയിക്കുന്ന പക്ഷികളുടെ കള-
ഗാനവും ചേരും ലീലാരണ്യങ്ങൾ ചിലയിടത്തിൽ
താമരയിലകളാൽ പച്ചവില്ലീസു പുത-
ച്ചാമട്ടിൽ വിളങ്ങുന്ന പൊയ്കകൾ ചിലയിടത്തിൽ
നക്ഷത്രങ്ങളെ മൂർദ്ധാഗ്രത്തിങ്കലാക്കും നാനാ
വൃക്ഷങ്ങൾതിങ്ങും ശൈലാരണ്യങ്ങൾ ചിലയിടത്തിൽ
പ്രകൃതിരമണീയം ശാന്തഗംഭീരം ഹാ! ഹാ!
സുകൃതിനിശേഷവ്യമേ നിങ്ങൾതൻമഹാരാജ്യം."

എന്നു പാടുന്നു.

ഇപ്രകാരം വത്തമാനാനുഭവാതീതമെങ്കിലും നമ്മോടു് ഏതെങ്കിലും പ്രകാരത്തിൽ ബന്ധപ്പെട്ടിട്ടുള്ള കാൎയ്യങ്ങളെപ്പററി ആലോചിച്ചതാൽ കാലികമായിട്ടെങ്കിലും സംതൃപ്തരും സന്തുഷ്ടരും ആകും എന്നുള്ളതു മനുഷ്യരുടെ ഒരു ശീലവിശേഷമാണു്. അതുതന്നെയാണു് എന്നെ ഈ വിഷയത്തെപ്പററി ഉപന്യസിക്കുന്നതിനുദ്യോഗിപ്പിച്ചതു്. പ്രാചീനഭാരതീയവിദ്യാഭ്യാസത്തെപ്പററി നിഷ്കൃഷ്ടമായ പരിജ്ഞാനമെനിക്കില്ല. ഇപ്പോഴത്തെപ്പോലെ വിദ്യാഭ്യാസരീതിയെ പുരസ്കരിച്ചു ഗ്രന്ഥങ്ങളെഴുതുന്ന പതിവു് അന്നുണ്ടായിരുന്നോ എന്നും സംശയമാണു്. മററു പല പുസ്തകങ്ങളിൽനിന്നും കിട്ടുന്ന ചില സൂചനകൾ മാത്രമാണു് എന്റെ ഉപന്യാസത്തിനടിസ്ഥാനമായിട്ടുള്ളതു്. ഈ സൂചനകളിൽനിന്നും സിദ്ധിക്കുന്ന വസ്തുജ്ഞാനം പലപ്പോഴും അസമ്പൂൎണ്ണവും അസ്പഷ്ടവുമായിരിക്കാം.

പ്രാചീനഭാരതീയവിദ്യാഭ്യാസസമ്പ്രദായത്തിൽ പ്രഥമവും പ്രധാനവുമായി ശ്രദ്ധാർഹമായിട്ടുള്ളതു ശിശുക്കളുടെ ഗൃഹപരിശീലനമാകുന്നു. വേദപ്രകാരം, വിദ്യാഭ്യാസം ജീവി ഗർഭസ്ഥനാകുമ്പോൾ മുതൽ ആരംഭിച്ചു ജീവിതാവസാനംവരെ നില്ക്കുന്നു. ശിശുവിന്റെ ജീവിതത്തെ രൂപവൽകരിക്കുന്നതിനു ജനനത്തിനു മുമ്പുള്ള ശക്തികളും സഹായമായിരിക്കുമെന്നുള്ള വിശ്വാസമാണു സംസ്കാരങ്ങൾക്കു കാരണം. സംസ്കാരഘട്ടങ്ങളിൽ ഉച്ചരിക്കപ്പെടുന്ന മന്ത്രങ്ങൾ ശിശുവിനെ നിർദ്ദുഷ്ടവും ദയാപൂൎണ്ണവുമായ ഹൃദയമുള്ളതാക്കി തീൎക്കുന്നു. അവ ശിശുവിന്റെ സുഖത്തിനുവേണ്ടി പ്രാകൃതികതത്വങ്ങളനുസരിച്ചു ജീവിക്കുന്നതിനു മാതാവിനെ പ്രേരിപ്പിക്കുന്നു. മാതാവാണു് ആദ്യത്തെ എന്നപോലെ ഏററവും പ്രാധാന്യമർഹിക്കുന്ന ഗുരു. ഗർഭകാലത്തെ മാതാവിന്റെ അനുഷ്ഠാനങ്ങൾ ശിശുവിന്റെ ശക്തിക

ളെ നിയന്ത്രിക്കുകയും പോഷിപ്പിക്കുകയും ചെയ്യുമെന്നായിരുന്നു അന്നത്തെ ദൃഢമായ വിശ്വാസം. അവരുടെ വിചാരങ്ങൾ പരിശുദ്ധങ്ങളും അചപലങ്ങളുമായിരിക്കുന്നതോടുകൂടി അവർ സമാധാനത്തോടും സംതൃപ്തിയോടുംകൂടി ജീവിക്കട്ടെ എന്ന് അഥർവ്വവേദം പറയുന്നു. അപ്രകാരമായാൽ അവർക്കു ശിശുവിന്റെ മാനസികശക്തികളെ ഉത്തേജനം ചെയ്തു സ്വരാജ്യസ്നേഹം, ഈശ്വരവിശ്വാസം മുതലായവ അങ്കുരിപ്പിക്കുവാൻ കഴിയും.

ശിശുക്കളുടെ സംസ്കാരങ്ങളിലുപയോഗിക്കുന്ന മന്ത്രങ്ങളിൽനിന്നും സമുദായം യുവാക്കളിൽനിന്ന് എന്താശിക്കുന്നു എന്നൂഹിക്കാം. ജാതകർമ്മസ്തോത്രങ്ങൾ ഈശ്വരവിശ്വാസത്തോടുകൂടി സമുദായസേവ ചെയ്യുന്നതിനു പ്രേരിപ്പിക്കുന്നു. നാമകരണസ്തോത്രങ്ങൾ ശിശുജീവിതത്തിൽ സന്തോഷത്തോടുകൂടി ഭാഗഭാക്കാകുന്നതിന് ഉപദേശിക്കുന്നു. അന്നപ്രദാനസമയത്തുപയോഗിക്കുന്ന മന്ത്രങ്ങൾ, പാകം വൃത്തി മുതലായവയെ പ്രധാനമായി നിർദ്ദേശിക്കുന്നു. ഉപനയനമന്ത്രങ്ങൾ ബാലനെ സൽസഹചര്യത്തിനും, സത്യസന്ധതയ്ക്കും മാന്യമാനനത്തിനുമുപദേശിയ്ക്കുന്നു. ശരീരം അരോഗജുഷ്ടമാക്കി പല്ലുകൾ കണ്ണുകൾ മുതലായവയെ പ്രത്യേകം സൂക്ഷിച്ചു കുറഞ്ഞ പക്ഷം നൂറുവർഷമെങ്കിലും ജീവിച്ചിരിക്കുന്നതിന് അവൻ ശ്രമിക്കണമെന്നും, അവൻ എല്ലാവരുടേയും ബഹുമാനവും പ്രീതിയും ലോകമൊട്ടുക്ക് ഖ്യാതിയും സമ്പാദിക്കണമെന്നും, യഥാർത്ഥവിദ്യാഭ്യാസത്തിന്റെ അലങ്കാരമായ വിനയമവനെപ്പോഴുമുണ്ടായിരിക്കണമെന്നും, യജുർവ്വേദം, അഥർവ്വവേദം മുതലായവയിലെ മന്ത്രങ്ങൾ ഉച്ചൈസ്തരമുൽഘോഷിക്കുന്നുണ്ട്. ശിശുക്കളെ പരിശീലിപ്പിക്കുമ്പോൾ അവരുടെ നൈസർഗ്ഗികങ്ങളായ വിശിഷ്ടവാസനാശക്തികൾക്കുടവു തട്ടാതെ രക്ഷിക്കണമെന്നു ഋഗ്വേദത്തിലെ ചില സൂക്തങ്ങൾ വിധിക്കുന്നുണ്ട്.

മുമ്പറഞ്ഞ സംഗതികളിൽനിന്നും പ്രാചീനഭാരതീയവിദ്യാഭ്യാസം നിസർഗ്ഗസിദ്ധമായ വാസനാശക്തികളെ അടിസ്ഥാനപ്പെടുത്തി കായികമായും മാനസികമായും സാന്മാർഗ്ഗികമായുമുള്ള ശക്തികളെ ബലപ്പെടുത്തത്തക്കവണ്ണം വേണം ശിശുക്കളെ വിദ്യ അഭ്യസിപ്പിക്കുവാൻ എന്ന ആധുനാതനശിക്ഷണവിദഗ്ദ്ധന്മാരുടെ അഭിപ്രായത്തോട് ഏററവും യോജിച്ചിരുന്നു എന്ന് സ്പഷ്ടമാകുന്നുണ്ടല്ലോ.

സ്ത്രീകളുടെ ഉയർന്ന പദവിയിൽനിന്നും ജീവിതനിർവ്വഹണത്തിനുള്ള പരിശീലനത്തിൽനിന്നും ഗൃഹപരിശീലനംകൊണ്ടു തൃപ്തികരമായ ഫലമുണ്ടായിരുന്നു എന്നൂഹിക്കാൻ കഴിയും. സ്ത്രീവിദ്യാഭ്യാസം ഗൃഹ്യമായിരുന്നു. കണക്ക്, വായന, എഴുത്ത് ഇവ അച്ഛന്റെ വീട്ടിൽവച്ചു പഠിപ്പിച്ചിരുന്നുവെങ്കിലും യഥാർത്ഥവിദ്യാഭ്യാസം നൽകുന്നതിനുള്ള ചുമതല

ഭർത്താവിലാണു സമപ്പിച്ചിരുന്നതു്. വേദങ്ങളെ ചൊല്ലി മനസ്സിലാക്കുന്നതിന്നു് അവൻ അവളെ പരിചയിപ്പിക്കണം. സ്ത്രീസംസ്കാരത്തിന്നു പല ലക്ഷ്യങ്ങളുമുണ്ടു്. ബൃഹദാരണ്യകോപനിഷത്തിൽ മൈത്രേയിയുടേയും യാജ്ഞവൽക്യന്റേയും കഥ നോക്കുക. ബൌദ്ധഗ്രന്ഥങ്ങളും സ്ത്രീവിദ്യാഭ്യാസത്തെപ്പററിപ്പറയുന്നുണ്ടു്. ഗൌതമബുദ്ധന്റെ ഭാര്യ കവിതയെഴുതുന്നതിന്നും മററും സമർത്ഥയായിരുന്നു എന്നു "ലളിതവിസ്തര"ത്തിൽ കാണുന്നു. സ്ത്രീവിദ്യാഭ്യാസത്തിൽ കലകൾക്കു പ്രത്യേകസ്ഥാനമുണ്ടായിരുന്നു എന്നു കാളിദാസന്റെ നാടകങ്ങളിൽനിന്നും വാസവദത്തയുടെ കഥകളിൽനിന്നും അനുമിക്കാൻ സാധിക്കുന്നു. എന്നാൽ ഗൃഹജീവിതത്തെ സുഖകരമാക്കുന്നതിന്നുള്ള വിദ്യാഭ്യാസമല്ലാതെ സാഹിത്യപരമായ വിദ്യാഭ്യാസം സാധാരണമല്ലായിരുന്നു. ഭർത്താവും ഭാര്യയും യോജിച്ചിരിക്കുന്നതിന്നുള്ള പല പ്രാർത്ഥനകളും ഋഗ്വേദത്തിലുണ്ടു്. അതു കൂടാതെ സമർത്ഥകളായ സ്ത്രീകളുടെ ഗൃഹഭരണസാമർത്ഥ്യത്തെ അതിൽതന്നെ സൂചിപ്പിച്ചിട്ടുമുണ്ടു്. സ്ത്രീശരീരത്തേയും സുഖക്കേടുകളേയുംപററി പ്രസ്താവിക്കുമ്പോൾ സ്ത്രീകൾ ഥാറാംവിട്ടു പോകണമെന്നു് ഐതരേയാരണ്യകത്തിൽ പറഞ്ഞിട്ടുള്ളതുകൊണ്ടു സ്ത്രീപുരുഷന്മാരൊരുമിച്ചു ശാസ്ത്രങ്ങൾ ശ്രവിച്ചിരുന്നു എന്നു തെളിയുന്നു. "സ്ത്രീമാനസം അധ്യയനത്തിന്നു വളരെ പററിയതല്ല. അവളുടെ ബുദ്ധി ചെറുതാകുന്നു" എന്ന ഋഗ്വേദത്തിലെ പ്രസ്താവവും സ്ത്രീകളും വിദ്യയഭ്യസിച്ചിരുന്നു എന്നുള്ളതിന്നു തെളിവാണു്.

വിദ്യാലയജീവിതമാരംഭിക്കുന്നതിന്നുള്ള കാലത്തെപ്പററി നമ്മുടെ പ്രാമാണികന്മാർ ഭിന്നാഭിപ്രായക്കാരാണു്. ചരകനും മററു വൈദ്യന്മാരും അഞ്ചു വയസ്സിലാരംഭിക്കാമെന്നു പറയുന്നു. ശിശുക്കൾ വലിയ ബുദ്ധിശക്തിയുള്ളവരാണെങ്കിൽ മൂന്നാം വയസ്സിലാരംഭിക്കാമെന്നു ചില ജ്യോതിശ്ശാസ്ത്രജ്ഞന്മാരഭിപ്രായപ്പെടുന്നുണ്ടു്. ഇററ്സിങ് പറയുന്നതെന്തെന്നാൽ ശിശുക്കൾ അക്ഷരാഭ്യാസം ആരംഭിക്കുന്നതു് ആറു വയസ്സിലാണെന്നാണു്. യുവാൻചാങ്ഗ്, അവർ ഏഴാം വയസ്സിൽ കലകളും ശാസ്ത്രങ്ങളും പഠിച്ചു തുടങ്ങുന്നു എന്നഭിപ്രായപ്പെടുന്നു. സമർത്ഥന്മാരായ കുട്ടികളെ 8-ാം വയസ്സിലും മന്ദന്മാരെ 16-ാം വയസ്സിലും വേദമഭ്യസിപ്പിച്ചുതുടങ്ങിയിരുന്നു. കുട്ടികളെ ഗൃഹത്തിൽനിന്നുമയക്കുന്നതു വലിയൊരാഘോഷത്തിന്നുശേഷമായിരുന്നു. അതിന്നുശേഷം അവർ ഗുരുവിന്റെ ഗൃഹത്തിലാണു താമസിച്ചു പോന്നതു്.

അധ്യാപകനും ശിഷ്യനും തമ്മിലുള്ള ബന്ധം വളരെ പ്രശംസാർഹമായിരുന്നു. "വാദ്ധ്യാർക്കിട്ടടിപത്തലുകൊണ്ടു്" എന്ന നിയമം അന്നില്ലായിരുന്നു. അദ്ദേഹം വിദ്യാർത്ഥികളുടെ പിതൃതുല്യനായ രക്ഷാകർത്താവും നേതാവും ഉപദേഷ്ടാവും ആയിരുന്നു. ഗുരുവിന്നു വലിയ യോഗ്യതകളുണ്ടാവ

ശ്യമായിരുന്നു. മൂന്നുതലമുറക്കാലമെങ്കിലും അധ്യാപനത്തിൽതന്നെ നിരതന്മാരായിരുന്ന അധ്യാപകന്മാരുടെ കുടുംബത്തിലുള്ളവരായിരിക്കണം ഗുരുക്കന്മാരെന്നു വേദം ശഠിക്കുന്നു. ശിഷ്യനെ സ്വീകരിക്കുന്നതിന് അധ്യയനംകഴിഞ്ഞു് കുറഞ്ഞപക്ഷം 10 കൊല്ലമെങ്കിലും ലോകപരിചയം സമ്പാദിച്ചിട്ടുള്ളയാൾക്കേ അർഹതയുള്ളുവെന്ന് ബൗദ്ധഗ്രന്ഥങ്ങൾ ഘോഷിക്കുന്നു. ഋഗ്വേദത്തിലെ രണ്ടു സൂക്തങ്ങൾ ഗുരുവിന്റെ യോഗ്യതകളെപ്പററി താഴെ പറയുംപ്രകാരം പ്രസ്താവിക്കുന്നു:— "ഗുരുജ്ഞാനഭണ്ഡാഗാരവും, സുമുഖനും, സുശീലനും, പ്രസന്നനും, പ്രസരിപ്പുള്ളവനും, അനുകമ്പ, ധർമ്മബുദ്ധി ഇവയുള്ളിരിപ്പിടവും, പരിശുദ്ധവും ഉൽകൃഷ്ടവുമായ ജീവിതം നയിക്കുന്നവനും, പൗരുഷംകൊണ്ടു നിയമപാലനം ചെയ്യുന്നതിനു സമർത്ഥനും, ജീവിതത്തിന്റെ സുഖപര്യായിത്വത്തിൽ വിശ്വാസമുള്ളവനും, സമുദായസേവാനിരതനുമായിരിക്കണം". ഉപദേശത്തിനനുസരണമായ ദൃഷ്ടാന്തങ്ങൾ പ്രദർശിപ്പിക്കുന്നതിന് അധ്യാപകൻ സമർത്ഥനായിരിക്കണമെന്നു മണ്ഡൂകോപനിഷത്തു്, രാമായണം മുതലായവയിൽ കാണുന്നു. അധ്യാപനസാമർത്ഥ്യവും അധ്യാപകനൊഴിച്ചുകൂടാത്തതാണെന്നു മാളവികാഗ്നിമിത്രം സൂചിപ്പിക്കുന്നു. മിതമായും സംസാരമായുമുള്ള ഉപദേശങ്ങൾകൊണ്ടു ശിഷ്യന്മാരെ ജ്ഞാനസമ്പന്നന്മാരാക്കുന്നതിനുള്ള ശേഷിയാണ് ഇവയിലെല്ലാത്തിലും കൂടുതൽപ്രാധാന്യമർഹിക്കുന്നതു്. ഇവ കൂടാതെ ഗുരുവിനീതനും വിശാലഹൃദയനുമായിരിക്കണം. ശിഷ്യനെ പുത്രനെപ്പോലെ കരുതി അവനു യോജിക്കുന്ന ജ്ഞാനം നല്കണം. പ്രശ്ന, തൈത്തരീയം മുതലായ ഉപനിഷത്തുകളിൽ ഗുരുക്കന്മാരുടെ വിനയം പ്രത്യക്ഷമാക്കിട്ടുണ്ടു്. പ്രശ്നോപനിഷത്തിൽ 'പിപ്പലാദൻ' എന്ന സംശയം ചോദിക്കുന്ന ശിഷ്യനോടു തനിക്കറിയാമെങ്കിലുത്തരം പറയാമെന്നാണു പറയുന്നതു്. അതുപോലെതന്നെ തൈത്തരീയത്തിൽ തന്നെ വിട്ടുപോകുന്ന ശിഷ്യനോട് ഗുരു പറയുന്നതെന്തെന്നാൽ "തന്റെ മാതൃകകളെ സ്വീകരിക്കുന്നതു്, അവ എത്രമാത്രം നിർദ്ദോഷങ്ങളാണെന്നറിഞ്ഞിട്ടുവേണ"മെന്നാണ്.

വിദ്യാർത്ഥിയിൽ പ്രധാനമായി കാണപ്പെടേണ്ട ഗുണങ്ങൾ ജിജ്ഞാസയും ശ്രദ്ധയുമാണ്. കഠോപനിഷത്തിൽ യമൻ നചികേതസ്സിന്റെ മനസ്സറിയുന്നതിനു പല സൂത്രങ്ങളും പ്രയോഗിക്കുന്നു. ജിജ്ഞാസയുടേയും ശ്രദ്ധയുടേയും ആഴമറിഞ്ഞതിനുശേഷമേ ജ്ഞാനോപദേശം ചെയ്യുന്നുള്ളു. ശ്രദ്ധയുടെ പ്രാധാന്യം ബൗദ്ധസൂക്തങ്ങളും വെളിപ്പെടുത്തുന്നുണ്ടു്. അതുകൂടാതെ ജ്ഞാനസമ്പാദനത്തിനുള്ള സജ്ജീകരണം ഒരു പ്രധാനകാര്യമായിരുന്നു. മണ്ഡൂകപ്രശ്നോപനിഷത്തുകൾ ഇതിനു ദൃഷ്ടാന്തങ്ങളാണ്. ചിലപ്പോൾ ഈ സജ്ജീകരണം വിദ്യാർത്ഥി, അർത്ഥിതമായ ജ്ഞാനത്തിന് എത്രത്തോളം അർഹനാണെന്നുള്ള പരീക്ഷകൊണ്ടു വളരെ നീണ്ടുപോയി എ

നവരാം. ആത്മജ്ഞാനത്തെ ആശിക്കുന്നവർ മനോനിയമവും മനശ്ശുദ്ധിയും സമ്പാദിക്കുന്നതിനു നിർബ്ബന്ധിതരായിരുന്നു. മൂന്നാമതായിട്ടു് ശിഷ്യൻ ഗുരുവിനെ ബഹുമാനിക്കുകയും അദ്ദേഹത്തോടു ഭക്തി പ്രദർശിപ്പിക്കുകയും ചെയ്യേണ്ടിയിരുന്നു. ഗുരുഭക്തി വിദ്യാർത്ഥികളുടെ പ്രഥമധർമ്മമായി മണ്ഡൂകോപനിഷത്തും ഭഗവൽഗീതയും പ്രസ്താവിക്കുന്നു. മനുവും മററു നിയമനിർമ്മാതാക്കളും നിയമനം, സ്വഭാവം ഇവയെപ്പററി ദീർഘമായി പ്രതിപാദിക്കുന്നുണ്ടു്. അന്വേഷണശീലം, വിമർശകവൃത്തി ഇവ പ്രോത്സാഹിതങ്ങളായിരുന്നു. പ്രശ്നോപനിഷത്തിൽ ഇഷ്ടംപോലെ ചോദ്യം ചോദിക്കുന്നതിൽ വിദ്യാർത്ഥികളെ അനുവദിച്ചിരുന്നു. ഇപ്രകാരം വാസ്തവമായ സംശയം തീക്കുന്നതിനുള്ള ശ്രമം പ്രശംസിക്കപ്പെട്ടുവന്നിരുന്നു എങ്കിലും കുതക്കങ്ങൾ നിഷ്കാസനം ചെയ്യപ്പെട്ടിരുന്നു. ദോഷൈകദൃക്കുകളെ ശാസ്ത്രം പഠിപ്പിക്കരുതെന്നു യാസ്കൻ പറയുന്നു. വിദ്യാർത്ഥികൾ ഭൃത്യവൃത്തിചെയ്യുന്നതിനു നിർബ്ബന്ധിതരായിരുന്നു. വിദ്യാർത്ഥികൾക്കു് ചെലവുകൂടാതെ അധ്യയനം നടത്താമായിരുന്ന ആ കാലത്തു് ഇതിനു വിപരീതമായ അഭിപ്രായക്കാരില്ലായിരുന്നു. സ്വഭാവസ്ഥിരതാനൈർമ്മല്യങ്ങളേയും മാനസികവ്യായാമകേന്ദ്രീകരണത്തേയും അടിസ്ഥാനമാക്കിയിരുന്ന നിയമനത്തിനനുകൂലമായി പ്രവത്തിക്കുന്നതിനും വിദ്യാർത്ഥികൾ നിർബ്ബന്ധിതരായിരുന്നു. ഇതിലേററവും പ്രധാനമായിട്ടുള്ളതു് ബ്രഹ്മചര്യമാണു്. ഉപനിഷത്തുകളും സൂത്രങ്ങളും ഇതുതന്നെ പറയുന്നു. ഗൗതമബുദ്ധനും മഹാവീരനും ഇതിനെ പ്രധാനമാക്കി കരുതീട്ടുണ്ടു്. ബ്രഹ്മചര്യം അധ്യയനത്തേയും അവ്യഭിചാരത്തേയും കുറിക്കുന്നതുമിതുകൊണ്ടുതന്നെ. അഷ്ടാംഗഹൃദയകത്താവു് "ധാർമ്മ്യായശസ്യമായുഷ്യം ലോകദ്വയരസായനം അനുമോദാമഹേ ബ്രഹ്മചര്യമേകാന്തനിർമ്മലം" എന്നു പ്രശംസിച്ചിട്ടുള്ളതുമിതുകൊണ്ടുതന്നെ.

അധ്യാപകനും വിദ്യാർത്ഥികളും തമ്മിലുള്ള ബന്ധം വളരെ ശ്ലക്ഷ്ണമായിരുന്നു. വിദ്യാഭ്യാസം ചെലവില്ലാത്തതും എല്ലാവക്കും സമ്പാദിക്കാവുന്നതുമായിരുന്നു. ഛാന്ദോഗ്യോപനിഷത്തിലുള്ള ഒരു കഥ വേദം പഠിപ്പിക്കുന്നതിനുപോലും ബ്രാഹ്മണ്യമാവശ്യമില്ലായിരുന്നു എന്നു് തെളിയിക്കുന്നുണ്ടു്. അധ്യാപനേച്ഛ സർവ്വവ്യാപ്തമായിരുന്നതുകൊണ്ടു കൂടുതൽ വിദ്യാർത്ഥികളുണ്ടാകുന്നതിനു പ്രാർത്ഥിക്കുകപോലും ചെയ്തിരുന്നു. ഗുരു, രാജാക്കന്മാരാലും സംരക്ഷിക്കപ്പെട്ടുപോന്നിരുന്നുവെങ്കിലും അദ്ദേഹത്തിൻെറ ജോലിയെപ്പററിയോ അധ്യാപനരീതിയെപ്പററിയോ ആരും ഒന്നും ചോദിച്ചിരുന്നില്ല. അദ്ദേഹത്തിനു് മനസ്സാക്ഷിയെ മാത്രം സമാധാനപ്പെടുത്തിയാൽ മതിയായിരുന്നു. വിദ്യാർത്ഥികളെ സ്വാധീനരാക്കുന്നതിനും ജനസാമാന്യത്തിൻെറ തൃപ്തി സമ്പാദിക്കുന്നതിനും അദ്ദേഹത്തിനുണ്ടായിരുന്ന ആഗ്രഹം മാത്രമെ അദ്ദേഹത്തിൻെറ സ്വാതന്ത്ര്യഭംഗം ചെയ്തുള്ളു; ജൈനസൂത്ര

ങ്ങൾ 'കള്ളക്കാളകൾ' എന്നപവദിക്കുന്ന ദുശ്ശീലന്മാരായ കുട്ടികളെ ശരിപ്പെടുത്തുന്നതിനുള്ള സാന്മാൎഗ്ഗികോപകരണങ്ങളല്ലാതെ മറെറാരുപകരണവുമദ്ദേഹത്തിനില്ലായിരുന്നു. മനുവും മററു നിയമകൎത്താക്കളും ദണ്ഡശിക്ഷ വിധിച്ചിട്ടുണ്ടെങ്കിലും അതു് അപൂൎവ്വമായിട്ടേ ഉണ്ടായിരുന്നുള്ളൂ. ഏഴു ശതവൎഷത്തേയ്ക്കു തക്ഷശിലയിൽ ശിക്ഷയുണ്ടായിരുന്നില്ലെന്നുള്ളതിനു യുവാൻചാങ് സാക്ഷ്യം വഹിക്കുന്നു.

ഗുരുശിഷ്യബന്ധം വേർപെടുത്തുന്നതിനു പ്രത്യേകം വ്യവസ്ഥകളുണ്ടായിരുന്നു. അസമൎത്ഥനായ ഗുരുവിനെ ശിഷ്യനുപേക്ഷിക്കാമായിരുന്നു. അതുപോലെതന്നെ ജ്ഞാനഹീനനും അധൎമ്മതല്പരനുമായ ഗുരുവും ത്യാജ്യനാണ്. ആപസ്തംബന്റെ അഭിപ്രായപ്രകാരം ഗുരു ശിഷ്യന്റെ സമയത്തെ വ്യൎത്ഥമാക്കിയാലും ശിഷ്യനു ഗുരുവിനെ ഉപേക്ഷിക്കാമായിരുന്നു. ഒരു പ്രത്യേകശാഖയിൽ സമൎത്ഥനാകുന്നതിന് അതിൽ സമൎത്ഥനല്ലാത്ത ഗുരുവിനെ ഉപേക്ഷിക്കാം. അഭിപ്രായവ്യത്യാസംകൊണ്ടും ഗുരുക്കന്മാരെ ഉപേക്ഷിച്ചിട്ടുള്ള ശിഷ്യന്മാർ വളരെ അപൂൎവ്വമായിട്ടുണ്ടായിരുന്നു. അവരിൽ പ്രധാനികൾ യജ്ഞവൽവക്യൻ ആപസ്താംബനിവരാണ്. എന്നാൽ സാധാരണയായിട്ടു വിദ്യാൎത്ഥികൾ ഗുരുദക്ഷിണ കൊടുത്തതിനുശേഷമാണു പിരിഞ്ഞുപോകാറുണ്ടായിരുന്നതു്. തൈത്തരീയോപനിഷത്തിൽ വിട്ടുപോകുന്ന ശിഷ്യനു ഗുരു കൊടുക്കുന്ന ഉപദേശമുണ്ടു്. "വേദം പഠിക്കുന്നതിനും അതിനെ വിചാരിക്കുന്നതിനും മറക്കരുതു്. സത്യത്തിൽനിന്നും ചലിക്കാതെ ധൎമ്മത്തെ മുറുകെപ്പിടിച്ചു യോഗ്യനും സമ്പന്നനുമാകുക; വിദ്വാന്മാരേയും വൃദ്ധന്മാരേയും മാനിക്കുക; മാതാപിതാക്കന്മാരേയും ആചാൎയ്യന്മാരേയും ബഹുമാനിക്കുക; അസൂയയ്ക്കിടം കൊടുക്കാതിരിക്കുക; തെററില്ലാത്തതിൽ മാത്രം ഞങ്ങളെ അനുസരിച്ചാൽ മതി."

വിദ്യാഭ്യാസം പ്രധാനമായി സാഹിത്യപരമായിരുന്നു എങ്കിലും പ്രാചീന ഭാരതീയരുടെ കരിക്കുലം വിവിധങ്ങളായ അനവധി വിഷയങ്ങളെ ക്രോഡീകരിച്ചിരുന്നു. വൈദ്യശാസ്ത്രം, സംഗീതശാസ്ത്രം, ശരീരശാസ്ത്രം, മനശ്ശാസ്ത്രം മുതലായ എല്ലാ ശാസ്ത്രങ്ങളിലും ഭാരതീയർ മറേറതു രാജ്യക്കാരേയും അതിശയിച്ചിരുന്നു. കലകളുടെ വൈവിധ്യം ഭാരതഖണ്ഡത്തിലെന്നപോലെ മറെറാരിടത്തും കാണാനില്ല. പാകവിദ്യ, ചോരകൎമ്മം മുതലായവപോലും കലകളിൽ അവർ ഉൾപ്പെടുത്തീട്ടുണ്ടു്. പാകശാസ്ത്രത്തിനു വൈദ്യസംബന്ധമായും ആരോഗ്യസംബന്ധമായും മതസംബന്ധമായും മററും പല വിഭാഗങ്ങളുണ്ടു്. ഉൽകൃഷ്ടവും ഉന്നതവുമായ ആദൎശത്തോടുകൂടി ജീവസന്ധാരണം ചെയ്യുന്നതിനുള്ള പ്രാപ്തിയാണു സംസ്കാരത്തിന്റെ ഫലമായിട്ടുണ്ടാകേണ്ടതു് എന്നു് വിദ്യയുടെ വൈവിധ്യത്തിലും ആൎയ്യന്മാൎക്കു ബോധമുണ്ടായിരുന്നു. സാമൂഹ്യകടമകൾ എന്നു നാം ഇപ്പോൾ പറഞ്ഞുവരാറുള്ള മനുഷ്യധൎമ്മമായിരുന്നു ജീവിതത്തിന്റെ പ്രധാന ലക്ഷ്യമായി

അവർ വീക്ഷിച്ചുപോന്നിരുന്നതു്. ധർമ്മം പഠിപ്പിക്കുന്നതിനുള്ള ഉപകരണങ്ങൾ വേദവേദാംഗോപവേദങ്ങളായിരുന്നു. ശതപഥം തുടങ്ങിയുള്ള ബ്രാഹ്മണങ്ങളും ഛാന്ദോഗ്യം ബൃഹദാരണ്യകം തുടങ്ങിയുള്ള ഉപനിഷത്തുകളും ഇവയോടു ചേരുന്നു. മററു ലക്ഷ്യങ്ങൾ അർത്ഥകാമങ്ങളാണു്. കാമത്തിൽ സാഹിത്യം, കലകൾ മുതലായവ ഉൾപ്പെടുന്നു. സുകുമാരകലകളും ഉപയോഗകലകളും മാത്രമല്ല ശരീരവ്യായാമവും യുദ്ധവിദ്യയുമിതിലുൾപ്പെടുന്നു. കാലക്രമേണ കാമശാസ്ത്രത്തിന്റെ അർത്ഥം മാറി സങ്കുചിതമായി തീർന്നതുകൊണ്ടു് അതു നിന്ദ്യമായി തീർന്നു. കൗടില്യസൂത്രത്തിൽ രാജകുമാരന്റെ വിദ്യാഭ്യാസമെന്ന അദ്ധ്യായത്തിൽ കൗടില്യൻ അർത്ഥത്തിലന്തർഭവിച്ചിട്ടുള്ള വിദ്യാവിഭാഗങ്ങളെന്തെല്ലാമെന്നു പറഞ്ഞിട്ടുണ്ടു്. ഒന്നാമതു്, ആന്വീക്ഷികി—മാനസനിയമനം, തത്വശാസ്ത്രം മുതലായവ ഇതിൽ അന്തർഭവിക്കുന്നു. പിന്നീടു് വേദങ്ങൾ—ഇവകൊണ്ടു മനോനിയമനം സിദ്ധിച്ചുകഴിഞ്ഞാൽപിന്നെ ഗോരക്ഷ, വാണിജ്യം ദണ്ഡനീതി മുതലായവ പഠിക്കണം. ഏററവും പ്രസിദ്ധപ്പെട്ട വിഷയം ഉപനിഷത്തുകൾ, ഗീത, ഷഡ്ദർശനങ്ങൾ ഇവ മുഖാന്തരം പഠിപ്പിച്ചുവന്നിരുന്ന അദ്ധ്യാത്മവിദ്യയായിരുന്നു. അതിന്റെ ഉദ്ദേശ്യം മോക്ഷസിദ്ധിയാണു്. ഛാന്ദോഗ്യോപനിഷത്തിൽ ഒരു പിതാവു് പുത്രനോടു് ചോദിക്കുന്നതെന്തെന്നാൽ "മനുഷ്യൻ എങ്ങിനെ ജനിക്കുന്നു എന്നും മരിച്ചതിനുശേഷം എവിടെ പോകുന്നു എന്നും അറിഞ്ഞില്ലെങ്കിൽ നിന്റെ വിദ്യാഭ്യാസംകൊണ്ടു പ്രയോജനം എന്താണു്?" എന്നാണു്.

ബോധന കാലമാരംഭിക്കുന്നതു വർഷകാലത്തിൽ ശ്രാവണമാസത്തിലെ പൗർണ്ണമിനാളായിരുന്നു. ഒരു പക്ഷത്തിൽ നാലവധികളുണ്ടായിരുന്നു. (പ്രഥമ, അഷ്ടമി, ചതുർദശി, പഞ്ചദശി) ഇവയാണു്. മാനവധർമ്മശാസ്ത്രത്തിലും രാമായണത്തിൽപോലും ഈ ആചാരത്തിന്റെ അനുഷ്ഠാനം സൂചിപ്പിച്ചിട്ടുണ്ടു്. "പ്രതിപദത്തിൽ പതിവായി പഠിക്കുന്നവന്റെ വിദ്യപോലെ സീത ശോഷിച്ചിരിക്കുന്നു" എന്നു രാമായണത്തിൽ പറഞ്ഞു കാണുന്നു. ഈ ദിവസങ്ങൾ നിഷിദ്ധങ്ങളായിരുന്നു എന്നു് അശോകന്റെ അഞ്ചാമത്തെ ശിലാശാസനത്തിലും കാണുന്നു. കാരണം, ജ്യോതിശ്ശാസ്ത്രസംബന്ധമായിട്ടുള്ളതായിരിക്കാം. അദ്ധ്യയനകാലം ൧൨ മുതൽ ൩൬ വർഷം വരെ ആയിരുന്നു.

അദ്ധ്യയനരീതി മിക്കവാറും കാണാപ്പാഠം പഠിക്കുക എന്നുള്ളതായിരുന്നിരിക്കണം. ഇൻഡ്യാക്കാരിൽ ഇപ്പോൾ കാണുന്ന ഗണിതശാസ്ത്ര പരിജ്ഞാനത്തിനു് അതാണു കാരണമെന്നു മനശ്ശാസ്ത്രജ്ഞന്മാർ വാദിക്കുന്നു. എന്നാൽ അനേകം ഇതിനു വിപരീതാഭിപ്രായക്കാരുണ്ടായിരുന്നു. ഋഗ്വേദംപോലും തത്തയെപ്പോലെ, ചൊല്ലുന്നതു കേട്ടുപറയുന്ന സമ്പ്രദായത്തെ ആക്ഷേപിക്കുന്നുണ്ടു്. ചിന്തനത്തിന്റെ ആവശ്യം സൂചിപ്പിക്കുന്നുമു

ണ്ട്. കാണാപ്പാഠം പഠിക്കുക മാത്രം ചെയ്യുന്നവനെ ബ്രാഹ്മണന്മാർ ഒരു തൂണായിട്ടു മാത്രമെ കരുതുന്നുള്ളു. അധ്യാപനം രസപ്രദമായിരുന്നു. അദ്ധ്യാപകൻ മധുരമായും സരസമായും സംസാരിക്കുകയും അധ്യയനത്തിൽ സങ്കടപ്പെടുത്താതിരിക്കുകയും ചെയ്യണമെന്നു മനു പറയുന്നു. സ്വയം പരിശീലനം പ്രോത്സാഹിതമായിരുന്നു. തൈത്തരീയോപനിഷത്തിലെ ഭൃഗുവാരുണിയുടെ കഥ ആചാര്യൻ, സ്വപരിശോധനകൊണ്ടും സ്വാഭ്യാസം കൊണ്ടും, സ്വാനുഭാവവും സ്വസംതൃപ്തിയും ശിഷ്യൻ സമ്പാദിക്കണമെന്നു ശഠിച്ചിരുന്നു എന്നുള്ളതിനു ദൃഷ്ടാന്തമാണ്. സതീർത്ഥ്യരോടുള്ള പരിചയം കൊണ്ടും പ്രകൃതിയുടെ രാമണീയകം ഗൗരവം ഇവയുടെ ദർശനംകൊണ്ടും ധാരാളം കാര്യങ്ങൾ മനസ്സിലാക്കുന്നതിനു ശിഷ്യന്മാരെ പരിചയിപ്പിച്ചിരുന്നു.

വിദ്യാഭ്യാസത്തിന്റെ ഒടുവിലത്തെത്തു് എങ്കിലും ഒട്ടും അപ്രധാനമല്ലാത്ത ഭാഗം ഇൻഡ്യയിലെങ്ങും സഞ്ചരിക്കുകയെന്നുള്ളതായിരുന്നു. ശ്രീരാമൻ ഗുരുവിന്റെ സമീപത്തിൽനിന്നും വന്നതിനുശേഷം പുണ്യനദികളിലേയ്ക്കും ഋഷിമാരുടെ ആശ്രമത്തിലേയ്ക്കും പോയി എന്നു യോഗവാസിഷ്ഠത്തിൽ കാണുന്നു. പുണ്യസ്ഥലങ്ങൾ പ്രകൃതിരമണീയങ്ങളാണ്. അവയുടെ സന്ദർശനംകൊണ്ടുതന്നെ ഈശ്വരമാഹാത്മ്യം വെളിപ്പെടുകയും സന്ദർശകന്റെ ഹൃദയം പരിശുദ്ധഭക്തിപരിപൂതമാകുകയും ചെയ്തിരുന്നു. ദേശസഞ്ചാരംകൊണ്ടു വിദ്യാഭ്യാസത്തിനുണ്ടായിട്ടുള്ള വർദ്ധനത്തെപ്പററി യുവാൻചുവാങ്ങും പ്രതിപാദിച്ചിട്ടുണ്ടു്. അദ്ദേഹം പറയുന്നു:— "ഭിക്ഷുക്കളും സാധുക്കളും പലവിധത്തിലുള്ള ജ്ഞാനം സഞ്ചാരംകൊണ്ടു സംഗ്രഹിച്ചു് സന്തോഷത്തോടുകൂടി പ്രചരിപ്പിച്ചിരുന്നു."

ഇപ്രകാരം നാം ഇപ്പോൾ പരിഷ്കാരത്തിന്റെ മൂർദ്ധന്യദശയെ പ്രാപിച്ചിരിക്കുന്ന രാജ്യങ്ങളെന്നു കരുതിപ്പോരുന്ന പല പാശ്ചാത്യരാജ്യങ്ങളിലും ഇന്നുവരെ കണ്ടെത്തിയിട്ടുള്ള വിദ്യാഭ്യാസസമ്പ്രദായത്തിന്റെ ആന്തരികവും സാരവുമായിട്ടുള്ള ആദർശങ്ങൾ പ്രാചീനഭാരതീയവിദ്യാഭ്യാസരീതിയിൽ അന്തർഭവിച്ചിരുന്നു എന്നു് എളുപ്പത്തിൽ ഗ്രഹിക്കാൻ സാധിക്കുന്നതാണ്. ഗുരുഭക്തി, ശിഷ്യവാത്സല്യം, അധ്യാത്മചിന്ത, ദീനാനുകമ്പ മുതലായി മനുഷ്യമാനസത്തിന്റെ വിശാലതയെ പ്രദർശിപ്പിക്കുന്ന ചില പ്രത്യേകാംശങ്ങളിൽ പ്രാചീനഭാരതീയർ ആധുനികപരിഷ്കൃതലോകത്തെ അധഃകരിക്കുന്നുണ്ടെന്നുള്ള വാസ്തവവും വിവാദനീയമല്ല. ഒരു ഗുരുവിന് അല്ലെങ്കിൽ ഒരു കുലപതിയ്ക്കു പതിനായിരം ശിഷ്യന്മാരെ സംരക്ഷിച്ചു പോരുന്നതിനു സാധിച്ചതു് അവരുടെ പരസ്പരസഹായംകൊണ്ടു മാത്രമാണ്. ഇപ്പോഴത്തെപ്പോലെ പരസ്പരസഹായസംഘങ്ങൾ അവർ സ്ഥാപിച്ചിരുന്നോ എന്നെനിക്കറിഞ്ഞുകൂടെങ്കിലും നമ്മുടെ കവിസാർവ്വഭൌമനായ വള്ളത്തോൾ പറയുംപോലെ,

"പ്രത്യൂഷക്കാററലർകളെത്തത്ര ഭദ്ര വിടുർത്തുന്നു
പുത്തൻ മണമനിലനെ പ്പൂശിപ്പൂ പൂക്കൾ
സൂരൻ ചൂടുംവെളിച്ചവും പാരിനരുളുന്നു പാരൊ
നീരാവികളവിടേയ്ക്കും നേക്കുയക്കുന്നു
പുല്ലുകൾ തൻപനിക്കണ്ണീർത്തുള്ളികളെ ക്ഷണത്താൽവൈര-
ക്കല്ലുകളായ്മാററീടുന്നു പൊന്നിളവെയിൽ
അത്യുന്നതം താരാപഥമത്ര ക്രൂരിരുളിനേയും,
ചിത്രദിവ്യകുസുമങ്ങൾ ചൂടിച്ചീടുന്നു.
വാനിൽനിന്നു് ചന്ദ്രനുള്ളം വരണ്ടപൊഴ് ഗ്രഹകൾക്കു
വായിൽ നറുംപാൽ നുകന്നു് കൊടുത്തീടുന്നു.
പരസ്പരം സഹായിപ്പിൻ പരസ്നേഹം പുലർത്തുവിൻ
നിരക്ഷരലിഖിത മിതീശ ശാസനം."

എന്നു് അവർ ഉച്ചത്തിൽ പാടിയിരുന്നു എന്നുള്ളതു തീർച്ചയാണു്.

## വടക്കുനോക്കി

(സി. ആർ. കൃഷ്ണപിള്ള ബി. എ, എൽ ടി.)

"അവർ തമ്മിൽ കാന്തവും ഇരുമ്പും പോലെയാണു്" എന്നു പറയുന്നതു നാം പലപ്പോഴും കേട്ടിട്ടുള്ളതാണല്ലോ. ഇതുപയോഗിക്കുന്നതു രണ്ടുപേർതമ്മിലുള്ള യോജിപ്പിനെ കാണിയ്ക്കുന്നതിനാണു്. എങ്ങിനെയാണു് ഈ സൂചന ഉണ്ടായതെന്നു് അധികം പേർ അന്വേഷിച്ചിട്ടുണ്ടോ?

കടയിൽചെന്നു് ഒരു കാന്തസൂചി വാങ്ങിക്കുക. ശരിയായ സൂചിയാണെങ്കിൽ അതു് ഒരു പരന്ന തട്ടിൽ ഉറപ്പിച്ചിട്ടുള്ള ഒരു കാലിൽ ബന്ധിച്ചിരിയ്ക്കും. ഉരുണ്ട കാലിന്റെ മുകളിലത്തെ അററം നന്നാ കൂർത്തു മുള്ളുപോലെയാണിരിയ്ക്കുന്നതു്. കാന്തസൂചി നടുക്കു പരന്നു രണ്ടററവും കൂർത്തിരിയ്ക്കും. പരന്നു് ഒത്തനടുക്കു് അടിവശത്തു മിനുസമുള്ള ഒരു ചെറിയ തട്ടപ്പുണ്ടു്. ഈ തട്ടപ്പിനെ തണ്ടിന്റെ മുനയുടെ മുകളിൽ വയ്ക്കുക. വിരലുകൊണ്ടു് സൂചിയുടെ അററം അല്പം തള്ളിയാൽ സൂചി ഒരു തടസ്സവും കൂടാതെ ചുററും കറങ്ങുന്നതായിരിയ്ക്കും. കറക്കം കഴിഞ്ഞു് ഒടുവിൽ ഒരേനിലയിൽ എത്തും. എപ്പോൾ എങ്ങോട്ടു കറങ്ങിയാലും ഒടുവിൽ വന്നുനില്ക്കുന്നതു് ആദ്യത്തെ നിലയിൽതന്നെ. ഇതു് എപ്പോഴും തെക്കുവടക്കായിട്ടാണു്. വടക്കോട്ടു തിരിഞ്ഞിട്ടുള്ള ഭാഗത്തു് വല്ലതും ചായം പുരട്ടുക. പിന്നീടും കറക്കുക; സൂചി നിലയിൽ എത്തുമ്പോൾ തെക്കുവടക്കായി കിടക്കുമെന്നു മാത്രമല്ല ചായം തേച്ച ഭാഗം വടക്കായിട്ടു നില്ക്കുകയും ചെയ്യും.

അതിനെ തിരിച്ചു തെക്കോട്ടാക്കുക. ഈ അററം മാറിമാറി ഒടുവിൽ വടക്കാകും. കാന്തസൂചി എവിടെ എങ്ങിനെ തൂങ്ങിയാലും തെക്കുവടക്കേ നില്ക്കുകയുള്ളൂ. എന്നല്ല, വടക്കേ അററം എപ്പോഴും വടക്കായിട്ടേ ഇരിയ്ക്കുകയുമുള്ളൂ. കാന്തസൂചിയുണ്ടാക്കുന്നതു് ഒരുതരം ഇരുമ്പുകൊണ്ടാണു്. ഈ ഇരുമ്പിനെ അയസ്കാന്തം എന്നു വിളിക്കുന്നു.

ഒരു അയസ്കാന്തത്തുണ്ടു വാങ്ങി പരിശോധിയ്ക്കുക. കണ്ടാൽ സാധാരണ ഇരുമ്പിൽനിന്നു തിരിച്ചറിയാൻ പ്രയാസമാണു്. എന്നാൽ ഒരു ചെറിയ പ്രയോഗംകൊണ്ടു് ഇതു സാധിയ്ക്കാം. രാകിപ്പൊടിച്ച കുറേ ഇരുമ്പുപൊടി ഒരു കടലാസിൽ ഇടുക. അയസ്കാന്തത്തിൻെറ അററം കടലാസിൻെറ അടുത്തു കൊണ്ടുവരിക. ഇരുമ്പുപൊടി കാന്തത്തെച്ചാടിപ്പിടിക്കുന്നതു കാണാൻ വളരെ രസമുള്ളതാണു്. പൊടിയെ കാന്തത്തിൻെറ അററത്തിൽനിന്നു കൈകൊണ്ടു നീക്കി കടലാസിൽ ഇട്ടിട്ടു് മറേറ അററം അടുപ്പിച്ചുകൊണ്ടുവരിക. ഇവിടേയും പൊടി ചാടിപ്പിടിക്കുന്നതു കാണാം. അററത്തുനിന്നും പൊടിയെ വീണ്ടും നീക്കി കടലാസിൽ ഇട്ടു പരത്തുക. കാന്തത്തെ പൊടിയിൽ ഇട്ടു് അല്പം അങ്ങോട്ടും ഇങ്ങോട്ടും അനക്കുക. സൂക്ഷിച്ചുനോക്കിയാൽ അതിൻെറ രണ്ടററത്തും പൊടി കൂടിയിരിയ്ക്കുന്നതായും നടുക്കു തീരെ പററിയിട്ടില്ലാത്തതായും കാണാം. ഈ പ്രയോഗങ്ങളിൽനിന്നു് എന്തെല്ലാം ഗ്രഹിയ്ക്കാം.

1. കാന്തം ഇരുമ്പിനെ ആകർഷിക്കുന്നു.
2. അതിൻെറ രണ്ടററത്തുമാണു് ആകർഷണം കൂടിയിരിയ്ക്കുന്നതു്.
3. നടുക്കു ശക്തി കുറവാണു്.

ഇനി ഈ കാന്തംകൊണ്ടു് വേറെ ചില പരീക്ഷകൾ നടത്താം.

ഒരു തയ്യൽസൂചി എടുക്കുക; അതു കടലാസിൽവെച്ചു കാതു ബലമായി ഉറപ്പിച്ചുകൊണ്ടു കാന്തം എടുത്തു് ഒരററംകൊണ്ടു് സൂചിയുടെ മുന വരെ തലോടുക. ഇങ്ങിനെ മൂന്നുനാലുതവണ ആവത്തിയ്ക്കുക. തലോടുന്നതു് എപ്പോഴും കാതിൽ തുടങ്ങി മുനയിലോട്ടായിരിയ്ക്കണം. ഒരിയ്ക്കലും മുനയിൽനിന്നു കാതിലോട്ടു വരരുതു്. ഇങ്ങിനെയായാൽ തയ്യൽസൂചിയ്ക്കു ശക്തിയുണ്ടാകും. ഒരു സൂചികൂടെ എടുത്തു് അതിലും കാന്തം പിടിപ്പിയ്ക്കുക. ഇപ്പോൾ രണ്ടു് തയ്യൽസൂചിയിൽ കാന്തശക്തിയുണ്ടായിട്ടുണ്ടു്. ഇവയിൽ ഒന്നിൻെറ നടുക്കു നന്നനേത്ത ഒരു നൂലുകെട്ടി മറേറ അററം വല്ലേടത്തും തൊടുത്തിതൂക്കുക. ഇതു തെക്കുവടക്കായിട്ടേ കിടക്കുകയുള്ളൂ. മുന വടക്കോട്ടു തിരിഞ്ഞിരിയ്ക്കുന്നു എന്നു വിചാരിയ്ക്കുക. രണ്ടാമത്തെ കാന്തസൂചിയെ കയ്യിലെടുത്തു് കാതിൽപിടിച്ചുകൊണ്ടു മുനയെ തൂങ്ങുന്ന സൂചിയുടെ മുനയോടടുപ്പിയ്ക്കുക. മുന മാറിപ്പോകുന്നു. പിന്നീടു കയ്യിലെടുത്ത സൂചിയുടെ മുനയിൽപിടിച്ചുകൊണ്ടു കാതിനെ തൂങ്ങുന്നതിൻെറ അടുത്തു കൊണ്ടു

വരിക. അതു മാറുന്നില്ലെന്നുമാത്രമല്ല, അടുത്തു ചാടിവന്നു് ഒട്ടിപ്പിടിയ്ക്കുകയും ചെയ്യുന്നു. ഇതിൽനിന്നു് ഇങ്ങിനെ ഊഹിയ്ക്കാം.

1. കാന്തസൂചിയ്ക്കു രണ്ടററം ഉണ്ടു്.

2. കെട്ടിത്തൂക്കിയാൽ അതു തെക്കുവടക്കായിട്ടു കിടക്കും.

3. രണ്ടു സൂചിയുടേയും ഒരുപോലെയുള്ള അററങ്ങൾക്കു തമ്മിൽ ആകർഷണമില്ല. അവ എതിരായിട്ടാണു കാണുക. എന്നാൽ ഭിന്നമായ അററങ്ങൾ തമ്മിൽ ആകർഷിയ്ക്കപ്പെടുന്നു.

ഒരു കാന്തം എടുത്തു് ഇടത്തുകയ്യിൽ പിടിയ്ക്കുക. വലത്തെ കൈകൊണ്ടു് ഒരു ചെറിയ താക്കോലെടുത്തു കാന്തത്തിന്റെ അററത്തു വെയ്ക്കുക. താക്കോൽ അതിൽ പററിയിരിയ്ക്കും. വീണ്ടും ഒരു താക്കോൽ എടുത്തു് ആദ്യത്തെ താക്കോലിന്റെ അററത്തു തൊടുക. ഇതു് അതിൽ പിടിച്ചിരിയ്ക്കും. കാന്തത്തോടു തൊട്ടിരിയ്ക്കുന്ന താക്കോൽ മറെറാന്നിനേയും അതു വേറൊന്നിനേയും ഇങ്ങിനെ പുറകിൽപുറകിലായി നാലഞ്ചു താക്കോലുകൾ ആകർഷിച്ചു പിടിയ്ക്കുന്നതായിരിക്കും. കാന്തത്തോടു തൊട്ടിരിയ്ക്കുന്ന താക്കോലിനെ വിടുർത്തിയാൽ മററ താക്കോലുകൾ എല്ലാം വെവ്വേറെ വീണുപോകും. അതുകൊണ്ടു കാന്തത്തെ തൊട്ടിരിയ്ക്കുന്ന ഉരുക്കുകഷണത്തിനും അതിനെ തുടരെ തുടരെ തൊട്ടിരിയ്ക്കുന്ന മററു കഷണങ്ങൾക്കും തൊട്ടിരിയ്ക്കുന്നിടത്തോളം സമയത്തേയ്ക്കു കാന്തശക്തിയുണ്ടു്.

കാന്തസൂചിയുടെ രണ്ടററങ്ങൾക്കുമാണു ശക്തി കൂടുതലെന്നും നടുക്കു ശക്തി കുറവാണെന്നും മുമ്പു കണ്ടുവല്ലോ. ഒരു കാന്തസൂചിയെ നടുക്കുവെച്ചു രണ്ടായി മുറിയ്ക്കുക. ഓരോ മുറിയുടേയും അററങ്ങൾ രാക്കുപൊടിയിൽ പിടിപ്പിച്ചു നോക്കുക. മുറിയുടെ രണ്ടററങ്ങളും കാന്തംപോലെതന്നെ പൊടിയെ ആകർഷിയ്ക്കുന്നതു കാണാം. മുറികളെ വീണ്ടും രണ്ടായി മുറിച്ചു നാലു ഭാഗങ്ങളാക്കിയാലും ഓരോ ഭാഗവും ഓരോ കാന്തംപോലെതന്നെ രാക്കുപൊടിയെ ആകർഷിയ്ക്കും. അതുകൊണ്ടു കാന്തസൂചിയെ എത്ര തുണ്ടുകളാക്കി മുറിച്ചാലും ഓരോ മുറിയും കാന്തമായിട്ടുതന്നെയിരിയ്ക്കും.

ഒരു കാന്തസൂചിയുടെ നടുക്കു നൂലുകൊണ്ടു കെട്ടിത്തൂക്കിയപ്പോൾ സൂചി കിടന്നതു തെക്കുവടക്കായിട്ടാണല്ലോ. ഇങ്ങനെ തെക്കുവടക്കായിട്ടുമാത്രം എപ്പോഴും കാന്തസൂചി തൂങ്ങുന്നതിനു വല്ല കാരണവുമുണ്ടോ? ഇതു മനസ്സിലാകുന്നതിന് ഒരു പ്രയോഗം ചെയ്യാം. ഏകദേശം ഒരടി നീളം രണ്ടിഞ്ചു വീതി ഒരിഞ്ചു ഘനമുള്ള ഒരു വലിയ കാന്തത്തുണ്ടെടുക്കുക. ആദ്യം ഇതിന്റെ നടുക്കു് ഒരു ചരടു കെട്ടി തെക്കും വടക്കും അററങ്ങൾ നിൎണ്ണയിയ്ക്കുക. വടക്കേയററം ചായംതേച്ചു വടക്കോട്ടിരിയ്ക്കത്തക്കവണ്ണം മേശപ്പുറത്തുവയ്ക്കുക. അതിന്റെ ശേഷം നാം മുമ്പു കാന്തംപിടിപ്പിച്ചു ഒരു സൂചി എടുക്കുക. സൂചിയുടെ വടക്കേയററം അതിന്റെ മുനയാണെന്നറിഞ്ഞി

ട്ടുണ്ടല്ലോ. ഇതിന്റെ നടുക്ക കെട്ടിയിട്ടുള്ള സൂചിന്റെ മറേറ അററത്തു പിടിച്ചുകൊണ്ടു മേശപ്പുറത്തുള്ള വലിയ കാന്തത്തിന്റെ നടുക്ക മുകളിലായി തൂക്കുക. സൂചി തെക്കുവടക്കായിട്ടുതന്നെ നില്ക്കും. എന്നാൽ മുന വടക്കോട്ടല്ല നില്ക്കുന്നതു്. നേരെ തെക്കോട്ടു നില്ക്കുന്നു. കാതു വടക്കോട്ടു് അതേ പൊക്കത്തിൽതന്നെ പിടിച്ചുകൊണ്ടു സൂചി വടക്കോട്ടു നീക്കുക. കാതു താണുതാണുവരുന്നതായി കാണാം. വടക്കേ അററത്തെത്തുമ്പോൾ സൂചിയുടെ കാതു കീഴിലായും മുന മുകളിലായും കാണാം. തെക്കോട്ടു നീക്കി നീക്കി തെക്കേ അററത്തുവരുമ്പോൾ മുന താണുവന്നു് ഒടുവിൽ അററത്തു് എത്തുമ്പോൾ മുന കീഴിലും കാതു മുകളിലുമായി തൂങ്ങുന്നതാണു്. ഇതിനു കാരണം അല്പം ആലോചിച്ചാൽ അറിയാം. മുമ്പൊരു കാന്തസൂചി കെട്ടിത്തൂക്കി അതിന്റെ തെക്കേ അററത്തു മറേറാ കാന്തസൂചി അടുപ്പിച്ചപ്പോൾ അകന്നു പോകുകയും വടക്കേ അററം അടുപ്പിച്ചപ്പോൾ ആകർഷിക്കുകയും ചെയ്തല്ലോ. അതിൽനിന്നു രണ്ടു കാന്തസൂചിയുടെ തുല്യങ്ങൾക്കു തമ്മിൽ വെറുപ്പും ഭിന്നമായ അററങ്ങൾക്കു തമ്മിൽ ആകർഷണവുമാണുള്ളതെന്നും അനുമാനിച്ചല്ലോ. ഇവിടെ ഇപ്പോൾ നടത്തിയ പ്രയോഗം ഒരു വലിയ കാന്തവും ഒരു ചെറിയ സൂചിയുംകൊണ്ടാണു്. ശക്തികൂടിയവൻ ശക്തി കുറഞ്ഞവനെ കീഴ്പ്പെടുത്തുന്നതു ലോകസ്വഭാവമാണല്ലോ. അതുപോലെയാണു വലിയ കാന്തവും ചെറിയ സൂചിയും തമ്മിലുള്ള ബന്ധവും. കാന്തസൂചിക്കു വലിയ കാന്തത്തിനെ വണങ്ങാതെ നിവൃത്തിയുണ്ടോ? അതുകൊണ്ടു വലിയ കാന്തത്തിന്റെ അടുത്തിരിക്കുന്ന കാന്തസൂചിക്കു സ്വശക്തിയില്ല. സ്വശക്തിയുണ്ടായിരുന്നെങ്കിൽ കെട്ടിത്തൂക്കിയാൽ മുന വടക്കോട്ടേ കിടക്കുകയുള്ളു. വലിയ കാന്തത്തിന്റെ തെക്കേയററം മുതൽ സൂചിയുടെ വടക്കേ അററമായ മുനവരെ നാലു വരകളാണുള്ളതു്. ഇവ നാലും വീതികൂടുതൽ ഉള്ളവയാണു്. ഈ വരകൾകൊണ്ടു വൃത്തത്തെ നാലു സമഭാഗങ്ങളായി പകുത്തിരിക്കുന്നു. നാലിൽ ഒന്നിന്റെ അററത്തു് ഒരു ചെറിയ ചിത്രം ഉണ്ടു്. അതിനെ 'N' എന്നടയാളപ്പെടുത്തിയിട്ടുണ്ടു്. ഇതു വടക്കു് എന്നു സൂചിപ്പിക്കുന്നു. നേരേ എതിർ വശത്തുള്ള 'S' തെക്കിനേയും വലത്തും ഇടത്തും ഭാഗങ്ങളിലുള്ള E. W. ഇവ കിഴക്കിനേയും പടിഞ്ഞാറിനേയും സൂചിപ്പിക്കുന്നു. നാലായി പകുത്തിട്ടുള്ള ഓരോ ഭാഗത്തേയും നടുക്കുവെച്ചു് ഈരണ്ടായി ഭാഗിച്ചിട്ടുണ്ടു്. ഇപ്പോൾ വൃത്തം എട്ടു സമഭാഗങ്ങളായി. വീണ്ടും ഇതരങ്ങളായിപ്പകുത്തു് ആകെ മുപ്പത്തിരണ്ടു സമഭാഗങ്ങളായി പകുത്തിട്ടുണ്ടു്. ഓരോന്നിനേയും കുറിക്കുന്നതിനു ഓരോ ചെറിയ വരകളുമുണ്ടു്. നാലു പ്രധാനവരകളുടെ നടുവിലുള്ള നാലു വരകൾ വടക്കുകിഴക്കു, വടക്കുപടിഞ്ഞാറു് എന്നിവയെ കുറിക്കുന്നു. ഇതിന്റെ ഇരുപുറവുമുള്ള വരകൾ വടക്കുമാറി, വടക്കുകിഴക്കു്, തെക്കുവ

ടക്കുകിഴക്ക് ഇങ്ങിനെ മുപ്പത്തിരണ്ടു സ്ഥാനങ്ങളെ കുറിയ്ക്കുന്നു. ഈ അടയാളത്തിന്റെ ഒത്ത നടുക്കുള്ള അടിഭാഗത്തു ബലമായി ആകൎഷിയ്ക്കുന്നതുകൊണ്ടു സൂചിമുന തെക്കോട്ടേ നില്ക്കുകയുള്ളു. ഇതേ കാരണത്താൽതന്നെ വലിയ കാന്തത്തിന്റെ തെക്കേ അററം സൂചിയുടെ വടക്കേ അററമായ കാന്തത്തിനേയും ആകൎഷിയ്ക്കുന്നു. അതിനാൽ സാക്ഷാൽ തെക്കുവടക്കു കിടക്കുന്ന വലിയ കാന്തത്തിന്റെ മുകളിൽ നടുക്കു തൂങ്ങുന്ന കാന്തസൂചി വടക്കുതെക്കായിട്ടേ നില്ക്കുകയുള്ളു. വലിയ കാന്തത്തെ, എടുത്തു ചായമുള്ള വടക്കേയററം തെക്കോട്ടു തിരിച്ചാൽ മുകളിലുള്ള കാന്തസൂചിയുടെ മുന വടക്കോട്ടു നില്ക്കും. ഇതിൽനിന്നും ഒരു സംഗതി ഊഹിയ്ക്കാം. അതായതു് കാന്തസൂചി എവിടെ തൂക്കിയാലും തെക്കുവടക്കായിത്തന്നെ തൂങ്ങണമെങ്കിൽ അതിനു കീഴിൽ എവിടെയോ അതിശക്തിയായ ഒരു കാന്തം വടക്കുതെക്കായി കിടപ്പുണ്ടായിരിയ്ക്കണം. വാസ്തവത്തിൽ ഇതു് ഇങ്ങനെ തന്നെ. പല പണ്ഡിതന്മാരുടേയും വിലയേറിയ പരീക്ഷകൾകൊണ്ടു തീരുമാനിച്ചിരിക്കുന്നതു ഭൂമി ഒരു വലിയ കാന്തമാണെന്നും ആ കാന്തത്തിന്റെ തെക്ക് നമ്മുടെ വടക്കായും അതിന്റെ വടക്ക് നമ്മുടെ തെക്കായും കിടക്കുന്നുവെന്നുമാണ്. ഇപ്പോൾ കാന്തസൂചി തെക്കുവടക്കായിത്തന്നെ തൂങ്ങിക്കിടക്കുന്നതു് എന്തുകൊണ്ടാണെന്നു സ്പഷ്ടമായല്ലൊ.

ഇനി കാന്തസൂചിയുടെ ഉപയോഗത്തെപ്പററി അല്പം ആലോചിയ്ക്കാം. ഇതു എവിടെ തൂക്കിയാലും വടക്കേ അററം എപ്പോഴും വടക്കോട്ടു നോക്കി തെക്കുവടക്കായിത്തന്നെയാണു തൂങ്ങുന്നതു്. അതുകൊണ്ടു ദിക്കറിയാൻ പാടില്ലാത്തിടത്തു് ഒരു കാന്തസൂചിയുണ്ടായിരുന്നാൽ വടക്കിന്നതെന്നു വേഗം കണ്ടുപിടിയ്ക്കാം. പിന്നീടു മററു ദിക്കുകൾ കണ്ടുപിടിയ്ക്കുന്നതിനും വിഷമമില്ലല്ലോ. ഈ ഉപയോഗത്തിന്ന് ഒരു കാന്തസൂചിയെ കയ്യിൽ കൊണ്ടുപോയി എവിടേയും എപ്പോഴും കെട്ടിത്തൂക്കി ദിക്കറിയുന്നതു കുറെ വിഷമമായിട്ടുള്ളതാണ്. സൗകൎയ്യത്തിനുവേണ്ടി ഇതിനൊരു ചെറിയ പെട്ടി ഉണ്ടാക്കി വെച്ചിട്ടുണ്ടു്. ഇതിന്റെ പേർ വടക്കുനോക്കി എന്നാണ്. ഇതുണ്ടാക്കുന്നതെങ്ങനെയാണെന്ന് ഒരു വടക്കുനോക്കി പരിശോധിച്ചാലറിയാം. പെട്ടിയുടെ മേൽഭാഗത്തൊരു കണ്ണാടി അടപ്പുണ്ടു്. അകത്തു വട്ടത്തിൽ ഒരു തുണ്ടു കട്ടിക്കടലാസിൽ ഒരു രൂപം കാണാം. അതു പുറത്തു് എടുത്തു നോക്കുക. രൂപത്തിൽ പല വരകൾ കാണുന്നുണ്ടു്. ഈ വരകളെ സൂക്ഷിയ്ക്കുക. ഏകദേശം നടുക്കുവരെ എത്തുന്ന ഒരു ചെറിയ തട്ടുപ്പുണ്ടു്. ഇതു പെട്ടിയുടെ നടുക്കു വെച്ചിട്ടുള്ള ഒരു സൂചിയുടെ മുനയിൽ തൊടുത്തിരിയ്ക്കുന്നു. പെട്ടി അനങ്ങിയാൽ കടലാസനങ്ങാത്തക്ക വിധത്തിലാണു വെച്ചിരിയ്ക്കുന്നതു്. ഈ പെട്ടിയെ മേശപ്പുറത്തു വെച്ച് അ

ങ്ങോട്ടുമിങ്ങോട്ടും തിരിയ്ക്കുക. കടലാസു ചലിയ്ക്കുന്നതു കാണാം. ഒടുവിൽ ഒരേ നിലയിൽതന്നെ നില്ക്കും. അതു 'N' എന്നടയാളപ്പെടുത്തിയിട്ടുള്ള ചിത്രം വടക്കായിട്ടാണു്; എവിടെയായാലും എപ്പോഴായാലും ഇതു വടക്കോട്ടേ നില്ക്കയുള്ളു. ഇതിനു വല്ല കാരണവുമുണ്ടോ? പെട്ടിയുടെ മുകളിലുള്ള കണ്ണാടി അടപ്പിനെ മാററിയിട്ടു പതുക്കെ ചിത്രക്കടലാസിനെ കയ്യിലെടുക്കുക. ഇതിന്റെ അടിവശം ഒന്നു സൂക്ഷിയ്ക്കുക. അവിടെ ഒരു ഇരുമ്പു പാളം പിടിപ്പിച്ചിരിയ്ക്കുന്നതായി കാണാം. ഇതുവാസ്തവത്തിൽ ശക്തിയുള്ള ഒരു കാന്തസൂചിയാണു്. എപ്പോഴും തെക്കുവടക്കായി നില്ക്കുന്ന 'N' അടയാളം ഇതിന്റെ വടക്കാണു്. കടലാസിനോടു പററിച്ചേർന്നിരിയ്ക്കുന്നതുകൊണ്ടും കടലാസങ്ങോട്ടും ഉലയത്തക്കവണ്ണം വച്ചിരിയ്ക്കുന്നതുകൊണ്ടും കാന്തസൂചിയും അതോടുകൂടി 'N' അടയാളമുള്ള ചിത്രവും വടക്കായിട്ടു നില്ക്കയുള്ളു. എപ്പോഴും വടക്കോട്ടു നോക്കിയിരിയ്ക്കുന്നതുകൊണ്ടാണു് ഇതിനെ വടക്കുനോക്കിയെന്നു വിളിയ്ക്കുന്നതു്.

## ഊരുഭംഗം.

(ഡി. പത്മനാഭനുണ്ണി, ബി. ഏ.)

അടുത്തകാലത്തു തിരുവനന്തപുരത്തുനിന്നും പ്രസിദ്ധപ്പെടുത്തിയിട്ടുള്ള അപൂർവ്വസംസ്കൃതഗ്രന്ഥങ്ങളുടെ കൂട്ടത്തിൽ 'ഭാസനാടകചക്രം' എന്ന സംജ്ഞയോടുകൂടി പതിമ്മൂന്നു പുസ്തകങ്ങൾ നമുക്കു കാണുന്നതിന്നു് ഇടയായിട്ടുണ്ടു്. ഈ നാടകങ്ങൾ ഭാസകൃതങ്ങളാണെന്നു പ്രസാധകനായ ഡാക്ടർ ഗണപതിശാസ്ത്രികൾ വിശ്വസിക്കുകയും കുറേക്കാലത്തേക്കെങ്കിലും ലോകത്തെ വിശ്വസിപ്പിക്കുകയും ചെയ്തു. ചരിത്രാന്വേഷണതല്പരന്മാരായ ചില പണ്ഡിതന്മാർക്കു് ആദികാലം മുതല്ക്കും ഈ നാടകങ്ങളുടെ കർത്തൃത്വത്തെപ്പററി സംശയം ജനിച്ചിട്ടുണ്ടായിരുന്നു. എന്നാൽ അധികശ്രമംകൂടാതെ തിരുവിതാംകൂറിനു സംസ്കൃതസാഹിത്യലോകത്തിൽനിന്നും സിദ്ധിച്ച യശോലാഭത്താൽ സന്തുഷ്ടചിത്തന്മാരായ ആ പണ്ഡിതന്മാർ ഇതിന്റെ പരമാർത്ഥം വെളിപ്പെടുത്തുന്നതിന്നുവേണ്ടി യാതൊരു പരിശ്രമവും ചെയ്തുവന്നില്ല. അല്പായുസ്സായ 'രസികരത്ന'ത്തിന്റെ ആവിർഭാവത്തോടുകൂടി ഇതിന്നു തക്കതായ ഒരു അവസരം ലഭിച്ചു. പണ്ഡിതാഗ്രേസരനും, പരജനങ്ങളുടെ പ്രീതിയിൽ താല്പര്യംകൊണ്ടോ, അവരുടെ പാരുഷ്യത്തിൽ ഭയംകൊണ്ടോ, സ്വാഭിപ്രായം മറച്ചുവെക്കുന്നതിന്നു പരിശീലിക്കാത്തവനുമായ ഒരു പത്രാധിപരാണു് ആ മാസികക്കുണ്ടായിരുന്നതു്. അദ്ദേഹം മുൻപറഞ്ഞ ഭാസനാടകചക്രം മുഴുവനും, സൂക്ഷ്മമായി പരിശോധിക്കുകയും

ചില ലേഖനങ്ങൾ രസികരത്നത്തിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്യുന്നതിനിടയായി. ഈ ലേഖനങ്ങൾ ഡാക്ടർ ഗണപതിശാസ്ത്രികളുടെ വാദമുഖങ്ങളെ ഖണ്ഡിച്ച് മേൽപറഞ്ഞ നാടകങ്ങൾ ഭാസകൃതങ്ങളല്ലെന്നും, അജ്ഞാതന്മാരായ ചില കേരളകവികളുടെ കൃതികളാണെന്നും, സ്ഥാപിക്കുകയും ചെയ്തു.

ഊരുഭംഗത്തെപ്പററി ഒരു സാമാന്യവിവരണത്തിനുമാത്രം പുറപ്പെട്ടുന്ന ഈ ലേഖനത്തിൽ മേൽപ്പറഞ്ഞ രണ്ടു പണ്ഡിതകേസരികളുടേയും വാദങ്ങളെപ്പററി വളരെയൊന്നും ചിന്തിച്ചിട്ടാവശ്യമില്ല. ഒരു സംഗതിയെക്കുറിച്ചുമാത്രമേ അല്പമൊന്നു പറവാനുള്ളു. ഭാരതകഥാസംബന്ധമായി വ്യായോഗം, ഉൽസൃഷ്ടികാങ്കം, മുതലായ രൂപകഭേദങ്ങളിൽ ഉൾപ്പെടുന്ന അഞ്ചാറു ഗ്രന്ഥങ്ങളാണു് ഇക്കൂട്ടത്തിൽ കാണുന്നതു്. ഇവയെല്ലാം ഭാസകൃതങ്ങളാണെന്നു് പ്രസാധകൻ അനുമാനിക്കുന്നതിനുള്ള പ്രധാനകാരണങ്ങളിൽ ഒന്നു സ്ഥാപനയും, ഭരതവാക്യവും എല്ലാററിലും ഒരുപോലെ ഇരിക്കുന്നതാണു്. ഭാരതത്തിൽനിന്നും എടുക്കപ്പെട്ടിട്ടുള്ള കഥകളാണെങ്കിലും, വസ്തുരചനയിൽ അത്ഭുതകരമായ നവീനത്വം കാണിച്ചു് തന്റെ പ്രതിഭാവിലാസം പ്രത്യക്ഷപ്പെടുത്തുന്ന ഒരു കവിപുംഗവൻ മേൽപ്പറഞ്ഞ രണ്ടു സംഗതികളിൽമാത്രം ഇത്രവളരെ അലസനായിരിക്കുന്നതിനു കാരണമെന്തു്? ആശ്ചര്യചൂഡാമണിയെ മാതൃകയാക്കി സ്വീകരിച്ചതുകൊണ്ടാണെന്നു മാത്രം പറഞ്ഞാൽ മതിയായ സമാധാനമായില്ല. ഈ നാടകങ്ങളെല്ലാംതന്നെ—അഥവാ അവയിൽ ഒട്ടധികം ഗ്രന്ഥങ്ങൾ— ഒരു നാടകത്തിന്റെ വിവിധഭാഗങ്ങളാണെന്നും, അഭിനയസൗകര്യത്തിനുവേണ്ടി ചാക്യാന്മാർ മുതലായവർ ഓരോ ഭാഗങ്ങളെ വേർതിരിച്ചെടുത്തു് സ്ഥാപനയും, ഭരതവാക്യവും കൂട്ടിച്ചേർത്തതാണെന്നും ഊഹിക്കുകയാണു് ഉത്തമമായിട്ടുള്ളതു്. ഈ നാടകങ്ങൾക്കു കൊടുത്തിട്ടുള്ള പേരുകൾ അതാതു ഗ്രന്ഥത്തിന്റെ അവസാനത്തിൽ മാത്രമേ പ്രസാധകനു് കാണുവാൻ സാധിച്ചിട്ടുള്ളു എന്ന സംഗതി മേൽപ്പറഞ്ഞ ഊഹത്തിനു് ഒരു തെളിവാണു്. ഈ പേരുകൾ 'ആശ്ചര്യചൂഡാമണി' മുതലായ നാടകങ്ങളിലേപ്പോലെ അങ്കനാമങ്ങൾ മാത്രമായിരിക്കാനും എളുപ്പമുണ്ടു്. ഇതിനുംപുറമെ 'ഊരുഭംഗ'ത്തിൽ കാണുന്ന നാന്ദീശ്ലോകം ഇതാണു്.

'ഭീഷ്മദ്രോണതടം, ജയദ്രഥജലം, ദുര്യോധനോഘംമഹാ
കർണ്ണസ്സിന്ധുനൃപോർമ്മിമീൻ മുതല ഗാന്ധാരക്കയം വിൽമണൽ
പാർത്ഥന്നീവിധമാം രിപുപ്പുഴ കടപ്പാനാരു ചങ്ങാടമായ്
നിങ്ങൾക്കാബ്ഭഗവാനരാതി തരണച്ചങ്ങാടമാകേണമേ'.

ഇതോടുകൂടി ഭഗവദ്ഗീതയിലെ ഒരു ധ്യാനശ്ലോകം നോക്കുക.

'ഭീഷ്മദ്രോണതടാ, ജയദ്രഥജലാ, ഗാന്ധാരനീലോല്പലാ
ശല്യഗ്രാഹവതീ കൃപേണവഹനീ കർണ്ണേന വേലാകുലാ
അശ്വത്ഥാമവികർണ്ണഘോരമകരാ ദുര്യോധനാവർത്തിനീ
സോത്തീർണ്ണാഖലു പാണ്ഡവൈ രണനദീ കൈവർത്തകഃ കേശവഃ'.

ഈ ശ്ലോകങ്ങൾ രണ്ടും ഒന്നുതന്നെയാണെന്നു പറയുന്നതിൽ വലിയ അബദ്ധമൊന്നുമില്ല. ഊരുഭംഗംപോലെയുള്ള ഒരു ഉൽകൃഷ്ടനാടകത്തിന്റെ കർത്താവായ ഒരു മഹാകവി, ഭാസനോ, മററാരെങ്കിലുമോ ആയിരിക്കട്ടെ, ഇപ്രകാരം നിർല്ലജ്ജം കാവ്യസ്തേയം ചെയ്യുന്നതിനു പുറപ്പെടുമോ? ഒരു പക്ഷേ ഊരുഭംഗകർത്താവെഴുതിയ ഈ ശ്ലോകം ഗീതയിൽ എടുത്തുചേർത്തിട്ടുള്ളതാണെന്നു ചിലർ വാദിച്ചേക്കാം. അവർ, ഗീതയിലാണ്, ഊരുഭംഗത്തിലല്ല ഈ ശ്ലോകം അധികം യോജിക്കുന്നതെന്നുള്ള വാസ്തവംകൂടി ഓർമ്മിക്കേണ്ടതാണ്. ആലോചിക്കുംതോറും അതു ഗീതയിലെ ശ്ലോകമാണെന്നു വിശ്വസിക്കുന്നതിനേ വഴി കാണുന്നുള്ളു. ഈ ഊഹം ശരിയാണെങ്കിൽ, മേൽപ്പറഞ്ഞ നാടകങ്ങളിൽ കാണുന്ന സ്ഥാപനയും ഭരതവാക്യവും, മററുവല്ലവരും പിന്നീടു ചേർത്തിട്ടുള്ളതാണെന്നു വന്നുകൂടുന്നു. അതു ഗണപതിശാസ്ത്രികളുടെ വാദത്തിന് ബാധകവുമാണ്.

ഏതായാലും ഊരുഭംഗം മുതലായ നാടകങ്ങൾ പ്രത്യേകം പ്രത്യേകം പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതു മറെറാരു വിധത്തിൽ ഉപകാരപ്രദമായിത്തീർന്നിട്ടുണ്ട്. ഭരതശാസ്ത്രാനുസരണം മാത്രമേ സംസ്കൃതഭാഷയിൽ നാടകം എഴുതാവൂ എന്നു മർക്കടമുഷ്ടി പിടിക്കുന്നവരെ ഈ നാടകങ്ങൾ അല്പം സമാധാനപ്പെടുത്തുമായിരിക്കും. അതിനും പുറമേ, ഹിന്ദുക്കളുടെ നാടകങ്ങളിൽ 'ട്രാജഡി' എന്നു പറയുന്ന ദുരന്തകഥകൾ ഇല്ലെന്നുള്ള അപഖ്യാതിയും ഊരുഭംഗത്തിന്റെ പ്രസിദ്ധീകരണത്തോടുകൂടി അല്പം ശാന്തമായിട്ടുണ്ട്. ആംഗ്ലേയനാടകകർത്താക്കളിൽ പ്രഥമഗണനീയനായ ഷേക്സ്പീയർ മഹാകവിയുടെ ട്രാജഡികളോട് ഊരുഭംഗത്തിന് അത്ര വലിയ സാമ്യമുണ്ട്.

ഷേക്സ്പീയരുടെ ട്രാജഡികൾ (ദുരന്തകഥകൾ) എന്നു പറയുന്നവ അസാധാരണ വിപത്തുകളെ ആവിർഭവിപ്പിക്കുന്ന മനുഷ്യയത്നങ്ങളും, ആയത്നങ്ങൾക്കു നിദാനമായി ഉന്നത സ്ഥിതിയിലിരിക്കുന്ന ഒരു പ്രധാന പാത്രത്തിന്റെയോ പല പാത്രങ്ങളുടെയോ മരണവും അടങ്ങിയ നാടകങ്ങളാകുന്നു. കഥാനായകൻ ദിഷ്ടദംഷ്ട്രങ്ങളിൽ കാലെടുത്തുവെക്കുന്നതു മുതൽ മൃത്യുപാശത്തിന് അടിമപ്പെടുന്നതുവരെയുള്ള കഥാഭാഗമാണു നാടകത്തിൽ വിവരിക്കുന്നത്. നായകന്റെ മരണം അദ്ദേഹത്തിന്റെ അനിതരസാധാരണമായ സ്വഭാവവിശേഷത്തിൽനിന്നും ഉൽഭൂതങ്ങളായ സ്വയംകൃതാനർത്ഥങ്ങൾ മൂലമായിരിക്കും സംഭവിക്കുന്നത്. ഈ സംഭവം അത്യന്തം കരുണവും, ഭയങ്കരവും, വിധിവിഹിതം അലംഘ്യമെന്നും, മനുഷ്യ

ന്റെ ബുദ്ധിയും, യത്നവും കേവലം നിഷ്ഫലമെന്നും ഉള്ള ബോധം കാണികളിൽ അങ്കുരിപ്പിക്കുന്നതും, ആയിരിക്കും. കഥയിൽ പ്രായേണ അന്യോന്യവിരോധികളായ രണ്ടു പാത്രങ്ങളോ, കക്ഷികളോ, അഭിപ്രായങ്ങളോ ഉണ്ടായിരിക്കയും, അവ തമ്മിൽ മത്സരവും സമരവും ഉത്ഭവിക്കുകയും അവസാനത്തിൽ ഇരുകൂട്ടരും — അഥവാ ഒരു ഭാഗമെങ്കിലും — നശിക്കുകയുമാണു ചെയ്യുന്നതു്. ഈ ബാഹ്യമത്സരം ആഭ്യന്തരമായി നായകന്റെ ഹൃദയത്തിൽ പരസ്പരവിരുദ്ധങ്ങളായ വികാരങ്ങളേയും, വിചാരങ്ങളേയും ആവിർഭവിപ്പിച്ചു് അവസാനത്തിൽ അയാളെ മൃത്യുവക്ത്രത്തിൽ പതിപ്പിക്കുകയും ചെയ്യും. കഥാഗതി ഏകദേശം സംസ്കൃതനാടകങ്ങളെ അനുകരിച്ചു പ്രാരംഭം, യത്നം, പരമകാഷ്ഠ, പതനം, ഫലം എന്നിങ്ങനെ അഞ്ചു് അവസ്ഥാഭേദങ്ങളോടുകൂടിയതാണു്. ഈ നാടകങ്ങൾ പരിണാമംകൊണ്ടു ദുരന്തകഥകളാണെങ്കിലും, കാണികളുടേയും, ശ്രോതാക്കളുടേയും ഹൃദയത്തിൽ ആശാഭംഗത്തിനു് അവകാശം കൊടുക്കാതെ അവരുടെ വിചാരമാർഗ്ഗത്തെ പരിശുദ്ധമാക്കിത്തീർക്കുന്നു.

ഇത്രയും പ്രസ്താവിച്ചതിൽനിന്നും ഈവക നാടകങ്ങളിലെ നായകന്മാർ എപ്രകാരമുള്ളവരാണെന്നു് ഏകദേശം അനുമാനിക്കാവുന്നതാണു്. ഈ നായകന്മാർ അസാധാരണപുരുഷന്മാരാകുന്നു. അവരുടെ പ്രവൃത്തികളും, ആ പ്രവൃത്തികളിൽനിന്നു് അവൎക്കുണ്ടാകുന്ന അനുഭവങ്ങളും അസാധാരണങ്ങളാകുന്നു. ഉന്നതകുലജാതന്മാരായ അവരുടെ സ്വഭാവവും അസാധാരണംതന്നെ. ആ സ്വഭാവം എപ്പോഴും സ്തുത്യർഹമായിരിക്കയില്ല. എന്നല്ല അല്പം ദോഷസംയുക്തവുമായിരിക്കും. എന്നാൽ ആ ദോഷങ്ങളും അസാധാരണങ്ങൾതന്നെ. മിക്ക നായകന്മാരിലും ഒരു ഏകാഗ്രമായ ഗതിവിശേഷം കാണാവുന്നതാണു്. ഒരു അനിശ്ചിതമായ സങ്കേതത്തിലേക്കു് അവർ അനവരതം പ്രയാണം ചെയ്തുകൊണ്ടിരിക്കുന്നു. ആ ഗതിവിശേഷത്തെ തടയുന്നതിനു് അവർ ശക്തന്മാരല്ല. ഇതു് ആപൽകരമായ ഒരു സ്വഭാവവിശേഷമാണു്. എങ്കിലും ഇതുതന്നെ അവരുടെ മാഹാത്മ്യത്തിന്റെ അധിഷ്ഠാനവുമാകുന്നു. ഇതോടുകൂടി അവരിൽ പ്രത്യക്ഷമാകുന്ന അത്ഭുതകരമായ ഓജസ്സും, ബുദ്ധിവൈഭവവും, ഉൽകൃഷ്ടവിചാരങ്ങളും, കാണികളുടെ അഭിനന്ദനത്തിനും, അനുകമ്പയ്ക്കും അവരെ പാത്രമാക്കിത്തീർക്കുന്നു.

ഈ നായകന്മാരുടെ ചരിത്രസ്ഥിതികളും അവൎക്കു ആപൽക്കരമാണു്. അവർ തങ്ങളുടെ പ്രവൃത്തികൊണ്ടും ഉദാസീനതകൊണ്ടും വീഴ്ചക്കാരായിത്തീരുന്നു. ഈ വീഴ്ചകൾ ഇതരകാരണങ്ങളോടുകൂടിച്ചേർന്നു് അവരെ മരണത്തിലേക്കു നയിക്കുന്നു. അവർ മനഃപൂർവ്വം യാതൊരു തെറ്റും പ്രവർത്തിച്ചിട്ടില്ലെന്നുവരാം. തങ്ങൾ ചെയ്യുന്നതെല്ലാം ന്യായമെ

ണ്ടെന്നുള്ള വിശ്വാസവും അവക്കുണ്ടായിരിക്കാം. അവരുടെ പ്രവൃത്തികളിലുള്ള ദോഷം കാണുന്നതിനും, നിവാരണം ചെയ്യുന്നതിനും അവർ ശക്തരല്ല. തന്നിമിത്തം അവർ അകാലമരണം പ്രാപിക്കുന്നതിനിടയാകുന്നു. അഥവാ നായകൻ നീചകൃത്യങ്ങൾക്ക് അടിമപ്പെടുന്ന ആളായാലും, അതിൽവെച്ച് അസന്തുഷ്ടിയോ ജുഗുപ്സയോ അയാളിൽ വായനക്കാർക്കുണ്ടാകുന്നതല്ല. ചുരുക്കിപ്പറയുകയാണെങ്കിൽ ഷേക്സ്പീയരുടെ ദുരന്തകഥകളിലെ നായകന്മാർ ഉന്നതകുലജാതന്മാരും, അസാധാരണ സ്വഭാവവും, അമിതമായ വൈഭവവും ഉള്ളവരും, വിധിവൈപരീത്യം കൊണ്ടോ, നിസർഗ്ഗജദോഷംകൊണ്ടോ പരിതസ്ഥിതികളുടെ പ്രാതികൂല്യം കൊണ്ടോ തങ്ങളുടേയും ബന്ധുക്കളുടേയും നാശത്തിനു കാരണഭൂതരും, അന്യരുടെ അനുകമ്പക്കും അഭിനന്ദനത്തിനും അർഹന്മാരുമായ അസാധാരണ പാത്രങ്ങളാകുന്നു.

ഊരുഭംഗം വളരെ ചെറിയ ഒരു നാടകമാണെങ്കിലും, അതിനു ഷേക്സ്പീയരുടെ ദുരന്തകഥകളോടു വളരെ സാമ്യമുണ്ട്. കഥാനായകനായ ദുര്യോധനൻ തന്റെ അസാധാരണമായ രാജ്യലോഭംകൊണ്ട് തന്റെയും, ബന്ധുക്കളുടേയും, സഹോദരന്മാരുടേയും, അനുചരന്മാരുടേയും, നാശത്തിനു കാരണഭൂതനാകുന്നു. പാണ്ഡവന്മാരും, കൌരവന്മാരും, അഥവാ ഭീമസേനനും, ദുര്യോധനനും, ഇതിലെ രണ്ടു കക്ഷികളാകുന്നു.

'ഭീമൻ പ്രതിജ്ഞയെ സാധിച്ചു
വിണ്ണേറി ആരൂഢസോദരർ
ഞാനീ മട്ടിലുമായ് ഭൂമൌ
പോരിനാൽ ഫലമെന്തിനി?'

എന്നു ചോദിക്കുന്ന നായകന്റെ മനസ്സിൽ വിധിവിഹിതത്തെക്കുറിച്ചുള്ള ഒരു നിരാശ പ്രത്യക്ഷപ്പെടുന്നുണ്ട്. അതുപോലെ, പാണ്ഡവന്മാരോടു യാതൊരു പ്രതിക്രിയയും ചെയ്യാതിരിക്കുന്നതാണ് ഉത്തമമെന്നും, എന്നാൽ അവർ തന്റെ സഹോദരാദികളുടെ മരണത്തിനു കാരണഭൂതന്മാരാണെന്നും ഉള്ള വിചാരങ്ങൾ ദുര്യോധനന്റെ അത്യന്തമസമാധാനത്തെ പ്രകാശനം ചെയ്യുന്നുണ്ട്. യാചിച്ചിട്ടുപോലും, 'സൂചികുത്തുന്നതിനുള്ള സ്ഥല'മെങ്കിലും പാണ്ഡവന്മാർക്കു കൊടുക്കാതിരിക്കുകയും, മരണകാലത്തിൽ അവർ ഉററബന്ധുക്കളാണെന്നു വിചാരിക്കുകയും, ചെയ്യുന്ന നായകന്റെ മനസ്ഥിതി അത്ഭുതാവഹംതന്നെ. ബന്ധുപ്രീതിയിൽ, ഗദായുദ്ധത്തെക്കുറിച്ചുള്ള പ്രസ്താവം പ്രാരംഭവും, യുദ്ധം മദ്ധ്യവും, ഊരുഭംഗം ചരമകാഷ്ഠയും, തദനന്തരമുള്ള നായകന്റെ വാക്കുകളും പ്രവൃത്തികളും പതനവും, മരണം അവസാനഘട്ടവുമായി കണക്കാക്കാം. ഇങ്ങനെ പൂർവ്വാപര

ലും ഊരുഭംഗത്തിന് ഷേക്സ്പീയരുടെ ട്രാജഡികളോടു സാമ്യമുണ്ടെങ്കിലും ചില വലിയ വ്യത്യാസങ്ങളും ഇല്ലാതില്ല. (1) ഹാംലെററ് (Hamlet) മുതലായവയിലേപ്പോലെ ഊരുഭംഗത്തിൽ ഇരുകക്ഷികളും നശിക്കുന്നില്ല. (2) കഥാഗതിയുടെ പരമകാഷ്ഠ ദുര്യോധനന്റെ ഊരുഭംഗമാണ്. അതിനുശേഷമേ നായകൻ രംഗത്തിൽ പ്രവേശിക്കുന്നുള്ളൂ. (3) നായകന്റെ ഹൃദയത്തിൽ അന്യോന്യവിരുദ്ധങ്ങളായ വിചാരങ്ങൾ ഉണ്ടാകുന്നതു നായകനു നേരിടുന്ന വിപത്തിനും, മരണത്തിനും കാരണമാകുന്നില്ല. എങ്കിലും ഈ ഭേദഗതികളൊന്നും അത്ര പ്രധാനങ്ങളല്ല.

ഊരുഭംഗത്തിലെ നായകനായ ദുര്യോധനനു ഷേക്സ്പീയരുടെ നായകന്മാരോടു വളരെ സാദൃശ്യമുണ്ട്. സംസ്കൃതനാടകങ്ങളിൽ ഇപ്രകാരമുള്ള ഒരു നായകനെ കാണ്മാൻ പ്രയാസമാണ്. നാടകത്തിലെ കഥ, നായകാഭ്യുദയത്തിൽ പര്യവസാനിക്കണമെന്നുള്ള ഭരതസിദ്ധാന്തംതന്നെ ഏതാദൃശനായകന്മാരുടെ ഉത്ഭവത്തിന് ഒരു വലിയ പ്രതിബന്ധമാണ്: എന്നാൽ ഭാസകൃതമെന്നു പറയപ്പെടുന്ന ഈ ഊരുഭംഗം ആ നിയമത്തിന് ഒരു അപവാദമാണ്. ഇതിലെ നായകനായ ദുര്യോധനന്റെ ജനനം രാജകുലത്തിലാണെന്നു മാത്രമല്ല, ചന്ദ്രവംശത്തിലുമാകുന്നു. മാതൃഭക്തി, പിതൃഭക്തി, ഭ്രാതൃസ്നേഹം, മഹാമനസ്കത, ആശ്രിതവാത്സല്യം, ധൈര്യം, യുദ്ധവൈദഗ്ദ്ധ്യം മുതലായ പല ഉൽകൃഷ്ടഗുണങ്ങളും ദുര്യോധനനിൽക്കാണുന്നുണ്ട്. എന്നാൽ പാണ്ഡവന്മാരോടുള്ള വിരോധവും, ഏതു വിധവും അവരെ നശിപ്പിക്കണമെന്നുള്ള ഏകാഗ്രമായ വിചാരവും, അദ്ദേഹത്തിനുള്ള ദോഷങ്ങളാകുന്നു. പരിതസ്ഥിതികൾ അദ്ദേഹത്തിന്റെ ഈ ദോഷങ്ങളെ വളർപ്പിക്കുന്നു. യഥാർത്ഥ കുരുരാജാവായ ധൃതരാഷ്ട്രരുടെ ജ്യേഷ്ഠപുത്രനെന്നനിലയിൽ ദുര്യോധനൻ കിരീടാവകാശിയാണ്. എന്നാൽ അന്ധത്വം നിമിത്തം പിതാവിനു രാജ്യഭാരം ലഭിച്ചില്ല. അദ്ദേഹത്തിന്റെ സഹോദരനായ പാണ്ഡു രാജാവായിത്തീർന്നു. പാണ്ഡുവിന്റെ പുത്രനായ ധർമ്മപുത്രർ ദുര്യോധനനേക്കാൾ പ്രായക്കൂടുതലുള്ളവനായിരുന്നു. അതുകൊണ്ടു ധർമ്മപുത്രർക്കാണു രാജ്യാവകാശമെന്നു തൽബന്ധുക്കൾ വാദിച്ചു. ദുര്യോധനന് ഇതു് ഒരിക്കലും സമ്മതിക്കത്തക്കതല്ല. ധർമ്മപുത്രാദികളുടെ ജനനം പാണ്ഡുവിൽനിന്നല്ലെന്നുള്ള വാസ്തവം ദുര്യോധനന്റെ നിലയെ ഒന്നുകൂടിയുറപ്പിച്ചു. എന്നാൽ ധൃതരാഷ്ട്രർതന്നെ വിചിത്രവീര്യപുത്രനല്ലെന്നുള്ള ബോധം അദ്ദേഹത്തിനുണ്ടായതുമില്ല. ദുര്യോധനന്റെ സ്ഥിതി ഇപ്രകാരം അസാധാരണംതന്നെയാണ്. ആ സ്ഥിതി അദ്ദേഹത്തിന്റേയും ബന്ധുക്കളുടേയും നാശത്തിനു കാരണവുമാകുന്നു.

ഇതിനും പുറമേ ദുര്യോധനൻ അവസാനത്തിൽ മററുള്ളവരുടെ അഭിനന്ദനത്തിനും, സഹതാപത്തിനും പാത്രമായിത്തീരുന്നു. തന്റെ വാദം സർവ്വഥാ ന്യായമാണെന്ന് അദ്ദേഹം വിശ്വസിച്ചു. സ്വാർത്ഥലാഭത്തിനു

വേണ്ടി സോദരന്മാരേയും, നിരവധി ബന്ധുക്കളേയും ബലി കഴിക്കുകയും ചെയ്തു. ധർമ്മയുദ്ധത്തിൽ അദ്ദേഹം യാതൊരപനയവും പ്രവർത്തിച്ചില്ല. എന്നല്ല, ധർമ്മചോദിതനായി അദ്ദേഹം തന്റെ പ്രതിയോഗിയോടു ദയ കാണിക്കപോലും ചെയ്തു. ഗദായുദ്ധത്തിൽ അശരണനായി നിലംപതിച്ച ഭീമസേനനോടു ദുര്യോധനൻ പറയുന്നതു നോക്കുക.

“...ആർത്തരെവീരർപോരിൽ
കൊല്ലില്ലഭീമ,ഭയമൊക്കെയകറ്റുക.”

ഇത്രയും ധീരോദാത്തത ഭീമസേനന് അന്യജന്മത്തിൽപോലും ലഭിക്കുമോ എന്നു സംശയമാണ്. അവസാനത്തിൽ ഭീമസേനൻ വഞ്ചനകൊണ്ടാണു ദുര്യോധനനെ ജയിച്ചതു്. ദുര്യോധനന്റെ മരണം ആസന്നമായി. ഇതുവരേയും പാണ്ഡവന്മാരോടു തനിക്കുണ്ടായിരുന്ന വിരോധം ഇപ്പോൾ അദ്ദേഹം ദൂരെ ത്യജിച്ചു.

“വൈരംതാനും,കലഹകഥയും,ഞങ്ങളും തീർന്നുവല്ലോ”

എന്ന് അദ്ദേഹം ആശാഭംഗത്തോടുകൂടി സമാധാനപ്പെട്ടു. ഇനി അന്യഥാ വിചാരിച്ചിട്ടു ഫലമില്ല. പാണ്ഡവന്മാർ ബന്ധുക്കളാണ്. അവർ തന്റെ നിവാപാംബുവാഹന്മാരുമാണ്. അവരുമായുള്ള യോജിപ്പുകൊണ്ടു തന്റെ കുലത്തിനു പ്രതിഷ്ഠയുണ്ടാകണം. അതുകൊണ്ടു ഗുരുവിനോടും, അശ്വത്ഥാമാവിനോടും യുദ്ധോദ്യമത്തിൽനിന്നും വിരമിക്കുന്നതിനു ദുര്യോധനൻ അപേക്ഷിച്ചു. ഭാര്യമാരെ ക്ഷാത്രധർമ്മോപദേശംകൊണ്ടു സമാധാനപ്പെടുത്തി. പുത്രനോടു പാണ്ഡവന്മാരെ ശുശ്രൂഷിക്കുന്നതിനും, കുന്തി പറയുന്നതുപോലെ കേട്ടു നടക്കുന്നതിനും, സുഭദ്ര, ദ്രൗപദി ഇവരെ ആദരിക്കുന്നതിനും, ഉപദേശിച്ചു. എന്നു മാത്രവുമല്ല,

‘ചാരെധർമ്മസുതന്റെനൽവളയണികൈക്കുതൊട്ടുനിന്നിട്ടുനീ
നീരേകേണമെനിക്കുപാണ്ഡവരുമായ്’

എന്നു കല്പിക്കുകയും ചെയ്തു. മരണകാലം വരെ സാധിക്കാതിരുന്ന പാണ്ഡവന്മാരുമായുള്ള ഐക്യം മരണംകൊണ്ടു ദുര്യോധനൻ സാധിച്ചു. അദ്ദേഹത്തിന്റെ ജീവിതം സപ്രഭാവപരിപൂർണ്ണമായിരുന്നു.

‘നാനാഭീഷ്ടമഖങ്ങൾ ചെയ്തു,ശരിയായ്ബന്ധുക്കളേത്താങ്ങിനേൻ,
വാണേൻവൈരിനിരക്കുമീതെവളരെക്ഷേമംശ്രിതർക്കേകിനേൻ;
താനേറ്റീയുധിപത്തുമെട്ടുമവനീശാക്ഷൗഹിണിക്കല്ലൽ’...

എന്ന ചാരിതാർത്ഥ്യം അദ്ദേഹത്തിനുണ്ട്. മരണകാലത്തും അഭിമാനം അദ്ദേഹത്തെ വിട്ടുപിരിയുന്നില്ല. ശോകാതുരനായ പിതാവിനോടു ദുര്യോധനൻ പറയുന്നു.

‘ദീപ്താഗ്നിമയക്കൂടിനമിച്ചിടാതെനിൻ
തൃക്കാല്ക്കൽമാത്രംതലതാഴ്ത്തിവന്നഞാൻ

സഞ്ജാതനായേകതാരമാനമോട്ടാമം—
താമേമമോടെ സുരനോട്ടപൃകാവൻ'

പിന്നെയും, പുത്രനോട്,

'ഭൂരിശ്രീയഭിമാനദീപ്തിമതിയാമെൻതാതദുര്യോധനൻ
നേരിട്ടേയുധിഷ്ഠിരനാൽനിഹതനായെന്നല്ലൽനീക്കെവിട്ട്'

മാതൃയോടുള്ള അവസാനവാക്ക്

'ഏൻമാനംമാനിനികണ്ണുനീകരയുകില്ലതാദൃശം സ്ത്രീജനം'

എന്നാണ്. ഇതെല്ലാം ദുര്യോധനൻ എത്രമേൽ മാനധനനാണെന്നു കാണിക്കുന്നതിനപ്പുറമെ, അദ്ദേഹത്തിന്റെ ധൈര്യം, വീര്യം, മഹാമനസ്കത മുതലായ പല ഗുണങ്ങളിലും ശ്രോതാക്കൾക്കു ബഹുമാനത്തേയും ഉദിപ്പിക്കുന്നു. ഇങ്ങനെ സ്വധർമ്മനിരതനും, കാലചോദിതനുമായ ഒരു നായകൻ വീരസ്വർഗ്ഗം പ്രാപിച്ചു നിത്യശാന്തിയടയുമ്പോൾ കാണികളുടെ ഹൃദയം കരുണയാൽ ആർദ്രമായിത്തീരുന്നു. തന്നിമിത്തം ഉരുഭംഗത്തിനു പലവിധത്തിലും ഷേക്സ്പീയരുടെ ട്രാജഡികളോടു സാദൃശ്യവും ഉണ്ടാകുന്നു.

(തുടരും)

---

## * അദ്ധ്യാപനപദ്ധതി

### (തുടർച്ച)

### പാഠപുസ്തകങ്ങൾ

(എം. ജെ. അബ്രഹാം മെയ്യാരം)

താഴ്ന്ന ക്ലാസ്സുകളിലെ പാഠപുസ്തകങ്ങൾ സർവ്വപ്രകാരേണ ആകർഷണീയമായിരിക്കേണ്ടതാണ്. നല്ല കടലാസിൽ വലുതായും ഭംഗിയായും അച്ചടിച്ചിരിക്കണം. ഉറപ്പായി ബയൻഡു ചെയ്യപ്പെട്ടുമിരിക്കണം. ഒന്നാം പാഠപുസ്തകത്തിൽ ഓരോ അക്ഷരവും പഠിപ്പിക്കുന്നതിന് അതതു് അക്ഷരം വലുതായി പ്രത്യേകമഷിയിൽ അച്ചടിക്കുന്നതു കൊള്ളാം. നിർദ്ദിഷ്ടാക്ഷരം അടങ്ങിയിട്ടുള്ള പദം പേരായിവരുന്ന ചിത്രവും അതിന്റെ പേരും ചേർത്തിരിക്കേണ്ടതുതന്നെ. എഴുതുന്നതിനും ഉച്ചരിക്കുന്നതിനും വിഷമമില്ലാത്ത അക്ഷരങ്ങൾ ആദ്യം സ്വീകരിക്കണം. സ്വരവിശേഷം ചേർന്നുണ്ടാകുന്ന അക്ഷരം പാഠമായി വരുമ്പോൾ ലിപിയിൽ വരുത്തേണ്ട രൂപഭേദത്തെ പ്രത്യേകം എടുത്തുകാണിക്കുന്നതു നന്ന്. അച്ചടിപ്പിശക് അത്യല്പമായിട്ടുപോലും ഉണ്ടായിക്കൂടാ. താഴ്ന്ന ക്ലാസ്സുകളിലെ കുട്ടികൾക്ക് അ

---

* പകർപ്പവകാശം ലേഖകനിൽ.

ച്ചടിപ്പിശക തിരുത്തിവായിക്കാൻ പ്രാപ്തിയില്ലാത്തതിനാൽ തെററിദ്ധാരണക്കിടയാകും. അതുകൊണ്ടു് കൊച്ചുകുട്ടികളുടെ പാഠപുസ്തകത്തിൽ അച്ചടിപ്പിശകവരുന്ന എങ്കിൽ അതു ക്ഷന്തവ്യമല്ലാത്ത ഒരപരാധമാണെന്നു തന്നെ വിധിക്കേണ്ടിയിരിക്കുന്നു.

അടുത്ത ക്ലാസ്സുകളിലെ പാഠപുസ്തകങ്ങളിലും പാഠഭാഗത്തെ വിശദീകരിക്കുന്ന ചിത്രങ്ങൾ ആവശ്യംപോലെ പാഠാരംഭത്തിലും ഇടയ്ക്കും ചേർത്തിരിക്കേണ്ടതാണു്. ചിത്രത്തിനുതാഴെ ചിത്രത്തിൽ സൂചിപ്പിച്ചിരിക്കുന്ന സംഗതി കുറിക്കുന്നതു കൊള്ളാം. പാഠങ്ങൾ ദീർഘങ്ങളാകരുതു്. അനാവശ്യമോ നിരർത്ഥകമോ ആയ പദം പാഠപുസ്തകത്തിൽ കണ്ടുകൂടാ. പാഠവിഷയം കഴിയുന്നതും പ്രത്യക്ഷവസ്തുക്കളെ സംബന്ധിച്ചായിരിക്കണം. ഉയർന്ന ക്ലാസ്സിലെ പാഠപുസ്തകത്തെസംബന്ധിച്ച് ഈ നിയമം ആദരിക്കേണ്ട ആവശ്യമില്ല. ആശയങ്ങൾ രസപ്രദവും കുട്ടികളുടെ പ്രാപ്തിക്കനുസരണവും ആയിരിക്കണം. സംഭാഷണഭാഗങ്ങൾ, കഥകൾ, ജീവചരിത്രങ്ങൾ, പ്രകൃതിവിശേഷങ്ങൾ, ആകർഷണീയമായ പദ്യങ്ങൾ, ശാസ്ത്രീയകാര്യങ്ങൾ, ഇത്യാദി പാഠപുസ്തകത്തിൽ പ്രതിപാദനീയമാണു്. അസംഭാവ്യങ്ങളും സാന്മാർഗ്ഗികവിരുദ്ധങ്ങളും ആയ കഥകളോ ആശയങ്ങളോ പാഠപുസ്തകത്തിലുണ്ടായിരിക്കുന്നതു് ഒട്ടുംതന്നെ ആശാസ്യമായിട്ടുള്ളതല്ല.

ഉയർന്ന ക്ലാസ്സുകളിലെ പാഠപുസ്തകങ്ങളിലും സന്ദർഭോചിതമായ ചിത്രം ചേർത്തിരിക്കുന്നതു നന്നുതന്നെ. ഓരോ പാഠവും ഉത്തരോത്തരം നവീനാശയങ്ങളും പദങ്ങളും പരിചയപ്പെടത്തക്കവണ്ണം ക്രമീകരിച്ചു തയ്യാറാക്കപ്പെട്ടിരിക്കണം. പാഠങ്ങളിൽ ഒന്നുംതന്നെ ആശയംകൊണ്ടോ പ്രതിപാദനരീതികൊണ്ടോ നീരസജനകമായിരുന്നുകൂടാ. സാഹിത്യരസം ജനിപ്പിക്കത്തക്ക ഗദ്യപദ്യഭാഗങ്ങൾ പാഠപുസ്തകങ്ങളിൽ ഉണ്ടായിരിക്കേണ്ടതു് അത്യാവശ്യംതന്നെ. ഈശ്വരമാഹാത്മ്യത്തെ വെളിപ്പെടുത്തുന്നതും, ഈശ്വരഭക്തി ജനിപ്പിക്കുന്നതും, എന്നാൽ പ്രത്യേകമതതത്വങ്ങളെ ആശ്രയിക്കാത്തതും, ആയ ഉപന്യാസങ്ങളും പാഠപുസ്തകങ്ങളിൽ ചേർക്കുന്നതിന്നു യോജിച്ചവയാണു്. മഹാമനസ്കത, സ്വദേശാഭിമാനം ഔദാര്യമാദിയായ വിശിഷ്ടഗുണങ്ങളുടെ ആവശ്യത്തേയും ശക്തിയേയും പ്രകാശിപ്പിക്കുന്ന കഥകളും വിഹിതംതന്നെ. വിദ്യാഭ്യാസം ഉത്തമജീവിതനിർവ്വഹണത്തിനുള്ള ഒരുക്കമാണല്ലോ. എത്രതന്നെ സാഹിത്യരസം തുളുമ്പുന്നതായിരുന്നാലും ശൃംഗാരരസപ്രധാനമായ ഗദ്യങ്ങൾക്കോ പദ്യങ്ങൾക്കോ പാഠപുസ്തകത്തിൽ സ്ഥലമനുവദിച്ചുകൂടാ.

പുസ്തകങ്ങൾ അറിവും രസവും പ്രദാനംചെയ്യുന്നു. അദ്ധ്യാപകൻ വായനാതല്പരനായിരിക്കണം. കുട്ടികൾക്കു വായനയിൽ അഭിരുചി ജനിപ്പിക്കേണ്ടതാണു്. നിർബ്ബന്ധിച്ചു വായിപ്പിക്കുന്നതുകൊണ്ടു വലിയ പ്രയോ

ജനമില്ല. എന്തുകൊണ്ടെന്നാൽ നിർബ്ബന്ധശക്തി ഇല്ലാതെയാകുമ്പോൾ വായനയും നിന്നുപോകും. അതിനാൽ അദ്ധ്യേതാക്കൾക്ക് വായനയിൽ താല്പര്യം ജനിപ്പിക്കുന്നതിനുവേണ്ടി വിദ്യാലയം സംബന്ധിച്ച് ഒരു വായനശാലയും അവശ്യമാവശ്യമാണ്. ഓരോ ക്ലാസ്സിനും ഉപകാരപ്രദമായ നാനാതരത്തിലുമുള്ള നല്ല പുസ്തകങ്ങൾ അതിൽ ശേഖരിച്ചിരിക്കണം. ക്ലാസ്സിനനുസരണമായ പുസ്തകങ്ങൾ അദ്ധ്യാപകൻ തിരഞ്ഞെടുത്തു കൊടുക്കണം. സമീപത്തു പൊതുവായ് വായനശാല ഉണ്ടെങ്കിൽ അതിലെ പുസ്തകവിവരം അദ്ധ്യാപകൻ ഗ്രഹിച്ച് അതിൽ കുട്ടികൾക്കു പററിയ പുസ്തകങ്ങളെ സംബന്ധിച്ച്, ക്ലാസ്സു തിരിച്ചു, നമ്പർ, പേര്, ഗ്രന്ഥകർത്താവ്, ഇത്യാദി വിവരങ്ങൾ അടങ്ങുന്ന ഒരു പട്ടിക എഴുതി കുട്ടികളുടെ ഉപയോഗാർത്ഥം വിദ്യാലയത്തിൽ ഒരു ഭാഗത്ത് തൂക്കിയിരിക്കുകയും, അതനുസരിച്ച് പുസ്തകങ്ങൾ എടുത്തു വായിക്കുന്നതിനു കുട്ടികളെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നതു കൊള്ളാം.

---

# പുസ്തകാഭിപ്രായം

---

1. കഥയുള്ള കഥകൾ:— രണ്ടാം ഭാഗം

പ്രസാധകൻ വെള്ളായ്ക്കൽ നാരായണമേനോൻ.

മംഗളോദയം പ്രസ്സ്, തൃശ്ശിവപേരൂർ. വില 1-0-0

വിദ്യാഭ്യാസത്തിന്റെ പുരോഗതി നിമിത്തം കേരളത്തിൽ മാസികകളും വർത്തമാനപത്രങ്ങളും ഈയിടെ ധാരാളമായി വർദ്ധിച്ചിട്ടുണ്ടല്ലോ. അവയിൽ പലതിലും കഥക്കും കവിതക്കും ഒഴിച്ചുകൂടാത്ത ഒരു സ്ഥാനവും ലഭിച്ചിട്ടുണ്ട്. തന്നിമിത്തം കേവലം കഥക്കുവേണ്ടി കഥ എഴുതുന്നവരും കവിതക്കുവേണ്ടി കവിത എഴുതുന്നവരും ധാരാളമായിത്തുടങ്ങി. മാസികകളിലും വർത്തമാനപത്രങ്ങളിലും ഇന്നു കാണുന്ന മിക്ക കവിതകളും കഥകളും 'ഒരു കഥ'യായിത്തന്നെ തീരാൻ കാരണവും തന്നിമിത്തം ആരായേണ്ടതായിട്ടില്ല. ഞങ്ങളുടെ ചിന്തക്കു വിഷയമായിരിക്കുന്ന ഈ "കഥയുള്ള കഥകൾ" ആകട്ടെ—കേളികേട്ട പല കഥ എഴുത്തുകാരും ഒരു കാലത്തു "ലക്ഷ്മീഭായി" മാസികയിൽ എഴുതിയിരുന്ന പല കഥകളും കൂട്ടിച്ചേർത്തു പുസ്തകരൂപേണ പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതാകുന്നു. ഇപ്രകാരമുള്ള പ്രസിദ്ധീകരണം സാഹിത്യാഭിവൃദ്ധിക്കു സഹൃദയന്മാരായ ഭാഷാഭിമാനികളുടെ ഹൃദയംഗമമായ പ്രോത്സാഹനത്തിനും ഹേതുവായിത്തീരുമെന്നുള്ളതു നിസ്സംശയമാണ്. മെസ്സേഴ്സ്, വി. കെ. രാമൻമേനോൻ, അമ്പാടി നാരായണപ്പൊതുവാൾ, വി. ഉണ്ണികൃഷ്ണൻനായർ, കണ്ണമ്പ്ര കുഞ്ഞുണ്ണിനായർ, കാരാ

ട്ട് അച്യുതമേനോൻ മുതലായ പ്രശസ്തന്മാരായ കഥ എഴുത്തുകാരാണ് ഇതിലെ പല കഥകളുടേയും നിർമ്മാതാക്കൾ എന്നുള്ളതും പ്രത്യേകം സ്മരണീയമാകുന്നു. അതുകൊണ്ട് ഇതിലെ മിക്ക കഥകളും കഥയുള്ളവതന്നെയാണ്. കഥാപ്രിയന്മാരായ വായനക്കാരുടെ സവിശേഷമായ ശ്രദ്ധയെ ഈ കഥകളിലേക്കു ഞങ്ങൾ ക്ഷണിച്ചുകൊള്ളുന്നു. പ്രസാധകന്റെ പരിശ്രമത്തേയും അഭിനന്ദിക്കുന്നു.

## 2. ശ്രീദേവീഹരണം (ഭാഷാനാടകം)

ഗ്രന്ഥകർത്താവ് ശ്രീമാൻ കോഞ്ഞോട്ടു കൃഷ്ണൻനായർ.

മംഗളോദയം പ്രസ്സ്, തൃശ്ശിവപേരൂർ. വില 0-8-0

മനുഷ്യർക്ക് ഓരോരോ കാലത്ത് ഓരോന്നിലാണു ഭ്രമം; കഥകളിഭ്രമം കാവ്യനിർമ്മാണഭ്രമം, കഥയെഴുത്തുഭ്രമം, "കേക"ഭ്രമം, "ഗാഥ"ഭ്രമം എന്നിങ്ങിനെ സാഹിത്യത്തിന്റെ വിവിധ വിഭാഗങ്ങളിലും ഓരോ കാലത്തു ഭ്രമിച്ചു വന്നതിന്റെ ഫലമായി ആ വക ഓരോ ഇനത്തിലും നാനാവിധങ്ങളായ പല സാഹിത്യസമ്പത്തുകളും കൈരളിക്ക് അതാതു കാലങ്ങളിൽ ലഭിച്ചിട്ടുണ്ട്. ഇതിൽനിന്നും ഒട്ടുംതന്നെ കുറവല്ലായിരുന്നു നാടകനിർമ്മാണഭ്രമവും. എന്നാൽ ഇപ്പോൾ ആ ഭ്രമം അല്പം ഒന്നു നിലച്ചു കാണുന്നു. എങ്കിലും ഭാഷയിൽ ഇനിയും അഭിവൃദ്ധിപ്പെടേണ്ടുന്ന ഒരു ശാഖയാണു നാടകം. തർജ്ജമകളായും അനുകരണങ്ങളായും സ്വതന്ത്രങ്ങളായും മററും ഉള്ള പല നാടകങ്ങളും ഇനിയും സാഹിത്യത്തിൽ ഉണ്ടാകേണ്ടതായുണ്ട്. നാടകനിർമ്മാണം വളരെ വിഷമമേറിയതായ ഒരു സാഹിത്യവിഭാഗമാണ്. ചരിത്രസംഭവങ്ങളെ അടിസ്ഥാനപ്പെടുത്തിയുള്ള നാടകനിർമ്മാണം കുറേക്കൂടി വിഷമമേറിയതാകുന്നു. എന്നാൽ ഞങ്ങളുടെ അഭിപ്രായത്തിനു വിഷയമായിരിക്കുന്ന ഈ "ശ്രീദേവീഹരണം" ചരിത്രസംബന്ധമായ ഒരു സംഭവത്തെ അടിസ്ഥാനപ്പെടുത്തി ശ്രീമാൻ കോഞ്ഞോട്ടു കൃഷ്ണൻനായർ അവർകൾ നിർമ്മിച്ചിട്ടുള്ള ഒരു ഭാഷാനാടകമാകുന്നു. കേരളത്തിലെ രണ്ടു പ്രശസ്ത രാജവംശങ്ങളുടെ പരസ്പര മൈത്രിക്കു ഹേതുവായിത്തീർന്ന ഒരു "ശ്രീദേവീഹരണ"മാണ് ഇതിലെ പ്രധാന പ്രതിപാദ്യവിഷയം. കോലസ്വരൂപത്തിലെ ഒരു ഉദയവർമ്മരാജാവു സാമൂതിരിപ്പാട്ടിലെ ഒരു അതിഥിയായി കോഴിക്കോട്ടു താമസിച്ചുവന്നു. അപ്പോൾ ആ രാജകുടുംബത്തിലെ ഒരംഗമായ ശ്രീദേവിത്തമ്പുരാട്ടിയുടെ അവിചാരിതമായ ദർശനത്തിനു ഇടവരികയും ചെയ്തു. രാജകുടുംബങ്ങളുടെ നിമ്നോന്നതാവസ്ഥ പരസ്പരാനുരാഗബദ്ധരായ അവരുടെ ബന്ധത്തിനു ഒരു തടസ്സമായിത്തീർന്നു. ഒടുവിൽ ഒരു ശ്രീദേവീഹരണം തന്നെ നടന്നു. എന്തിന്? ഇരു രാജകുടുംബങ്ങളും തമ്മിൽ ഏറെത്താമസിയാതെ ബന്ധുക്കളുമായി. നീലേശ്വരം എന്ന ഒരു രാജകുടുംബം നൂതനമായി ഉത്ഭവി

ക്കുകയും ചെയ്തു ഇത്രയും സംഗതികളാണ് ഇതിലെ വർണ്ണനാവിഷയം. നാടകകർത്താവിന്റെ ചരിത്രസംബന്ധമായ അന്വേഷണം സ്തുത്യർഹം തന്നെ. നാടകരചനയും പാത്രസൃഷ്ടിയും നന്നായിട്ടുമുണ്ട്. കാളിദാസൻ ഭവഭൂതി മുതലായ പ്രസിദ്ധ നാടകകർത്താക്കന്മാരുടെ പല നാടകങ്ങളും ഈ നാടകകർത്താവു നല്ലപോലെ വായിച്ചിട്ടുണ്ടെന്നുള്ളതിനു പല ലക്ഷ്യങ്ങളും ഇതിൽ കാണ്മാനുണ്ട്. ഗ്രന്ഥകർത്താവിന്റെ പരിശ്രമത്തെ അഭിനന്ദിക്കയും ശ്രീദേവീഹരണം ഭാഷയ്ക്കു് ഒരലംകാരമായിത്തീരട്ടെ എന്നാശംസിക്കയും ചെയ്യുന്നു.

### 3. തുഞ്ചത്തെഴുത്തച്ഛൻ

ഗ്രന്ഥകർത്താവു:—വിദ്വാൻ കുറുവാൻ തൊടിയിൽ ശങ്കരൻ എഴുത്തച്ഛൻ.
മംഗളോദയം പ്രസ്സ്, തൃശ്ശിവപേരൂർ വില 0—12—0

മലയാളഭാഷ സംസാരിക്കുന്നവരിലും, മലയാളസാഹിത്യത്തെക്കുറിച്ച് അല്പമെങ്കിലും അറിവുള്ളവരിലും തുഞ്ചത്തെഴുത്തച്ഛന്റെ പേരു കേൾക്കാത്തവർ വല്ലവരുമുണ്ടോ എന്നു സംശയമാണ്. മലയാളഭാഷയുടേയും തൽസാഹിത്യത്തിന്റേയും 'ജനകൻ' അദ്ദേഹമാണെന്നുള്ളതും നിർവ്വിവാദമാണ്. മംഗളപത്രസമർപ്പണത്തെയോ വൈതാളികവൃത്തിയെയോ അവലംബിക്കാതെ തന്നെ ആബാലവൃദ്ധം കേരളീയജനങ്ങളുടെ നിത്യാരാധനക്കു പാത്രമായിത്തീർന്നിട്ടുള്ള ആ പുണ്യാത്മാവിന്റെ പ്രത്യേകമായോ, വിസ്താരമായോ ഉള്ള പവിത്രമായ ജീവചരിത്രമോ, കാവ്യനിരൂപണമൊ ഭാഷയിൽ സുലഭമല്ല. ശ്രീമാൻ ആർ. ഈശ്വരപിള്ള അവർകൾ എഴുതീട്ടുള്ളതും, സമഗ്രമെങ്കിലും കാര്യസമ്പൂർണ്ണമായതും ആയ ഒരു പ്രത്യേകപുസ്തകമേ ഈ വിഷയത്തിൽ ഞങ്ങളുടെ ശ്രദ്ധയെ ആകർഷിച്ചിട്ടുള്ളു. മറെറതെങ്കിലും രാജ്യത്തായിരുന്നെങ്കിൽ ആ മഹാത്മാവിന്റെ ജീവചരിത്രം കാവ്യനിരൂപണം ഇവകൊണ്ടു സാഹിത്യമണ്ഡലം അലംകൃതമാകുമായിരുന്നു. കേരളീയജനങ്ങളുടെ ഏകഗുരുവായ ആ പുണ്യശ്ലോകന്റെ സ്മാരകമായുള്ള ഇതരസ്ഥാപനങ്ങളും അപൂർവ്വം തന്നെ. നമ്മുടെ പല കവിതിലകന്മാരുടേയും നിരൂപണകേസരികളുടേയും ഈ വിഷയത്തിലുള്ള മൌനം നമ്മെ ഒരിക്കലും സംതൃപ്തിപ്പെടുത്തുന്നില്ല. ആ സ്ഥിതിക്കു ശ്രീമാൻ ശങ്കരൻ എഴുത്തച്ഛന്റെ ഈ "തുഞ്ചത്തെഴുത്തച്ഛ"ന്റെ ആവിർഭാവം സമയോചിതവും സന്ദർഭോചിതവുമായിരിക്കുന്നുണ്ട്. ഈ ചെറുഗ്രന്ഥത്തിൽ എഴുത്തച്ഛന്റെ ജീവചരിത്രവും അദ്ദേഹത്തിന്റെ കൃതികളെക്കുറിച്ചുള്ള ഒരു ലഘുവിമർശനവും അടങ്ങിയിരിക്കുന്നു. ജീവചരിത്രം ഗത്യന്തരമില്ലാഞ്ഞതിനാൽ മിക്കവാറും പല ഐതിഹ്യങ്ങളേയും അടിസ്ഥാനപ്പെടുത്തി എഴുതിയിട്ടുള്ളതാണ്. അതുകൊണ്ടു അദ്ദേഹത്തിന്റെ ജീവിതകാലത്തെക്കുറിച്ചുള്ള നിർണ്ണയത്തിൽ പല പക്ഷാന്തരങ്ങളും ഉണ്ടായേ

ക്കാം. മലയാളഭാഷാതറവാടിന്റെ യശഃസ്തംഭങ്ങളായി പരിശോഭിക്കുന്ന രാമായണം, ഭാരതം, ഭാഗവതം, ഇരുപത്തിനാലുവൃത്തം മുതലായ അദ്ദേഹത്തിന്റെ വിശിഷ്ടകൃതികളെക്കുറിച്ചുള്ള ലഘുവിമർശനങ്ങളും സാഹിത്യവിപഠിഷുക്കളായ വിദ്യാർത്ഥികളെ ആശാഭംഗപ്പെടുത്തിയേക്കാം. അദ്ദേഹത്തിന്റെ കൃതികളേയും സാഹിത്യത്തേയും കുറിച്ചുള്ള നിരൂപണഭാഗങ്ങൾ കുറെക്കൂറെ വിസ്തരിക്കേണ്ടതായ ഒന്നായിരുന്നു എന്നാണു ഞങ്ങളുടെ അഭിപ്രായം. ഈ വിഷയത്തിൽ വന്നുകൂടിയിട്ടുള്ള ന്യൂനതകൾ പലതും മുഖവുരയിൽ പ്രസ്താവിച്ചിട്ടുള്ളതുപോലെ അടുത്ത പതിപ്പിൽ പരിഹരിക്കുമെന്നു വിശ്വസിക്കുന്നു. ഇപ്പോഴത്തെ പല പണ്ഡിതന്മാരുടേയും വിദ്വാന്മാരുടേയും ഭാഷയിൽ കണ്ടുവരുന്ന അനാവശ്യമായ സംസ്കൃതപദപ്രയോഗങ്ങളോ സംസ്കൃതശൈലികളോ അധികമായി ഇതിൽ കാണുന്നില്ലെന്നുള്ളതു പ്രശംസാർഹമായ ഒന്നാണ്. ശ്രീമാൻ ശങ്കരൻ എഴുത്തച്ഛന്റെ ഈ പ്രാഥമികസാഹിത്യപരിശ്രമത്തിനു ഞങ്ങൾ ഹൃദയപൂർവ്വം സ്വാഗതം പറയുന്നു. ഈ വിഷയത്തിൽ കൂടുതലായ പല സംഗതികളും പഠിച്ച് ഉൽകൃഷ്ടമായ ഒരു ഗ്രന്ഥം ചമക്കുന്നതിനു തുഞ്ചത്താചാര്യൻ അദ്ദേഹത്തെ അനുഗ്രഹിക്കട്ടെ.

### 4. ഇതിഹാസപദ്യകൃതികൾ.

പ്രസാധകന്മാർ:— യോഗക്ഷേമം കമ്പനി

മംഗളോദയം പ്രസ്സ്, തൃശ്ശിവപേരൂർ. വില 0—4—0

യോഗക്ഷേമം കമ്പനിക്കാരുടെ അനവരതമായ പരിശ്രമഫലമായി മലയാളഭാഷയോഷയ്ക്ക് അനർഘങ്ങളായ പല ആഭരണങ്ങളും ലഭിക്കാൻ ഇടയായിട്ടുണ്ട്. അവയിൽ ഒട്ടും അപ്രധാനമല്ലാത്ത ഒന്നാണ് ഈ "ഇതിഹാസപദ്യകൃതികൾ." ചില ഐതിഹ്യങ്ങളേയും ചരിത്രശകലങ്ങളേയും അടിസ്ഥാനപ്പെടുത്തി എഴുതീട്ടുള്ള ഒൻപതു പദ്യകൃതികളാണ് ഇതിൽ അടങ്ങീട്ടുള്ളതു്. മഹാകവികളായ കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻതമ്പുരാൻ, പന്തളം തമ്പുരാൻ, വള്ളത്തോൾ, കുന്നൂർ നാരായണമേനോൻ മുതലായ അനുഗ്രഹീതന്മാരാണ് ഈ കൃതികളിൽ മിക്കവയുടേയും കർത്താക്കൾ എന്നു പറഞ്ഞാൽ പിന്നെ അവയുടെ ഒരു ഗുണദോഷനിരൂപണത്തിന്റെ ആവശ്യമുണ്ടെന്നും തോന്നുന്നില്ല. ഇവയെല്ലാം ഒരു കാലത്തു മംഗളോദയം മാസികയിൽ പ്രസിദ്ധം ചെയ്തിരുന്നവയുമാണ്. ഐതിഹ്യങ്ങളെല്ലാം ഒരു രാജ്യത്തിന്റെ അമൂല്യസ്വത്തുകളാകകൊണ്ട് അവയെല്ലാം കൂട്ടിച്ചേർത്തു ഇപ്രകാരം "സഹൃദയസമക്ഷം" അവതരിപ്പിക്കുന്നതു സമുചിതവും സന്ദർഭോചിതവുമായിട്ടുണ്ട്.

### 5. മാലതി

ഗ്രന്ഥകർത്താവ്:—ഒടുവിൽ കുഞ്ഞികൃഷ്ണമേനോൻ ബി. എ.

മംഗളോദയം പ്രസ്സ്, തൃശ്ശിവപേരൂർ. വില അറിഞ്ഞുകൂടാ.

കേരളീയ സാഹിത്യലോകത്തിൽ സുപരിചിതനും പുരാതനമായ ഒരു

വിൽ കുഞ്ഞികൃഷ്ണമേനവൻ അവർകൾ സമുദായപരിഷ്കാരവിഷയികമായി പല ആദർശങ്ങളേയും മുൻനിറുത്തി എഴുതിയിട്ടുള്ള ഒരു ചെറുകഥാപുസ്തകമാകുന്നു മാലതി. കഥാരചനയിൽ ഒടുവിനുള്ള പാടവം അന്യാദൃശം തന്നെ ആയിരുന്നു. സാഹിത്യലോകത്തിൽ സ്ഥിരപ്രതിഷ്ഠ ലഭിച്ചിട്ടുള്ള അദ്ദേഹത്തിന്റെ നാലു കഥകൾതന്നെ ഇതിലേക്കു ദൃഷ്ടാന്തമാണ്. കഷ്ടിച്ച് എഴുതാനും വായിക്കാനും അറിയാവുന്നവർകൂടി അദ്ദേഹത്തിന്റെ നാലു കഥകൾ വായിച്ചു രസിക്കാതിരിക്കയില്ല. പക്ഷെ അങ്ങിനെയുള്ള വരെ ഈ മാലതി തെല്ലൊന്നു നിരാശപ്പെടുത്തുകയില്ലെ എന്നു ഞങ്ങൾ ശങ്കിക്കുന്നു. ഒടുവിന്റെ അകൃത്രിമരമണീയമായ ഭാഷാരീതിയും ഫലിതരസം നിറഞ്ഞുള്ള സംഭാഷണങ്ങളും ഈ കഥയേയും അലങ്കരിക്കുന്നുണ്ട്. "പട്ടേരിക്കു നല്ല ചെറുപ്പം; വയസ്സു നാല്പതിലപ്പുറം പോവില്ല. രണ്ടു വേളി കഴിച്ചിട്ടുണ്ടെങ്കിൽ നമുക്കെന്തു പാട്" എന്നിങ്ങിനെയുള്ള കാരണവരുടെ വാദങ്ങളും "ഒരെഴുത്തല്ലെ എഴുതാനുള്ളു. അതു കാരണവര് ഇരിക്കും കാലത്തോളം പറവുമെന്നും തോന്നുന്നില്ല." ഇപ്രകാരമുള്ള കളിയാക്കലും മററും ഇതിലേക്കു ദൃഷ്ടാന്തങ്ങളാണ്. എങ്കിലും കഥാനായികയായ മാലതിയെ സഹായിച്ച പോലീസുകാരുടെ ധർമ്മനിഷ്ഠയും, ദേവകി അമ്മയുടെ അമ്മായിപ്പഞ്ചതന്ത്രശൂന്യതയും സുന്ദരിയുടെ സംഭാഷണങ്ങളും മററു കാലസ്ഥിതിക്ക് അനുചിതമായോ, അസംഭാവ്യമായോ തോന്നിയേക്കാം. എന്നു വരികിലും സാന്മാർഗ്ഗികമായും, സമുദായപരിഷ്കാരപരമായും മററും ഉള്ള ഉത്തമങ്ങളായ പല ആദർശങ്ങളും ആശയങ്ങളും അടങ്ങീട്ടുള്ള വായിക്കാൻ കൊള്ളുവുന്ന ഒരു നല്ല കഥാപുസ്തകമാകുന്നു മാലതി.

## സംസ്കൃതപ്രദീപം.

പ്രസാധകൻ—പണ്ഡിതർ എം. ഗോവിന്ദൻനായർ

വിവേകോദയം ഗറൾസ്കൂൾ, തൃശ്ശിവപേരൂർ. വില 0—2—0

സംസ്കൃതഭാഷാഭ്യസനത്തിനായി ഒരുങ്ങുന്ന വിദ്യാർത്ഥികൾക്ക് ഉപകാരപ്രദമായിത്തീരാവുന്ന ഒരു ചെറുപുസ്തകമാണു സംസ്കൃതപ്രദീപം. ആ ഭാഷയിൽ ഉള്ള ശബ്ദങ്ങളെ ഇനംതിരിച്ച് വിഭക്തിവചനാദികളെക്കൊണ്ടു വരാവുന്ന ഭേദങ്ങളെയാണ് ഇതിൽ കാണിച്ചിട്ടുള്ളത്. വിദ്യാർത്ഥികൾക്ക് ഈ പുസ്തകം ഉപകാരപ്രദമായിരിക്കും.

## പ്ര സം ഗ രം ഗം.

ഗ്രന്ഥകർത്താ, വി. രാമകൃഷ്ണപിള്ള എം. എ, എൽ. ടി.

ഹെഡ്മാസ്റ്റർ വി. എച്ച്. സ്കൂൾ. ചാല, (തിരുവനന്തപുരം) വില 10 ണ.

സാധാരണ നാം കേൾക്കാറുള്ള പ്രസംഗങ്ങൾ അധികവും പ്രസംഗമണ്ഡപങ്ങൾ വിട്ടുകഴിഞ്ഞാൽ പിന്നെ അവയിൽ സാരമായിട്ടൊന്നും കാണാറില്ല. എന്നാൽ പ്രസ്തുത 'പ്രസംഗരംഗ'മാകട്ടെ, സംസ്കൃതാംഗ്ലേയ

മലയാളഭാഷകളിൽ വ്യുൽപന്നനും, നിരീക്ഷണപടുവും, ഒരു നല്ല സാഹിത്യരസികനും ആയ ശ്രീമാൻ, രാമകൃഷ്ണപിള്ള അവർകൾ പല ഗൌരവമേറിയ സഭാമണ്ഡപങ്ങളിൽവെച്ച് പ്രസംഗിച്ചിട്ടുള്ള ഭാഗങ്ങളാണെങ്കിലും അവയെല്ലാം തന്നെ വിലയേറിയ അനേകം സാരകാൎയ്യങ്ങൾ അടങ്ങിയിട്ടുള്ളവയാണെന്ന് പറയുന്നതിനു ഞങ്ങൾക്ക് അശേഷം മടിയില്ല. പ്രാചീനഭാരതീയവിദ്യാഭ്യാസരീതിയിലുള്ള ചില ആദൎശങ്ങൾ, സ്വഭാവരൂപവൽകരണം, സുഖജീവിതോപായം, അധ്യാപകന്മാരും, അധ്യേതാക്കളും, ആത്മസംസ്കരണം, എന്റെ പ്രിയപ്പെട്ട വിദ്യാൎത്ഥികളോട് ഇത്യാദി പല വിലയേറിയ പ്രസംഗങ്ങൾ ആണ് ഇതിൽ അടങ്ങിയിരിക്കുന്നത്. ഈ ഉപന്യാസങ്ങൾ വിദ്യാൎത്ഥികൾ തന്നെയല്ല, അധ്യാപകന്മാർ തന്നെയും വായിച്ച് മനസ്സിലാക്കേണ്ടവയാണ്. ഇവയിൽ പലതും 'ഗുരുനാഥൻ' മുതലായ മാസികകളിൽ പ്രസിദ്ധം ചെയ്തിട്ടുള്ളവയാണ്. ഇപ്പോഴത്തെ പ്രസംഗങ്ങൾ നോക്കിയാൽ മിസ്റ്റർ രാമകൃഷ്ണയുടെ ഭാഷ സംസ്കൃതബാഹുലമാണെന്നുള്ള ചിലരുടെ അഭിപ്രായം സാധുവല്ലെന്നു കാണാം. മിസ്റ്റർ രാമകൃഷ്ണപിള്ള സാഹിത്യസംബന്ധമായി ചെയ്തിട്ടുള്ള പല പ്രസംഗങ്ങളും കൂടി ഇതുപോലെ കൂട്ടിച്ചേൎത്ത് അച്ചടിപ്പിക്കുമെന്നു. ഞങ്ങൾ വിശ്വസിക്കുന്നു. ഗ്രന്ഥകൎത്താവിന്റെ പരിശ്രമത്തെ അഭിനന്ദിക്കുകയും ഗ്രന്ഥത്തിന് ശുഭഭാവിയെ ആശംസിക്കയും ചെയ്തുകൊള്ളുന്നു.

N. B. ഗദ്യരാമായണം, ലോകം, കഥാനന്ദിനി, കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻതമ്പുരാൻ തിരുമനസ്സിലെ കൃതികൾ 'സാമദൎശികം' ശുക്രനീതി മുതലായ പുസ്തകങ്ങളുടെ അഭിപ്രായം അടുത്തതിൽ.

---

## ഗുരുനാഥനെത്തൊഴാം

(ഒപ്പട്ടരഴിയം നാരായണൻ എളയതു്.)

അഖിലാഗമവേദിമുഖ്യനായ് നിജശിഷ്യാന്തരകന്മഷഘ്നനായ്
സതതം സ്മിതചാരുവക്ത്രനാ യ്വിലസുന്നാഗ്ഗുരുനാഥനെത്തൊഴാം. 1

ഉടൽ വാണ്ട് മനതാർകളാൽ ദൃഢം പെടുമാപ്പാപദശങ്ങൾ നീങ്ങുവാൻ
പടുവാമുപദേശമേകി യുൾക്കടശുദ്ധിയണച്ചു ശിഷ്യരിൽ, 2

അവർതൻപൂർണ്ണമസ്സിൽനിത്യവും കരതാർനിൎത്തിതദീയമൂൎദ്ധനി;
ഭരതാവനി, ഭാവിതാങ്ങലായ്ക്കരുതുന്നൊന്നിലനുഗ്രഹിപ്പവൻ, 3

നിജശിഷ്യരിലുള്ളമേതതാം നവമാം വല്ലിവചോവളത്തിനാൽ
സ്വകനിശ്ചിതമാം പഥത്തിലെ ത്തിടുമാറു സുഖേനയിപ്പവൻ; 4

സ്മിതചന്ദ്രികകൊണ്ടുശിഷ്യരിൽ പെട്ടമാന്ധ്യം കളവോൻ പ്രസന്നവാൻ
ഹിതമാം, സ്മിതമായി, വേണ്ടതാമൊരുകാലത്തുയഥാർത്ഥമോതുവോൻ. 5

എന്നിയും പലമട്ടെഴുംഗുണം തികയുന്നാഗ്ഗുരുനാഥനുള്ളവൻ
മമസോദരരേ! സതീർത്ഥ്യരെ! ശരിയാസ്സിദ്ധികളിൽ പ്രശസ്തനാം. 6

ഗുരുവിന്നരികത്തു പാർത്തു തദ്വചനംകേട്ടു, തദർത്ഥവേദിയായ്
അതുമട്ടുനടപ്പവൻ യഥാർത്ഥമതായ് തദനുഗ്രഹാഢ്യനാം. 7

ഗുരുവിൻ ചരണാരുണാംബുജമെൻ മനമാം ഹംസിവസിച്ചിടും ഗൃഹം,
ഭവമാംനദിതൻെറ പാലമാണവനുള്ളൂരുയുഗംമനോഹരം. 8

ഭവമാംകടലക്കരെക്കടത്തിടുമാനൗവിലെഴുന്നദണ്ഡമാം
ഗുരുവിന്നിയലുംകരം, തമസ്സകലും, ചന്ദ്രനവന്നെഴും മുഖം. 9

ഇതുപോലുലകിന്നനുഗ്രഹം വിതറിക്കൊണ്ടു പുലർന്നിടുന്നവൻ
മമമുന്നിലിരുന്നുകോമള സ്മിതമാളും 'ഗുരുനാഥനെ'ത്തൊഴാം. 10

# കുറിപ്പുകൾ.

## 1. മൈസൂർ.

മൈസൂർ ഇൻഡ്യയിലെ ഒരു മാതൃകാനാട്ടുരാജ്യമാണ്. ഇത്ര ഭംഗിയായി ഭരണം നിർവ്വഹിക്കപ്പെടുന്ന വേറൊരു നാട്ടുരാജ്യം ഇൻഡ്യയിൽ ഇല്ലെന്നുതന്നെ പറയാം. അവിടത്തെ ഇപ്പോഴത്തെ ഭരണാധികാരിയായ ശ്രീകൃഷ്ണമഹാരാജാവിൻെറ രജതജൂബിലി ഈയിടെ കൊണ്ടാടുകയുണ്ടായി. പ്രജാക്ഷേമതല്പരനായ അദ്ദേഹം സൽഭരണം, വിദ്യാഭ്യാസം, വ്യവസായം, കൈത്തൊഴിൽ, കൃഷി മുതലായവയിൽ ബദ്ധശ്രദ്ധനാണ്. അദ്ദേഹത്തിൻെറ വിദ്യാഭ്യാസപരിഷ്കാരം നോക്കുക!

എല്ലാ നഗരങ്ങളിലും നിർബ്ബന്ധിതപ്രാഥമികവിദ്യാഭ്യാസം സൌജന്യമായി നല്കുന്നുണ്ട്. ഇപ്പോൾ അതു ഗ്രാമങ്ങളിലും പ്രചരിപ്പിച്ചു തുടങ്ങിയിട്ടുണ്ട്. ലോവർസെക്കണ്ടറിവിദ്യാഭ്യാസവും സൌജന്യമാണ്. വിദ്യാലയങ്ങളിലും കാളേജുകളിലും അനവധി വിദ്യാർത്ഥിവേതനങ്ങൾ നല്കിവരുന്നു. 3½ ചതുരശ്രമയിലിനും 726 ആളുകൾക്കും ഒരു വിദ്യാലയം വീതമുണ്ട്. ഇന്നു മൈസൂറിൽ ആകെ 8000 വിദ്യാലയങ്ങൾ ഉണ്ട്. വിദ്യാഭ്യാസച്ചിലവ് 60 ലക്ഷം രൂപയാണ്. ശ്രീകൃഷ്ണരാജാവു ഭരണം തുടങ്ങുന്നതിനു മുമ്പെ 2232 വിദ്യാലയങ്ങൾ മാത്രമെ ഉണ്ടായിരുന്നുള്ളൂ. വിദ്യാഭ്യാസച്ചിലവു 12 ലക്ഷം രൂപയുമായിരുന്നു. ഇന്ന് ആകെയുള്ള മുതലെടുപ്പിൽ 15 ശതമാനം വിദ്യാഭ്യാസത്തിനായി ചിലവാക്കുന്നുണ്ട്. 35 ശതമാനം ബാലികാബാലന്മാർക്ക് വിദ്യാഭ്യാസം ലഭിക്കുന്നുണ്ട്.

സ്ത്രീവിദ്യാഭ്യാസത്തിലും മഹാരാജാവു ശ്രദ്ധിക്കുന്നുണ്ട്. ആകെ 788 പെൺപാംശാലകൾ ഏർപ്പെടുത്തിയിരിക്കുന്നു. അവയിൽ 39000 ബാലികമാരാണു പഠിക്കുന്നത്.

അധഃകൃതരുടെ കുട്ടികളുടെ വിദ്യാഭ്യാസവിഷയത്തിലും മഹാരാജാവു ഗാഢമാ

യി ശ്രദ്ധിക്കുന്നുണ്ട്. അവൎക്കായി 605 വിദ്യാലയങ്ങളാണു പണിയിച്ചിട്ടുള്ളതു്. അവിടെ 16600 കുട്ടികൾ പഠിക്കുന്നു. അവരിൽ 2500 ബാലികമാരാണ്. അവൎക്കു എല്ലാ ഗവൎമ്മെൻറസ്ഥാപനങ്ങളിലും പ്രവേശനമുണ്ട്. അവൎക്കു താമസിക്കുന്നതിനു പ്രത്യേകം വിദ്യാൎത്ഥിമന്ദിരങ്ങൾ ഉണ്ട്, പൊതുവെയുള്ള വിദ്യാഭ്യാസം കൂടാതെ നെയിത്തു്, പായനെയിത്തു്, ചെരിപ്പുകുത്തൽ, കൊല്ലപ്പണി മുതലായവയിലും അഭ്യസനം നൾകിവരുന്നു.

ശ്രീകൃഷ്ണമഹാരാജാവിൻെറ കാലത്തു മഹമ്മദീയരുടെ ഇടയിൽ വിദ്യാഭ്യാസം നല്ലപോലെ പ്രചരിച്ചിട്ടുണ്ട്. മഹമ്മദീയബാലികമാൎക്കായി പ്രത്യേകം വിദ്യാലയങ്ങൾ ഉണ്ട്. മഹമ്മദീയൎക്കു പകുതി ഫീസു കൊടുത്താൽ മതി.

ഇവ കൂടാതെ മൈസൂറിൽ ഒരു സൎവ്വകലാശാലയും അതിൻെറ കീഴിൽ അനവധി കലാശാലകളും ഉണ്ട്;

—x—

## 2. ബങ്കാളിലെ ഗ്രാമങ്ങളും കുടിൽവ്യവസായപുനരുദ്ധാരണവും.

ബങ്കാളിൽ എല്ലാവരും—ആണിനും പെണ്ണിനും—ആബാലവൃദ്ധം—ലങ്കാഷയർ തുണി വാങ്ങുന്നതിനായി കുറെ പണം ചിലവാക്കേണ്ടിയിരിക്കുന്നു. അതു് ഒരു നികുതിയാണെന്നുതന്നെ പറയാം, അഞ്ചാറംഗങ്ങളുള്ള ഒരു സാധുകുഡുംബത്തിനുപോലും ഏകദേശം അൻപതുരൂപയോളം അതിനായി ചിലവാക്കാതെ തരമില്ല. അതു കടം കൂടാതെ സാധിക്കയുമില്ല, എന്തുകൊണ്ടെന്നാൽ അവൎക്കു ചിലവുകഴിച്ചു വസ്ത്രധാരണച്ചിലവിനായി പണം നീക്കിവയ്ക്കുവാനില്ല. കുടിൽവ്യവസായങ്ങളെ നശിപ്പിച്ചതുകൊണ്ടു് ഗ്രാമങ്ങളിലെവേലക്കാൎക്കു തൊഴിലില്ലാതായി. നിരുപയോഗമായ ഈ പ്രയത്നം കൊണ്ടു് ഒരു ആദായവുമില്ല. ഈ വിഷമതകളെല്ലാം ഗ്രാമവാസികൾക്കറിയാമെങ്കിലും അവയിൽനിന്നും മോചനം ലഭിക്കുന്നതെങ്ങനെ എന്നു് അവൎക്കു് അറിഞ്ഞുകൂടാ. ഈ ഗ്രാമങ്ങൾ പതിച്ചിട്ടുള്ള സാമ്പത്തികനാശഗൎത്തത്തിൽനിന്നും കരകയറുവാൻ സാമ്പത്തികപുനരുദ്ധാരണത്തിനേ സാധിക്കൂ. ആ സാമ്പത്തികപുനരുദ്ധാരണം നമ്മുടെ കുടിൽവ്യവസായപുനരുദ്ധാരണത്തെ അടിസ്ഥാനപ്പെടുത്തിയായിരിക്കണം. അങ്ങനെയുള്ള ഒരു പ്രവൃത്തിക്കു നമ്മുടെ ഗ്രാമവാസികൾക്കു ബുദ്ധിശക്തിയും രൂപീകരണസാമൎത്ഥ്യവും ആവശ്യകമായിരിക്കുന്നു. ഇൻഡ്യയിൽ ബ്രിട്ടീഷുകാരുടെ ഏകഛത്രാധിപത്യം എന്നും നിലനില്ക്കണമെന്ന അഭിപ്രായത്തെ പിൻതാങ്ങുന്നവർ പറയുന്നതു്, കുടിൽവ്യവസായം ആദായകരമല്ലെന്നും യന്ത്രനിൎമ്മിതങ്ങളായ വ്യവസായങ്ങളോടു മല്ലിടുവാൻ സാധിക്കയില്ലെന്നുമാണ്, കുടിൽവ്യവസായങ്ങൾ ഗ്രാമങ്ങളിൽ ധനം ഉണ്ടാക്കി എന്നോ ഉണ്ടാക്കിയില്ല എന്നോ വന്നേക്കാം. എന്നാൽ നിൎദ്ധനരായ ഗ്രാമവാസികൾക്കു് ഏററവും അത്യന്താപേക്ഷിതങ്ങളായ ഭക്ഷണവും വസ്ത്രധാരണവും അതു് നൾകും എന്നുള്ളതിനു തൎക്കമില്ല. വിലകുറഞ്ഞ വിദേശസാമാനങ്ങൾ വാങ്ങുന്നതിനു പണമില്ലാത്ത ഒരാൾക്കു ജീവിതനിൎവ്വഹണത്തിനാവശ്യമുള്ള സാധാരണസാധനങ്ങൾകൂടി സമ്പാദിക്കേണ്ടിയിരിക്കുമ്പോൾ സാമാനമത്സരത്തെപ്പററി ശൌനിക്കേണ്ട ആവശ്യമില്ല. ഇന്നത്തെ സ്ഥിതിഗതികൾ നോക്കുകയാണെങ്കിൽ നമ്മുടെ ഗ്രാമങ്ങളെ രക്ഷിക്കാൻ കുടിൽവ്യവസായപുനരുദ്ധാരണംകൊണ്ടേ കഴിയൂ എ

ന്നു പ്രസ്പഷ്ടമാകുന്നതാണ്. നമ്മുടെ നിസ്വാർത്ഥരായ ബുദ്ധിമാന്മാരും ത്യാഗശീലന്മാരായ ദേശാഭിമാനികളും ഈ വിവരം ഗ്രാമീണരെ മനസ്സിലാക്കി, കുടിൽവ്യവസായം വീണ്ടും പ്രചരിപ്പിക്കുവാൻ ശ്രമിക്കേണ്ടതാണ്.

'വെൽഫെയർ.'

—×—

## 3. കയ്യും മനസ്സും.

"എന്റെ സാമാനങ്ങൾക്ക് എന്തെങ്കിലും കേടുപററിയാൽ അതു നന്നാക്കുന്നതിന് എനിക്കു ഇഷ്ടമാണ്. ചെരിപ്പിന്റെ ചരടു പൊട്ടിയാൽ ഞാൻ അതു ശരിയാക്കും. ആശാരിപ്പണിയും കൊല്ലന്റെ പണിയും അല്പം എനിക്കറിയാം. എന്റെ വീട്ടിലെ വേലി പൊളിഞ്ഞുതുടങ്ങുമ്പോൾ ഞാൻ അതു നന്നാക്കിത്തുടങ്ങും. അടുക്കളക്കു കേടുപററിയാൽ ഞാനാണ് അതു നന്നാക്കുന്നത്. ഈ രാജ്യത്തിലെ മിക്ക ആളുകളും ഈ വക ജോലികൾ തന്നത്താനാണു നിർവ്വഹിക്കുന്നത്. അന്യരെ ആശ്രയിക്കാറില്ല. ആളുകൾ എങ്ങനെ ജീവിക്കുന്നു എന്നും, അങ്ങനെ ജീവിക്കുന്നതിനു അവർ എന്തു ചെയ്യുന്നു എന്നും, സാധാരണ വരവുകൊണ്ടുതന്നെ ചിലവ് എങ്ങനെ കഴിക്കണമെന്നും മററും എനിക്കു മനസ്സിലാക്കണം. എന്റെ അച്ഛനും അമ്മയും അങ്ങനെയുള്ള ഒരു ജീവിതമാണു നയിച്ചിരുന്നത്. അതു സ്വാഭാവികവും രാമണീയകവുമല്ലെ? അതു സ്വാതന്ത്ര്യത്തിന്റെ അടിസ്ഥാനമായിട്ടാണ് എനിക്കു തോന്നുന്നത്," എന്നാണു പ്രസിഡൻറ് കൂളിഡ്ജ് പറഞ്ഞിട്ടുള്ളത്. നേർവഴിക്കു നടക്കാത്ത ചില യുവാക്കളും ചില വർഗ്ഗക്കാരും ഈ അഭിപ്രായത്തോടു യോജിക്കുമെന്നു തോന്നുന്നില്ല.

---

## ഫിലിപ്പയിൻ ദ്വീപുകളിലെ വിദ്യാഭ്യാസസമ്പ്രദായത്തെപ്പററിയുള്ള റിപ്പോർട്ടിൽ ഇങ്ങനെ കാണുന്നു.

"വിദ്യാലയത്തിനുള്ള കെട്ടിടം അധ്യാപകന്മാരുടെ മേൽനോട്ടത്തിൽ വിദ്യാർത്ഥികൾ പണി ചെയ്യണം. ചില സ്ഥലങ്ങളിൽ ഇപ്പോൾ അങ്ങനെ ചെയ്യുന്നുണ്ട്. അതു സുസാധ്യവുമാണ്. വിദ്യാലയം പണിയുവാനുള്ള ചുമതല വിദ്യാർത്ഥികളുടെ തലയിൽ ചുമത്തുന്നതുകൊണ്ടു രണ്ടു തരത്തിലുള്ള വിദ്യാഭ്യാസഫലം സിദ്ധിക്കുന്നു. കുട്ടികൾക്ക് ആശാരിപ്പണിയിൽ ആശാസ്യമായ അഭിരുചിയും സാമർത്ഥ്യവും ഉണ്ടാകുന്നു. അവർ ബഹുമാനിക്കുന്ന അധ്യാപകന്മാരുടെ മാതൃകമൂലം കൈവേലയിൽ (കരപരിശീലനത്തിൽ) അവക്കു ബഹുമാനമുണ്ടാകുന്നു.

അങ്ങനെയുള്ള കാരണങ്ങളാൽതന്നെ സ്ക്കൂൾഭരണവും വിദ്യാർത്ഥികളിലായിരിക്കണം. വിദ്യാലയത്തിന്റെ അററകുററപ്പണികളെല്ലാം അവർ തീക്കണം. പ്രാഥമികവിദ്യാലയങ്ങളിലെ വിദ്യാർത്ഥികൾ വിദ്യാലയങ്ങളെ ശുചിയായി വെച്ചുകൊണ്ടിരിക്കുന്നതിൽ അഭിമാനിക്കുന്നു. ഓരോ കെട്ടിടത്തിലും അടിച്ചുവാരുന്നതിനും, അഴുക്കുനീക്കുന്നതിനും പ്രത്യേകമാളുകൾ ഉണ്ട്. ഹൈസ്ക്കൂളിലെ സ്ഥിതി നേരെ വിപരീതമാണ്. വിദ്യാലയം ശുചിയാക്കി വയ്ക്കുന്നതിൽ അവർ അഭിമാനിക്കുന്നില്ല. കായപ്രയത്നത്തോടു അവക്കു പ്രതികൂലഭാവമാണ്. വിദ്യാർത്ഥിജീവി

ത്തിൽ കൈകൊണ്ടു പ്രയത്നം ചെയ്തുകൂടാ എന്നാണ് അവരുടെ വിശ്വാസമെന്നു തോന്നുന്നു. അങ്ങനെ ഒരു ബോധം നാട്ടിൻപുറങ്ങളിലെ ഹൈസ്ക്കൂളുകളിലുംകൂടി ഉണ്ടാകുന്നതാണെങ്കിൽ അതിന്റെ കവാടങ്ങളും ബന്ധിക്കാവുന്നതാണ്.

1924-ൽ ഫിലിപ്പയിനിലെ വിദ്യാലയങ്ങളിലെ തോട്ടങ്ങളിൽനിന്നും 15,00,000 രൂപ വിലക്കുള്ള സാമാനം ലഭിച്ചു. എന്നാൽ രാജ്യത്തിനു നാംകിയ അധ്യയനത്തോടു താരതമ്യപ്പെടുത്തുമ്പോൾ സാമാനങ്ങളുടെ നാണയരൂപത്തിലുള്ള ഈ വില എത്രയും നിസ്സാരമായിട്ടുള്ളതാണ്.

ഗവർമ്മെൻറിൽനിന്നും രൂപവൽകരിച്ചിട്ടുള്ള തൊഴിലില്ലാക്കമ്മിററി തൊഴിലില്ലായ്മയെ പരിഹരിക്കുന്നതിനായി എന്താണ് വിദ്യാഭ്യാസപദ്ധതിയിൽ മാററം വരുത്തേണ്ടതെന്നു ചോദിക്കുന്നു. വിദ്യാഭ്യാസമധികമുള്ള തിരുവിതാംകൂർരാജ്യത്തിൽ തൊഴിലില്ലാത്തവരുടെ സംഖ്യ ക്രമാതീതമായി വർദ്ധിച്ചിരിക്കുന്നതുകൊണ്ട് ആ ഗവർമ്മെൻറും ഈ ചോദ്യംതന്നെ ചോദിക്കുന്നു. പ്രഥമവും പ്രധാനവുമായി വിദ്യാലയങ്ങളിൽ പ്രയത്നത്തിന്റെ അന്തസ്സിനെപ്പററി പഠിപ്പിക്കട്ടെ.

'ദി യങ്ങ് മെൻ ഓഫ് ഇൻഡ്യ.'

——x——

## 4. ലണ്ടനിലെ യാചകവൃത്തി.

ഓരോ കാഴ്ചകൾ കാണുവാനായി ലണ്ടൻമഹാനഗരത്തിന്റെ നാനാദിഗന്തങ്ങളിൽകൂടി ഞാൻ സഞ്ചരിച്ചപ്പോൾ ഇംഗ്ലീഷുജീവിതരീതിയെ സുവ്യക്തമായി പ്രതിഫലിപ്പിക്കുന്ന ചില സംഗതികൾ കാണുവാൻ എനിക്ക് ഇടയായി. ലണ്ടൻനഗരത്തിൽ യാചകവൃത്തി നിരോധിച്ചിട്ടുണ്ട്. പോലീസുകാർ യാചകന്മാരെ പിടിച്ചു ശിക്ഷിക്കാറുണ്ട്. എന്നാൽ ചിലരിൽ യാചിക്കുന്നതിനുള്ള വാസന ശക്തിമത്തായിട്ടുള്ളതുകൊണ്ട് അതു നശിപ്പിക്കുവാൻ അവക്കു വളരെ പ്രയാസമായിരിക്കുന്നു. അതുകൊണ്ടു യഥാർത്ഥത്തിൽ യാചകവൃത്തിയെന്നു തോന്നുകയില്ലെങ്കിലും അതിനെ പരിപാലിച്ചുകൊണ്ടു പോകുന്ന ബുദ്ധിപൂർവ്വകങ്ങളായ രണ്ടുമൂന്നു സമ്പ്രദായങ്ങൾ കണ്ടു. വളരെപ്പേർ—മിക്കവരും ജോലിയിൽനിന്നും പിരിഞ്ഞവരാണ്—ഗൃഹങ്ങളുടെ വാതുക്കൽചെന്നു സംഗീതോപകരണങ്ങൾകൊണ്ടു കിലുക്കുന്നതു കണ്ടു. ആ ശബ്ദം കേട്ടാൽ സംഗീതമാണെന്നു തോന്നുകയില്ല. കർണ്ണകഠോരമായ ആ ശബ്ദം കേട്ടു ചെവിക്കു കേടുവരുത്തുന്നതിനു പകരം അവക്കു വല്ലതും കൊടുത്തു പറഞ്ഞയക്കുവാൻ ഗൃഹവാസികൾ സന്നദ്ധരാകുന്നു. വേറൊരു സമ്പ്രദായം, ചില ആഭാസരൂപങ്ങളും വികൃതവേഷങ്ങളും ചിത്രങ്ങളും മററും തിണ്ണകളിൽ വച്ചുകൊണ്ടു യാത്രക്കാർ കൊടുക്കുന്നതു വാങ്ങിക്കുകയാണ്. ഒരാൾക്കു ഞാൻ മൂന്നണ കൊടുത്തു, "എന്ത്! ഇതു യാചകവൃത്തിയല്ലേ?" എന്നു ചോദിച്ചു. "അല്ല സാർ, നിങ്ങളുടെ ഔദാര്യത്തോടുള്ള ഒരു അഭ്യർത്ഥനയാണ്. അതു കുററകരമല്ലല്ലോ." എന്നാണു മറുപടി ലഭിച്ചതു്. മൂന്നാമത്തെ സമ്പ്രദായം, തീപ്പെട്ടി വില്ക്കുന്ന നാട്യത്തിൽ യാചിക്കുകയാണ്, ഒരാൾ എന്റെ അടുത്തു വന്ന് ഒരു തീപ്പെട്ടി വാങ്ങണമെന്നും, അതു സിഗററൊ ചുരുട്ടോ കത്തിക്കുന്നതിനു കൊള്ളാമെന്നും പറഞ്ഞു. ഞാൻ ആ വകയൊന്നും

ഉപയോഗിക്കയില്ലെന്നു മറുപടി പറഞ്ഞു. "പുക വലിക്കാത്തതുകൊണ്ടു നിങ്ങൾക്കു വളരെ പണം ലാഭമുണ്ട്, ആ സ്ഥിതിക്കു ഒരു സാധുവിനു് ഒരണ കൊടുക്കുന്നതുകൊണ്ടു നിങ്ങൾക്കു വലിയ തരക്കേടൊന്നും ഉണ്ടാകയില്ല." എന്നായിരുന്നു അയാളുടെ ബുദ്ധിപൂർവ്വകമായ മറുപടി. ഞാൻ ഒരണ അയാൾക്കു കൊടുത്തു് അവിടെനിന്നും പോയി എന്നു പറയേണ്ടതില്ലല്ലോ. വേറെ പല യാചകന്മാരും വേഷം മാറി ഓരോരോ സാമാനങ്ങൾ വില്ക്കുന്ന ഭാവത്തിൽ യാത്രക്കാരുടെ അടുക്കൽനിന്നും പണം പിടുങ്ങി ഉപജീവനം കഴിച്ചുവരുന്നുണ്ട്.

'ഗാർലൻറ്.'

—×—

## 5. മദിരാശിയിലെ പ്രാഥമികവിദ്യാഭ്യാസം.

മദിരാശിയിലെ നഗരസഭ ആ നഗരത്തിൽ മുഴുവനും നിർബ്ബന്ധിതപ്രാഥമികവിദ്യാഭ്യാസം നൾകുവാൻ തീരുമാനിച്ചിരിക്കുന്നു. ഇതുവരെ ചില ഭാഗങ്ങളിൽ മാത്രമെ നിർബ്ബന്ധിതപ്രാഥമികവിദ്യാഭ്യാസം നൾകിയിരുന്നുള്ളു. കൊല്ലത്തിൽ ഒരിക്കലൊ രണ്ടു തവണയൊ കുട്ടികളുടെ സംഖ്യ എടുത്തു വിദ്യാലയത്തിൽ പോകേണ്ട പ്രായമുള്ള കുട്ടികൾ എത്ര പേരുണ്ടെന്നും, ഇപ്പോൾ വിദ്യാലയത്തിൽ എത്രപേർ പോകുന്നുണ്ടെന്നും, എത്രപേർ ഈ നിയമത്തെ ലംഘിക്കുന്നുണ്ടെന്നും അതിനുള്ള കാരണങ്ങൾ എന്താണെന്നും അറിയുന്നതാണ്. ആൺകുട്ടികൾക്കു 6 വയസ്സു മുതൽ 11 വയസ്സുവരെയും, മഹമ്മദീയകുട്ടികൾക്കു 6 മുതൽ 13 വരെയും, പെൺകുട്ടികൾക്കു 8 മുതൽ 13 വരെയും ആണു് പ്രാഥമികവിദ്യാഭ്യാസത്തിനു നിശ്ചയിച്ചിട്ടുള്ള സമയം. വിദ്യാലയങ്ങളിൽ കുട്ടികളെ അയക്കാത്ത മാതാപിതാക്കന്മാരെ ശിക്ഷിക്കുന്നതാണ്.

ഇപ്പോൾ മദിരാശിയിലെ നഗരസഭയുടെ കീഴിൽ 100 വിദ്യാലയങ്ങളോളം ഉണ്ടു്; അവിടെ ബാലികാബാലന്മാരായി 18200 പേരോളം പഠിക്കുന്നുണ്ട്. ആവശ്യമുള്ളപ്പോൾ കൂടുതൽ വിദ്യാലയങ്ങൾ സ്ഥാപിക്കുന്നതാണ്. പ്രാഥമികവിദ്യാഭ്യാസം കഴിഞ്ഞാലുടൻതന്നെ ജീവിതവൃത്തി ആരംഭിക്കണമെന്നു് ആഗ്രഹമുള്ള കുട്ടികളെ ആശാരിപ്പണി, നെയ്ത്തു, കസവുപണി, തുന്നൽ, പായനെയ്ത്തു മുതലായ തൊഴിലുകളിൽ അഭ്യസിപ്പിക്കുന്നുണ്ട്. പെൺകുട്ടികൾക്കു സംഗീതം, തുന്നൽ, ഗൃഹഭരണം മുതലായവയിൽ പ്രത്യേകം പരിശീലനം നൾകിവരുന്നുണ്ട്. മദിരാശിനഗരസഭയുടെ ഈ പദ്ധതി വളരെ പ്രയോജനകരവും ഫലപ്രദവുമായിപ്പരിണമിക്കുമെന്നുവേണം വിശ്വസിക്കുവാൻ. തിരുവിതാംകൂർഗവർമെൻറിൻെറ ശ്രദ്ധയെ ഞങ്ങൾ ഈ വിഷയത്തിൽ ക്ഷണിച്ചുകൊള്ളുന്നു.